www.malankaralibrary.com



# കൃപാജീവിതം

ഫാ. അലക്സ് പയ്യമ്പള്ളി

www.malankaralibrary.com

# കൃപാജീവിതം

സായൂജ്യസരണി
മൂന്നാം ഭാഗം

ഫാ. അലക്സ് പയ്യമ്പള്ളി
തിരുവല്ല

വിതരണം

| | |
|---|---|
| ശാന്തിനിലയം | തിരുവല്ല |
| അസ്സീസ്സി | ഭരണങ്ങാനം |
| എമ്മാവൂസ് H. M. T. Colony P. O. | കളമശ്ശേരി |

www.malankaralibrary.com

KRUPAJEEVITHAM
[Life of Grace]
Study and Meditation

By Fr. Alex Payyampally
Thiruvalla, Kerala, India.

First Edition
Printed at
Shyamaly Printers
Thiruvalla.
1st January 1992.
Published by
SPIRITUAL BOOK A MONTH
FR. ALEX PAYYAMPALLY THIRUVALLA

Copy rights reserved.

Distribution
Santhinilaym Thiruvalla.
Assissi, Bharananganam.
Emmaus H. M. T. Colony P. O.
Kalamassery.

Price Rs 15.00

www.malankaralibrary.com

## ഉള്ളടക്കം


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | കരുണയും കൃപയും | 1 |
| 2. | കൃപയുടെ സുവിശേഷം | 5 |
| 3. | കൃപ സുവിശേഷത്തിൽ | 10 |
| 4. | ദൈവത്തിൻെറ പദ്ധതിയും മനുഷ്യൻെറ പദ്ധതിയും | 16 |
| 5. | പരി. ത്രിത്വത്തിലെ സ്വർഗ്ഗീയ കൂട്ടായ്മ | 32 |
| 6. | ഭൂമിയിൽ ദൈവരാജ്യത്തിൻെറ രണ്ടാമത്തെ ഉദ്ഘാടനം | 44 |
| 7. | ദൈവരാജ്യരഹസ്യങ്ങൾ വേദപുസ്തകത്തിൽ | 50 |
| 8. | വി. യോഹന്നാൻ കാണുന്ന കൃപാജീവിതം | 98 |
| 9. | കൃപ വി. പൗലോസിൻെറ ദർശനത്തിൽ | 119 |
| 10. | സഭയുടെ പഠനം | 138 |
| 11. | കൃപയിലുള്ള വളർച്ച | 169 |

www.malankaralibrary.com

## പ്രാർത്ഥന

ഞങ്ങളുടെ പിതാവായ ദൈവമേ, അങ്ങയുടെ ജീവന്റെയും അനന്ത നന്മയുടെയും ആഴത്തിലേക്ക് ഞങ്ങളെ യേശുവിലൂടെ യോജിപ്പിക്കുവാൻ അങ്ങു തീരുമാനിച്ചതിനാൽ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളെ മക്കളെ എന്നു വിളിക്കുവാനും മക്കളായി വളർത്തുവാനും അങ്ങു മനസ്സായി. മക്കൾക്കുള്ള അപ്പവും ബാല ശിക്ഷണവും അങ്ങു നൽകിക്കൊണ്ടിരിക്കുന്നു. സ്തോത്രം. മക്കൾ പിതാവിന്റെ അന്തസ്സിനൊത്തു ജീവിക്കണമെന്ന് അങ്ങേക്കു നിർബന്ധമുണ്ടല്ലോ. അനുഗ്രഹിക്കണമെ.

പിതാവേ, അങ്ങ് ഞങ്ങളോടു പാലിക്കുന്ന ഈ അത്യുന്നത ബന്ധമാണല്ലോ ഞങ്ങളുടെ പരമഭാഗ്യത്തിന്റെ അടിത്തറ. അങ്ങ് ഈ ബന്ധം പിൻവലിച്ചാൽ ഞങ്ങൾക്ക് യാതൊരു നന്മയുമില്ല. ഞങ്ങളുടെ സകല വിജയത്തിന്റെയും ശക്തിയുടെയും താല്ക്കാലിക ലൗകിക പരാജയങ്ങളുടെയും അടിസ്ഥാനകാരണം അങ്ങു ഞങ്ങളോടു പാലിക്കുന്ന ഈ ബന്ധം ഒന്നുമാത്രമാണല്ലോ. പിതാവേ അങ്ങു നൽകുന്ന ഈ ബന്ധം അതിന്റെ മഹത്വം മനസ്സിലാക്കി സ്വീകരിക്കുവാനും ജീവിതയാത്രയുടെ ഗതി മനസ്സിലാക്കി നേരേ പുരോഗമിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ.

## സമർപ്പണം

ക്രിസ്തുവിലൂടെ ദൈവപിതാവ് മനുഷ്യരോടും മനുഷ്യരിലൂടെയും മനുഷ്യർ പിതാവിനോടും പിതാവിലൂടെയും ഒന്നായി ജീവിക്കുന്ന സ്വർഗ്ഗഭാഗ്യത്തിന്റെ ആരംഭമായ കൃപാജീവിതത്തെപ്പററി എനിക്കു കിട്ടിയ ഉൾക്കാഴ്ചകളും പുസ്തകങ്ങളിൽ നിന്നു കിട്ടിയ പഠനവും സംയോജിപ്പിച്ച് രൂപപ്പെടുത്തിയ ഒരു ലഘുഗ്രന്ഥമാണിത്. സായൂജ്യസരണി ഒന്നാം ഭാഗത്തിൽ സ്വർഗ്ഗത്തിലേക്കുള്ള വഴി എന്ന നിലയിൽ യേശുവിനോട് ഒന്നാകുന്നതിനെപ്പററി ധ്യാനിച്ചു. യേശു ആന്തരിക സൗഖ്യവും ആത്മാഭിഷേകവും നൽകുന്നതിനെപ്പററി രണ്ടാം ഭാഗത്തിൽ ധ്യാനിച്ചു. യേശുവിലൂടെ പിതാവിനോട് ഒന്നാകുന്നതിനെപ്പററി ഈ മൂന്നാം ഭാഗത്തിൽ ധ്യാനിക്കാം. ഈ പുസ്തകത്തിൽ എന്തെങ്കിലും വീഴ്ചകൾ വന്നതായി കണ്ടെത്തിയാൽ അതു കാണിച്ചുതരണമേ. ഈ പുസ്തകം ഈ രൂപത്തിലാകാൻ അദ്ധ്വാനിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. നിത്യതയിൽ യേശുവിൽ ഒന്നായി ജീവിക്കുവാനുള്ള എന്റെ എല്ലാ സഹോദരീ സഹോദരന്മാർക്കും ഈ ഗ്രന്ഥം ഈശോയുടെ കൈകളിൽ കൂടി സസ്നേഹം സമർപ്പിക്കുന്നു. പ്രാർത്ഥനയാൽ സഹായിക്കണമേ.

യേശുവിൽ സ്വന്തം ഫാ. അലക്സ് പയ്യമ്പള്ളി

www.malankaralibrary.com



# കരുണയും കൃപയും

'സ്വർഗ്ഗസ്ഥനായ പിതാവ് ശിഷ്ടരുടെയും ദുഷ്ട രുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻ മാരുടെയും നീതിരഹിതരുടെയുംമേൽ മഴ പെയ്യിക്കു കയും ചെയ്യുന്നു.' മത്തായി 5:45. 'വിശുദ്ധികൂടാതെ ആർക്കും ദൈവത്തെ ദർശിക്കാൻ സാദ്ധ്യമല്ല'. എബ്രേ 12:14

നമുക്കു ലഭിക്കുന്ന ഏതൊരു നന്മയും ദൈവപിതാവ് ഔദാര്യപൂർണ്ണമായ സ്നേഹത്താൽ നൽകുന്ന അനുഗ്രഹമാണ്. നമുക്ക് അർഹതയില്ലാതിരിക്കെ ഓരോരോ നന്മകൾ ദൈവം നൽകിക്കൊണ്ടിരിക്കുന്നു. ആ അർത്ഥത്തിൽ, നമുക്കു കിട്ടു ന്ന എല്ലാ നന്മകളും ദൈവകൃപയാണെന്നു പറയാം.

## സൃഷ്ടനന്മയും അസൃഷ്ടനന്മയും

ദൈവം സ്നേഹത്താൽ നൽകുന്ന നന്മകളെ രണ്ടായി ത രം തിരിക്കാം. അസ്തിത്വം നൽകി നമ്മെ സൃഷ്ടിക്കുന്നതി നും വളർത്തുന്നതിനും വേണ്ടി ദൈവം സൃഷ്ടിച്ചു തരുന്ന നന്മ കളാണ് ആദ്യഗണത്തിൽ പെടുന്നവ. ദൈവം സൃഷ്ടിച്ചുതരുന്ന നന്മകളാണവ. ദൈവത്തോടു നമ്മെ സംയോജിപ്പിച്ച് ദൈവ ത്തിന്റെ അനന്ത മഹത്വ ജീവിതത്തോട്ട് നമ്മെ ഒന്നാക്കിത്തീർ ക്കുന്ന നന്മയും അതിനോടനുബന്ധിച്ചുള്ളവയുമാണ് രണ്ടാമത്തെ ഗണത്തിൽ പെടുന്നവ. ഏതൊരു നന്മയും നമുക്കു നൽകുന്നത് ദൈവത്തിന്റെ ഔദാര്യപൂർണ്ണമായ സ്നേഹത്താൽ മാത്രമാ ണ്. നമ്മുടെ അർഹതയല്ല അതിന്റെ ആധാരം എന്ന് ഒന്നുകൂടി ഓർമ്മിക്കാം. ഇവയിൽ ആദ്യഗണത്തിൽ പെടുന്ന നന്മകളെ (ദൈ വം സൃഷ്ടിച്ചു തരുന്ന നന്മകളെ) ദൈവത്തിന്റെ കരുണ (Mercy) എന്നും, രണ്ടാം ഗണത്തിൽ പെടുന്ന നന്മകളെ (ദൈവം ദൈവത്തെ ത്തന്നെ നമുക്കുനൽകി ദൈവത്തോടു നമ്മെ സംയോജിപ്പിക്കുന്ന സ്നേഹത്തെ) ദൈവത്തിന്റെ കൃപ (grace) എന്നും സൗകര്യത്തി നുവേണ്ടി പേരു വിളിക്കാം.

ദൈവം തന്റെ കരുണയാൽ ആയിരമായിരം സ്ഷ്ടനന്മ കൾ നമുക്കു സദാ നൽകിക്കൊണ്ടിരിക്കുന്നു. നമുക്കു ഓരോ നി മിഷവും എത്രയായിരം സൃഷ്ടനന്മകൾ നമ്മുടെ ശരീരത്തിൽ ത ന്നെ നൽകുന്നുണ്ട്. അവയെപ്പററി അവബോധമുണ്ടായാൽ നമ്മൾ അത്ഭുതസ്തബ്ധരാകും. ഒരു നന്മ ഇല്ലാതാകുമ്പോൾ മാത്രമെ

www.malankaralibrary.com
അതിൻെറ സാന്നിദ്ധ്യത്തിലുണ്ടായിരുന്ന സ്വസ്തതയെപ്പററി ചിന്തിക്കാറുള്ളു. ഓരോ നന്മയ്ക്കും വേണ്ടി ദൈവത്തിനു നന്ദി പറയണം. ദൈവം തൻെറ കൃപയാൽ നമ്മെ തന്നോടുതന്നെ സംയോജിപ്പിക്കുന്നതുവഴി ദൈവത്തിൻെറ മഹത്വജീവിതത്തിൻെറ ആഴങ്ങളിലും അടുക്കുകളിലും നമുക്കു പങ്കു ലഭിക്കുന്നു. കൃപ വഴി ലഭിക്കുന്നതാണ് ഉന്നത പദവിയും ആഴമുള്ള നന്മകളും. കൃപയാൽ നൽകുന്ന ഈ വലിയ പദവി മനുഷ്യൻ സ്വീകരിക്കാതിരിക്കുമ്പോഴും ദൈവം കരുണയാൽ അനവധി നന്മകൾ നൽകിക്കൊണ്ടിരിക്കുന്നു. കൃപ സ്വീകരിക്കുവാൻ നമ്മെ ഒരുക്കുവാൻ വേണ്ടി ചില സൃഷ്ടനന്മകൾ പിൻവലിക്കുകയും ചെയ്യുന്നു. വി. പൗലോസിന് താൽക്കാലികമായി അന്ധത നൽകിയതും വി. ഇഗ്നേഷ്യസിൻെറ കാലുപോയതുമെല്ലാം കൃപ സ്വീകരിക്കുവാൻ അവരെ ഒരുക്കുവാൻ വേണ്ടിയായിരുന്നു. ദൈവം ദുഷ്ടരുടെമേലും ശിഷ്ടരുടെ മേലും മഴയും വെയിലും നൽകുന്നു. കരുണയിൽ നിന്നുള്ള അനുഗ്രഹം എല്ലാവർക്കും നൽകുന്നു. എന്നാൽ ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണാൻ (പ്രാപിച്ചനുഭവിക്കുവാൻ) സാദ്ധ്യമല്ല. കൃപ വഴി ദൈവത്തോട് മനുഷ്യനെ ഐക്യപ്പെടുത്തുന്ന ഉന്നത നന്മ, ശുദ്ധീകരണത്തിനു സമ്മതിക്കാത്ത ദുഷ്ടന്മാർക്കു ദൈവം നൽകുന്നതല്ല. ശുദ്ധീകരണത്തിൻെറ വിവിധ പടികളിലൂടെ കടക്കുവാൻ സമ്മതിക്കുന്നവർക്കു മാത്രമെ കൃപയുടെ ഉന്നതമായ അനുഗ്രഹം നൽകുന്നുള്ളൂ. ശുദ്ധീകരണം നടത്തുന്നതുതന്നെ കൃപയുടെ പ്രവർത്തനമാണ്. ശുദ്ധീകരണം നടക്കുന്നതനുസരിച്ച് കൂടുതൽ മഹത്വമേറിയ സേവനത്തിനുള്ള ഉപരികൃപ ലഭിക്കുന്നു. ദൈവ കരുണയാൽ ലഭിക്കുന്ന സൃഷ്ടനന്മകൾ കൃപയുടെ അടയാളമായി കരുതരുത്. പണമുള്ളവനെ ദൈവം കൂടുതൽ സ്നേഹിച്ചനുഗ്രഹിച്ചു എന്നു ചിന്തിക്കരുത്. വളരെയധികം സൃഷ്ടനന്മകൾ അനുഭവിച്ച ധനവാൻ ദൈവൈക്യം പ്രാപിക്കാതെ നശിച്ചതും ദരിദ്രനായ ലാസർ ആ മഹാഭാഗ്യം അനുഭവിച്ചതും ഓർമ്മിക്കുക

## കൃപ കൃപമാത്രമാണ്

മനുഷ്യർക്കു സ്വന്ത കഴിവുകൊണ്ടോ സ്വന്ത പ്രവൃത്തിയുടെ യോഗ്യതകൊണ്ടോ ദൈവൈക്യവും ദൈവജീവനിലുള്ള ഭാഗഭാഗിത്വവും സമ്പാദിക്കാൻ സാദ്ധ്യമല്ല. നമ്മെ ദൈവത്തോട് ഐക്യപ്പെടുത്തുന്നതിനുവേണ്ടിയുള്ള ആദ്യ പ്രവർത്തനവും തുടർന്നുള്ള ഒരോ പ്രവർത്തനവും ദൈവം കൃപയാൽ നടത്തുന്നതാണ്. നമ്മൾ കൃപയോടു സഹകരിച്ചു പ്രവർത്തിക്കേണ്ടതുമാണ്. ദൈവം ഔദാര്യപൂർവ്വം നൽകുന്ന കൃപകൾ നന്ദിയോടെ സ്വീകരിക്കണം. ദൈവത്തെ സ്തുതിക്കണം. ദൈവം നമ്മിലൂടെ പ്രകാശിക്കാൻ—പ്രവർത്തിക്കാൻ — സ്നേഹിക്കാൻ—സമ്മതിക്കണം. ദൈവത്തോടുകൂടി പ്രവർത്തിക്കാൻ ദൈവം ആവശ്യപ്പെടുന്നതു ചെയ്യണം.

www.malankaralibrary.com

## കൃപ സൃഷ്ടനന്മകളെക്കാൾ ഉന്നതം

ദൈവം മനുഷ്യനെ ദൈവത്തോട് ഐക്യപ്പെടുത്തുവാനായി നൽകുന്ന കൃപ എന്ന വലിയ ദാനത്തെ പലരും കാര്യമായി കണക്കാക്കുന്നില്ല. ദൈവം കരുണയാൽ നൽകുന്ന സൃഷ്ടനന്മകൾ മാത്രമാണ് പലരുടെയും ശ്രദ്ധാവിഷയം. ആഗ്രഹവിഷയം. അതിനായി മാത്രമാണ് പലരും ജീവിക്കുന്നത്. പ്രാർത്ഥിക്കുന്നത്. ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നഷ്ടമായാൽ എന്തു പ്രയോജനം എന്ന് യേശുനാഥൻ പഠിപ്പിച്ചില്ലേ? ആത്മാവു നഷ്ടപ്പെടുക എന്നുപറഞ്ഞാൽ ആത്മാവിനു ദൈവത്തോടുള്ള ഐക്യം നഷ്ടപ്പെടുക എന്നാണ് അർത്ഥം. സൃഷ്ടനന്മകൾ ദൈവം തന്റെ കരുണയാൽ നമുക്ക് ആവശ്യാനുസരണം നൽകുമെന്നും, അതിനെപ്പററി വ്യഗ്രതപ്പെടേണ്ടതില്ലെന്നും എന്നാൽ നമ്മുടെ ജീവിതലക്ഷ്യം അതായിരിക്കരുതെന്നും കർത്താവു പഠിപ്പിച്ചു. ദൈവരാജ്യവും അതിന്റെ നീതിയും നമ്മുടെ പ്രഥമ ശ്രദ്ധാവിഷയം ആയിരിക്കണമെന്നും അതോടുകൂടി മററു നന്മകൾ ആവശ്യാനുസരണം ദൈവം നൽകുമെന്നും കർത്താവു പഠിപ്പിച്ചു. ദൈവരാജ്യം എന്നു പറയുന്നത് കൃപയാൽ ദൈവത്തിന്റെ ജീവനിൽ നമുക്കു കിട്ടുന്ന ഭാഗഭാഗിത്വം തന്നെയാണെന്ന് പിന്നീടു വിശദമാക്കുന്നുണ്ട്. കരുണയാൽ നൽകുന്ന സൃഷ്ടനന്മകളുടെ എണ്ണവും വണ്ണവും നോക്കി ഒരാളുടെ ഭാഗ്യവും ദൈവാനുഗ്രഹവും കണക്കാക്കരുതെന്ന് പറഞ്ഞുതന്നു. ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരമാണെന്നുകൂടി പഠിപ്പിച്ചു. ദൈവൈക്യമാകുന്ന കൃപാജീവിതം നയിക്കുവാൻ വേണ്ടി ചില സൃഷ്ടനന്മകൾ ഉപേക്ഷിക്കേണ്ടിവരുമെന്നും, എന്നാൽ കൃപാജീവിതംവഴി ലഭിക്കുന്ന സമ്പത്ത് നമ്മൾ പരിത്യജിച്ച സൃഷ്ടനന്മകളെക്കാൾ പതിന്മടങ്ങു വലുതാണെന്നും നാഥൻ പഠിപ്പിച്ചു. സൃഷ്ടനന്മകളോടുള്ള ക്രമരഹിതമായ ദുരാശകൾ കൃപാജീവിതത്തിനു തടസ്സമാകുമെന്നുകൂടി പഠിപ്പിച്ചു. സൃഷ്ടനന്മകൾ നമുക്ക് ആവശ്യമാണെന്നും അതിനുവേണ്ടി പ്രാർത്ഥിക്കുവാനും അദ്ധ്വാനിക്കുവാനും യേശു ജീവിതമാതൃകവഴി കാണിച്ചുതന്നു. എന്നാൽ യേശു നൽകുന്ന ദൈവിക ജീവിതത്തിലുള്ള ഭാഗഭാഗിത്വമായ അപ്പത്തിനുവേണ്ടി (കൃപാജീവിതത്തിനുവേണ്ടി)യാണ് യഥാർത്ഥത്തിൽ വളരെയേറെ ആഗ്രഹിച്ചദ്ധ്വാനിക്കേണ്ടതെന്നു പറഞ്ഞുതന്നു. ഭൗതികമായ അപ്പത്തിനുവേണ്ടി മാത്രം യേശുവിനെ സമീപിക്കുന്നവരെ നിരുത്സാഹപ്പെടുത്തുന്ന ധ്വനിയാണ് ആ വാക്യത്തിലുള്ളത്. കരുണയാൽ എല്ലാവർക്കും എല്ലാം നൽകാൻ യേശു സന്നദ്ധനാണ്. പക്ഷേ, അവ നിലനിൽക്കുന്ന അനുഗ്രഹമല്ല. നിത്യജീവൻ നൽകുന്ന അപ്പമല്ല. ഉയിർപ്പിക്കപ്പെട്ട ലാസർ പിന്നീടു മരിച്ചു. അപ്പം തിന്നവർക്കു പിന്നെയും വിശന്നു. യേശുനാഥൻ വന്നതിന്റെ പ്രധാനമായ ഉദ്ദേശ്യം, തന്റെ ദൈവികജീവൻ പങ്കുവെച്ചു തരുന്ന അപ്പം (നിത്യജീവൻ നൽകുന്ന അപ്പം) നൽകുക എന്നതാണ്. ദൈ

www.malankaralibrary.com

വ്യക്തിജീവിതത്തിൽ ഭാഗഭാഗിത്വം നൽകുക എന്നതാണ്. കരുണയാൽ നൽകിയ അനുഗ്രഹങ്ങളും അത്ഭുതങ്ങളും കൃപയിലേക്കുള്ള ചവിട്ടുപലകകൾ മാത്രമായിരുന്നു.

## കൃപവേണമോ കരുണവേണമോ?

ഒരു സമ്മേളനത്തിൽ ഒരാൾ പ്രസംഗത്തിനിടയിൽ ചോദിച്ചു; ''നിങ്ങൾക്ക് കൃപ (grace) വേണമോ കരുണ(Merccy) വേണമോ?'' എല്ലാവരും മറുപടി പറഞ്ഞു; ''കൃപവേണം,'' അപ്പോൾ അദ്ദേഹം ഫലിതരൂപത്തിൽ പറയുകയായി ''നിങ്ങൾ വളരെ വേഗം തെരഞ്ഞെടുപ്പു നടത്തി. എന്നാൽ ഈ തെരഞ്ഞെടുപ്പു നടത്തുവാൻ ചിലർ വളരെ പ്രയാസപ്പെടുന്നു. ബോംബെയിൽ ഒരു യുവാവ് തന്റെ ജീവിതസഖിയെ തെരഞ്ഞെടുക്കാൻ ബദ്ധപ്പെട്ടതുപോലെയാണതു്. അവന് രണ്ടു പെൺകുട്ടികളെ ഇഷ്ടമായി. ഒരാളുടെ പേരു് ഗ്രേസി (കൃപ), മററയാളിന്റെ പേരു് മേഴ്സി (കരുണ). ഇവരിൽ ആരെ സ്വീകരിക്കണമെന്നു ചിന്തയായി. രണ്ടു പേരെയും ഇഷ്ടപ്പെടുന്നു, ആരെ തെരഞ്ഞെടുക്കണം. പലദിവസം പ്രാർത്ഥിച്ചുനോക്കി. പലരോടും ഉപദേശം തിരക്കി. തീരുമാനിക്കാൻ സാധിക്കുന്നില്ല. അവൻ പള്ളിയിൽ ഇരുന്നു പ്രാർത്ഥനയായി. വളരെ പ്രാർത്ഥിച്ചുനോക്കി. തീരുമാനിക്കാൻ കഴിയുന്നില്ല. ഒടുവിൽ അവൻ ദൈവത്തോടു പറഞ്ഞു; 'ദൈവമേ ഗ്രേസിയെ എനിക്കു തരണമേ, മേഴ്സിയെ എന്നിൽ നിന്ന് എടുക്കുകയുമരുതേ...'.

അതേ, സൃഷ്ടികൾ എന്ന നിലയിൽ ദൈവത്തിന്റെ കരുണ നമുക്ക് എന്നും ആവശ്യമുണ്ട്. സൃഷ്ടനന്മകൾ നമുക്ക വേണം. എന്നാൽ ദൈവമക്കളായി വിളിക്കപ്പെട്ടവരെന്ന നിലയിലുള്ള നമ്മുടെ ഭാഗ്യവും പദവിയും ഉന്നത നന്മകളും ദൈവത്തിന്റെ കൃപയാൽ ലഭിക്കുന്നതാണ്. കൃപയാണ് പരമപ്രധാനം. ദൈവത്തിൽ ഐക്യപ്പെടുവാൻ നമുക്കു കിട്ടിയ അനുവാദവും അനുഗ്രഹവുമാണ് സകല ഭൗതികനന്മകളെക്കാളും ഉന്നതമായ അനുഗ്രഹം. ഭൗതിക നന്മകൾക്ക വിലയില്ലെന്നോ ആവശ്യമില്ലെന്നോ ചിന്തിക്കരുത്.

യാതൊരു സൃഷ്ടനന്മയും നമ്മുടെ പരമലക്ഷ്യമായി കരുതരുത്. ശരീരത്തിന്റെ ജീവൻ പോലും. ദൈവൈക്യജീവിതം, അഥവാ ദൈവം നമ്മിലൂടെ പ്രകാശിച്ചു ജീവിക്കുന്ന ജീവിതം മാത്രമായിരിക്കണം നമ്മുടെ പരമലക്ഷ്യം. കൃപാജീവിതത്തിലുള്ള വളർച്ച മാത്രമായിരിക്കണം അനുദിന ജീവിത ലക്ഷ്യം. അതിനു സഹായകമാകുന്നത്രയുംമാത്രം സൃഷ്ടനന്മകളെ സ്വീകരിക്കുക. അതിനു സഹായകമാകാത്ത സൃഷ്ടനന്മകൾ സ്വായത്തമാക്കാൻ ആഗ്രഹിക്കരുത്. ആ സൃഷ്ടികളിലൂടെ പ്രകാശിക്കുന്ന ദൈവമഹത്വം കണ്ട് ദൈവത്തിൽ ആനന്ദിക്കുക. ദൈവം കൃപയാൽ നമ്മെ ദൈവത്തോടു ചേർത്തതിനും, കൃപയിൽ വളർത്താനായി ചില ഭൗതിക നന്മകൾ പിൻവലിച്ചതിനും സ്തോത്രം അർപ്പിക്കുക.

www.malankaralibrary.com

# 2

# കൃപയുടെ സുവിശേഷം

'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും.' മർക്കോസ് 16: 15—16.

സുവിശേഷം അറിയുന്നതാണ് കൃപാജീവിതത്തിൻെറ പടിവാതിൽ തുറക്കുന്ന സംഭവം. ദൈവത്തോട് ഒന്നായിത്തീരാനുള്ള വഴി മനുഷ്യർക്കായി തുറന്നിരിക്കുന്നു എന്ന നല്ല വാർത്ത കേൾക്കാൻ ഇടയാകുന്നതുതന്നെ ഒരു അനുഗ്രഹമാണ്. കൃപയാണ്. വിശദാംശങ്ങളോടുകൂടി സുവിശേഷം കേൾക്കുമ്പോൾ പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താൽ ഉള്ളിൽ വിശ്വാസം ഉളവാകുമ്പോൾ മനുഷ്യരിൽ പ്രത്യാശയും സന്തോഷവും ആത്മാഭിമാനബോധവും അത്ഭുതവും നന്ദിയും വളരുന്നു. പാപത്തെ ഉപേക്ഷിക്കാൻ താൽപര്യം ഉണ്ടാകുന്നു. രക്ഷ സ്വീകരിക്കാൻ ആഗ്രഹമുണ്ടാകുന്നു.

## കൃപാ ജീവിതം എന്നതിൻെറ വിവിധ നാമങ്ങൾ

ദൈവത്തോട് ഐക്യപ്പെട്ടുള്ള ജീവിതത്തിനു (കൃപാജീവിതത്തിന്) ദൈവരാജ്യം എന്നാണ് ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ പറയുന്നത്. അതിനാൽ സുവിശേഷത്തെ ദൈവരാജ്യത്തിൻെറ സുവിശേഷമെന്നും, രാജ്യത്തിൻെറ സുവിശേഷം എന്നും വിളിക്കുന്നു. ദൈവത്തോടുള്ള ഐക്യ ജീവിതത്തിനായി മനുഷ്യൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു, അതിനുള്ള വഴി ഒരുക്കിയിരിക്കുന്നു, എന്ന സദ്വാർത്തയാണു സുവിശേഷം. വി. യോഹന്നാൻെറ സുവിശേഷത്തിൽ ദൈവത്തോടുള്ള ഐക്യമാകുന്ന കൃപയെ (grace) സൂചിപ്പിക്കുവാൻ ജീവൻ, പ്രകാശം, എന്ന പദങ്ങൾ ഉപയോഗിക്കുന്നു. അതിനാൽ ജീവൻെറ വചനം, ജീവൻെറ സുവിശേഷം എന്നു സുവിശേഷത്തെ വിളിക്കുന്നു. ദൈവരാജ്യത്തിൻെറ സുവിശേഷം അഥവാ ജീവൻെറ സുവിശേഷം യേശുവിലൂടെ ലോകത്തിലേക്കു കടന്നു വന്ന ഭാഗ്യത്തിൻെറ വാർത്തയാണ്. യേശുവിലൂടെ സംഭവിച്ച വാഗ്ദാനപൂർത്തീകരണമാണ്. യേശുവിലൂടെ നൽകപ്പെടുന്ന ഭാഗ്യമാണ്. അതിനാൽ അതിനെ യേശുവിൻെറ സുവിശേഷം എന്നു വിളിക്കുന്നു. യേശുവിനെപ്പററിയുള്ള സുവിശേഷം എന്നും പറയാം

യേശു ഗാഗുൽത്തായിലെ കുരിശു മരണത്തിലൂടെ എല്ലാ

www.malankaralibrary.com

വരിലേക്കും തൻെറ ജീവനെയും ആത്മാവിനെയും പകർന്നു. ഈ കൃപ സ്വീകരിക്കുന്നവരെ ജീവനിലും ആത്മാവിലും തന്നോട് ഒന്നാക്കി. തന്നിലൂടെ പിതാവിനോടു യോജിപ്പിച്ചു. അങ്ങനെയാണ് മനുഷ്യർക്ക് ദൈവൈക്യം സാധിച്ചത്. നമുക്ക് ദൈവൈക്യം സാധിക്കുന്നതിൻെറ അടിസ്ഥാനവും മാർഗവും യേശുവിൻെറ കുരിശുമരണത്തിലൂടെയും ഉയിർപ്പിലൂടെയുമാണ് സാധിച്ചത്. സുവിശേഷത്തിലെ മർമ്മമായ പ്രതിപാദന വിഷയം ദൈവപുത്രനായ യേശുവിൻെറ മനുഷ്യാവതാരവും കുരിശുമരണത്തിലൂടെയും ഉയിർപ്പിലൂടെയും സാധിച്ച രക്ഷയുംവീണ്ടെടുപ്പുമാണ്. അതിനാൽ അതിനെ യേശുവിൻെറ മനുഷ്യാവതാരത്തിൻെറയും കുരിശുമരണത്തിൻെറയും ഉയിർപ്പിൻെറയും സുവിശേഷം എന്നു പറയുന്നു.

## സുവിശേഷം അറിയാത്തവർ അന്ധകാരത്തിൽ

സുവിശേഷം അറിയാൻ ഇടയാകുന്നത് ഒരു കൃപയാണ്, അനുഗ്രഹമാണ്, ഭാഗ്യമാണ്. സുവിശേഷം അറിയാൻ സാധിക്കാത്തവർ ഭൗമികവും താൽക്കാലികവുമായ എന്തെങ്കിലും കാര്യം നേടാൻ വേണ്ടി ജീവിക്കുന്നു, ആ ലക്ഷ്യങ്ങൾ പ്രാപിച്ചാൽതന്നെ സംതൃപ്തി കിട്ടുന്നില്ല, ജീവിതത്തിൻെറ പരമലക്ഷ്യം അറിയുന്നില്ല. ദൈവത്തോട് ഐക്യപ്പെടുന്നതിനെപ്പററി പ്രത്യാശിക്കാൻപോലും അവർക്ക കഴിയുന്നില്ല. അതിനുള്ള ആഗ്രഹമുണ്ടായാൽത്തന്നെ, അതിനുള്ള വഴിയും വിധവും അറിയുന്നില്ല. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുവിനോട് ഐക്യപ്പെടുന്നതുവഴി മാത്രമാണ് ദൈവത്തെ പ്രാപിക്കാൻ സാധിക്കുന്നതെന്ന് അറിഞ്ഞിട്ടില്ല. കുരിശിൽ വെച്ചാണ് യേശുവിനോടും യേശുവിലൂടെ പിതാവിനോടുമുള്ള ഐക്യം സാക്ഷാൽക്കരിച്ചതെന്ന് മനസ്സിലായിട്ടില്ല. മനുഷ്യനുനേടാനുള്ള പരമഭാഗ്യവും പരമോന്നതസ്ഥിതിയും പ്രാപിക്കുവാനുള്ള വഴി അറിയുക എന്നതുതന്നെ ഒരു വലിയ അനുഗ്രഹമാണല്ലോ

## പരിശുദ്ധാത്മാവ് ബോദ്ധ്യം നൽകണം.

സുവിശേഷം കേൾക്കാൻ ഇടയാകുമ്പോൾ അതു സത്യമാണെന്ന് ഉള്ളിൽ ബോധ്യമുണ്ടാക്കുന്നതു പരിശുദ്ധാത്മാവാണ്. സുവിശേഷം സ്വീകരിച്ച് യേശുവിനോട് ഐക്യപ്പെടാൻ പ്രേരണ നൽകുന്നതും പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നില്ലെങ്കിൽ, സുവിശേഷം സുവിശേഷമായി അനുഭവപ്പെടുകയില്ല. വെറും പാഴ്വചനമായി മാത്രമെ അനുഭവപ്പെടുകയുള്ളു. പരിശുദ്ധാത്മാവിനോടു സഹകരിക്കാത്തവർക്കു സുവിശേഷം വ്യർത്ഥവചനമായി മാത്രമെ തോന്നുകയുള്ളു. വി. പൗലോസ്ശ്ലീഹാ യഹൂദരോടു സുവിശേഷം പ്രസംഗിച്ചപ്പോൾ അവർക്ക് അതു് നാണംകെട്ട വാർത്ത

www.malankaralibrary.com
യായി അനുഭവപ്പെട്ടു. പണ്ഡിതരായ ഗ്രീക്കുകാരോടു പ്രസംഗിച്ചപ്പോൾ അവർക്ക് അത് വിഡ്ഢിത്വമായി തോന്നി. രക്ഷയിലൂടെ പുരോഗമിക്കുന്നവർക്ക് അത് ദൈവത്തിന്റെ ശക്തിയാണ്.

## യാഥാർത്ഥ്യത്തെ വിശ്വാസത്തിലൂടെ കണ്ടെത്തുന്നു.

ഒരു അടിസ്ഥാനയാഥാർത്ഥ്യ (Reality) ത്തിന്റെ യഥാതഥമായ അവതരണമാണ് സുവിശേഷം. പഞ്ചേന്ദ്രിയങ്ങൾക്ക് നേരിട്ട് അനുഭവപ്പെടാത്തതും പഞ്ചേന്ദ്രിയങ്ങൾക്ക് അടയാളങ്ങളായി മാത്രം അനുഭവപ്പെടുന്നതും എന്നാൽ അതുവഴി ബുദ്ധിക്കും ഹൃദയത്തിനും യാഥാർത്ഥ്യമായി അനുഭവപ്പെടുന്നതുമായ വസ്തുതകൾ ഉണ്ടല്ലോ. വൈദ്യുതിയെ (electricity) കണ്ണുകൊണ്ട കാണാൻ സാധിക്കുകയില്ലെങ്കിലും അതിന്റെ സാന്നിദ്ധ്യം അടയാളങ്ങളിലൂടെ മനസ്സിലാക്കുന്നു.അനേകം ഭൗതികയാഥാർത്ഥ്യങ്ങൾ നേരിട്ട് അനുഭവപ്പെടുന്നില്ലെങ്കിലും അടയാളങ്ങൾവഴി ഗ്രഹിക്കുന്നു. അടയാളങ്ങളുടെ അർത്ഥം വ്യവച്ഛേദിച്ചെടുക്കുവാൻ കഴിവുള്ളവർ യാഥാർത്ഥ്യത്തിന്റെ ആഴവും ശക്തിയും മററും കൃത്യമായി മനസ്സിലാക്കുന്നു. ഭൗതിക യാഥാർത്ഥ്യങ്ങൾപോലെ മാനസികയാഥാർത്ഥ്യങ്ങളും അദ്ധ്യാത്മികയാഥാർത്ഥ്യങ്ങളുമുണ്ട്. അടയാളങ്ങൾ വഴിയാണ് അവയും മനസ്സിലാക്കുക. ആകാശത്തുവരുന്ന മേഘത്തിൽ നിന്നും കാററിൽ നിന്നും (അടയാളങ്ങളിൽ നിന്ന്) യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്ന നിങ്ങൾ ഈ സമയത്തിന്റെ (കർത്താവിന്റെ വരവിന്റെ) അർത്ഥം മനസ്സിലാക്കാത്തതെന്താണെന്ന് യേശു ചോദിക്കുന്നുണ്ടല്ലോ.

യേശുവിന്റെ മനുഷ്യാവതാരവും കുരിശുമരണവും ഉയിർപ്പും സ്വർഗ്ഗാരോഹണവുംവഴി ഒരു വലിയ ആദ്ധ്യാത്മികയാഥാർത്ഥ്യം സംഭവിച്ചു. ഒരു വലിയ അനുരഞ്ജനം നടന്നു. മനുഷ്യന്റെ ആന്തരികരംഗം ദൈവത്തോട് ഐക്യപ്പെടുന്നതിന്റെ കളം ഒരുക്കി. സ്വീകരിക്കുന്ന മനുഷ്യന് അചഞ്ചലമായ അടിത്തറ കിട്ടി ആ യാഥാർത്ഥ്യം അടയാളങ്ങളിൽക്കൂടിയാണ് മനുഷ്യൻ ഗ്രഹിക്കുക. മുൻപ്പറഞ്ഞ അനുരഞ്ജനവും അടിത്തറയും സ്വീകരിച്ച വ്യക്തികളുടെയും സമൂഹത്തിന്റെയും ചരിത്രം പഠിക്കണം. അനുഭവങ്ങളും, സാക്ഷ്യങ്ങളും പഠിക്കണം. ക്രിസ്തു നൽകുന്ന രക്ഷ വിശ്വാസത്തിലൂടെ യാഥാർത്ഥ്യമായി അംഗീകരിക്കുന്നവർ, അംഗീകരിച്ചതിനുശേഷമുള്ള സ്വന്തം ജീവിതാനുഭവങ്ങളെ വിലയിരുത്തണം. സുവിശേഷസത്യങ്ങൾ അദ്ധ്യാത്മികതലത്തിലെ അടിസ്ഥാന യാഥാർത്ഥ്യങ്ങളാണെന്ന് അപ്പോൾ മനസ്സിലാകും.

www.malankaralibrary.com

## യേശുവിലൂടെ മാത്രം ദൈവൈക്യഭാഗ്യം

ദൈവപിതാവ് തന്നെത്തന്നെ നമുക്കോരോരുത്തർക്കും നൽകുവാനുള്ള തീരുമാനം മാററിയിട്ടില്ല. ആദ്യമുണ്ടായിരുന്ന അതേ സ്നേഹം എന്നും നിലനിർത്തുന്നു. പക്ഷേ, പാപി നേരിട്ട് ദൈവത്തിൻെറ സ്വയംദാനം സ്വീകരിച്ചാൽ അപ്പോഴുംതന്നെ നശിക്കും. ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ സാധ്യമല്ല. ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെസമീപിക്കാൻ സാദ്ധ്യമല്ല. കൂടിയ വോൾട്ടേജുള്ള വൈദ്യുതി ഒരു ചെറിയ ബൾബിൽ കടന്നാൽ ബൾബു ഫ്യൂസാകുന്നു. പഠനവും കഴിവും ഇല്ലാത്തവന് പ്രധാനമന്ത്രി സ്ഥാനം കിട്ടിയാൽ പ്രശ്നങ്ങൾ നേരിടാൻ കഴിവില്ലാതെ മനസ്സിൻെറ തുലനസ്ഥിതി നഷ്ടപ്പെട്ട് അസ്വസ്ഥനായിത്തീരുന്നു. ഒന്നാം സ്ററാൻഡാർഡിൽ ജയിക്കാത്ത കുട്ടിയെ കോളേജിലെ ക്ളാസ്സിലിരുത്തിയാൽ അവിടെ ഇരിക്കുന്നത് അവനു് പ്രയാസമുളവാക്കുന്നു. അതുപോലെ പരമ പരിശുദ്ധനും സകലത്തിൻെറയും ഉടയവനുമായ ദൈവപിതാവ് തന്നെത്തന്നെ നേരിട്ട് പാപിക്കു നൽകിയാൽ ആ സ്വയം ദാനം സ്വീകരിക്കുന്നത് പാപിയെ നശിപ്പിക്കുന്നതുപോലെ വേദനിപ്പിക്കുന്നു. ദൈവത്തെ സ്വീകരിക്കാൻ തക്കവണ്ണം പാപിയിൽ ശുദ്ധീകരണം നടക്കണം. വളർച്ചയുണ്ടാകണം.

ഈ ശുദ്ധീകരണം നടത്തുവാനോ യോഗ്യതനേടുവാനോ പാപിക്കു തനിയെ സാദ്ധ്യമല്ല. തൻെറ പദ്ധതിയനുസരിച്ച് എല്ലാം പൂർത്തിയാക്കുന്ന ദൈവം ഈ ലക്ഷ്യം നേടുവാൻ യേശുവിൽ നമ്മെ ഉൾചേർത്തു. മനുഷ്യനായിത്തീർന്ന ദൈവ പുത്രനായ യേശു പാപിയെ തന്നിൽ ചേർക്കുകയും മനുഷ്യരുടെ പാപത്തെ തൻെറ ശരീരത്തിൽ ശിക്ഷയ്ക്കു വിധിച്ച് ഇല്ലായ്മപ്പെടുത്തുകയും ചെയ്തു. ഒററ വാക്യത്തിൽ പറഞ്ഞുതീർത്തു. പക്ഷേ, അതു നടത്തുവാൻ എത്ര വലിയ ത്യാഗവും എളിമയും സ്നേഹവും സഹനവും ക്ഷമയും ആവശ്യമായിരുന്നു. യേശു ഔദാര്യത്തോടെയാണ് പാപികളെ തന്നിൽ ചേർത്തത്. പാപം ചെയ്തിട്ടില്ലാത്തവനും ദൈവപിതാവിൻെറ സമ്പൂർണ്ണ പ്രകാശനവും പിതാവിൻെറ സമ്പൂർണ്ണ സ്വയം ദാനം സദാ സ്വീകരിക്കുന്നവനും ദൈവപുത്രനുമായ യേശു പാപികളായ നമ്മളെ തന്നിൽ ചേർത്ത്, നമ്മുടെ പാപങ്ങൾ വഹിച്ച്, പാപങ്ങൾക്കുവേണ്ടി പിതാവിനോടു മാപ്പപേക്ഷിക്കുകയും പാപത്തിന് അർഹമായ പരിഹാരം നടത്തുകയും ചെയ്തു. പാപികളെ ഉൾച്ചേർത്തപ്പോൾ പാപത്തിൻെറ ശാപം മൂലം തകർന്നടിഞ്ഞ യേശുവിനെ ഉയിർപ്പിച്ചുകൊണ്ടും സ്വർഗാരോഹണത്തിൽ സമ്പൂർണ്ണമായി മഹത്വപ്പെടുത്തിക്കൊണ്ടും ദൈവപിതാവ് പ്രഖ്യാപിച്ചത് '' യേശുവിൽ ഉൾച്ചേർന്നവരുടെ പാപങ്ങൾ ഇല്ലാതായിരിക്കുന്നു. യേശുവിൽ മുഴുവനായി ഉൾച്ചേർന്നവരെ മഹത്വപ്പെടുത്തിക്കൊണ്ട് എൻെറ സ്വയം ദാനം നൽകിയിരിക്കുന്നു '' എന്നാണ്. യേശുവിൽ ചേർന്ന് യേശു

www.malankaralibrary.com

വിൻെറ മരണത്തിലും ഉയിർപ്പിലും യോജിക്കാതെ ദൈവപിതാവിൻെറ സമ്പൂർണ്ണസ്വയംദാനം സ്വീകരിക്കാൻ ആർക്കും സാധിക്കുകയില്ല. ദൈവം സംസാരിക്കുന്നത് അസ്തിത്വം നൽകിയും മഹത്വപ്പെടുത്തിയും പരിപാലിച്ചുമാണ്. എല്ലാവരുടെയും പാപം വഹിച്ച യേശുവിനെ ഉയിർപ്പിച്ചതുവഴി ദൈവപിതാവു സംസാരിക്കയാണ്: ' മനുഷ്യരുടെ പാപങ്ങൾ ഞാൻ ക്ഷമിച്ചിരിക്കുന്നു. യേശുവിന് എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകി സ്വർഗാരോഹണത്താൽ മഹത്വപ്പെടുത്തിയതുവഴി ദൈവപിതാവു സംസാരിക്കയാണ്: ' യേശുവിൽ ചേർന്ന എല്ലാവർക്കും യേശുവിലൂടെ എൻെറ സ്വയംദാനം ഞാൻ നൽകുന്നു. '

യേശുവിൽ കൂടുതൽകൂടുതൽ ഐക്യപ്പെടുന്നതുവഴി കൃപയിൽ വളരുകയാണ്. നമ്മുടെ അനർഹതയെപ്പററി പൂർണ്ണബോധ്യം ഉണ്ടായിരിക്കണം. ദൈവപിതാവ് യേശുവിലൂടെ നിർവ്വഹിച്ച ഔദാര്യപൂർണ്ണമായ രക്ഷാകർമ്മത്തിലെ സ്നേഹത്തെപ്പററി ബോധ്യം ഉണ്ടായിരിക്കണം. അപ്പോൾ ''ദൈവമേ ഇത് അങ്ങയുടെ കൃപ മാത്രമാകുന്നു'' എന്ന് നന്ദിയോടെ അനുസ്മരിക്കും. യേശു നമ്മെ ഉൾച്ചേർത്തതിൽ കാണിച്ച സ്നേഹാതിരേകം ഓർക്കുമ്പോൾ ആ തൃപ്പാദങ്ങൾ ചുംബിച്ച് നിത്യവും സ്തോത്രമാലപിക്കാൻ ആഗ്രഹിക്കും. യേശുവിൻെറ കുരിശുമരണം വഴി പാപപരിഹാരം നടന്നതും,ഉയിർപ്പിലൂടെ പാപങ്ങൾ ഇല്ലാതാക്കിയതും, ദൈവത്തെ സ്വീകരിക്കാൻ തക്കവണ്ണം അർഹരാക്കിയതും, സ്വർഗ്ഗാരോഹണംവഴി യേശു നമ്മുടെ നാഥൻ എന്ന നിലയിൽ നമുക്കുവേണ്ടി ദൈവപിതാവിൻെറ സമ്പൂർണ്ണ സ്വയംദാനം സ്വീകരിച്ചതുമെല്ലാം നമ്മൾ ഓരോരുത്തരും യേശുവിനോട് ഐക്യപ്പെടുന്നതിൻെറ ക്രമം അനുസരിച്ച് നമ്മുടെ സ്വന്തമായിത്തീരുന്നു. എനിക്കായി യേശു സകലതും നേടിയിരിക്കുന്നു എന്ന് അറിയുന്നതുതന്നെ എന്തൊരു ഭാഗ്യമാണ്. നമ്മിലേക്ക് ഓരോ നന്മയും നിക്ഷേപിക്കാൻ യേശു ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

## യേശുവിനോടുള്ള ഐക്യമനുസരിച്ചു മനുഷ്യനു യോഗ്യത

ഞാൻ എന്നിൽ കേന്ദ്രീകരിച്ചു ചിന്തിക്കുകയും, എൻെറ പാപപുണ്യങ്ങളെ ആസ്പദമാക്കി സ്വയം വിലവെയ്ക്കുകയും ചെയ്താൽ ഒരിക്കൽപോലും പ്രത്യാശയുടെ സന്തോഷം ലഭിക്കുകയില്ല. സ്വർഗ്ഗം സമ്പാദിക്കാനുള്ള യോഗ്യത എന്നു പറയുമ്പോൾ നമ്മുടെ സ്വന്തം പുണ്യപ്രവൃത്തികളുടെ എണ്ണമനുസരിച്ചുള്ള യോഗ്യത എന്നല്ല ഓർക്കേണ്ടത്. നമുക്കുവേണ്ടി മരിച്ച് ഉയിർത്ത്, സ്വർഗ്ഗാരോഹണം ചെയ്ത യേശുവിനോടുള്ള ഐക്യത്തിൽ എത്രമാത്രം വളർന്നുപ്രവർത്തിച്ചു എന്നുള്ള യോഗ്യതയാണു പരിഗണിക്കേണ്ടത്. ആ ഐക്യത്തിൻെറ അടയാള

www.malankaralibrary.com
മായി നമ്മിൽ സാക്ഷാൽകരിക്കുന്ന പുണ്യപ്രവൃത്തികളും സഹനവും എല്ലാം ദൈവത്തിൻെറ സ്വയംദാനം കൂടുതലായി അനുഭവിക്കുന്നതിനുള്ള യോഗ്യതകൾ തന്നെയാണ്. സ്വന്തം യോഗ്യത എന്നു പറയുവാൻ നമ്മുടെ പാപം മാത്രം.

പാപികളായ മനുഷ്യർക്ക കൃപയാൽ ദൈവം തന്നെത്തന്നെ യേശുവിലൂടെ മുഴുവനായി നൽകി പാപിയെ ദൈവപുത്രമഹത്വത്തിൽ ഉയർത്തുന്ന മഹോന്നതകൃത്യത്തിൻെറ സുവിശേഷം അറിഞ്ഞവർ, മററു മനുഷ്യരെയും ഇക്കാര്യം അറിയിക്കാൻ പരിശ്രമിക്കുന്നു. കൃപയിൽ പ്രവേശിച്ചവർ മററു മനുഷ്യരെയും കൃപയിൽ വളർത്തിയെടുത്ത് മഹോന്നത ഭാഗ്യത്തിലെത്തിക്കാൻ വേണ്ടി ആവശ്യമായ സേവനം ചെയ്യുന്നു,അദ്ധ്വാനിക്കുന്നു. പ്രകാശത്തിൻെറ മക്കളായിത്തീർന്നവർ പ്രകാശമുള്ളപ്പോൾ പ്രകാശത്തിൻെറ ജോലി ചെയ്തു കൊണ്ടിരിക്കുന്നു.

# 3

# കൃപ സുവിശേഷത്തിൽ

ദൈവം ദൈവത്തെത്തന്നെ നമുക്കു നൽകാൻ തീരുമാനിച്ചു. ഈ മഹാസ്നേഹം കൃപമാത്രമാണെന്നും നമ്മുടെ അർഹതയാൽ ലഭിക്കുന്നതല്ലെന്നും ഈ ലോകത്തിലും പരലോകത്തിലും നമ്മൾ ഏററു പറയും.

## കൃപയുടെ കാതൽ

എന്നാൽ ഈ മഹാസ്നേഹം സ്വീകരിക്കാൻ തക്കവണ്ണം നമ്മൾ ഒരുങ്ങേണ്ടതുണ്ട്. നമുക്കു തനിയെ ഒരുങ്ങാനും കഴിവില്ല. അതിനാൽ ഈ മഹാദാനം സ്വീകരിക്കാൻ തക്കവണ്ണം അർഹരാകുവാൻ നമുക്കായി ഒരു രക്ഷകനെ നൽകി. രക്ഷകൻ പരിശുദ്ധാത്മാവിലൂടെ തൻെറ ശക്തിനൽകി നമ്മിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. രക്ഷകൻ സമ്പാദിച്ചു പങ്കുവെച്ചുതരുന്ന രക്ഷയുടെ നന്മകളാണ് കൃപയുടെ ആദ്യഭാഗങ്ങൾ.പശ്ചാത്തലം ഒരുക്കുന്ന നന്മകളാണ് ആദ്യം നൽകുക. ദൈവത്തിൻെറ സ്വന്തമായ ജീവനും ജ്ഞാനവും ശക്തികളും നമ്മിലേക്കു നിവേശിപ്പിച്ച് നമ്മിൽ പങ്കുവെച്ചുതരുന്ന പുതിയ ജീവനാണ് കൃപയുടെ കാതൽ. ഇതു ദൈവിക ജീവൻ തന്നെയാണ്. ഈ ജീവൻ ലഭിക്കുന്നതിനെ വീണ്ടുംജനനമെന്നും, ഉന്നതത്തിൽ നിന്നുള്ള ജനനമെന്നും പേരു പറയുന്നു. ദൈവത്തിൻെറ സ്വന്തജീവൻ ലഭിക്കുന്നതിനാൽ ദൈവത്തിൽനിന്നു മനുഷ്യനെ വേർതിരിക്കുന്ന എല്ലാ വേലികളും തകർന്നുപോകുന്നു. ഈ ജീവൻ സ്വീകരിക്കുന്നവരെ വേർതിരിക്കുന്ന വേലികളും തക

www.malankaralibrary.com
രുന്നു. (എഫേ. 2:14) പരിശുദ്ധാത്മാവ് നമ്മുടെ ഓരോരുത്തരുടെയും ആത്മാവുകളോട് സംയോജിച്ചുകൊണ്ടാണ് ഈ പ്രക്രിയ ആരംഭിക്കുന്നതും പൂർത്തിയാക്കുന്നതും. യേശുവിനെ നാഥനായി സ്വീകരിക്കുന്നവർക്കു ലഭിക്കുന്ന രക്ഷയെപ്പററിയുള്ള ബോദ്ധ്യം ഉറപ്പിക്കുന്നതും, രക്ഷയുടെ യാഥാർത്ഥ്യം മനുഷ്യനിൽ സംജാതമാക്കുന്നതും, രക്ഷയുടെ ശക്തിയും മഹത്വവും നൽകുന്നതും, യേശുവിനോട് ഐക്യപ്പെടുത്തുന്നതും യേശുവിലൂടെ പിതാവായ ദൈവത്തോട് ഐക്യപ്പെടുത്തുന്നതും പരിശുദ്ധാത്മാവാണ്. സകല ഉണ്മയുടെയും നന്മയുടെയും തികവായ ദൈവത്തോടു യോജിക്കുമ്പോൾ മനുഷ്യൻ സംതൃപ്തനായിത്തീരുന്നു. നമ്മൾ ആന്തരികമായി ഐക്യപ്പെട്ടിരിക്കുന്ന ദൈവത്തിൽ സകല നന്മയും സമ്പൂർണ്ണമായി സ്ഥിതിചെയ്യുന്നു എന്ന ബോധ്യം കിട്ടുന്നവന്, സ്വന്തം കൈകളിൽ ഒന്നും കിട്ടിയില്ലെങ്കിലും, ദൈവത്തിൽ എല്ലാം ഉണ്ട് എന്ന ചിന്തമൂലം വലിയ സമാധാനം ലഭിക്കുന്നു. ഇതു വ്യർത്ഥവിശ്വാസമല്ലെന്നും യാഥാർത്ഥ്യമാണെന്നും അനുഭവങ്ങളിലൂടെ വ്യക്തമാകും.

> ''എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായ്
> ജീവിക്കുമ്പോൾ
> സാധു ഞാനീ ക്ഷോണിതന്നിൽ ക്ലേശിപ്പാൻ
> ഏതും കാര്യമില്ലെന്നെന്റെയുള്ളം ചൊല്ലുന്നു.''

സർവ്വ മഹത്വപൂർണ്ണനായ ദൈവത്തോട് ആന്തരികമായി ഐക്യപ്പെടുന്നതാണ് എല്ലാ തിന്മകളെയും മരണത്തെയും അതിജീവിക്കാനുള്ള ഏക മാർഗ്ഗമെന്ന് വിശ്വാസിക്കു ബോധ്യമാകും. അതിനാൽ എത്ര ക്ലേശം സഹിച്ചാലും ഈ ഐക്യവും ബന്ധവും നഷ്ടപ്പെടാതിരിക്കാൻ പരിശ്രമിക്കും. (റോമ.8. അവസാനഭാഗം). ദൈവത്തോട് ആന്തരികമായി ഐക്യപ്പെട്ടുകൊണ്ടു ചെയ്യേണ്ടതുമാത്രം ചെയ്യുവാൻ മനസ്സിനെ ശക്തിപ്പെടുത്തും.

കൃപാജീവിതത്തിന്റെ ആരംഭവും വളർച്ചയും പലരീതിയിൽ വർണ്ണിച്ചിരിക്കുന്നു. യേശുക്രിസ്തുവിലൂടെ ലോകത്തിൽ ഉദയം ചെയ്യുകയും മററുള്ളവരിലേക്കു പകരുകയും ചെയ്ത ദൈവരാജ്യമായി ഇതിനെ ആദ്യത്തെ മൂന്നു സുവിശേഷകർ വർണ്ണിക്കുന്നു. പ്രകാശവും ജീവനുമായ യേശുക്രിസ്തുവിലുള്ള ഭാഗഭാഗിത്വമായി വി. യോഹന്നാൻശ്ലീഹാ വർണ്ണിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും അടിമത്തത്തിൽ നിന്നുള്ള വിടുതലും യേശുവിൽ ഉൾച്ചേരുന്നതിന്റെ ഭാഗ്യവുമായി വി. പൗലോസ്ശ്ലീഹാ കൃപാജീവിതത്തെ വർണ്ണിക്കുന്നു. പല രീതിയിൽ പറഞ്ഞാലും കൃപാജീവിതത്തിന്റെ അന്തസത്ത നമ്മൾ യേശുവിലൂടെ ദൈവപിതാവിനോടുള്ള ഐക്യത്തിൽ ജീവിക്കുന്ന ജീവിതം എന്നതാണ്. ഈ ഐക്യജീവിതത്തിൽ നമ്മെ എത്തിക്കുന്നതിനായി ദൈവപിതാവു ചെയ്തതും യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലും കുരിശുമരണത്തിലും ഉയിർപ്പി

www.malankaralibrary.com

ല്ലും കൂടി പൂർത്തിയാക്കിയതും പരിശുദ്ധാത്മാവ് നമ്മിൽ നിറവേററിക്കൊണ്ടിരിക്കുന്നതും നമ്മുടെ സഹകരണമനുസരിച്ചു പുരോഗമിക്കുന്നതും നിത്യസ്വർഗ്ഗത്തിൽ മകുടം ചൂടുന്നതുമായ ഓരോ കാര്യവും കൃപാജീവിതത്തിന്റെ വിവിധ വശങ്ങളായി പഠിക്കേണ്ടതുണ്ട്. അതെല്ലാം ഒററവാക്കിൽ പറഞ്ഞു തരാൻ സാധിക്കാത്തതിനാൽ പല ഉപമകളിലൂടെ വ്യക്തമാക്കിത്തരാൻ ക്രിസ്തുനാഥൻ പരിശ്രമിച്ചു.

## ദൈവരാജ്യം എന്ന ദൈവിക ജീവിതം

ദൈവരാജ്യം എന്ന പദംകൊണ്ടാണ് ആദ്യ സുവിശേഷങ്ങളിൽ ഇക്കാര്യം വിവരിക്കുന്നത്. യഹൂദർ ദൈവരാജ്യം എന്ന പദത്തിന് മറെറാരർത്ഥമാണ നൽകിയത്. അവർ അവരുടേതായ ഒരു സ്വാതന്ത്രരാഷ്ട്രം പ്രതീക്ഷിച്ചിരുന്നു. ദൈവം അവരെ ഈജിപ്തിൽ നിന്നു രക്ഷിച്ച് ഒരു സ്വാതന്ത്രരാഷ്ട്രം നൽകി. അതുപോലെ വീണ്ടും ഒരു സ്വാതന്ത്രരാഷ്ട്രം അവക്കു നൽകുമെന്നു് അവർ പ്രതീക്ഷിച്ചിരുന്നു. ആ സ്വാതന്ത്രരാഷ്ട്രത്തിൽ ദൈവം നേരിട്ടു ഭരണം നടത്തുമെന്നും യാതൊരു ശക്തിക്കും അതിനെ കീഴ്പ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നും പ്രതീക്ഷിച്ചു. പ്രവാചകരുടെ വാക്കുകൾ അവരുടെ പ്രതീക്ഷ വളർത്തുന്നതായിരുന്നു. എന്നാൽ പിതാവിന്റെ രാജ്യം ഐഹിക രാഷ്ട്രമല്ലെന്നും അത് പിതാവിന്റെ ജീവൻ സ്വീകരിച്ച് പിതാവിനോട് ഒന്നാകുന്നവരിൽ ആന്തരികമായി സാക്ഷാൽക്കരിക്കുന്നതാണെന്നും, അത് യേശുവിലൂടെ ലോകത്തിൽ ആരംഭിച്ചെന്നും, യേശുവിനോട് യോജിക്കുന്നവരിലേക്ക് യേശു ദൈവികജീവൻ പകരുമെന്നും,ആ ദൈവരാജ്യത്തിന്റെ കാര്യമാണ് പ്രവാചകന്മാർ പഠിപ്പിച്ചതെന്നും യേശു പറഞ്ഞുതന്നു. ഭൗതികരാഷ്ട്രം പ്രതീക്ഷിച്ചിരുന്നവർക്ക് ഇതു മനസ്സിലാക്കാൻ സാധിച്ചില്ല.

ദൈവത്തെ പിതാവേ (ആബാ പിതാവേ) എന്നു വിളിച്ചുകൊണ്ടു് നമുക്ക പുത്ര സ്വീകാര്യതയുടെ (നമ്മളെ ദൈവമക്കളായി സ്വീകരിച്ചിരിക്കുന്നു എന്നതിന്റെ) ബന്ധം നൽകാൻ ദൈവം ആഗ്രഹിക്കുന്നതായി പ്രഖ്യാപിച്ചുകൊണ്ട് യേശുനാഥൻ പുതുയുഗം ആരംഭിച്ചു. ദൈവത്തെ പിതാവായി സ്വീകരിക്കുന്നവർ ദൈവത്തിന്റെ ഇഷ്ടം നിറവേറേറണ്ടതുണ്ട്. ദൈവത്തിന്റെ ഇഷ്ടം നിറവേറുന്നിടത്ത് ദൈവരാജ്യം ഉണ്ടായി. രാജാവിന്റെ ഇഷ്ടം നടക്കുന്നിടം രാജ്യം എന്നു പറയുന്നു. ദൈവത്തിന്റെ സ്വയംദാനം സ്വീകരിച്ച് ദൈവേഷ്ടം നിറവേററാൻ സ്വയം സമർപ്പിക്കുന്നവരിൽ യേശുവിലൂടെ ദൈവരാജ്യം സ്ഥാപിതമാകുന്നു. ദൈവരാജ്യം യേശുക്രിസ്തുവിൽ ആരംഭിച്ചു. യേശു, ദൈവപിതാവിന്റെ സ്വയംദാനം സദാ സ്വീകരിച്ചുകൊണ്ടും ദൈവത്തിന്റെ ഇഷ്ടം തന്നിൽ മുഴുവനായി നിറവേറാൻ സ്വയം സമർപ്പിച്ചുകൊണ്ടും വ്യാപരിച്ചു. യേശുവിലാണ് ദൈവരാജ്യത്തി

www.malankaralibrary.com

ന്റെ തികവും ആരംഭവും. നമ്മളും യേശുവിനോടു ചേർന്ന് യേശുവിൽ ദൈവരാജ്യമായി വ്യാപരിക്കണം.

ആദി മാതാപിതാക്കന്മാർ ദൈവത്തിന്റെ സ്വയംദാനം നിരാകരിച്ചപ്പോൾ ദൈവരാജ്യത്തിനു വെളിയിലായി. സൃഷ്ടനന്മകൾ ദൈവം പിന്നെയും അവർക്കു നൽകിക്കൊണ്ടിരുന്നു. പക്ഷെ ദൈവപുത്രന്മാർ എന്ന ഉന്നത പദവിയുടെ ഭാഗ്യങ്ങൾ നഷ്ടപ്പെട്ടു. എന്നാൽ, ദൈവമക്കൾക്കു തന്നെത്തന്നെ നൽകുവാനുള്ള സ്നേഹതീരുമാനം ഉപേക്ഷിച്ചില്ല. മനുഷ്യർ പാപത്തിന്റെയും പിശാചിന്റെയും അടിമത്തത്തിലായിപ്പോയതിനാൽ ദൈവത്തിന്റെ സ്വയംദാനം നിരാകരിക്കുവാൻ ഒരു പ്രവണത മനുഷ്യപ്രകൃതിയിൽ കടന്നുകൂടി. ദൈവം പ്രകാശിക്കുവാനായി സ്വയം സമർപ്പിക്കുവാനല്ല, മനുഷ്യന്റെ അഹന്തയും മററു പാപങ്ങളും കാണിക്കുവാനായി സ്വന്ത ജീവിതത്തെ മനുഷ്യർ ഉപയോഗിച്ചു. അപ്പോഴും ദൈവത്തെ സ്വീകരിക്കാനുള്ള ഒരു ദാഹം മനുഷ്യന്റെ ഉള്ളിന്റെ ഉള്ളിൽ നിലനിന്നിരുന്നു. ദൈവത്തെ സ്വീകരിക്കാനും നിരാകരിക്കാനുമുള്ള പ്രവണതകൾ മനുഷ്യനെ വലിച്ചു കീറുകയായി. പാപം മനുഷ്യവർഗ്ഗത്തെ ഭരിച്ചുപോന്നു. പാപത്തെ ഹനിച്ച് ദൈവരാജ്യം മനുഷ്യനിൽ സ്ഥാപിക്കുവാൻ ദൈവപുത്രൻ മനുഷ്യനായി കടന്നുവന്നു. ഭൂമിയിൽ യേശുവിലൂടെ വീണ്ടും ദൈവരാജ്യം സ്ഥാപിക്കുകയുണ്ടായി. പിതാവ്, യേശുവിലൂടെ, യേശുവിനോട് ഐക്യപ്പെട്ട് വിധേയരാകുന്നവരിലേക്കു ദൈവരാജ്യം പകരുവാൻ തുടങ്ങി. ആഞ്ഞിലിക്കുരു വൻമരമായിത്തീരുന്നതുപോലെ, അല്പം പുളിപ്പ് മാവുമുഴുവൻ പുളിച്ചതാക്കുന്നതുപോലെ, യേശു എന്ന ഒരാളിൽ ആരംഭിച്ച ദൈവരാജ്യം അംഗസംഖ്യയിൽ വളരാൻ തുടങ്ങി. ക്രിസ്തുവിനെ നാഥനായി സ്വീകരിച്ചവരിൽ ദൈവത്തിന്റെ സ്വയംദാനത്താൽ പാപത്തിൽ നിന്നുള്ള മോചനവും ദൈവികശക്തികളും വർദ്ധിച്ചു വർദ്ധിച്ചു പ്രകാശിക്കുവാൻ തുടങ്ങി.'

## കൃപ പ്രവൃത്തിയുടെ യോഗ്യതയാൽ നേടുന്നതല്ല

കിട്ടിയ സൃഷ്ടനന്മകൾ കഴിവുള്ളിടത്തോളം ഏകാഗ്രതപ്പെടുത്തി ഭംഗിയായി ഉപയോഗിച്ച് സ്വാഭാവിക തലത്തിൽ ഒരളവിൽ പുരോഗമിക്കാൻ മനുഷ്യനു സാധിച്ചേക്കാം. എന്നാൽ ദൈവത്തിന്റെ സ്വയംദാനം നേടിയെടുക്കാൻ തക്കവണ്ണം എന്തെങ്കിലും ചെയ്യാൻ മനുഷ്യനു തനിയെ സാദ്ധ്യമല്ല. അതു കൃപയാൽ നൽകപ്പെടുന്നതാണ്. മനുഷ്യന്റെ പ്രവൃത്തികളുടെ സമ്മാനമായി നൽകുന്നതല്ല. ദൈവം തന്നെത്തന്നെ മനുഷ്യനു നൽകുന്നതിനുള്ള വഴിയും പദ്ധതിയും തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം ദൈവത്തിനുള്ളതാണ്. ദൈവപുത്രന്റെ മനു

www.malankaralibrary.com

ഷ്യാവതാരത്തിലൂടെ — ആ മനുഷ്യത്വത്തിലൂടെ — ദൈവപി താവ് തന്നെത്തന്നെ എല്ലാ മനുഷ്യർക്കും നൽകുവാൻ നിശ്ചയി ച്ചെങ്കിൽ, ആ വഴിയിലൂടെ നമ്മൾ ദൈവത്തിന്റെ സ്വയംദാനം സ്വീകരിക്കേണ്ടിയിരിക്കുന്നു. മററു വഴിയില്ല.നമ്മൾ മെനഞ്ഞെടു ക്കുന്ന വഴിയിലൂടെ കൃപ കിട്ടുകയില്ല. ഞാൻ സ്വയം തീരു മാനിച്ചെടുത്ത ആചാരങ്ങളും, യോഗാഭ്യാസങ്ങളും, ചിന്താശൈ ലികളും വഴി ദൈവം ദൈവത്തെ എനിക്കു തന്നുകൊള്ളണമെന്നു പറയാൻ എനിക്ക് എന്തവകാശം ?എന്റെ മനുഷ്യപ്രകൃതിയെ പ്പററി പഠനം നടത്തി ശാസ്ത്രീയ തത്വങ്ങൾ കണ്ടുപിടിച്ച് പ്രാ വർത്തികമാക്കി സ്വാഭാവികതലത്തിൽ വിജയം നേടാൻ സാധി ച്ചേക്കാം. ദൈവം ദൈവത്തെ നമുക്കു തരുന്നത് അതിസ്വഭാവി കമായ ദാനമാണ്. അതിനുള്ള വഴിയും വ്യവസ്ഥകളും നിശ് ചയിക്കുന്നതു ദൈവം മാത്രമാണ്. യേശുനാഥനിലൂടെ ദൈ വം ദൈവത്തെ നൽകുന്നതിനു നിശ്ചയിച്ച വഴി സ്വീകരി ക്കുന്നതിനു പകരം ഞാനുണ്ടാക്കിയ മതാചാരങ്ങൾ വഴി ദൈവ ത്തെ ഞാൻ സ്വായത്തമാക്കുമെന്നുള്ള ചിന്ത വ്യാമോഹമാണ്. ഏതു മതമായാലും ദൈവത്തെ പ്രാപിക്കാൻ സാധിക്കുമെന്നു ചിന്തിക്കുന്നത് വിഡ്ഢിത്വമാണ്. ചില പ്രത്യേക ധ്യാനമുറ കളും യോഗാഭ്യാസവും വഴി ദൈവത്തെ പ്രാപിക്കാമെന്നു ചി ന്തിക്കുന്നവരുണ്ട്.

## കൃപ നൽകുന്നതിൽ ദൈവം പൂർണ്ണ സ്വതന്ത്രനാണ്

യേശുവിലേക്കു നമ്മെ സംയോജിപ്പിക്കുവാനായി യേശു നിർദ്ദേശിച്ച കൂദാശകളിലൂടെ കൃപ കിട്ടുമെന്നുള്ളത് ഒരു വസ്തുതയാണ്. അതിനുള്ള വാഗ്ദാനം നൽകിയിട്ടുണ്ട്.അതി നാൽ കൂദാശകളിലൂടെ കൃപ ലഭിക്കും. എന്നാൽ കൂദാശകളിൽ കൂടി മാത്രമെ ദൈവം ദൈവത്തെ നൽകുകയുള്ളൂ എന്നു ശാഠ്യം പി ടിക്കരുത്. ദൈവം തന്നെത്തന്നെയും തന്റെ ദാനങ്ങളെയും നൽ കുന്നതിൽ സ്വതന്ത്രനാണ്. കൂദാശകളിൽക്കൂടിയല്ലാതെയും ദൈവം തന്നെത്തന്നെ നൽകിയെന്നിരിക്കാം. മനുഷ്യൻ ഉണ്ടാക്കു ന്ന വഴിയെ അതു നടന്നുകൊള്ളണമെന്ന് പറയാൻ നമുക്കവകാശമി ല്ല എന്നു മാത്രം.ദൈവം തന്റെ ഔദാര്യസ്നേഹത്താൽ ആർക്കെ ല്ലാം തന്നെത്തന്നെ നൽകുന്നു എന്ന് നമുക്ക് കൃത്യമായി പറയാൻ സാദ്ധ്യമല്ല.ദൈവത്തിന്റെ പ്രകാശനമായ പുത്രനിൽക്കൂടി മാത്ര മാണ് ഇതു നടക്കുക. എന്നാൽ വാഗ്ദാനമനുസരിച്ചുള്ള കൂദാ ശകളിൽക്കൂടി യേശുവിനോടുള്ള ഐക്യവും ദൈവത്തിന്റെ സ്വയംദാനവും ലഭിക്കുമെന്ന് നമുക്ക് ഉറപ്പുണ്ട്. ആർക്കെല്ലാം ദൈവം സ്വയംദാനം നൽകിയെന്നും, ആരെല്ലാം അത് ഉപേക്ഷി ച്ചുവെന്നും അറിയുന്നവൻ ദൈവം മാത്രമാണ്. വിധിക്കുവാൻ ദൈവത്തിനു മാത്രമെ സാധിക്കൂ.

www.malankaralibrary.com

## ദൈവരാജ്യം ഭൗതീകരാജ്യമല്ല

ദൈവരാജ്യമെന്നു കേൾക്കുമ്പോൾ ഒരു രാജ്യത്തെപ്പററിയും സിംഹാസനത്തെപ്പററിയും മററും ഭാവനാതലത്തിൽ കാണാൻ ശ്രമിക്കാറുണ്ട്. ഭവനാതലത്തിൽ ചിന്തിക്കുന്നതുപോലെയുള്ള ഒന്നല്ല ദൈവരാജ്യം. ദൈവം പൂർണ്ണമായി അരൂപിയാണ്. അതേ സമയം എല്ലാ നന്മകളുടെയും പൂർണ്ണതയുമാണ്. സമ്പൂർണ്ണ മഹത്വമാണ്. ദൈവത്തിന് ഇരിക്കാൻ സിംഹാസനം വേണ്ട. ജോലിക്കു പട്ടാളക്കാരെ വേണ്ട. യേശുവിലൂടെ ദൈവത്തെ മുഴുവനായി നൽകുന്നതു സ്വീകരിക്കുന്നവരിൽ ദൈവരാജ്യം സാക്ഷാത്ക്കരിക്കുന്നു. ഇന്ന് ദൈവത്തിലും ദൈവത്തിൻെറ സ്വയംദാനം സ്വീകരിച്ച മാലാഖമാരിലും മനുഷ്യരിലും കൂടി സ്വർഗ്ഗം വ്യാപിച്ചിരിക്കുന്നു. യേശുവിൻെറ മനുഷ്യത്വത്തിലൂടെയാണ് സ്വർഗ്ഗം ഭൂമിയിലേക്കു വ്യാപിച്ചത്. യേശുവിനെ സ്വീകരിച്ചവരിലേക്കു സ്വർഗ്ഗം വ്യാപിച്ചു വരുന്നു. ഭൂമിയിലെ കാണപ്പെടാവുന്ന സ്വർഗ്ഗരാജ്യം യഥാർത്ഥ സഭയിൽ പ്രകാശിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിൻെറ പൂർണ്ണത സഭയിൽ വന്നിട്ടില്ല. അതിനാലാണ് അതിനെ തീർത്ഥാടകസഭ എന്നു വിളിക്കുന്നത്. അപൂർണ്ണ സഭയെ സമ്പൂർണ്ണസഭയാക്കുമ്പോൾ സ്വർഗ്ഗമഹത്വം ഭൂമിയിൽ വളരുകയാണ്. കൂടുതൽ കൂടുതൽ ആളുകൾ യേശുവിനെ നാഥനായി സ്വീകരിച്ച് യേശുവിനോട് ഐക്യപ്പെടുമ്പോൾ ദൈവരാജ്യം പരക്കുകയാണ്. അതിനുവേണ്ടി പ്രത്യക്ഷമായോ പരോക്ഷമായോ ചെയ്യുന്ന ഓരോ ജോലികളും ദൈവശുശ്രൂഷ തന്നെയാണ്.

''ദൈവത്തിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണം'' എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്, ദൈവത്തിൻെറ സ്വയംദാനം മുഴുവനായി സ്വീകരിച്ച് ദൈവേഷ്ടമനുസരിച്ച് ദൈവത്തിൻെറ പ്രകാശമായി ജീവിക്കുന്ന മാലാഖമാരിലും വിശുദ്ധരിലും ദൈവേഷ്ടം എത്രമാത്രം പൂർണ്ണമായി നിറവേററപ്പെടുന്നുവോ അതുപോലെ എല്ലാ മനുഷ്യരും ദൈവത്തിൻെറ സ്വയംദാനം മുഴുവനായി സ്വീകരിക്കുവാനും ദൈവത്തിൻെറ ഇഷ്ടമനുസരിച്ചു ജീവിക്കുവാനും ഇടയാകണമേ എന്നാണ്. യേശുവിൽ സമ്പൂർണ്ണമായി ദൈവരാജ്യം പ്രകാശിക്കുന്നു. അതുപോലെ എല്ലാവരിലും നടക്കണം. പുത്രസ്വീകാര്യതയുടെ പൂർണ്ണതയിലെത്തണം.

ദൈവരാജ്യമെന്നു പറയുമ്പോൾ ഈ ലോക ജീവിതത്തിനുശേഷം ചെന്നെത്താനുള്ള ഒരു സ്ഥലമായി മാത്രം കാണരുത്. ഈ ലോകജീവിതകാലത്തു നമ്മിൽ സ്ഥാപിതമാകാനുള്ളതും നിത്യതയിൽ സമ്പൂർണ്ണമഹത്വം പ്രാപിക്കാനുള്ളതുമായ ദൈവിക ജീവനിലെ കൂട്ടായ്മയാണത്. ദൈവം നൽകുന്ന കൃപയാലും നമ്മുടെ സഹകരണത്താലും നമ്മിൽ സാക്ഷാത്ക്ക

www.malankaralibrary.com

രിക്കാനുള്ളതാണ്. ദൈവരാജ്യത്തെപ്പററിയുള്ള അനേകം ഉപമകളിലൂടെ ഇക്കാര്യം വ്യക്തമാക്കുന്നു. ഒററ വാചകംകൊണ്ടു വ്യക്തമാക്കാൻ കഴിയാത്ത രഹസ്യമാകയാൽ പല കഥകളിലൂടെയും വിശദീകരണങ്ങളിലൂടെയും വ്യക്തമാക്കുകയാണ്. അടുത്ത അദ്ധ്യായങ്ങളിൽ ആ ഉപമകളും വേദപുസ്തക വാക്യങ്ങളും ധ്യാനിച്ച് അതിന്റെ ആഴത്തിലേക്ക് ഉററുനോക്കാൻ ശ്രമിക്കാം.

## 4

# ദൈവത്തിന്റെ പദ്ധതിയും മനുഷ്യന്റെ പദ്ധതിയും

കൃപയാൽ മനുഷ്യനെ ദൈവപുത്രനാക്കിത്തീർക്കുന്ന ദൈവിക പദ്ധതി മനുഷ്യൻ അറിഞ്ഞ് അംഗീകരിച്ച് അനുവർത്തിച്ച് സ്വായത്തമാക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ മനുഷ്യന് ഉണ്ടായേക്കാവുന്ന വിവിധ അനുഭവങ്ങളെപ്പററിയുള്ള ഒരു വിചിന്തനം മാത്രമാണ് ഈ അദ്ധ്യായത്തിൽ കാണുക.

മനുഷ്യവ്യക്തിയിൽ അനേകം ആന്തരികസംഘർഷങ്ങൾ കണ്ടെത്താറുണ്ട്. വ്യക്തികളുടെ ആന്തരിക സംഘർഷങ്ങൾ ക്രമേണ ബാഹ്യമായിത്തീരുകയും സമൂഹത്തിൽ പ്രത്യക്ഷമായിത്തീരുകയും ചെയ്യുന്നു. ആന്തരികസംഘർഷത്തിനു കാരണമെന്ത് ? മനുഷ്യവ്യക്തികളെയും ചരിത്രത്തെയും പ്രപഞ്ചത്തെയും ദൈവം നിശ്ചയിച്ച ഒരു പദ്ധതി നയിച്ചു കൊണ്ടിരിക്കയാണ്. എന്നാൽ പ്രപഞ്ചത്തെയും ചരിത്രത്തെയും തന്നെത്തന്നെയും നയിക്കുവാൻ മനുഷ്യൻ തന്റെ കൊച്ചുബുദ്ധി കൊണ്ടു മററു ചില പദ്ധതികൾ മെനഞ്ഞെടുക്കുന്നു. ദൈവപദ്ധതിയും മനുഷ്യപദ്ധതിയും തമ്മിൽ പൊരുത്തക്കേടുണ്ടാകുമ്പോളാണ് മനുഷ്യന്റെ ഉള്ളിൽ സംഘർഷമുണ്ടാകുന്നത്. ആന്തരികസംഘർഷം ക്രമേണ സാമൂഹ്യസംഘർഷമായി രൂപാന്തരപ്പെടുന്നു. സംഘർഷം മാറുവാൻ മനുഷ്യൻ തന്റെ ഉള്ളിലെ അടിസ്ഥാന സംഘർഷത്തിന്റെ കാരണം ആദ്യം മനസ്സിലാക്കണം. ദൈവത്തിന്റെ പദ്ധതിക്കു മനുഷ്യന്റെ പദ്ധതി വിധേയപ്പെടുത്തിക്കൊടുത്തുകൊണ്ട് ആന്തരികസംഘർഷം മാററണം. ദൈവപദ്ധതിയനുസരിച്ച് ജീവിതം ക്രമീകരിക്കണം. ഇതു ചെയ്യാതെ ബുദ്ധികൊണ്ടും തന്ത്രം കൊണ്ടും ബാഹ്യസമാധാനം ഉണ്ടാക്കാനാണ് പല മനുഷ്യരും രാഷ്ട്രങ്ങളും പരിശ്രമിക്കുന്നത്. തന്ത്രങ്ങൾ കൊണ്ടും അഭ്യാസങ്ങൾകൊണ്ടും, മാനുഷികതത്ത്വശാസ്ത്രങ്ങൾ കൊണ്ടും, ആയുധം കൊണ്ടും, സാമൂഹ്യ സമാധാനം ഉണ്ടാക്കാൻ ശ്രമിക്കുന്നു. സാധിക്കാതെ വരുമ്പോൾ പുതിയ പദ്ധതി

www.malankaralibrary.com

കാം പരീക്ഷിച്ചുനോക്കുന്നു. വെളിപ്പെടുത്തപ്പെട്ട ദൈവീക പദ്ധതി എന്തെന്നും,മാനുഷീക പദ്ധതി എവിടെയെല്ലാമാണ് പൊരുത്തപ്പെടാതെ പോയതെന്നും, പൊരുത്തക്കേടുമാററുവാൻ ദൈവം എന്തു ചെയ്യുന്നുവെന്നും, മനുഷ്യൻ എന്തു ചെയ്യണമെന്നും പഠിക്കണം. വസ്തുതകാം വിശദമായി വിശകലനം ചെയ്യണം. വസ്തുതകാം മനസിലാകുന്നതുവരെ മാനസിക നിലവാരത്തിൽ (Psychological) ഉണ്ടാകുന്ന താളപ്പിഴകാം എന്തെന്നു മനസിലാക്കണം. വസ്തുതകാം അംഗീകരിച്ച് ദൈവപദ്ധതിസ്വീകരിച്ച് അതനുസരിച്ചു പ്രവർത്തിക്കാൻ തുടങ്ങുമ്പോാം ലഭിക്കുന്ന ആത്മീയവും മാനസികവുമായ സമാധാനം ആസ്വദിക്കണം. മനുഷ്യവർഗത്തെയും ചരിത്രത്തെയും പ്രപഞ്ചത്തെയും നയിക്കുന്ന ദൈവപദ്ധതിയെപ്പററി ആദ്യം ചിന്തിക്കാം. മനുഷ്യൻെറ വിവിധ പദ്ധതികളെപ്പററിയും, മനുഷ്യൻ മനുഷ്യൻെറ പദ്ധതി ഉപേക്ഷിച്ച്ദൈവപദ്ധതി സ്വീകരിക്കുവാൻ ദൈവം മനുഷ്യനിൽ പ്രവർത്തിക്കുന്ന രീതികളെപ്പററിയും പിന്നീടു ചിന്തിക്കാം. മനുഷ്യ സ്വാതന്ത്ര്യത്തെ ഹനിക്കാതെയാണു ദൈവം പ്രവർത്തിക്കുക.

## ദൈവത്തിൻെറ പദ്ധതി

ദൈവം കരുണയാൽ മനുഷ്യന് സൃഷ്ടി എന്നനിലയിലുള്ള അസ്തിത്വം ആദ്യം നൽകുന്നു. വ്യക്തിത്വം നൽകുന്നു. വ്യക്തിത്വ വികസനത്തിനുള്ള അനേകം നന്മകാം നൽകുന്നു. വളർച്ചയ്ക്കുള്ള അനുഗ്രഹങ്ങാം നൽകുന്നു. ഇടമുറിയാതെ അനുഗ്രഹം നൽകുന്നു. നന്മ നശിക്കുന്നിടത്തു പുതിയനന്മ നൽകുന്നു. ഇവയെല്ലാം ദൈവം തൻെറ അനന്തനന്മ നൽകുന്നതിനുള്ള ആദ്യസജ്ജീകരണങ്ങാം മാത്രമാണ്. ദൈവം തന്നെത്തന്നെ മനുഷ്യനു മുഴുവനായി നൽകണമെന്നും മനുഷ്യൻ ആ സമ്പൂർണ്ണനന്മ സ്വീകരിച്ച് സ്നേഹത്തിലും ജീവനിലും തന്നോടു് ഒന്നായിത്തീരണമെന്നും ദൈവം ആഗ്രഹിക്കുന്നു. ഇതിനായി ദൈവപിതാവ് തൻെറ പുത്രനെ മനുഷ്യനു നൽകുന്നു; അഥവാ, ഒരോ മനുഷ്യവ്യക്തിയേയും ദൈവപുത്രനിൽ–ദൈവജീവനിലും ആത്മാവിലും– ഉറപ്പിച്ച് ഒന്നാക്കിത്തീർക്കുന്നു. ഇതാണ് ദൈവം മനുഷ്യനുവേണ്ടി ഒരുക്കിയ പദ്ധതി. ഈ പദ്ധതിയനുസരിച്ചാണ് ദൈവം പ്രപഞ്ചത്തെയും ചരിത്രത്തെയും നയിക്കുക.

ആദ്യ മനുഷ്യരും ആദ്യമനുഷ്യനോടു താദാത്മ്യപ്പെടുന്ന മനുഷ്യവർഗ്ഗവും ദൈവത്തിൻെറ ഈ പദ്ധതി ഉപേക്ഷിച്ചു. ദൈവത്തെ ഉപേക്ഷിച്ചു. പക്ഷെ ദൈവം തൻെറ പദ്ധ

www.malankaralibrary.com

തി ഉപേക്ഷിച്ചില്ല. ദൈവപദ്ധതി നൂതനരൂപത്തിൽ കൂടുതൽ കൃപയോടു കൂടി പ്രത്യക്ഷപ്പെട്ടു. ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തു. ആ മനുഷ്യത്വത്തിലൂടെ ദൈവത്തെ നൽകുക എന്നതാണ് നൂതനരൂപം. ദൈവപിതാവ് യേശുവിലൂടെ തന്നെത്തന്നെ നമുക്കു നൽകുക എന്ന നൂതന പദ്ധതി വെളിപ്പെടുത്തി. യേശു മനുഷ്യരെ തന്നിൽ സംയോജിപ്പിച്ച്, ദൈവപിതാവിൽനിന്ന് തനിക്ക ലഭിച്ച ഓരോ മഹത്വവും മനുഷ്യരിൽ പ്രകാശിപ്പിക്കുവാൻ മനസ്സായി. അതുവഴിയാണ് കൃപ സാക്ഷാൽക്കരിക്കുന്നത്. യേശു തന്നെത്തന്നെ കൂടുതൽ കൂടുതൽ ആഴത്തിൽ നമുക്ക നൽകുന്നതിലൂടെയാണ് കൃപാസ്നേഹം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. ദൈവപിതാവിനു നമ്മോടുള്ള കൃപാസ്നേഹം യേശുവിനെ നമുക്കു നൽകിയതിലൂടെ മുഴുവനായി പ്രകടമാക്കിക്കഴിഞ്ഞു എന്നു പറയാം. (എഫെ 1: 3). യേശുവിനോട് ജീവനിലും ആത്മാവിലും ഒന്നായിത്തീരുന്ന മനുഷ്യവർഗ്ഗം പിതാവിൻെറ കൃപ സ്വീകരിച്ചിരിക്കുന്നു. പരിശുദ്ധാത്മാവാണ് ഈ സത്യം നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. യേശുവിനെ സ്വീകരിക്കാൻവേണ്ടി യേശുവിനു നമ്മെ സമർപ്പിച്ച് യേശുവിൽ നമ്മെ ഉറപ്പിക്കാൻ നമ്മുടെ ഉള്ളിൽ പ്രചോദനങ്ങളും പ്രവർത്തനങ്ങളും നടത്തുന്നതും പരിശുദ്ധാത്മാവാണ്. ദൈവ പിതാവിനു നമ്മോടുള്ള കൃപ യേശു ആണെന്നു പറഞ്ഞല്ലോ. (ദൈവത്തിൻെറ ദാനമാണ് (കൃപയാണ്) നിന്നോടു സംസാരിക്കുന്ന ഈ ഞാൻ എന്ന് യേശു സമരിയാക്കാരി സ്ത്രീയോടു സംസാരിക്കുന്നതായി വ്യാഖ്യാനിക്കാം) യേശുവിനെ മനുഷ്യനു നൽകിയപ്പോൾ പാപിയോടുള്ള പിതാവിൻെറ കൃപ പൂർണ്ണമായി പ്രകടമാക്കി. യേശുവിനു നമ്മോടുള്ള കൃപ യേശു പ്രകടമാക്കി. ശാപമരണ ദുരിതങ്ങളുള്ള നമ്മെ യേശുവിൽ ഉൾച്ചേർത്ത് യേശു നമ്മോട് ഒന്നായിത്തീർന്നതിലും തൻെറ നിത്യനന്മകളും കുരിശു മരണം വഴി നേടിയ യോഗ്യതകളും തൻെറ ജീവനും പരിശുദ്ധാത്മാവുമെല്ലാം നമുക്ക് ഓരോരുത്തർക്കും സൗജന്യമായി നൽകിയതിലും, നമ്മെ തന്നോടുകൂടി തൻെറ സച്ചിന്മയുടെയും പദവികളുടെയും പ്രവർത്തനങ്ങളുടെയും ബന്ധങ്ങളുടെയും തികവിൽ എത്തിക്കുന്നതിലും യേശുവിൻെറകൃപ-അടങ്ങിയിരിക്കുന്നു. ഈ സത്യം നമുക്ക് ബോധ്യപ്പെടുത്തിത്തരുന്നതും ഈ പ്രവർത്തനം നമ്മിൽ സാക്ഷാൽക്കരിക്കുന്നതും പരിശുദ്ധാത്മാവായ ദൈവമാണ്. പാപികളെ ഉൾച്ചേർത്തതുവഴി പാപവും ശാപവുമായിത്തീർന്ന യേശുവിനെ, ക്രൂശിൽ മരിച്ച് അടക്കപ്പെട്ട യേശുവിനെ, ഉയിർപ്പിക്കുന്നതിൽ യേശുവിനോടും യേശുവിലായിരിക്കുന്ന എല്ലാവരോടും ദൈവ

www.malankaralibrary.com

പിതാവു കാണിച്ച കൃപയാണ് നമുക്കു നൽകുന്ന രക്ഷാകരമായ കൃപ. യേശുവിന്റെ മർത്ത്യശരീരത്തിലും യേശുവിലായിരിക്കുന്ന എല്ലാവരിലും ഈ കൃപ എത്തിക്കുന്നതു പരിശുദ്ധാത്മാവാണ്. (റോമ 8: 10-11). യേശുവിനോട് നമ്മെ ആഴത്തിലാഴത്തിൽ സംയോജിപ്പിക്കുന്നതാണ് പരിശുദ്ധാത്മാവ് നൽകുന്ന കൃപ. യേശുവിനോടു പിതാവിനുള്ള സ്നേഹം യേശുവിലായിരിക്കുന്ന എല്ലാവർക്കും പ്രാപിക്കാൻ അവകാശം തന്നതാണ് യേശുവിലായവർക്കു കിട്ടുന്ന കൃപ. പരിശുദ്ധാത്മാവാണ് അഭിഷേകം വഴി ഈ പ്രവർത്തനം നടത്തുക. യേശുവിലായിരിക്കുന്നവർക്ക് ദൈവപിതാവിനോട് യേശുവിനുള്ള അതേ ബന്ധത്തിലും സ്നേഹത്തിലും പ്രത്യാശയിലും സ്വാതന്ത്ര്യത്തിലും ഉറപ്പിലും പെരുമാറാൻ കഴിയുന്നതു കൃപയാലാണ്. ഈ ബോധ്യം നൽകുന്നതും നമ്മെ പ്രവർത്തനസജ്ജരാക്കുന്നതും പരിശുദ്ധാത്മാവാണ്.

കൃപയേറിയ ദൈവപദ്ധതി സ്വീകരിച്ച് യേശുവിനെ സ്വന്തനാഥനും രക്ഷകനുമായി അംഗീകരിച്ച് പ്രഖ്യാപിച്ച് ജീവിക്കുന്നവർക്ക് പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളുകളോടും വ്യക്തിപരമായി ഐക്യപ്പെടുന്നതിനു സാധിക്കുന്നു. ദൈവൈക്യ ജീവിതത്തിൽ ചേർന്നിരിക്കുന്ന സ്വർഗ്ഗവാസികളോടും സഭയുടെ അംഗങ്ങളോടും ആത്മീയ ജീവനിൽ ഒന്നായിക്കഴിയാൻ സാധിക്കുന്നു. ഇതു് മാനസികമായ ഐക്യം മാത്രമല്ല. ജീവന്റെ ഐക്യം കൂടിയാണ്. കൃപാജീവിതം നയിക്കുന്നവർ (ദൈവൈക്യജീവിതം പാലിക്കുന്നവർ) എല്ലാം ലഭിച്ചു കഴിഞ്ഞു എന്ന സമാധാനത്തോടെ ജീവിക്കുന്നു. ഒന്നും കൈയ്യിൽ കിട്ടിയില്ല എന്ന് ബാഹ്യമായി തോന്നുമ്പോഴും, എല്ലാ സമ്പത്തിന്റെയും നന്മയുടെയും ഉറവയും ഉടമയുമായ ദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്നതിനാൽ വിശപ്പും ദാഹവും ശമിച്ചതായി ആന്തരികമായി അനുഭവപ്പെടുന്നു. ആവശ്യസമയത്ത് ആവശ്യമായത്രയും പിതാവു നൽകും. കൃപാജീവിതം നയിക്കുന്നവർ ദൈവത്തിൽ അടിയുറച്ചു ജീവിക്കുകയാണ്. അതിനാൽ മറ്റുള്ളവരോട് കൃപയും കരുണയും നിറഞ്ഞ ബന്ധം പാലിക്കുന്നു. ഔദാര്യത്തോടെ എല്ലാവർക്കും നന്മ നല്കിക്കൊണ്ടുള്ള ബന്ധമാണ് കൃപയിലുള്ള ബന്ധം നമ്മെ ഉപദ്രവിക്കുന്നവർക്കു പോലും നന്മ നൽകണം. തനിക്കു ദൈവകൃപയാൽ മാത്രമാണ് ഏതൊരു നന്മയും ലഭിച്ചതെന്ന് സദാ ഓർമ്മിക്കണം. എളിമയോടെ ചിന്തിക്കണം. സ്വന്തം ഇല്ലായ്മ അംഗീകരിക്കണം. ദൈവത്തിന്റെ സ്നേഹവും കൃപയും വാഴ്ത്തി സ്തുതിക്കണം. അഹങ്കരിക്കാതെ നിരന്തരം പ്രാർ

www.malankaralibrary.com

ത്ഥിക്കണം. യേശുവിലുള്ള ഐക്യ ജീവിതത്തിലെ വളർച്ച യാണ് നമ്മുടെ യാഥാർത്ഥ്യ വളർച്ചയെന്ന് ക്രമേണ ബോധ്യമാകും.

ദൈവം തന്റെ പുത്രനിലൂടെ നൽകിയ കൃപ മനുഷ്യർ അധികമായി സ്വീകരിച്ച് മഹത്വം പ്രാപിക്കുന്നതിനു വേണ്ടിയാണ് ദൈവം ചരിത്രത്തെയും മനുഷ്യനെയും പരിപാലിക്കുന്നത്. ദൈവത്തിന്റെ പദ്ധതിക്കു മാററമില്ല. പ്രവർത്തന ശൈലിക്കു മാററമില്ല. ഈ ഐക്യ ജീവിതം സ്വീകരിച്ച് ദൈവത്തിന്റെ ചിന്തയിലും സ്നേഹത്തിലും ലക്ഷ്യത്തിലും പ്രവർത്തനത്തിലും മനുഷ്യൻ ഐക്യപ്പെട്ട് അനുവർത്തിക്കുന്നതനുസരിച്ച് കൂടുതൽ കൂടുതൽ ദൈവികനായിത്തീരും. ദൈവപദ്ധതി സാക്ഷാൽക്കരിക്കും.

മനുഷ്യൻ, ദൈവപിതാവിന്റെ കൃപയായ (ദാനമായ) ദൈവപുത്രനെ ജീവിതനാഥനായി സ്വീകരിച്ചും, ദൈവപുത്രനോട് ഐക്യപ്പെടുന്നതിനുള്ള ഓരോ പ്രചോദനവും അനുഗ്രഹവും കൃപയും പരിശുദ്ധാത്മാവു നൽകുന്നതു പ്രയോജനപ്പെടുത്തിയും, അതുവഴി യേശുവിനോടു താദാത്മ്യപ്പെട്ടും, യേശുവിന്റെ ജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലും ഉരംച്ചേർന്നും ത്രിത്വജീവിതത്തിലെ നിത്യാനന്ദത്തിൽ മുഴുകണമെന്നതാണ് മനുഷ്യനെ സംബന്ധിച്ചുള്ള ദൈവപദ്ധതി. ആദ്യകൃപ നൽകുന്നതു മുതൽ നിത്യാനന്ദത്തിൽ എത്തുന്നതുവരെയുള്ള ഓരോ രംഗത്തും അനുഗ്രഹങ്ങൾ അധികമധികമായി നൽകിക്കൊണ്ട് ദൈവം തന്റെ പദ്ധതിയനുസരിച്ച് മനുഷ്യനെ നയിക്കുന്നു. ഈ പദ്ധതി മനസ്സിലാക്കാത്ത മനുഷ്യൻ അവന്റെ സ്വന്ത പദ്ധതിയനുസരിച്ച് തന്റെ ജീവിതത്തെയും പ്രപഞ്ചത്തെയും നിയന്ത്രിക്കാൻ ശ്രമിക്കുന്നു. പൊരുത്തക്കേടു വരുന്നിടത്തു വേദനിക്കുന്നു.ആന്തരിക സംഘർഷത്തിന്റെ കാരണവും അർത്ഥവും അറിയാതെ ആകുലപ്പെടുന്നു.

**മനുഷ്യന്റെ പദ്ധതി**

ദൈവപദ്ധതി മനസ്സിലാക്കി അംഗീകരിക്കുന്നതുവരെ ഓരോ മനുഷ്യനും ജീവിതത്തെക്കുറിച്ച് അവനവന്റേതായ ഓരോരോ ദർശനങ്ങളും ലക്ഷ്യങ്ങളും കരുപ്പിടിപ്പിച്ച് അവ സാക്ഷാൽക്കരിക്കാൻ ശ്രമിക്കുന്നു. ആ ദർശനങ്ങളും ലക്ഷ്യങ്ങളും മിഥ്യയാണെന്നു ബോധ്യപ്പെടുമ്പോൾ വേറെ ചില ലക്ഷ്യങ്ങൾ കരുപ്പിടിപ്പിക്കുവാൻ ശ്രമിക്കും. പലരും സ്വന്ത ശരീരത്തിന്റെയും മനസ്സിന്റെയും പഞ്ചേന്ദ്രിയങ്ങളുടെയും താൽപര്യങ്ങൾ നേടാൻ വേണ്ടിയാണു ജീവിക്കുന്നത്. അവ പരമഭാഗ്യം തരുകയില്ലെന്ന് അറിയുമ്പോൾ മററുചിലതു് അന്വേഷിക്കുന്നു.

www.malankaralibrary.com

മനുഷ്യൻ ദൈവപുത്രനായിത്തീർന്ന് ദൈവത്തിൻെറ നിത്യമഹത്വത്തിൽ പങ്കെടുക്കാനാണ് ആത്മാവുള്ളവനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്ന് മനുഷ്യഭാവനകൊണ്ടും ബുദ്ധികൊണ്ടും മാത്രം മനസ്സിലാവുകയില്ല. പരിശുദ്ധാത്മാവു പ്രകാശംതന്നാലേ അതു ബോധ്യമാകൂ. ദൈവപുത്രത്വത്തിൽ എത്തുന്നവരിൽ ദൈവത്തിൻെറ സകലനന്മകളും പ്രകാശിക്കാൻ ഇടയാകും. ദൈവം അവരിൽ നിന്നു മാറിപ്പോകാത്തവണ്ണം നിത്യമായി അവരിൽ വാസമുറപ്പിക്കും.

ദൈവപദ്ധതി അറിയാത്തപ്പോഠം മനുഷ്യർ ബിംബാരാധനയിൽ കഴിയുന്നു. ദൈവത്തിൻെറ സ്ഥാനത്ത് മററ് എന്തിനെയെങ്കിലും സ്ഥാപിച്ച് അതിൽനിന്ന് പരമനന്മയും പരമസന്തോഷവും പ്രാപിക്കാമെന്ന് പ്രതീക്ഷിച്ച പ്രവർത്തിക്കുന്നതിനാണ് ബിംബാരാധന എന്നു പറയുന്നത്. തന്നെത്തന്നെ ദൈവത്തിൻെറ സ്ഥാനത്തു പ്രതിഷ്ഠിക്കുന്നവരുണ്ട്. ''ഞാൻ'' എന്നതിൽനിന്ന് സർവനന്മയും പുറപ്പെടുന്നില്ല എന്ന് ക്രമേണ മനസ്സിലാകുന്നു. അസ്തിത്വം നൽകാൻ 'ഞാൻ' എന്നതിനു കഴിവില്ല. ഞാൻ എന്നതിനെ പരമനന്മയായോ പരമാശ്രയമായോ ചിന്തിക്കുന്നത് ബിംബാരാധനയാണ്. സൃഷ്ടിയെ ആരാധിക്കുന്നവൻ നിരാശപ്പെടും. മനുഷ്യൻെറ പദ്ധതി തകരും. മനുഷ്യൻെറ പദ്ധതി തകരുമ്പോഠം തകർച്ചയുടെ കാരണമെന്തെന്ന് ആഴത്തിൽ ചിന്തിക്കുവാൻ തുടങ്ങുന്നു. അപ്പോഠം ദൈവപദ്ധതിയെപ്പററി അസ്പഷ്ടമായ ചിലധാരണകളിലെത്തുന്നു. മനുഷ്യജീവിതത്തിൻെറ പരമമായ ലക്ഷ്യവും അർത്ഥവും ഏതെങ്കിലും സൃഷ്ടിയെ പ്രാപിക്കുക എന്നതിലല്ല എന്നും ദൈവത്തെ പ്രാപിക്കുക എന്നതിലാണെന്നും അവ്യക്തമായി ബോധ്യമാകുവാൻ തുടങ്ങുന്നു.

സത്യദൈവത്തെ അറിയുന്നതിനുമുമ്പ് ദൈവത്തെപ്പററി വികലധാരണകഠം ഉണ്ടാകാൻ ഇടയുണ്ട്. ദൈവത്തെ പ്രാപിക്കാനുള്ള യഥാർത്ഥവഴി അറിയാതെ, മനുഷ്യൻെറ ഭാവന നിർമ്മിച്ച വഴികഠം പരിശോധിച്ചുനോക്കാൻ ഇടയുണ്ട്. ദൈവത്തെപ്പററി വികലധാരണകഠം ഉള്ളവർ അവർ രൂപപ്പെടുത്തിയ ദൈവധാരണയുടെ മുമ്പിൽ ഭയപ്പെടുകയോ നിരാശപ്പെടുകയോ ചെയ്തേക്കാം. കൃപയാൽ മാത്രമേ സത്യദൈവത്തെപ്പററി ധാരണയുണ്ടാകൂ, കൃപയാൽ മാത്രമേ ദൈവപദ്ധതി അറിയാനും അംഗീകരിക്കാനും സാധിക്കൂ, മനുഷ്യനുണ്ടാക്കുന്ന ജീവിതപദ്ധതികഠം പരാജയപ്പെടുന്ന സമയത്ത് കൃപ പ്രവർത്തിച്ചാൽ സത്യദൈവത്തെപ്പററി ശരിയും എന്നാൽ അവ്യക്തവുമായ ചില ധാരണകഠം ഉണ്ടാകുവാനും

www.malankaralibrary.com

മനുഷ്യനെപ്പററിയുള്ള ദൈവപദ്ധതി എന്തെന്ന് അവ്യക്തമായി മനസിലാക്കാനും ഇടയായേക്കാം. അതിനാൽ ആ പരാജയങ്ങൾ പ്രായോഗികാദ്ധ്യാപനമാണെന്നു പറയാം. ആ പരാജയങ്ങളെ, ദൈവം നൽകുന്ന ഇരുണ്ട കൃപ (black grace) എന്ന് ചിലർ പേരുവിളിക്കാറുണ്ട്. ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങളെപ്രതിയും ദൈവത്തെ സ്തുതിക്കുവാൻ പറയുന്നത് ഇക്കാരണത്താലാണ്. ദൈവപദ്ധതി സൂക്ഷ്മമായി അറിഞ്ഞ്, അതു പൂർണ്ണമായി അംഗീകരിച്ച്, ആ വഴിയെ മുന്നേറുന്നതുവരെ മനുഷ്യൻെറ അന്തരംഗം അസ്വസ്ഥമായിരിക്കും.

## കൃപ സ്വീകരിക്കുമ്പോളുള്ള മാനസിക പുരോഗതി

''ദൈവപദ്ധതി വെളിപ്പെടുത്തിത്തരണമേ, അതിലൂടെ നയിക്കേണമെ എന്നു പ്രാർത്ഥിക്കുന്നതിനുപകരം ''എൻെറ സ്വന്തം പദ്ധതി നടത്തിത്തരണമേ'' എന്നാണ് പലപ്പോഴും മനുഷ്യൻ ദൈവത്തോടു പ്രാർത്ഥിക്കുക. എന്നാൽ മനുഷ്യനെക്കുറിച്ച് ദൈവം രൂപപ്പെടുത്തിയ ഉന്നതപദ്ധതി—ദൈവജ്ഞാനവും ദൈവസ്നേഹവും നിറഞ്ഞ ഉന്നതപദ്ധതി—ദൈവം വ്യതിയാനപ്പെടുത്തുകയില്ല. മനുഷ്യർ നിരാശപ്പെടാതിരിക്കാൻ വേണ്ടി മനുഷ്യരുടെ ചില പദ്ധതികൾ തൽക്കാലത്തേക്ക് ദൈവം അനുവദിച്ചു കൊടുത്തേക്കാം. ദൈവത്തിൻെറ കരുണയേറിയ പരിപാലനയുടെ ഒരു രീതി മാത്രമാണത്. പ്രോൽസാഹിപ്പിച്ചു മുന്നോട്ടു നയിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുക. മാനുഷികപദ്ധതി നടപ്പായിട്ടും ആന്തരികസംതൃപ്തി കിട്ടാതെവരുമ്പോൾ മനുഷ്യൻ പിന്നെയും അന്വേഷിക്കാൻ തുടങ്ങും. ''ദൈവപദ്ധതി നടത്തിത്തരേണമേ' എന്നു പ്രാർത്ഥിക്കുന്നതുവരെ അന്വേഷണം തുടരും. 'നിൻെറ തിരുവിഷ്ടം മാത്രമെ നിറവേറാവൂ' എന്നു പ്രാർത്ഥിക്കും. ദൈവപദ്ധതിയും മനുഷ്യപദ്ധതിയും തമ്മിലുള്ള പൊരുത്തക്കേടുമൂലം മനുഷ്യനിലുളവാകുന്ന അസ്വസ്ഥതയും ഒരു അനുഗ്രഹം തന്നെയാണ്. ദൈവപദ്ധതി തെരഞ്ഞെടുക്കാൻ അതു പ്രേരകമാകും.

മനുഷ്യനിലുള്ള സകലനന്മകളുടെയും ഐശ്വര്യങ്ങളുടെയും അടിസ്ഥാനം ദൈവത്തിൻെറ കരുണയും കൃപയുമാണെന്നു മനസിലാകാത്ത മനുഷ്യൻ ബിംബാരാധനയിലേക്കു നീങ്ങുന്നു. പരമമായി ദൈവത്തിൽ ആശ്രയിക്കുന്നതിനുപകരം മററു പലതിനെയും ആശ്രയിക്കുന്നു. നന്മ നൽകാൻ

www.malankaralibrary.com

ബിംബങ്ങൾക്ക കഴിവില്ലെന്നു മനസ്സിലാകുമ്പോൾ ചിലർ ബിംബത്തെ നശിപ്പിക്കുന്നു. സ്വയം നിരാശപ്പെടുന്നു. ലക്ഷ്യരഹിതമായി ജീവിച്ചു നശിക്കുന്നു. മററുചിലർ ബിംബത്തിന് യഥാർത്ഥത്തിൽ ഉള്ള വിലയിൽ അതിനെ കാണാനും വിലവെയ്ക്കാനും തുടങ്ങുന്നു. പരമമായി ആശ്രയിക്കേണ്ട സ്രോതസ്സ് എന്താണെന്ന് ആരായാൻ തുടങ്ങുന്നു. സ്വാശ്രയം (self ocnfidence) വിട്ട് ദൈവാശ്രയത്തിലേക്കു (God confidence) നീങ്ങുന്നത് ഈ ഘട്ടത്തിലാണ്. ദൈവം നൽകിയ വാഗ്ദാനവചനങ്ങളിൽ മുറുകെപ്പിടിച്ച്, ദൈവത്തെ അനുസരിച്ച്, പ്രതികൂലങ്ങളുടെ നടുവിൽ ധീരമായി മുമ്പോട്ടുപോകാൻ തുടങ്ങുന്നു.ദൈവാശ്രയത്തിലെത്താൻ ചിലർ വളരെയേറെ പരാജയങ്ങളിലൂടെ പഠിക്കേണ്ടതുണ്ടാകും. ലോകത്തിൽ പലരും പ്രായോഗികനിരീശ്വരത്വത്തിൽ കഴിയുന്നവരാണെന്ന് തോന്നിപ്പോകുന്നു. നമ്മെ കരുതുകയും കാണുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു നല്ല ദൈവത്തിന്റെ ഉണ്മയെക്കുറിച്ചുള്ള ബോധ്യം നഷ്ടപ്പെട്ടവരാണവർ. സൃഷ്ടികളിലും മനുഷ്യരിലും മാത്രം ആശ്രയിച്ചുകഴിയുന്നവർ പ്രായോഗിക നിരീശ്വരരാണ്.

മനുഷ്യനു നേടാനുള്ള പരമസന്തോഷത്തെപ്പററിയുള്ള തെററായ ചിന്തകളിൽനിന്ന് രൂപം കൊള്ളുന്നതാണ് മററൊരു ബിംബാരാധന. മനസ്സിന്റെയോ ശരീരത്തിന്റെയോ തല്പരവിഷയമായ വസ്തുക്കളിലോ വ്യക്തികളിലോ ആണ് പരമഭാഗ്യമെന്നുകരുതി പലതും തേടിനടക്കുന്നു. മാനുഷികസ്നേഹത്തിലോ, ലോകപ്രതാപത്തിലോ, ആധിപത്യത്തിലോ ആണ് പരമഭാഗ്യമെന്നുകരുതി ഓടിനടക്കുന്നു. അവിടെയൊന്നും പരമഭാഗ്യമില്ലെന്നു കണ്ടെത്തുമ്പോൾ ചിലർ നിരാശപ്പെടുന്നു, സ്വയം നശിക്കുന്നു. മററുചിലർ ദൈവത്തിന്റെ കൃപയിലേക്കു കടക്കുന്നു. ത്രിത്വജീവിതത്തിൽ ഉൾച്ചേർന്ന് ദൈവത്തിന്റെ സമ്പൂർണ്ണസ്നേഹവും സ്വയം ദാനവും സ്വീകരിച്ച് ദൈവത്തിന് സമ്പൂർണ്ണസ്നേഹവും സ്വയം സമർപ്പണവും നടത്തി, അതിനുതക്കവണ്ണം സഹോദരന്മാരെ സ്നേഹിച്ചു സേവിച്ചു ജീവിക്കുന്നതാണ് പരമഭാഗ്യമെന്നു ചിന്തിക്കാനിടയാകുന്നു.ബിംബങ്ങൾ തകരാൻ അനുവദിക്കുന്നത് സത്യത്തിലേക്കു വിരൽ ചൂണ്ടാനാണ്. അതിനാൽ ബിംബങ്ങൾ തകർന്നതിലുള്ള വേദനയോടുത്തും ദൈവത്തെ സ്തുതിക്കാം.യഥാർത്ഥ സത്യാന്വേഷിയുടെ അന്വേഷണ ഘട്ടങ്ങളിലുണ്ടാകുന്ന ഓരോ തകർച്ചയുടെ സമയത്തും ദൈവം കൃപനൽകുന്നു. ഓരോ വീഴ്ചയിൽനിന്നും ഓരോ സത്യം ഗ്രഹിക്കാൻ ഇടയാകും. സ്വാഭാവികബുദ്ധിക്കു കണ്ടെത്തുവാൻ കഴിയുന്ന ശാസ്ത്രസത്യങ്ങളെക്കാൾ

www.malankaralibrary.com

ആഴമുള്ള നിത്യസത്യങ്ങൾ, പ്രാർത്ഥിക്കുന്നവർക്കും അന്വേഷിക്കുന്നവർക്കും ദൈവം നൽകിക്കൊണ്ടിരിക്കും. പരിശുദ്ധാത്മാവാണ് ഓരോരുത്തരുടെയും ഉള്ളിൽ ഈ പ്രവർത്തനം നടത്തുന്നത്. സത്യാന്വേഷണഘട്ടങ്ങളിൽ, മനുഷ്യൻ പല മതങ്ങളെപ്പററിയും തത്വശാസ്ത്രങ്ങളെപ്പററിയും പഠിച്ചു നോക്കും. വിചിന്തനം കൊണ്ടോ പഠനം കൊണ്ടോ സ്വായത്തമാക്കാൻ സാധിക്കാത്ത നിത്യസത്യങ്ങൾ(വിശ്വാസസത്യങ്ങൾ) പരിശുദ്ധാത്മാവ് മനുഷ്യൻെറ ഉള്ളിൽ ഉറപ്പിച്ചു കൊടുക്കുന്നു. അവ മനുഷ്യൻ സ്വയം നേടിയെടുക്കുന്നതല്ല. ദൈവപുത്രൻെറ മനുഷ്യാവതാരത്തിൻെറയോ, കുരിശുമരണത്തിൻെറയോ, ഉയിർപ്പിൻെറയോ രഹസ്യങ്ങൾ പരിശുദ്ധാത്മാവിൻെറ പ്രവർത്തനം കൊണ്ടല്ലാതെ മനുഷ്യന്റ മനസ്സിലാവുകയില്ല.

## അന്ധവിശ്വാസവും സത്യവിശ്വാസവും എങ്ങനെ തിരിച്ചറിയാം

അന്ധവിശ്വാസവും സത്യവിശ്വാസവും വേർതിരിച്ചറിയാനുള്ള വഴി എന്തെന്ന് സത്യാന്വേഷി ചിന്തിക്കുകയായി. സത്യാന്വേഷണത്തിൽ പുരോഗമിക്കുന്നവർ പരിശുദ്ധാത്മാവിൻെറ സഹായം നിരസിച്ചാൽ അജ്ഞേയവാദികളും അന്ധവിശ്വാസികളുമായിത്തീരാൻ ഇടയുണ്ട്. പലമതങ്ങളിലും അന്ധവിശ്വാസങ്ങൾ അത്യധികമായിട്ടുണ്ട്. കളിമൺ പ്രതിമകളെ ദൈവങ്ങളായി ആരാധിക്കുന്ന മതങ്ങളുണ്ട്. 'എനിക്ക് ദൈവത്തിൻെറ അരുളപ്പാടുണ്ടായി, എന്നെ വിശ്വസിച്ചുകൊള്ളുക....' എന്നു് ഒരാൾ പറയുന്നവാക്കിൽ അടിസ്ഥാനപ്പെടുത്തിയുള്ള മതങ്ങളുണ്ട്. മഹാപാപങ്ങളെയും ലൈംഗിക അരാജകത്വത്തെയും സ്വർഗ്ഗവഴികളായി പ്രഖ്യാപിച്ചവരുടെ വാക്കുവിശ്വസിക്കുന്ന മതങ്ങളുണ്ട്. ഇങ്ങനെ പല മതവിശ്വാസങ്ങൾ നിലനിൽക്കുമ്പോൾ സത്യവിശ്വാസത്തെ എങ്ങനെ വേർതിരിച്ചെടുക്കാൻ സാധിക്കും.

## നാലു സാക്ഷ്യങ്ങൾ തെളിയിക്കുന്നു.

യേശുക്രിസ്തുവിലൂടെയുള്ള കൃപയുടെ സദ്വാർത്ത നിത്യസത്യമാണെന്നു തെളിയിക്കുന്നതു പരിശുദ്ധാത്മാവാണ്. യേശുക്രിസ്തു ദൈവപുത്രനാണെന്നും, കന്യകയിൽ നിന്നു് പരിശുദ്ധാത്മാവുവഴി മനുഷ്യനായി ജനിച്ചവനാണെന്നും, പരിശുദ്ധാത്മപൂരിതനാണെന്നും, പാപികളായ മനുഷ്യരെ സ്നേഹിച്ചതിനാൽ അവരുടെ പാപത്തിനു പരി

www.malankaralibrary.com

ഹാരബലിയായി മരിച്ചവനാണെന്നും, മരണത്തെ കീഴടക്കി സകലത്തിന്റെയും കർത്താവായി വാഴുന്നവനാണെന്നും, മനുഷ്യന്റെ പാപമോചനവും സ്വർഗ്ഗവും നൽകാൻ കഴിയുന്നവനാണെന്നും ഭൗതികശാസ്ത്രത്തിന്റെ തെളിവുകൾകൊണ്ട് മനസ്സിലാക്കിക്കൊടുക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ഇതിനു തെളിവുണ്ട്. സാക്ഷ്യം എന്നതാണ് അതിനുതെളിവായി യേശു നൽകിയിരിക്കുന്നത്, നാലു സാക്ഷ്യങ്ങളാണ് യേശു അവതരിപ്പിക്കുന്നത്. 1) ദൈവപിതാവിന്റെ സാക്ഷ്യം. 2) യേശുവിൽക്കൂടി നടന്ന മഹാത്ഭുതങ്ങളുടെ സാക്ഷ്യം. 3) പരിശുദ്ധാത്മാവിന്റെ സാക്ഷ്യം. 4) ശിഷ്യരുടെ സാക്ഷ്യം.

ക്രിസ്തുവിനെ പ്രതീക്ഷിക്കുന്ന ഒരു ജനതയെ ഒരുക്കിക്കൊണ്ട് ലോകചരിത്രത്തിൽ ഇടപെട്ടുകൊണ്ട് പിതാവ് തന്റെ പുത്രനു സാക്ഷിയായി നിന്നു. ലോക ചരിത്രത്തിൽ ഇന്നും ദൈവപിതാവ് ഇടപെടുന്നുണ്ട്.ഓരോ സംഭവങ്ങളിൽക്കൂടി ചരിത്രത്തെയും പ്രപഞ്ചത്തെയും ക്രിസ്തുവിൽ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുന്നു.

മരിച്ചവരെ ഉയിർപ്പിക്കുക എന്നതുവരെയുള്ള മഹാത്ഭുതങ്ങൾ യേശു നടത്തി. പ്രകൃത്യതീതമായ ഈ അത്ഭുതങ്ങൾ യേശുവിൽക്കൂടി പിതാവു ചെയ്തതാണെന്നും ഇവ കണ്ടതിനു ശേഷവും വിശ്വസിക്കാതിരിക്കുന്നവർക്കു ഒഴികഴിവില്ലെന്നും യേശു പഠിപ്പിച്ചു. ഓരോ അത്ഭുതങ്ങളും ഓരോ സത്യത്തെ പ്രത്യേകമായി തെളിയിച്ചിരുന്നു.

മൂന്നാമത്തേത് പരിശുദ്ധാത്മാവിന്റെ സാക്ഷ്യം

എല്ലാ മനുഷ്യരുടെയും അന്തരംഗത്തു് പരിശുദ്ധാത്മാവ് സംസാരിച്ചുകൊണ്ടിരിക്കുന്നു. യേശു ഒരു അത്ഭുതം ചെയ്തു കണ്ടപ്പോൾ, മനസ്സാക്ഷിക്കു വിരുദ്ധമായി സംസാരിക്കുന്ന ചിലർ, ആ അത്ഭുതം പിശാചിനെക്കൊണ്ടു ചെയ്യിച്ചതാണെന്നു പറഞ്ഞു. അപ്പോൾ യേശു അവരോടു പറഞ്ഞു. ''പരിശുദ്ധാത്മാവിനെതിരായ പാപം ക്ഷമിക്കപ്പെടുകയില്ല.'' അവരെ രക്ഷിക്കുവാൻ വന്നതു് യേശു ആണെന്നു് പരിശുദ്ധാത്മാവ് അവരുടെ ഉള്ളിൽ സംസാരിക്കുകയും തെളിയിക്കുകയും ചെയ്യുമ്പോൾ അത് അംഗീകരിക്കുവാൻ തയ്യാറാകാതെയും പരിശുദ്ധാത്മാവിനോടുള്ള ബന്ധം ഉപേക്ഷിക്കാൻ തയ്യാറായും ഇരിക്കുന്നവർക്ക് രക്ഷയും പാപമോചനവും കണ്ടെത്താൻ മറെറാരു വഴിയില്ല. അവർ അവരുടെ പാപത്തിൽ നശിക്കും. പരിശുദ്ധാത്മാവ് അന്നും ഇന്നും എന്നും യേശുവിനു സാക്ഷിയായി മനുഷ്യ

www.malankaralibrary.com

രുടെ അന്തരംഗത്തു സംസാരിച്ചുകൊണ്ടിരിക്കുന്നു. ചിതറിപ്പോയ ശിഷ്യരെ വീണ്ടും യേശുവിനു സാക്ഷികളാക്കാൻ ഒരുക്കിയെടുത്തതു് പരിശുദ്ധാത്മാവാണ്. ലോകചരിത്രത്തിലും വ്യക്തികളുടെ ചരിത്രത്തിലും പരിശുദ്ധാത്മാവ് ഇന്നും യേശുവിനു സാക്ഷിയായി പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവ് പല രീതിയിലാണ് സാക്ഷിയായി പ്രവർത്തിക്കുന്നതു്. അവയിൽ ചിലതു് താഴെ വിവരിക്കുന്നു.

1. യേശുവിൽ വിശ്വസിക്കാതിരിക്കുന്നതു പാപമാണെന്ന് മനുഷ്യന്റെ ഉള്ളിൽ ബോദ്ധ്യപ്പെടുത്തുന്നു. (യോഹ. 16:9) സത്യം എന്തെന്ന് നമ്മുടെ ആത്മാവിന്റെ ആഴത്തിൽ സംസാരിക്കുവാൻ പരിശുദ്ധാത്മാവിനു കഴിയും. സത്യാന്വേഷികൾക്ക് പരിശുദ്ധാത്മാവ് വിശ്വാസസത്യങ്ങളിലുള്ള ഉറപ്പ് വർദ്ധിപ്പിച്ചുകൊടുക്കും.

2. ശക്തിയുടെ അനുഭവം നൽകിക്കൊണ്ട് പരിശുദ്ധാത്മാവ് സാക്ഷിയായി പ്രവർത്തിക്കുന്നു. യേശുവിനെ ക്രൂശിൽ തറച്ചു കൊന്നിടത്ത് പരിശുദ്ധാത്മാവ് സാക്ഷിയായി പ്രവർത്തിക്കുകയും ആ മൃതശരീരത്തെ അധിക മഹത്വം നൽകി ഉയിർപ്പിച്ചുകൊണ്ട് യേശു സാക്ഷാൽ ദൈവപുത്രനാണെന്നു തെളിയിക്കുകയും ചെയ്തു. (റോമ. 8:10–11). യേശുവിനു സാക്ഷിയാകാൻ ഇറങ്ങിത്തിരിച്ച ശിഷ്യരെ പരിശുദ്ധാത്മാവ് അവരുടെ ആത്മാവിലും മനസ്സിലും ശരീരത്തിലും ശക്തിപ്പെടുത്തി. മരണത്തിനു മുമ്പിൽ പതറാതെ നിൽക്കാൻ വേണ്ടുന്ന ആത്മശക്തി നൽകി. യേശു കർത്താവാണെന്ന് എവിടെയും ധീരമായി സംസാരിക്കാനുള്ള ബുദ്ധിയും കഴിവും നൽകി. അവരിൽക്കൂടി അത്ഭുതകരമായ രോഗശാന്തി മററുള്ളവർക്കു നൽകാൻതക്കവണ്ണം അവരിൽ ദൈവശക്തി നൽകി. പിശാചുക്കളെ ഉച്ചാടനം ചെയ്യാൻ കഴിവു നൽകി. പിശാചിന്റെ കെണികൾ മനസ്സിലാക്കിക്കൊടുത്തു.

3. പരിശുദ്ധാത്മാവ് നൽകുന്ന ശക്തിയുടെ പ്രഭാവമാണ് യേശു കർത്താവാണെന്നുള്ളതിനുള്ള തെളിവെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നു. വാചാലതയോ ലോകവിജ്ഞാനമോ ഒന്നുമല്ല തെളിവ്. (1 കോറ 2) യേശുവിനെ കർത്താവും രക്ഷകനുമായി സ്വീകരിക്കുമ്പോൾ ഓരോ മനുഷ്യനിലേക്കും ഇറങ്ങിവരുന്ന പരിശുദ്ധാത്മശക്തിയുടെ അനുഭവമാണ് യേശു യഥാർത്ഥത്തിൽ കർത്താവും രക്ഷകനുമാണെന്നുള്ളതിനുള്ള അനുഭവപരമായ തെളിവ്. യേശുവിനെ കർത്താവും രക്ഷകനുമായി സ്വീക

www.malankaralibrary.com

രിക്കുമ്പോൾ മാത്രമേ ഈ ദൈവിക ശക്തി ഒരുവന് അനുഭവപ്പെടുകയുള്ളു,

പരിശുദ്ധാത്മാവ് വിവിധ രീതിയിൽ ശക്തി പ്രകടിപ്പിക്കാറുണ്ട്. മനുഷ്യന് മാനസികവും ശാരീരികവുമായ മണ്ഡലങ്ങളിൽ കിട്ടുന്ന പ്രകൃത്യനുസൃതമായ ശക്തിയും (സൃഷ്ടി എന്ന നിലയിലുള്ള ശക്തി) പരിശുദ്ധാത്മാവു വരുമ്പോൾ ഉളവാകുന്ന ദൈവശക്തി നിറഞ്ഞ ശക്തിയും തമ്മിൽ തിരിച്ചറിയണം. യേശുവിനു ജീവിതം സമർപ്പിച്ചതുവഴി പരിശുദ്ധാത്മശക്തി കിട്ടിയവർ അതു് ഏററുപറയുമ്പോൾ യേശുവിനു സാക്ഷികളാവുകയാണ്. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സാക്ഷിയാകാം.

## പരിശുദ്ധാത്മാവ് വിവിധ തലങ്ങളിൽ യേശുവിൻെറ ശക്തി നിവേശിപ്പിക്കുന്നു

1. ആത്മീയതലം. യേശുവിനെ സ്വന്തം കർത്താവും രക്ഷകനുമായി സ്വീകരിച്ച് യേശുവിൻെറ വകയായി ജീവിക്കുവാൻ തുടങ്ങിയപ്പോൾ പാപശക്തികളുടെ ഭരണത്തിൽനിന്ന മോചനം കിട്ടിയെന്ന് വി. പൗലോസ് ശ്ളീഹായോടുകൂടി അനേകർ സാക്ഷ്യം നൽകുന്നു. പലരും ഇക്കാര്യം പരസ്യമായി ഏററുപറയാറുണ്ട്. മനശക്തിയാൽ പാപത്തിൽനിന്ന രക്ഷപെടാൻ കഴിഞ്ഞില്ലെന്നും കുരിശുമരണത്തിലൂടെ യേശു നേടിയ യോഗ്യത എനിക്കു യേശു നൽകിയതു സ്വീകരിച്ചതുവഴിയാണ് പാപത്തിൻെറ അടിമത്തത്തിൽനിന്ന് രക്ഷപെടാൻ കഴിഞ്ഞതെന്നും ഏററു പറയുമ്പോൾ അവർ യേശുവിന സാക്ഷിയാവുകയാണ്. കഴിഞ്ഞകാലത്തെ പാപത്തെപ്പററി വർണ്ണിക്കുക എന്നതല്ല സാക്ഷ്യത്തിൻെറ ഉദ്ദേശ്യം. യേശുവിനെ നാഥനായി സ്വീകരിച്ചപ്പോൾ എൻെറ ആത്മാവിലേക്കു കടന്നു വന്ന പരിശുദ്ധാത്മാവിൻെറ ശക്തി എന്നിലെ പാപശക്തിയെ ഇല്ലാതാക്കിയതു് ഞാൻ അനുഭവിച്ചു എന്ന് മററുള്ളവരെ അറിയിക്കുമ്പോൾ അവരും യേശുവിനെ സ്വീകരിക്കാൻ ഇടയാകുക എന്നതാണ് സാക്ഷ്യത്തിൻെറ ഉദ്ദേശ്യം. യേശു കർത്താവും രക്ഷകനുമാണെന്നുള്ളതിനുള്ള അനുഭവസാക്ഷ്യമാണത്. പ്രസംഗംകൊണ്ടോ ജീവിതത്തിലെ വ്യതിയാനംകൊണ്ടോ സാക്ഷിയാകാം.

2 മാനസികതലം. ആന്തരിക സൗഖ്യം നൽകുന്നതുവഴി പരിശുദ്ധാത്മാവ് യേശുവിനു സാക്ഷിയായി പ്രവർത്തി

www.malankaralibrary.com

ക്കുന്നു. ദൈവമഹത്വം പ്രകാശിക്കുമ്പോളാണ് ആന്തരിക സൗഖ്യം ലഭിക്കുക. യേശുവിനെ കർത്താവായി സ്വീകരിച്ചപ്പോഠം, യേശു എന്നിൽ നാഥനായി ജീവിക്കാൻ തുടങ്ങിയപ്പോഠം, എനിക്കു മാനസികമായി സൗഖ്യം ലഭിച്ചു എന്നു് അനേകർ സാക്ഷ്യം നൽകുന്നു. അതുവഴി ക്രിസ്തുവിനെ സ്വീകരിക്കുവാൻ അനേകർക്കു പ്രചോദനം ലഭിക്കുന്നു.

3 ശാരീരികതലം. അത്ഭുതകരമായ രോഗശാന്തികഠം ഇന്നും യേശു പരിശുദ്ധാത്മാവിലൂടെ നടത്തിക്കൊണ്ടിരിക്കുന്നു. രോഗശാന്തി ലഭിച്ചവർ അതു് സമ്മതിച്ചു സാക്ഷിയാകുന്നതുവഴി യേശു യഥാർത്ഥത്തിൽ കർത്താവാണെന്നു് വിളംബരം ചെയ്യുകയാണ്. അനുഭവ സാക്ഷ്യം വിളംബരം ചെയ്യുന്നതു് അവരവരെ സമൂഹത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കുവാനോ, ശുശ്രൂഷകരെ പ്രദർശിപ്പിക്കുവാനോ വേണ്ടി അല്ല. യേശുവിനു സാക്ഷിയാകാൻ വേണ്ടി മാത്രമാണ്.

4 സാമൂഹ്യതലം. പരിശുദ്ധാത്മാവു ലോകചരിത്രത്തെയും പ്രപഞ്ചത്തെയും നയിച്ചുകൊണ്ടിരിക്കയാണ്. കൂടുതൽ കൂടുതൽ ക്രിസ്തുകേന്ദ്രീകൃതമായ പ്രപഞ്ചത്തെയും ചരിത്രത്തെയും സമൂഹത്തെയും രൂപപ്പെടുത്തുന്നതിലുള്ള നിരന്തരമായ പരിശ്രമം പരിശുദ്ധാത്മാവു നടത്തുകയാണ്. യേശുവിനു് എതിരായി നില്ക്കുന്നവർ ക്രമേണ തകർന്നുകൊണ്ടിരിക്കുന്നു. യേശുവിൻേറതായിത്തീർന്നവർ പീഡകളുടെ നടുവിലും മഹത്വത്തിലേക്കു വളരുന്നു.

നാലാമത്തേതു് ശിഷ്യരുടെ സാക്ഷ്യം

ശിഷ്യന്മാർ യേശുവിനു സാക്ഷികളായിരിക്കുമെന്നു് യേശു പറഞ്ഞു. യേശുവിന്റെ ജീവിതത്തിൽ അടുത്തുചേർന്നു വസിക്കുവാൻ വിളിക്കപ്പെട്ടവരാണു ശിഷ്യന്മാർ. യേശുവിന്റെ ജീവിത രഹസ്യങ്ങഠം മനസ്സിലാക്കാനും യേശുവിൽ നിന്നു് പരിശുദ്ധാത്മാവിനെ അധികമായി സ്വീകരിക്കാനും യേശുവിനെ ധരിക്കുവാനും വിളിക്കപ്പെട്ടവരാണവർ. യേശുവിന്റെ അത്ഭുതശക്തികളിൽ പങ്കുകിട്ടിയവരാണവർ. യേശുവിന്റെ വ്യക്തിത്വത്തിന്റെ ആഴത്തിൽ ചേർന്നു്. (ശാഖ മുന്തിരിച്ചെടിയിലെന്ന പോലെ) നിത്യജീവന്റെ (ദൈവിക ജീവന്റെ) ശക്തിയും മഹത്വവും ഒരളവിൽ അനുഭവിച്ചറിഞ്ഞവരാണവർ. അവർ തങ്ങഠം കാണുകയും അനുഭവിച്ചറിയുകയും ചെയ്ത ജീവന്റെ വചനത്തിനു സാക്ഷികളായി പ്രസംഗിച്ചു. പ്രവർത്തിച്ചു. വിശ്വസിച്ചു് യേശുവിൽ ഐക്യപ്പെട്ടു് ജീവൻ പ്രാപിക്കുന്നവർ-സഭ-ഇന്നും യേശുവിനു സാക്ഷികളായി വർത്തിക്കുന്നു

www.malankaralibrary.com

യേശുവിൽക്കൂടി വെളിപ്പെടുത്തിയ വിശ്വാസസത്യങ്ങൾ—നിത്യസത്യങ്ങൾക്ക്—പരമപിതാവായ ദൈവവും യേശു ചെയ്യുന്ന അത്ഭുത പ്രവൃത്തികളും, പരിശുദ്ധാത്മാവും, സഭയും (ശിഷ്യരും) സാക്ഷികളായി നില്ക്കുന്നു. പരിശുദ്ധാത്മാവ് മനുഷ്യന്റെ മനസ്സാക്ഷിയുടെ ആഴത്തിൽ സംസാരിക്കുന്നു. ഓരോ വിശ്വാസസത്യവും സ്വീകരിക്കുമ്പോൾ മനുഷ്യാത്മാവിനു ലഭിക്കുന്ന ശാന്തിയും ശക്തിയും ഇതിനു തെളിവാണ്. യേശുക്രിസ്തുവിന്റെ സ്വന്തമായിത്തീരുന്നവർക്ക് പ്രകൃത്യതീതമായ വരങ്ങളും ദാനങ്ങളും ഫലങ്ങളും നൽകിക്കൊണ്ട് യേശു കർത്താവും ദൈവവുമാണെന്ന് പരിശുദ്ധാത്മാവു വിളംബരം ചെയ്തുകൊണ്ടിരിക്കുന്നു. വരങ്ങളും ദാനങ്ങളും ലഭിക്കുന്നവർ യേശുക്രിസ്തുവിനു സാക്ഷിയായി ജീവിക്കുന്നു. പ്രഖ്യാപിക്കുന്നു.

സത്യാന്വേഷിയും പ്രാർത്ഥിക്കുന്നവനുമായ മനുഷ്യനു് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ യേശുക്രിസ്തുവിൽ വിശ്വാസം കിട്ടിയാൽ ആവഴിയെ പുരോഗമിക്കാൻ എളുപ്പമുണ്ട്. ദൈവത്തിന്റെ പദ്ധതി സ്വീകരിക്കാൻ വേണ്ടി, തന്റെ സ്വന്ത പദ്ധതികൾ എല്ലാം ഉപേക്ഷിക്കുവാൻ അവൻ തയ്യാറാകും. പരിശുദ്ധത്രിത്വത്തിലെ ആന്തരിക ജീവിതത്തിൽ ഉൾപ്രവേശനം കിട്ടുവാനായി നൽകപ്പെട്ട രക്ഷാകരപദ്ധതിയെപ്പററി ബോദ്ധ്യം ലഭിച്ചു തുടങ്ങും. ദൈവത്തിന്റെ പദ്ധതി, മനുഷ്യന്റെ പദ്ധതിയെക്കാൾ എത്രയേറെ ഉന്നതവും മഹത്വപൂർണ്ണവുമാണെന്നുബോദ്ധ്യമാകും. ദൈവപദ്ധതി സ്വീകരിച്ച് പരിശുദ്ധ ത്രിത്വത്തിലെ ഓരോ ദൈവ വ്യക്തിയോടുമുള്ള ജീവബന്ധം സ്വീകരിച്ച് അതനുസരിച്ച് പ്രവർത്തനനിരതനാകുന്നതോടുകൂടി കൃപാജീവിതം ആരംഭിക്കുകയായി. ഒരു പക്ഷേ, അനേകനാളത്തെ പ്രാർത്ഥനയുടെയും അന്വേഷണത്തിന്റെയും അദ്ധ്വാനത്തിന്റെയും അവസാനത്തിലായിരിക്കാം ദൈവപദ്ധതി അറിയാനുള്ള കൃപ ലഭിക്കുക. ചിലർക്ക് ബാല്യത്തിലെ ഈ കൃപ കിട്ടിയെന്നിരിക്കാം. കൃപ എന്നും കൃപയാണ്. സൗജന്യമായി കിട്ടുന്നതാണ്. നശിപ്പിക്കപ്പെടാനുള്ള കോപപാത്രങ്ങൾക്ക് അവസാനനിമിഷം കൃപ കൊടുക്കാൻ ദൈവം മനസ്സായാൽ അതിനെ ആർക്കും ചോദ്യം ചെയ്യാൻ അവകാശമില്ല (റോമ 9:22).

സ്വാഭാവിക മതങ്ങളും യഹൂദമതവും സ്വന്തം അദ്ധ്വാനം കൊണ്ട് ദൈവത്തോടുള്ള ഐക്യം നേടാമെന്ന് പ്രത്യാശിക്കുന്നു. തങ്ങളിൽത്തന്നെ പരമമായി ആശ്രയിക്കുന്നു. ക്രിസ്തുമതമാകട്ടെ, ദൈവം കൃപയാൽ യേശുവിൽക്കൂടി നൽ

www.malankaralibrary.com

കുന്ന ബന്ധം സ്വീകരിക്കുന്നതിലും അതനുസരിച്ചു ജീവിക്കുന്നതിലുംകൂടി ദൈവത്തെ പ്രാപിക്കാമെന്ന സുദൃഢമായി പ്രത്യാശിക്കുന്നു. പരമമായി കൃപയിൽ ആശ്രയിക്കുന്നു. യേശുവിൽക്കൂടി നൽകപ്പെടുന്ന കൃപയിൽ ആശ്രയിക്കുന്നു. ഈ സുവിശേഷം മററുള്ളവരെയും അറിയിക്കാൻ ആഗ്രഹിക്കുന്നു. സ്വാഭാവിക മതത്തിൻെറ അദ്ധ്വാനത്താൽ ദൈവത്തെ പ്രാപിക്കാൻ സാദ്ധ്യമല്ലെന്നും, കൃപയാൽ മാത്രമെ ദൈവത്തെ പ്രാപിക്കാൻ സാധിക്കുകയുള്ളു എന്നും സത്യാന്വേഷി കൃപയാൽ മനസ്സിലാക്കുന്നു.

ദൈവപദ്ധതി മനസ്സിലാക്കിയ മനുഷ്യൻ അടുത്തതായി, തൻെറ പാപാവസ്ഥയും ദൈവത്തിൻെറ പരിശുദ്ധിയും മനസ്സിലാക്കുന്നു. ദൈവത്തോട് ഐക്യപ്പെടുന്നതിന് പാപാവസ്ഥ തടസമാണെന്ന് അറിയുന്നു. ദൈവത്തെപ്പററിയും ദൈവപദ്ധതിയെപ്പററിയും മനസ്സിലാകാത്തവൻ താൻ പാപിയാണെന്നുപോലും മനസ്സിലാക്കുകയില്ലായിരിക്കാം. പാപസ്വഭാവത്തെ മനുഷ്യപ്രകൃതി എന്നു മാത്രം മനസ്സിലാക്കിയേക്കാം. പാപബോധം കിട്ടുന്നതും പരിശുദ്ധാത്മാവു നൽകുന്ന ഒരു അനുഗ്രഹമാണ്. പാപബോധം കിട്ടിക്കഴിയുമ്പോൾ, പാപസ്ഥിതിയിൽ നിന്നു് എങ്ങനെ മോചനം കിട്ടുമെന്നു ചിന്തിക്കാൻ തുടങ്ങും. തത്വശാസ്ത്രങ്ങൾക്കോ, മനശക്തിക്കോ, സ്വന്തമായ തപസ്സിനോ, നിയമാവബോധത്തിനോ, പാപത്തിൻെറ അടിമത്തത്തിൽ നിന്നുനമ്മെ മോചിക്കുവാൻ കഴിവില്ല. കാരണം, പാപം എന്നതു് ഒരു തത്വം (നിയമം) (ഉറവിടം) പോലെ മനുഷ്യൻെറ ഉള്ളിൽ തന്നെയുള്ള ഒരു ശക്തിയാണെന്നു് ബോദ്ധ്യമുണ്ടാകും (റോമ 7:15–23). ബാഹ്യനിയമങ്ങളും തത്വശാസ്ത്രങ്ങളും തപസ്സും നല്ലതുതന്നെ. ആന്തരികമായ പാപതത്വത്തെ ഇല്ലാതാക്കാൻ അവയ്ക്കു കഴിവില്ല എന്നുമാത്രം. യേശുക്രിസ്തു നമ്മിൽ ഏററം പ്രധാനമായ തത്വം (ഉറവിടം) എന്നവിധം വന്നുചേരുകയും തൻെറ കുരിശുമരണത്തിൻെറ യോഗ്യതയും ശക്തിയും നമ്മുടെ ഉള്ളിൽ പൂർണ്ണമായി നിക്ഷേപിക്കുകയും ചെയ്യുമ്പോൾ മാത്രമെ പാപശക്തിയിൽ നിന്നു മോചനം ലഭിക്കുകയുള്ളു എന്നു് ക്രമേണ ബോദ്ധ്യമാകും. ഇതു് മനസ്സിലാക്കുന്നതും ഒരു കൃപയുടെ പ്രവർത്തനമാണ്. യേശു എന്നിലെ പ്രധാന തത്വമാകാതെ (നാഥനാകാതെ) ഞാൻ തന്നെ എന്നിലെ നാഥനായി ജീവിക്കുമ്പോൾ വീണ്ടും പാപതത്വം ശക്തിപ്പെടും. ഈ ഘട്ടത്തിൽ യേശുവിനെ രക്ഷകനും വിമോചകനുമായി അനുഭവിച്ചറിയാൻ തുടങ്ങുന്നു.

www.malankaralibrary.com

യേശുവിനെ കൂടുതൽ കൂടുതലായി ആന്തരികതത്തമാ യി അനുഭവിച്ചറിഞ്ഞ്, യേശുവിൻെറ ആഴമുള്ള ജീവിത ര ഹസ്യങ്ങളിൽപ്പോലും പങ്കെടുത്തു പുരോഗമിക്കുന്നതാണ് കൃ പാജീവിതത്തിലുള്ള വളർച്ച. യേശുവിനെ ബാഹ്യമായി അ റിയുന്ന സ്ഥിതിയല്ല ഇത്, യേശുവിനെ ദൈവപുത്രനായോ സ്രഷ്ടാവായോ മാത്രം അറിയുന്ന സ്ഥിതിയല്ല ഇത്. യേശുമാത്രം തൻെറ വിശുദ്ധിയോടും ശക്തിയോടും കൂടി നമ്മിലൂടെ ജീവിക്കുന്നതാണ് കൃപാജീവിതം. യേശുവിനെ ജീവിതനാഥനായി അനുഭവിച്ചറിയുന്നതാണിത്. കൃപാ ജീവിതത്തിൽ എത്രമാത്രം വളരാനുണ്ടെന്നു നമുക്കു ചിന്തിച്ചെടുക്കാൻ സാദ്ധ്യമല്ല. യേശുവിനോടുള്ള ആന്തരി കൈക്യത്തിൽ വളരെയേറെ വളർന്ന അമ്മത്രേസ്യാപുണ്യവതി ഈ വളർച്ചയുടെ ഓരോ ഘട്ടവും വർണ്ണിച്ചു പറഞ്ഞുതരു ന്നുണ്ട്. നാലാം ഘട്ടം മുതലുള്ള കാര്യം എഴുതിയാൽ ആർക്കും മനസ്സിലാവുകയില്ലെന്നും അനുഭവത്താൽ മാത്രമെ മന സ്സിലാവുകയുള്ളെന്നും പുണ്യവതി പറഞ്ഞു തരുന്നു. ഏഴാം ഘട്ടത്തിലെത്തുമ്പോഠം പറയുകയാണ്, ഇതിലുപരി യായ ഐക്യം ഭൂമിയിൽ ജീവിക്കുമ്പോഠം മനുഷ്യനു പ്രാ പിക്കുവാൻ സാധിക്കുമോ എന്നു തനിക്കറിവില്ലെന്ന്. കൃ പാജീവിതത്തിൽ എത്രമാത്രം വളരാനുണ്ടെന്ന് മഹാവിശു ദ്ധർക്കുപോലും അറിവില്ല. മററു വളർച്ചകളുടെ അന്ത്യം എന്തെന്ന് മനുഷ്യന് വിഭാവനചെയ്യുവാൻ സാധിക്കും. ദൈവം തൻെറ മഹിമ പ്രതാപത്തിൻെറ തികവോടുകൂടി ന മ്മിലൂടെ ജീവിക്കുന്നതിൻെറ ആഴവും തീവ്രതയും നമുക്കു മനസ്സിലാക്കാൻ സാദ്ധ്യമല്ല.

മനുഷ്യൻെറ പദ്ധതി തകർത്തുകൊണ്ട്, ദൈവത്തി ൻെറ പദ്ധതി മനസ്സിലാക്കിത്തന്ന് ദൈവം ഓരോ മനു ഷ്യൻെറയും ജീവിതത്തിലേക്കു കടന്നുവരുന്ന നിമിഷങ്ങളേ യോർത്തു് ദൈവത്തെ സ്തുതിക്കാം. ഒരു ഫ്രാൻസിസ് അസ്സീസ്സിക്ക് യുദ്ധക്കളത്തിൽ വെച്ച് രോഗം അ നുവദിച്ചുകൊണ്ടും ഒരു ഇഗ്നേഷ്യസ് ലയോളായ്ക്ക് കാ ലു മുറിയുവാൻ അനുവദിച്ചുകൊണ്ടും അവരെ കൃപാജീവിത ത്തിൻെറ പടിവാതുക്കൽ എത്തിച്ചു. കൃപാജീവിതത്തിൻെറ ഓരോ ഘട്ടത്തിൽ പുരോഗമിക്കുവാൻ പുതിയ പുതിയ ന ന്മകഠം തന്നുകൊണ്ടും ആവശ്യമായ സമയത്തു് ബാലശിക്ഷ ണം നൽകിക്കൊണ്ടും ദൈവം മനുഷ്യജീവിതത്തിലേക്കു തൻെറ കൃപയോടുകൂടി കടന്നു വരുന്നു. ദൈവത്തിനു സ്തോത്രം.

www.malankaralibrary.com



# പരിശുദ്ധ ത്രിത്വത്തിലെ സ്വർഗ്ഗീയ കൂട്ടായ്മ

"'യേശുക്രിസ്തുവിലൂടെ ഉന്നതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനുവേണ്ടി ഞാൻ ലക്ഷ്യത്തിലേക്ക പ്രയാണം ചെയ്യുന്നു.''
ഫിലി 3:14.

നമ്മുടെ ജീവിതത്തിന്റെ പരമലക്ഷ്യം എന്താണ് ? ഒരു മഹാമഹത്വ സന്തോഷമാണത്. അതിനു സ്വർഗ്ഗം എന്നു പേരുപറയുന്നു. സ്വർഗ്ഗത്തിലെ സന്തോഷത്തിന്റെ ആഴമോ പരപ്പോ എത്ര വലുതെന്നു ചിന്തിച്ചെടുക്കാൻ നമ്മുടെ മനസിനു കഴിവില്ല. എന്നാൽ സ്വർഗ്ഗസന്തോഷം എന്താണെന്നും അത് എങ്ങനെയാണു നേടേണ്ടതെന്നും യേശുനാഥൻ പറഞ്ഞു തന്നിട്ടുണ്ട്. ഭൂമിയിൽ കൃപാജീവിതം (Life of Grace)നയിക്കുന്നതിന്റെ തുടർച്ചയായിട്ടാണ് സ്വർഗ്ഗജീവിതം ആരംഭിക്കുക. അതിനാൽ കൃപാജീവിതം എന്താണെന്നും എങ്ങനെയാണു കൃപാജീവിതം നയിക്കേണ്ടതെന്നും സ്വർഗ്ഗസന്തോഷം എന്താണെന്നും ഗ്രഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളെപ്പററി പരിശുദ്ധാത്മാവ് നമുക്കു ബോദ്ധ്യം (Conviction) നൽകും. ആവശ്യമായ ബോദ്ധ്യം നൽകണമേ എന്നു പരിശുദ്ധാത്മാവിനോടു പ്രാത്ഥിക്കുക ലക്ഷ്യം തെററിയാലും മാർഗം തെററിയാലും ജീവിതം പരാജയപ്പെടും. അതിനാൽ കൃത്യമായ ലക്ഷ്യവും ലക്ഷ്യം പ്രാപിക്കാനുള്ള ഋജുവായ വഴിയും കാണിച്ചുതരണമേ എന്നു പ്രാർത്ഥിക്കുക. മനുഷ്യഭാവന കൊണ്ടോ, മനുഷ്യബുദ്ധിയുടെ സ്വന്തമായ പ്രവർത്തനംകൊണ്ടോ മാത്രം മനസ്സിലാക്കാൻ സാധിക്കാത്ത ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തിത്തരുവാൻ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുക.

കൃപാജീവിതത്തിന്റെ ആരംഭം മുതൽ അവസാനംവരെ പ്രാർത്ഥനയും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോടുള്ള വിധേയത്വവും, പരിശുദ്ധാത്മ നിവേശനമനുസരിച്ചുള്ള പ്രവർത്തനവും ആവശ്യമാണ്. പരിശുദ്ധാത്മാവാണ് ആദ്യകൃപ മുതൽ അന്ത്യകൃപവരെ നമ്മിൽ എത്തിച്ചുതരുന്നതും ഫലപ്പെടുത്തുന്നതും.

www.malankaralibrary.com

''ദൈവമെ അങ്ങ് എനിക്കു നൽകാൻ ആഗ്രഹിക്കുന്ന പരമസന്തോഷവും, ആ ലക്ഷ്യം പ്രാപിക്കുവാൻ എന്നെ പരിപാലിച്ചു നടത്തുന്ന വഴികളും ഏവയെന്ന് എന്നെ ബോദ്ധ്യപ്പെടുത്തേണമെ'' എന്നു നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കാം. ചില നാളുകളിൽ അന്ധകാരത്തിൻെറ നടുവിൽ അകപ്പെട്ടു എന്നു കരുതുമ്പോഴും പോലും ദൈവം നമ്മെ കൃപയിൽ വളർത്തുവാൻ പരിപാലിക്കുകയാവാം. അതിനാലാണ് ദൈവത്തിൻെറ സ്നേഹത്തിലും പരിപാലനയിലും ഉറപ്പുള്ളവർ എപ്പോഴും എല്ലാ കാര്യത്തിനും ദൈവത്തിനു സ്തുതിയും സ്തോത്രവുമർപ്പിക്കുന്നത്.

## ദൈവത്തിൻെറ സ്വർഗ്ഗീയാനന്ദം

ദൈവം മാത്രമാണ് അനാദിമുതലെ സ്വർഗ്ഗജീവിതം നയിച്ചിരുന്നത്. ദൈവം ഏകവ്യക്തിയല്ല. ഏകവ്യക്തി തനിയെ ശക്തിയിലും മഹത്വത്തിലും തന്നെത്തന്നെ നോക്കിയിരിക്കുന്നതല്ല സ്വർഗ്ഗം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം മൂന്ന് വ്യക്തികളാണ്. ഓരോ ആളും ദൈവത്വത്തിലെ എല്ലാ നന്മകളുമായി പൂർണ്ണമായി താദാത്മ്യപ്പെട്ടിരുന്നതിനാൽ ഓരോ ആളും പൂർണ്ണമായി ദൈവമാണ്. ഓരാ ആളിലും സ്നേഹത്തിൻെറ സമ്പൂർണ്ണത നിറഞ്ഞുനിന്നിരുന്നു. മനുഷ്യബുദ്ധിക്കു മനസ്സിലാക്കാൻ സാധിക്കാത്ത സമ്പൂർണ്ണസ്നേഹമാണ് ദൈവത്തിലെ സ്നേഹം. മനുഷ്യൻ സ്നേഹത്തെപ്പറ്റി മനസ്സിലാക്കുന്നതിലും സ്നേഹിക്കുന്നതിലും പരിധികളും പരിമിതികളുമുണ്ട്. ഒരു മനുഷ്യൻ മറെറാരുമനുഷ്യനെ എത്രയധികം സ്നേഹിച്ചാലും ഒരുവൻ മററവൻെറ ഉള്ളിൽ കടന്ന് ഒന്നായിത്തീരുകയില്ലല്ലോ മറെറാരുവനെപ്പററിയുള്ള ചിന്തയോ താൽപ്പര്യമോ ഒരുവൻെറ ഉള്ളിൽ കടന്നാലും മറെറാരുവൻ മുഴുവനായി ഒരുവൻെറ ഉള്ളിലേയ്ക്കു കടന്ന് ഒന്നാവുകയില്ലല്ലോ.(Union of interpenetration). അങ്ങനെ യോജിക്കുന്നതിന് ശരീരം തടസ്സമായി നിൽക്കുന്നു. സ്നേഹത്താൽ മറെറാരാളോട് സംയോജിച്ച് ഒന്നായിത്തീരണമെന്ന് ആഗ്രഹിച്ചാലും ശരീരം ഉള്ളിടത്തോളം കാലം അതു സാധിക്കുകയില്ല. എന്നാൽ ഒന്നായിത്തീരാനുള്ള ആഗ്രഹം പലരീതിയിൽ പ്രകടിപ്പിക്കുന്നു ചുംബനംവഴിയും, ആലിംഗനംവഴിയും, സമ്മാനം നൽകുന്നതുവഴിയും, പുഞ്ചിരിവഴിയും, സേവനംവഴിയും, ആശയൈക്യംവഴിയും, സഹവാസം വഴിയും എല്ലാം സമ്പൂർണ്ണമായി ഒന്നായിത്തീരാനുള്ള ആഗ്രഹം വ്യക്തമാക്കുന്നു. എന്നാലും ഒരു വ്യക്തി മറെറാരു വ്യക്തിയിൽ കൂടിക്കലരുന്നില്ല. അരൂപികം

www.malankaralibrary.com

ക്കു മാത്രമെ അതു സാധിക്കുകയുള്ളൂ. ദൈവം സമ്പൂർണ്ണമായി അരൂപിയാണ്. അതിനാൽ പരി. ത്രിത്വത്തിലെ ഓരോ വ്യക്തിക്കും സ്നേഹത്താൽ തന്നെ മുഴുവനായി മററൊരു വ്യക്തിക്കു നൽകുവാനും മററൊരാളെ മുഴുവനായി ഉള്ളിൽ സ്വീകരിക്കാനും ഒരാളക്ക് മററൊരാളിൽ മുഴുവനായി ഒന്നായിരിക്കാനും സാധിക്കുന്നു. അങ്ങനെ സ്നേഹത്താൽ മുഴുവനായി ഒന്നായിരിക്കുന്ന മൂന്ന് ആളുകളാണ് പരി.ത്രിത്വമായ ദൈവം.ഒരാൾ മററൊരാൾക്ക് തന്നെത്തന്നെ മുഴുവനായി നൽകുന്നില്ലെങ്കിൽ സമ്പൂർണ്ണ സ്നേഹമാകയില്ല. മററൊരാളെ സമ്പൂർണ്ണമായി സ്വകരക്കുന്നില്ലെങ്കിൽ സ്നേഹം പൂർണ്ണമാകയില്ല. മാനസികമായി മാത്രം നല്ലലും സ്വീകരണവും നടത്തിയാലും സ്നേഹം പൂർണ്ണമാകയില്ല. സമ്പൂർണ്ണമായ നൽകലാലും സ്വീകരണത്താലും ഒരു വ്യക്തി മററൊരാളിൽ മുഴുവനായി ഉൾച്ചേർന്ന് ഐക്യപ്പെട്ട് ഒന്നായിത്തീരുന്നില്ലെങ്കിൽ സ്നേഹം പൂർണ്ണമാകയില്ല. പരിശുദ്ധത്രിത്വത്തിലെ സമ്പൂർണ്ണസ്നേഹത്തിൻെറ നിറവാണ് സ്വർഗ്ഗസന്തോഷം.

പരിശുദ്ധ ത്രിത്വത്തിലെ സ്നേഹരഹസ്യവും ഏകത്വവും വിശ്വസിച്ചു കൊണ്ടും അവിടേയ്ക്കു ലക്ഷ്യം വെച്ചു കൊണ്ടുമാണ് ക്രിസ്തീയ ജീവിതം ആരംഭിക്കുക. ത്രിത്വൈക ദൈവം സ്നേഹ സമ്പൂർണ്ണതയാണ്, സ്നേഹസന്തോഷമാണ്. ത്രിത്വൈക ദൈവംഅനാദിമുതലെ ആ സ്വർഗ്ഗ സന്തോഷ ജീവിതം ജീവിക്കുകയാണ്.

## പരി. ത്രിത്വത്തിലെ സമ്പൂർണ്ണ സ്വയംദാനവും സമ്പൂർണ്ണ സ്വീകരണവും

ദൈവ പിതാവ് പുത്രനൻെറയും പരിശുദ്ധാത്മാവിൻെറയും തത്വം (ഉറവിടം)(principle) എന്ന നിലയിൽ പുത്രനിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും വ്യതിരിക്തനായ വ്യക്തിതിയാണെങ്കിലും, ഉറവിടം എന്ന നിലയിൽ തൻെറ സകല നന്മകളോടും മഹത്വത്തോടും കൂടി പുത്രനിലും പരിശുദ്ധാത്മാവിലും മുഴുവനായി ചേർന്ന് ഒന്നായി വസിക്കുകയും തന്നെ മുഴുവൻ പുത്രനും പരിശുദ്ധാത്മാവിനും സ്നേഹത്താൽ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.പുത്രൻ പിതാവിൻെറ പ്രകാശനവും (manifestation) പരിശുദ്ധാത്മാവിൻെറ തത്വവും (ഉറവിടം) എന്ന നിലയിൽ പിതാവിൽ നിന്നും പരിശുദ്ധാത്മാവിൽ നിന്നും വ്യതിരിക്തനായ വ്യക്തിയാണെങ്കിലും, പ്രകാശനം എന്ന നിലയിൽ പിതാവിലും ഉറവിടം എന്ന നിലയിൽ പരിശുദ്ധാത്മാവിലും ഉൾച്ചേർന്ന് ഒന്നായി വസിക്കു

www.malankaralibrary.com

കയും, സമർപ്പണം എന്നനിലയിൽ തന്നെ മുഴുവൻ പിതാവിനും, സ്വയംദാനം എന്ന നിലയിൽ തന്നെ മുഴുവൻ പരിശുദ്ധാത്മാവിനും സ്നേഹത്താൽ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് പിതാവിന്റെയും പുത്രന്റെയും പ്രകാശനം എന്ന നിലയിൽ പിതാവിൽ നിന്നും പുത്രനിൽ നിന്നും വ്യതിരിക്തനായ വ്യക്തിയാണെങ്കിലും പ്രകാശനമായി പിതാവിനോടും പുത്രനോടും ഉറച്ചേർന്ന് ഒന്നായി വസിക്കുകയും സമ്പൂർണ്ണ സ്നേഹത്താൽ പിതാവിന്റെയും പുത്രന്റെയും സ്വയംദാനം സ്വീകരിക്കുകയും തന്നെത്തന്നെ പിതാവിനും പുത്രനും സമർപ്പിക്കുകയും ചെയ്യുന്നു. ഓരോ വ്യക്തിയും ദൈവത്വത്തോട് താദാത്മ്യപ്പെട്ടിരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലെ ഈ സംയോജിത സ്നേഹത്തിന്റെ സന്തോഷമാണ് സ്വർഗ്ഗസന്തോഷം. ത്രിത്വത്തിലെ ഒരോ വ്യക്തിയിലുമുള്ള സർവ്വജ്ഞാനത്തിന്റെയും ശക്തിയുടെയും സൗന്ദര്യത്തിന്റെയും മഹത്വ പ്രതാപങ്ങളെക്കാറം ഉന്നതമായ സന്തോഷമാണ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അനന്തസ്നേഹത്താലുള്ള പരസ്പര സംയോജിപ്പിന്റെ — വ്യക്തി മറ്റൊരു വ്യക്തിയിൽ ഒന്നായിരിക്കുന്നതിന്റെ — അഗാധമായ ആന്തരികാനന്ദം. ത്രിത്വത്തിലെ ആന്തരിക ജീവിതത്തിന്റെ ആഴമേറിയ സന്തോഷമാണ് സ്വർഗ്ഗസന്തോഷം.

## സൃഷ്ടവ്യക്തികളെ ത്രിത്വജീവിതത്തിലേക്കു ക്ഷണിക്കുന്നു.

"പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ, ഇവരും നമ്മിൽ ഒന്നാകണമേ" എന്ന് യേശുനാഥൻ പ്രാർത്ഥിച്ചു. ദൈവത്തിന്റെ ആന്തരിക സ്നേഹ ജീവിതൈക്യത്തിന്റെ സന്തോഷത്തിലേക്കു ചേർക്കുവാൻ മനുഷ്യരെ ദൈവം ക്ഷണിക്കുന്നു എന്ന് ഈ പ്രാർത്ഥനയിൽ നിന്നു മനസ്സിലാക്കാം.

പരിശുദ്ധത്രിത്വമായ ഏകദൈവത്തിലെ സ്നേഹൈക്യമെന്ന നിത്യസ്വർഗ്ഗം ത്രിത്വത്തിലെ മൂന്നാളുകളും അനാദിമുതലെ ആസ്വദിച്ചിരുന്നു. മററു വ്യക്തികളെക്കൂടി സൃഷ്ടിച്ച് ഈ നിത്യസ്വർഗ്ഗത്തിൽ ഉറച്ചേർക്കാൻ ദൈവം ആഗ്രഹിച്ചു. സൃഷ്ടവ്യക്തികളെയുംദൈവത്തിന്റെ ആന്തരികജീവിതത്തിൽ ഉറച്ചേർക്കാനും ദൈവം തന്നെത്തന്നെ നൽകി അവരിൽ വസിക്കാനും ആഗ്രഹിച്ചു. മാലാഖാമാരെ—അരൂപികളായ വ്യക്തികളെ—ഈ ലക്ഷ്യത്തോടെ ദൈവം സൃഷ്ടിച്ചു. ദൈവപിതാവിന്റെ പ്രകാശനമായ പുത്രനിലാണ് സൃഷ്ടികളെയെല്ലാം സൃഷ്ടിച്ചതു്. എല്ലാ

www.malankaralibrary.com

സൃഷ്ടികളുടെയും സ്രഷ്ടാവെന്ന പരമതത്ത്വം (Principle) പിതാവായ ദൈവമാണ്. എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവെന്ന അടിത്തറ ദൈവപുത്രനാണ്. സൃഷ്ടികളിലേക്ക് നന്മകൾ നൽകി പിതാവിനോടും പുത്രനോടും സംയോജിപ്പിച്ച് വളർത്തി പൂർത്തീകരിക്കുന്ന സ്രഷ്ടാവ് പരിശുദ്ധാത്മാവാണ്. പരമതത്ത്വം എന്ന നിലയിൽ എല്ലാ സൃഷ്ടികളിലും ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ട്. ദൈവം ഏതെങ്കിലും സൃഷ്ടിയോട് ഒന്നായിത്തീർന്നാൽ ആ സൃഷ്ടി മരിക്കുകയില്ല. മരണമില്ലായ്മയുടെ—നിത്യജീവന്റെ—പരമതത്ത്വം സ്വായത്തമാക്കിയവന് എങ്ങനെ മരിക്കാൻ സാധിക്കും? ദൈവത്തിന്റെ സമ്പൂർണ്ണസ്വയംദാനത്താൽ ദൈവം ഓരോ മാലാഖായ്ക്കും നിത്യജീവനും നിത്യമഹത്വവും നൽകാൻ ആഗ്രഹിച്ചു. എന്നാൽ ഓരോ മാലാഖായും ദൈവത്തിന്റെ സ്വയംദാനം സ്വീകരിക്കുകയും തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു. ദൈവം അവരിൽക്കൂടി ജീവിക്കുവാൻ സമ്മതിക്കേണ്ടിയിരുന്നു.

മാലാഖാമാർക്ക് ഓരോരുത്തർക്കും അവരവരുടേതായ വ്യക്തിത്വമുണ്ട്. അവരവരുടേതായ വ്യക്തിത്വത്തിന്റെ സ്വന്തമായ സൃഷ്ടിക്കപ്പെട്ട തത്ത്വവുമുണ്ട്. എന്നാൽ എല്ലാ മാലാഖാമാരുടെയും അടിത്തറയായ സ്രഷ്ടാവ് ദൈവപുത്രനാണ്. അവക്ക് ദൈവം സൃഷ്ടിച്ചു നൽകിയ സൃഷ്ടിക്കപ്പെട്ട വ്യക്തിത്വങ്ങളിലും നന്മകളിലും അവർ സന്തോഷിച്ചു. അതിലുപരിയായ ഒരു സന്തോഷത്തിലേക്ക് ദൈവം അവരെ ക്ഷണിച്ചു. അവരുടെ അടിത്തറയായ ദൈവപുത്രനോട് പരിശുദ്ധാത്മാവുവഴി താദാത്മ്യപ്പെട്ട് പുത്രനിലൂടെ ത്രിത്വത്തിലെ ആന്തരിക സ്നേഹജീവിതസന്തോഷത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം അവരെ ക്ഷണിച്ചു. പുത്രനോട് ഒന്നായിത്തീരുമ്പോൾ അവർ, പുത്രൻ പിതാവിന്റെസമ്പൂർണ്ണസ്വയംദാനംസ്വീകരിക്കുന്നതിലും പുത്രൻ പിതാവിന് സമ്പൂർണ്ണസ്വയം സമർപ്പണം നടത്തുന്നതിലും പുത്രനിലായിരിക്കുന്ന എല്ലാവരോടും ഒന്നായിത്തീരുന്നതിലും പുത്രന്റെ പ്രവർത്തനങ്ങളിലും പങ്കുചേരേണ്ടിയിരുന്നു. ഇത് അത്യുന്നതമായ ഒരു ജീവിതമാണ്. ഓരോ ദൈവവ്യക്തിയും ഓരോ മാലാഖായിലും ഉൾച്ചേരുന്നതും ദൈവത്തിന്റെ ആന്തരികജീവിതത്തിന്റെ ഐക്യത്തിലെത്തുവാൻ അവകാശം കിട്ടുന്നതും മാലാഖായ്ക്കു കിട്ടാവുന്ന വലിയ ഭാഗ്യംതന്നെ. എന്നാൽ, ഓരോ മാലാഖായും സ്വതന്ത്രമായി ഈ ജീവിതം സ്വീകരിക്കേണ്ടിയിരുന്നു. ദൈവത്തിന്റെ ആന്തരിക

www.malankaralibrary.com

ജീവിതത്തിലും സന്തോഷത്തിലും ഉറച്ചേരാൻ അനുവാദം കിട്ടുന്നതു് ഒരു കൃപയാണ്. ആർക്കും ഈ പദവി അവകാശമായി ചോദിക്കുവാൻ സാദ്ധ്യമല്ല. ദൈവം ഔദാര്യപൂർവം ഈ ഭാഗ്യം ആർക്കെങ്കിലും നൽകുമ്പോൾ നന്ദിപൂർവം ഈ ജീവിതം സ്വീകരിക്കുകയും അതനുസരിച്ചു വ്യാപരിക്കുകയും ചെയ്യണം. ഈ ഭാഗ്യം സ്വീകരിക്കാനോ നിരാകരിക്കാനോ ഉള്ള സ്വാതന്ത്ര്യം ഓരോ മാലാഖായ്ക്കും നൽകിയിരുന്നു.

ഈ കൃപ സ്വീകരിച്ചാൽ അതനുസരിച്ച് വ്യാപരിക്കയും ചെയ്യണം. മാലാഖമാരുടെ സ്രഷ്ടാവായ അടിത്തറയായ ദൈവപുത്രനോട്ട് അവരുടെ വ്യക്തിത്വങ്ങൾ ആഴത്തിൽ പരിശുദ്ധാത്മാവു വഴി കൂടിക്കലർന്ന് ഒന്നാവുകയും ദൈവപുത്രനോടുകൂടി പിതാവിനോട് ഒന്നാകുവാൻ സമർപ്പിക്കുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്വയം ദാനമായ ആവാസജീവിതം തങ്ങളിൽ നിറയാൻ ഓരോ മാലാഖാമാരും അവരവരെ തുറന്നു കൊടുക്കുകയും ചെയ്യേണ്ടിയിരുന്നു. ദൈവത്തിന്റെ മനോഭാവങ്ങളോടും ശക്തികളോടും പ്രവർത്തനങ്ങളോടും മഹത്വത്തോടും കൂടി ദൈവം തങ്ങളിൽ വസിക്കുവാനായി അവർ സ്വയം ഭേദിച്ച് തുറന്ന് ദൈവസമക്ഷം സമർപ്പിക്കേണ്ടിയിരുന്നു. സ്വയം തുറന്നു സമർപ്പിക്കുന്നവരിലൂടെ മാത്രമെ ദൈവം ജീവിച്ചു പ്രകാശിക്കുവാൻ കടന്നു വരുകയുള്ളു. സമർപ്പിക്കാത്തവർക്കും അസ്തിത്വം നൽകിക്കൊണ്ടിരിക്കുന്നതു ദൈവം തന്നെയാണ്. അവർക്കു നൽകാവുന്നത്രയും സൃഷ്ട നന്മകൾ ദൈവം നൽകുന്നുണ്ട്. എന്നാൽ ദൈവത്തിൽ ഒന്നാകുന്നതിന്റെ ആനന്ദം അവർക്ക് ലഭിക്കുന്നില്ല.

## വ്യക്തികളുടെ അടിസ്ഥാന തീരുമാനം

അടിസ്ഥാന തെരഞ്ഞെടുപ്പിനുള്ള അവസരം ഓരോ മാലാഖായ്ക്കും നൽകപ്പെട്ടു. ചില മാലാഖാമാർ ദൈവൈക്യത്തിൽ ജീവിക്കുവാനുള്ള ക്ഷണം (കൃപ) സ്വീകരിച്ച് ദൈവത്തോടൊന്നായിത്തീർന്നു. അവർ ത്രിത്വത്തിലെ സംയോജിത സ്നേഹത്തിന്റെ ആന്തരിക ജീവിതത്തിൽ മുങ്ങി, നിത്യസ്വർഗ്ഗം ആസ്വദിച്ചു. മററുചില മാലാഖാമാർ ദൈവത്തിനു പ്രകാശിക്കുവാനായി തങ്ങളെത്തന്നെ തുറന്നു നൽകിയില്ല. അവർ അവരുടെ സ്വന്തവ്യക്തിത്വത്തിന്റെ പ്രകാശനം മാത്രം സ്വയം നേടുവാൻ തീരുമാനിച്ചു. ദൈവത്തോടുള്ള ആന്തരികൈക്യത്തിന്റെ ആനന്ദം അവരുടെ അന്തരംഗത്ത് അവർ

www.malankaralibrary.com

ആസ്വദിച്ചില്ല. അവർ ദൈവത്തിന്റെ കൃപയെ ഉപേക്ഷിച്ചു. അവർ നരകവേദന അനുഭവിച്ചു.

## മനുഷ്യനെ ത്രിത്വജീവിതത്തിലേക്കു ക്ഷണിക്കുന്നു

ദൈവം മനുഷ്യരെ വ്യക്തികളായി സൃഷ്ടിച്ചു. മനുഷ്യരുടെ സ്രഷ്ടാവായ പരമതത്ത്വം പിതാവായ ദൈവമാണ്. മനുഷ്യരുടെ സ്രഷ്ടാവായ അടിത്തറ ദൈവവചനമാണ്, ദൈവപുത്രനാണ്. മനുഷ്യരുടെ പൂർത്തീകരണ പ്രവർത്തകനായ സ്രഷ്ടാവ് പരിശുദ്ധാത്മാവാണ്. സ്രഷ്ടാവെന്ന നിലയിൽ ദൈവം എല്ലാ മനുഷ്യരിലും എല്ലാ സൃഷ്ടികളിലുമുണ്ട്. ദൈവത്തിലാണ് മനുഷ്യർ സ്ഥിതി ചെയ്യുന്നത്. സ്രഷ്ടനന്മകളും മാനുഷിക സ്നേഹവും മാനുഷികജീവനും അതിന്റെ വികാസങ്ങളും ആസ്വദിക്കുവാൻ മനുഷ്യർക്കു സാധിച്ചു. എന്നാൽ അതിലുപരി ത്രിത്വത്തിലെ ആന്തരികജീവിതത്തിൽ ഉൾച്ചേർക്കാനും ദൈവത്തിന്റെ സ്വന്തമായ ആനന്ദത്തിലും ദൈവപുത്ര പദവിയുടെ മഹത്വത്തിലും ജീവിക്കുവാനുമായി മനുഷ്യരെ ദൈവം ക്ഷണിച്ചു. ദൈവത്തിന്റെ കൃപാപൂർണ്ണമായ സ്നേഹത്താൽ നൽകിയ ക്ഷണമായിരുന്നു അത്. മനുഷ്യരുടെ യോഗ്യതയാലോ അർഹതയാലോ ലഭിച്ചതല്ല ഈ പദവി. മനുഷ്യരോട് ഒന്നായിത്തീരുവാൻ ദൈവം തന്നെത്തന്നെ തുറന്നു കൊടുത്തത് ദൈവത്തിന്റെ ഔദാര്യസ്നേഹത്തിന്റെ പ്രവൃത്തിയാണ്. ദൈവം അതു ചെയ്യാതിരുന്നെങ്കിൽപ്പോലും ദൈവത്തെ കുററപ്പെടുത്തുവാൻ സാദ്ധ്യമല്ല. ദൈവം സൃഷ്ടിച്ച എത്രയേറെ സൃഷ്ടികളെ ദൈവത്തിന്റെ ആന്തരിക ജീവിതത്തിൽ ചേർക്കാതിരിക്കുന്നു. പട്ടിയും പൂച്ചയും ഒന്നും ദൈവത്തിന്റെ ആന്തരിക ജീവിതത്തിൽ പ്രവേശിക്കുകയില്ലല്ലോ. ദൈവത്തിനു സൃഷ്ടിക്കാമായിരുന്ന എത്രയോ സൃഷ്ടികളെ സൃഷ്ടിച്ചിട്ടില്ല. ദൈവം സമ്പൂർണ്ണ സ്നേഹത്താൽ തന്നെത്തന്നെ മനുഷ്യനു ദാനം നൽകണമെന്ന് ദൈവത്തോടു പ്രാർത്ഥിക്കാൻപോലും മനുഷ്യന് അവകാശമില്ല. തെരുവിൽ അലയുന്ന ഒരു ഭിക്ഷക്കാരൻ തനിക്കു രാജകൊട്ടാരത്തിൽ അവകാശം കിട്ടണമെന്നു ശഠിക്കുന്നതിനേക്കാൾ വലിയ അവകാശവാദമാണ് അത്യുന്നതനും പരമപരിശുദ്ധനുമായ ദൈവത്തിന്റെ സമ്പൂർണ്ണ സ്വയംദാനം തനിക്കു ലഭിക്കണമെന്നും ത്രിത്വത്തിലെ ആന്തരിക ജീവിതത്തിൽ ഉൾച്ചേരാൻ അവകാശം ലഭിക്കണമെന്നും മനുഷ്യൻ അവകാശപ്പെടുന്നത്. മനുഷ്യന്

www.malankaralibrary.com

അർഹതയില്ലാത്തതും പ്രത്യാശിക്കാൻ പോലും അവകാശമില്ലാത്തതുമായ ഈ പദവിയിലേക്കാണ് ദൈവം മനുഷ്യനെ കൃപയാൽ ക്ഷണിച്ചത്. ഉണ്മയിലുള്ള സകലത്തിൻെറയും ഉടയവനോട് ഒന്നായിത്തീരുക എന്നതിനേക്കാൾ ഉന്നതമായി മനുഷ്യന് മററെന്തു നേടുവാനാണ് ? ദൈവത്തിൽ ഒന്നായിത്തീരുന്നതോടുകൂടി മനുഷ്യന് എല്ലാം ലഭിക്കുകയായി.

## മനുഷ്യൻ അടിസ്ഥാന തെരഞ്ഞെടുപ്പിൽ ദൈവികജീവിതം ഉപേക്ഷിച്ചു.

മനുഷ്യൻ പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി ഈ കൃപ സ്വീകരിക്കണമായിരുന്നു. മനുഷ്യൻ വ്യക്തിയായതിനാൽ, തൻെറ വ്യക്തിത്വം ആർക്കെല്ലാമായി തുറക്കണമെന്നും, താൻ ആരുടെയെല്ലാം സ്വയംദാനം സ്വീകരിച്ച് ആരോടെല്ലാം ഒന്നായിത്തീരണമെന്നും പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി തീരുമാനിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ ദൈവത്തോട് ഐക്യപ്പെടുവാനായി തന്നെത്തന്നെ തുറന്നുകൊടുക്കണമോ വേണ്ടയോ എന്നുള്ള അടിസ്ഥാന തെരഞ്ഞെടുപ്പു നടത്തുവാനുള്ള അവസരം ആഗതമായി. ത്രിത്വ ജീവിതത്തിലെ സ്നേഹൈക്യത്തിലേക്കു പ്രവേശിക്കുവാൻ ആവശ്യമായതെല്ലാം ചെയ്യേണ്ട സമയമായപ്പോൾ ആദ്യ മനുഷ്യൻ സാത്താൻെറ പ്രേരണയാൽ, ത്രിത്വത്തിലെ ദൈവൈക്യ ജീവിതത്തിൽ പ്രവേശിക്കേണ്ട എന്നു തീരുമാനിച്ചു. വലിയ കൃപയെ ഉപേക്ഷിച്ചു. ദൈവത്തെക്കൂടാതെ തന്നെത്താൻ വലിയവനാകാൻ തീരുമാനിച്ചു. ആ സമയത്തും ദൈവം തന്നെയാണു മനുഷ്യന് അസ്തിത്വവും സൃഷ്ട നന്മകളും നൽകിക്കൊണ്ടിരുന്നത്.

മനുഷ്യൻ പരിശുദ്ധത്രിത്വത്തിൽ ഉൾച്ചേർന്നുള്ള ഐക്യജീവിതം ഉപേക്ഷിച്ചു എന്നതാണ് പാപത്തിൻെറ അടിസ്ഥാനം. ദൈവത്തിൽ ഐക്യപ്പെട്ടുള്ള ജീവിതം ഉപേക്ഷിച്ച് സ്വാതന്ത്ര്യം നേടി സ്വയം ഉന്നതനാകാമെന്നു ചിന്തിച്ചു. ശ്രമിച്ചു. ദൈവത്തോടുള്ള ഐക്യവും ദൈവത്തിലുള്ള ജീവിതവും ഉപേക്ഷിച്ചപ്പോൾ മനുഷ്യൻ തനിക്കു ലഭിച്ച പദവിയും ഭാഗ്യവും നഷ്ടപ്പെടുത്തി. ശിക്ഷാ വിധിയുടെ വേദനയിൽ കഴിയാൻ തുടങ്ങി. മനുഷ്യന് തന്നെത്താൻ ദൈവൈക്യത്തിലേക്കു പ്രവേശിക്കാൻസാദ്ധ്യമല്ല. ആന്തരികമായി ദൈവത്തിൽ ഐക്യപ്പെട്ട് ജീവിക്കുന്നതാണ് തന്നെത്താൻ ലോകം മുഴുവൻ സ്വായത്തമാക്കി ജീവിക്കുന്നതിനെക്കാൾ ആനന്ദകരമെന്ന് മനുഷ്യനു പിന്നെ ബോദ്ധ്യമായി. ''ആദം—ആദം'' എന്നു

www.malankaralibrary.com

വിളിച്ചുകൊണ്ട് ദൈവം മനുഷ്യനെ പുറകെ പിന്നെയും ചെല്ലുകയാണ്. മനുഷ്യൻ നഷ്ടപ്പെടുത്തിയ ഭാഗ്യം വീണ്ടും നൽകാനായി ദൈവം മനുഷ്യനെ പിമ്പെ ചെല്ലുകയായി. ദൈവത്തിൽ ഐക്യപ്പെട്ടുള്ള ജീവിതത്തിലേക്ക് ദൈവം മനുഷ്യനെ പിന്നെയും ക്ഷണിക്കുകയാണ്. മനുഷ്യന് ത്രിത്വജീവിതത്തിലെ കൂട്ടായ്മയുടെ ആനന്ദവും മഹത്വവും നൽകുന്നതിനുള്ള ക്ഷണം നടത്തുവാനും, അതിനാവശ്യമായ ശുദ്ധീകരണം നടത്തുവാനും, അതിനായി മനുഷ്യനെ സ്വീരിക്കുവാനുമാണ് ദൈവപുത്രൻ മനുഷ്യനായി കടന്നുവന്നത്. യേശുക്രിസ്തുവിലൂടെയാണ് ഈ വലിയ കാര്യങ്ങൾ മനുഷ്യനു ലഭിക്കുക.

## ദൈവിക ജീവിതം നയിക്കുന്നവരുടെ പുതിയ തലമുറ പരി. മറിയത്തിൽ ആരംഭിക്കുന്നു

പരിശുദ്ധാത്മാവ് മറിയം എന്ന ഒരു സ്ത്രീയെ ഒരു വലിയ അളവിൽ തന്നോടും തന്നിലൂടെ ദൈവത്തിന്റെ ആന്തരിക ജീവിതത്തിലേക്കും സംയോജിപ്പിച്ചുകൊണ്ടാണ്, അധ:പതിച്ച മനുഷ്യവർഗത്തിൽ നിന്ന് ഒരാളെ ആദ്യപദവിയിലേക്ക് ഉയർത്തുവാൻ ആരംഭിക്കുന്നത്. ത്രിത്വജീവിതത്തിൽ നമ്മൾ ഉൾച്ചേർന്ന് ഒന്നാകാൻ തുടങ്ങുമ്പോൾ നമ്മിൽ കടന്നുവന്ന് ആദ്യം പ്രവർത്തിക്കുന്നതും സംയോജിക്കുന്നതും പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിനോട് നമ്മൾ പൂർണ്ണമായി ഐക്യപ്പെടാൻ സമ്മതിച്ചാൽ പുത്രനായ ദൈവത്തോടുള്ള ഐക്യം ആരംഭിക്കുകയായി. പുത്രന്റെ ജീവിതത്തിലും പ്രവർത്തനങ്ങളിലും മനോഭാവങ്ങളിലും എല്ലാം സമ്പൂർണ്ണമായി ഐക്യപ്പെടുമ്പോൾ ദൈവപുത്രൻ തന്നെത്തന്നെ പിതാവിനു സമർപ്പിക്കുന്ന സമ്പൂർണ്ണ സമർപ്പണത്തിൽ നമ്മൾ ചേരുകയും പിതാവു പുത്രനു നൽകുന്ന സമ്പൂർണ്ണ സ്വയം ദാനം ദൈവപുത്രനിലൂടെ നമ്മൾ സ്വീകരിക്കുകയും ചെയ്യും. അങ്ങനെ ദൈവം എല്ലാവർക്കും എല്ലാം ആയിത്തീരുമ്പോൾ ദൈവത്തിന്റെ സ്നേഹ പദ്ധതി സാക്ഷാൽക്കരിക്കും (1: കോരി 15:20-28) . സ്വർഗം പൂർണ്ണമാകും.

പരിശുദ്ധ മറിയം, ദൈവപുത്രനിൽ സൃഷ്ടിക്കപ്പെട്ട ഒരു സൃഷ്ടിയാണ്. ഒരു സൃഷ്ടി എന്ന നിലയിൽ എല്ലാ കാര്യങ്ങൾക്കും പരിശുദ്ധമറിയം ത്രിത്വ ദൈവത്തിൽ ആശ്രയിച്ചാണു സ്ഥിതി ചെയ്യുന്നത്. പരിശുദ്ധാത്മാവാണ് ഓരോ നന്മയും പരിശുദ്ധ മറിയത്തിൽ നിവേശിപ്പിക്കുന്നത്. പരിശുദ്ധമറിയത്തിൽ പരിശുദ്ധാത്മാ

www.malankaralibrary.com

വ് പ്രത്യേകമായവിധം സംയോജിച്ചിരുന്നു. ഒരു പ്രത്യക കൃപയാൽ മറിയത്തിൻെറ ജനനത്തിൻെറ ആദ്യ നിമിഷം മുതൽ പരിശുദ്ധാത്മാവ് മറിയത്തോട് ആഴമുള്ള ഐക്യം പാലിച്ചു. ആ ഐക്യത്തിന് ചേർന്ന വിധം പരിശുദ്ധാത്മാവിനെ അനുസരിച്ച് മറിയം ജീവിച്ചു വന്നു. പരിശുദ്ധ മറിയത്തിലുള്ള എല്ലാ നന്മകളും പിതാവിൻെറ പ്രകാശനമായ പുത്രൻ തമ്പുരാൻ പരിശുദ്ധാത്മാവിലൂടെ അവൾക്കു നൽകിയവ മാത്രമാണ്. പരിശുദ്ധാത്മാവിലൂടെ അവളുടെ വ്യക്തിത്വത്തിലേക്ക് ദൈവപുത്രൻ പൂർണ്ണമായി കടന്നു വന്ന് തന്നെത്തന്നെ നൽകി. പരിശുദ്ധാത്മാവിലൂടെ കടന്നുവന്ന് അവളിൽ നിന്ന് മനുഷ്യത്വം സ്വീകരിച്ച് ദൈവപുത്രൻ അവളിലൂടെ ഒരു മനുഷ്യനാകാൻ നിശ്ചയിച്ചു. ആ മനുഷ്യത്വത്തിലൂടെ ദൈവപുത്രൻ മുഴുവനായി പ്രകാശിക്കാനും തന്നെത്തന്നെ ഓരോ മനുഷ്യനും നൽകാനും നിശ്ചയിച്ചു. ആ മനുഷ്യത്വത്തെ ദൈവപുത്രൻസാരാംശപ്രകാരം തന്നോടു സംയോജിപ്പിച്ചു.

പരിശുദ്ധാത്മാവു വഴി പരിശുദ്ധ ത്രിത്വത്തോട് ആഴമുള്ള ഐക്യം നടക്കുവാൻ പരിശുദ്ധ മറിയം സ്വയം തുറന്നു സമർപ്പിച്ചു. ദൈവം പരിശുദ്ധ മറിയത്തെ സ്വതന്ത്രമായി സ്നേഹിച്ച് തന്നെത്തന്നെ നൽകുകയും പരിശുദ്ധ മറിയം ഈ കൃപ സ്വീകരിച്ച് വിനീതയായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ച് ദൈവത്തെ സ്വീകരിക്കുകയും ചെയ്തതിലുള്ള സ്നേഹത്തിലൂടെയാണ്, അധഃപതിച്ച മനുഷ്യവർഗത്തിന് ദൈവത്തിലേക്കു പ്രവേശിക്കുവാനുള്ള വഴി തയ്യാറായത്. പരിശുദ്ധ മറിയത്തെ അതിനായി തെരഞ്ഞെടുത്തത് ദൈവത്തിൻെറ കൃപമാത്രമാണ്. ദൈവ കൃപയോടു സഹകരിച്ച് പ്രവർത്തിച്ചതിലുള്ള യോഗ്യത പരിശുദ്ധ മറിയത്തിനുണ്ട്. സകല തലമുറകളും മാതാവിനെ ഭാഗ്യവതി എന്നു സ്തുതിക്കട്ടെ.

## ദൈവപുത്രൻെറ മനുഷ്യാവതാരം വഴി സ്വർഗ്ഗം തുറക്കപ്പെട്ടു.

ദൈവപുത്രൻ പരിശുദ്ധ മറിയത്തിൽ നിന്നു് ഒരു മനുഷ്യനായി ജനിച്ചു. ഈ വാക്യം ഒരു സംഭവത്തിൻെറ വർണ്ണനയായി മാത്രം ചിന്തിച്ചാൽ പോരാ. ആ മനുഷ്യാവതാരത്തിൽ അന്തർലീനമായ അഗാധമായ സ്നേഹവും എളിമയും ത്യാഗവും എല്ലാം ആവർത്തിച്ചാവർത്തിച്ച് ധ്യാനിക്കവാനുണ്ട്. ദൈവപുത്രൻ മനുഷ്യനായതു വഴി ആ മനുഷ്യത്വത്തിലൂടെ തന്നെത്തന്നെ എല്ലാവർക്കും നൽകുകയായിരുന്നു. ഓരോ മനുഷ്യനെയും യേശു തൻെറ മനുഷ്യത്വത്തിൽ

www.malankaralibrary.com

സംയോജിപ്പിച്ചുകൊണ്ടു എല്ലാവരുടെയും എല്ലാ ദുരിതങ്ങളും ഭാരങ്ങളും പാപങ്ങളും തന്റെ മേൽ വഹിക്കുകയായിരുന്നു. അതുവഴി തന്റെ ദൈവസമാനമഹത്വം ബലി കഴിക്കുകയായിരുന്നു. സ്വയം ശൂന്യവൽക്കരിക്കയായിരുന്നു. ആ മനുഷ്യത്വത്തിൽ സംയോജിക്കുന്ന ഓരോരുത്തർക്കും ദൈവപിതാവ് പുത്രനിലൂടെ തന്നെത്തന്നെ നൽകുകയായിരുന്നു. മനുഷ്യർക്ക് ദൈവത്തോടു സംയോജിക്കുവാനുള്ള അടിസ്ഥാനം ഒരുക്കുകയായിരുന്നു, വഴി ഒരുക്കുകയായിരുന്നു. മനുഷ്യർക്ക് സൃഷ്ട പ്രപഞ്ചത്തിനപ്പുറമായ ജീവിതലക്ഷ്യം കാണിച്ചുകൊടുക്കുകയായിരുന്നു, സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങി വരുകയായിരുന്നു.

യേശു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്. പൂർണ്ണമനുഷ്യനെന്ന നിലയിൽ ത്രിത്വജീവിതത്തിൽ മുഴുവനായി ഉൾച്ചേർന്ന ആദ്യത്തെമനുഷ്യൻ യേശുവാണ്. യേശുവിന്റെ ഉള്ളിൽ സ്വർഗ്ഗരാജ്യം നിറഞ്ഞുനിന്നിരുന്നു എന്നു പറയാം 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു'എന്ന വിളംബരത്തോടുകൂടിയാണ് യേശുവിന്റെ പരസ്യജീവിതം ആരംഭിക്കുക. യേശുവിന്റെ ഉള്ള് ത്രിത്വജീവിതത്തിലെ സ്നേഹൈക്യത്തിൽ മുഴുവനായി ചേർന്നിരുന്നതിനാൽ സ്വർഗ്ഗം ഭൂമിയിൽ പ്രത്യക്ഷപ്പെട്ടതാണ് യേശുക്രിസ്തു. പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ആളുകളും സ്നേഹത്തിന്റെ സമ്പൂർണ്ണ സ്വയം ദാനത്തിലും സ്വയം സമർപ്പണത്തിലും ഒന്നായിരിക്കുന്ന ആ മഹോന്നതമായ ഐക്യം യേശുവിന്റെ ഉള്ളിൽ നിറഞ്ഞു കവിഞ്ഞിരുന്നു. ദൈവപുത്രൻ മനുഷ്യത്വം തന്നോടു സാരാംശപ്രകാരം സംയോജിപ്പിച്ചപ്പോൾ ദൈവമഹത്വത്തിന്റെ അതിപ്രകാശം ആ മനുഷ്യത്വത്തിലൂടെ ആദിമുതലെ മുഴുവനായി പ്രകാശിപ്പിച്ചില്ലെങ്കിലും, പരിശുദ്ധത്രിത്വത്തിലെ ആന്തരിക കൂട്ടായ്മയിൽത്തന്നെ ആ മനുഷ്യത്വത്തിലൂടെ സദാ വ്യാപരിച്ചിരുന്നു. യേശുവിലൂടെ മനുഷ്യത്വം ത്രിത്വത്തിൽ ഉൾപ്രവേശിപ്പിച്ചു. ദൈവപിതാവ് പുത്രനോട് ഒന്നായിത്തന്നെ എപ്പോഴും ഉണ്ടായിരുന്നു. സ്വർഗ്ഗത്തിലെ സ്നേഹത്തിന്റെ സന്തോഷം സദാ ആന്തരികമായി അനുഭവിച്ചുകൊണ്ടുതന്നെയാണ് യേശു ഭൂമിയിലൂടെ നടന്നു നീങ്ങിയത് (യോഹ 3: 13). എന്നാൽ ആദിയിലുണ്ടായിരുന്ന ദൈവപുത്രമഹത്വം മുഴുവൻ തന്റെ മനുഷ്യത്വത്തിലും മുഴുവനായി പ്രകാശിക്കുന്നത് സ്വർഗ്ഗാരോഹണത്തോടുകൂടിയാണ് . യേശു തന്നോടു സംയോജിപ്പിച്ച ഓരോ മനുഷ്യനിലും ഈ സ്വർഗ്ഗമഹത്വം മുഴുവനായി നിറയുന്നത് തന്റെ രണ്ടാമത്തെ വരവോടു കൂടിയാണ്. അപ്പോൾ യേശു തന്നോടു സംയോജിപ്പിച്ചിരിക്കുന്ന ഓരോ

www.malankaralibrary.com

മനുഷ്യനെയും തന്നിലൂടെ പിതാവിനോട്ട മുഴുവനായി സംയോജിപ്പിക്കുന്നു.

## യേശുവിനോടു് ഒന്നാകാനുള്ള അടിസ്ഥാന തെരഞ്ഞെടുപ്പു ഓരോ മനുഷ്യനും നടത്തണം

യേശു തന്നോട്ട സംയോജിക്കുവാൻ ഓരോ മനുഷ്യനെയും ക്ഷണിക്കുന്നു. തന്നിലൂടെ പിതാവിനോട്ട സംയോജിക്കുവാനും ക്ഷണിക്കുന്നു. മനുഷ്യനു് ഈ നന്മ സ്വയംസമ്പാദിക്കുവാൻ സാദ്ധ്യമല്ല. മനുഷ്യന് സ്വന്ത യോഗ്യത കൊണ്ടു് ഈ നന്മ നേടുവാൻ സാദ്ധ്യമല്ല. മനുഷ്യൻ ദൈവത്തിലെ ഐക്യജീവിതത്തിലെത്താൻ യേശുവിനോട്ടു് ഒന്നായിത്തീരാൻ സ്വയം സമർപ്പിക്കുകയും യേശുവിൽ സദാജീവിക്കുകയും ചെയ്യണം. ത്രിത്വത്തിലെ ആന്തരിക ജീവിതത്തിനും വിശുദ്ധിക്കും നിസ്വാർത്ഥ സ്നേഹത്തിനും യോജിക്കാത്തതെല്ലാം ഓരോ മനുഷ്യനും ഉപേക്ഷിക്കേണ്ടതുണ്ടു്.പാപത്തെ ഉപേക്ഷിക്കണം ആന്തരികമായി ദൈവത്തോട്ട സംയോജിക്കാത്ത അവസ്ഥയാണു പാപം. പാപത്തെപ്പറ്റി പശ്ചാത്തപിക്കണം. പാപിയെ വീണ്ടുംതന്നോടു സംയോജിപ്പിക്കാമെന്നു സമ്മതിക്കുന്ന യേശുവിൻെറ കൃപയെ നന്ദിയോടെ സ്വീകരിക്കണം. ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെടുവിൻ'' എന്നു കർത്താവു് അരുളിച്ചെയ്തു. പാപജീവിതം നയിക്കുവാൻ നിശ്ചയിച്ചുകൊണ്ടു് ദൈവത്തിൽ ഒന്നായിത്തീരാൻ സാദ്ധ്യമല്ല യേശു തൻെറ മനുഷ്യത്വത്തിലൂടെ പാപികളെ തന്നോടു ചേർക്കുകയും അതിനാൽ എല്ലാവരുടെയും പാപമെടുത്തു് അവൻ പാപമായിത്തീരുകയും ചെയ്തു. എല്ലാ പാപത്തെയും തൻെറ ശരീരത്തിൽ ശിക്ഷയ്ക്കു വിധിച്ച് ഇല്ലായ്മപ്പെടുത്തി. തന്നിൽക്കൂടി എല്ലാവർക്കും ത്രിത്വജീവിതത്തിൻെറ ആന്തരികതയിലേക്കു പ്രവേശിക്കുവാൻ വഴിയൊരുക്കി. ഓരോ മനുഷ്യനെയും തന്നിൽ സംയോജിപ്പിച്ച് തന്നിലൂടെ ത്രിത്വജീവിതത്തിലെ പരമഭാഗ്യത്തിലെത്തിക്കാനുള്ള ദാഹത്തോടുകൂടിയാണ് യേശു ഓരോ മനുഷ്യരുടെയും പക്കലേക്കു വരുന്നതു്. 'ആദം ആദം നീ എവിടെ.... എന്നു ചോദിച്ചുകൊണ്ടു് തെററിപ്പോയ മനുഷ്യൻെറ പുറകെ ചെല്ലുന്ന ദൈവത്തിൻെറ പ്രത്യക്ഷീകരണമാണ് യശുനാഥനിലൂടെ സംഭവിച്ചതു്.

പരിശുദ്ധ ത്രിത്വത്തിലെ ആന്തരികജീവിതത്തിലേക്കു് ദൈവപുത്രനിൽ സൃഷ്ടിക്കപ്പെട്ട ഓരോ വ്യക്തിയെയും ഉറ്റചേർക്കാൻ,സ്വർഗ്ഗത്തിലെത്തിക്കാൻ ദൈവത്തിന് അഗാധമായ താൽപ്പര്യവും ലക്ഷ്യവുമുണ്ടു്, അതിനുവേ

www.malankaralibrary.com

ണ്ടി എത്രമാത്രം സഹിക്കാനും താഴാനും ദൈവം തയ്യാറാകുന്നു. നമ്മളോടുള്ള അനന്തമായ സ്നേഹം ദൈവപുത്രനെ നമുക്കു നൽകിയതിലൂടെ—ദൈവപുത്രനിൽ നമ്മെ മുഴുവനായി ഉൾച്ചേർക്കാൻ അനുവദിച്ചതിലൂടെ—ദൈവം വ്യക്തമാക്കിയിരിക്കുന്നു. അനന്ത നന്മയായ ദൈവം എന്നും സ്തുതിക്കപ്പെടട്ടെ.

## 6

# ഭൂമിയിൽ ദൈവരാജ്യത്തിന്റെ രണ്ടാമത്തെ ഉദ്ഘാടനം.

ദൈവപിതാവ് തന്റെ പുത്രനെ ലോകത്തിനു നൽകിയപ്പോൾ മാലാഖാമാർ പാടിയതു് ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ഈ ദൈവകൃപ സ്വീകരിച്ചവർക്കു സമാധാനം'' എന്നാണ്. ഒരു വ്യക്തിയെക്കൂടി പരിശുദ്ധത്രിത്വത്തിലെ ആന്തരിക ജീവിതത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ ദൈവം കൂടുതൽ മഹത്വപ്പെടുകയാണ്. സന്തോഷിക്കുകയാണ്. യേശുക്രിസ്തുവിലൂടെ അനേകർ ദൈവത്തിൽ ഐക്യപ്പെടുന്നതുവഴിയും അതിനുള്ള വാതിൽ തുറക്കുവാൻ ദൈവം മനസ്സായതുവഴിയും ദൈവം കൂടുതൽ മഹത്വപ്പെടുന്നു എന്ന് മാലാഖാമാർ പാടി. വി. യോഹന്നാൻ ശ്ലീഹാ ലേഖനം ആരംഭിക്കുമ്പോൾ ''ഞങ്ങൾക്കു പിതാവിനോടും പുത്രനോടും കൂട്ടായ്മ ലഭിച്ചു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മയുണ്ടാകുന്നതിനും ഞങ്ങളുടെ സന്തോഷം പൂർണ്ണമാകുന്നതിനും വേണ്ടിയാണ് ഞങ്ങൾ ഇതെഴുതുന്നത്'' എന്നു പറഞ്ഞിരിക്കുന്നു. ഒരാൾകൂടി ദൈവത്തിന്റെ ആന്തരിക ജീവിതത്തിന്റെ കൂട്ടായ്മയിൽ പ്രവേശിക്കുമ്പോൾ ദൈവത്തിന്റെയും സകല സ്വർഗ്ഗവാസികളുടെയും സന്തോഷം വർദ്ധിക്കുകയാണ്. അതിനാൽ മാലാഖാമാർ സന്തോഷത്തോടുകൂടി പാടി: ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം....''

ദൈവം മനുഷ്യരോടു കാണിക്കുന്ന അത്യനന്തമായ കൃപയാണ് യേശുവിലൂടെ ദൈവത്തിൽ ഉൾച്ചേരാൻ മനുഷ്യനെ അനുവദിക്കുന്നതും, അതു നടക്കുവാൻ വേണ്ടി കഷ്ടതകൾ സഹിച്ച് മനുഷ്യരോടു താദാത്മ്യപ്പെടുവാൻ ദൈവപുത്രനെ മനുഷ്യനായിത്തീരാൻ അനുവദിച്ചതും. ദൈവപുത്രനോട് ഐക്യപ്പെട്ട് ജീവനും ശക്തിയും നേടാൻ അനുവാ

www.malankaralibrary.com

ദം തരുന്ന ഈ ദൈവകൃപ സ്വീകരിക്കുന്നവർക്കു സമാധാനം. എല്ലാം ലഭിച്ചുകഴിഞ്ഞതിന്റെ സംതൃപ്തി. ക്രിസ്തു' എന്ന ദൈവകൃപ സ്വീകരിച്ചവർക്ക് എല്ലാ നന്മയും കിട്ടിയതിന്റെ സമാധാനം.

അവൻ സ്വന്തജനത്തിന്റെ പക്കലേക്കു ചെന്നു, എന്നാൽ അവർ അവനെ സ്വീകരിച്ചില്ല, അവനെ സ്വീകരിച്ചവർക്കെല്ലാം, അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി. (യോഹ 1:11-12) ഈ വലിയ കൃപ നൽകാൻ ദൈവപുത്രൻ മനുഷ്യരുടെ പക്കലേക്കു ചെല്ലുമ്പോൾ മനുഷ്യർ ഈ കൃപ സ്വീകരിക്കുന്നില്ല.പരിശുദ്ധ ത്രിത്വത്തിൽ ചേരാനുള്ള ക്ഷണം നൽകുക മാത്രമല്ല, അതിനായി ദൈവപുത്രൻ ഓരോരുത്തരുടെ പക്കലേക്കു ചെല്ലുകയും ചെയ്യുന്നു.അതിരില്ലാത്ത ഔദാര്യം. എന്നാൽ അൽപ്പബുദ്ധിയും അഹങ്കാരിയുമായ മനുഷ്യൻ ദൈവത്തിന്റെ മഹാകൃപയെ വീണ്ടും വീണ്ടും നിരാകരിക്കുന്നു. ദൈവപുത്രനോട് ഒന്നായിത്തീരാൻ വിസമ്മതിക്കുന്നു. യേശുക്രിസ്തുവിനോട് ഒന്നായിത്തീരുന്നവർക്ക് യേശുക്രിസ്തുവിന്റെ ദൈവപുത്രത്വത്തിൽ ഭാഗഭാഗിത്വം ലഭിക്കുകയും യേശുക്രിസ്തുവിനോടുകൂടി ദൈവപിതാവിന്റെ സകല നന്മകളിലും കൂട്ടവകാശം ലഭിക്കുകയും ചെയ്യുന്നു. യേശുക്രിസ്തുവിനെ സ്വീകരിക്കുന്നവർ ഉന്നതങ്ങളിൽനിന്നുള്ള ഒരു ജീവനിൽ വീണ്ടും ജനിക്കുന്നു. ദൈവികജീവൻ പ്രാപിച്ച് ദൈവികജീവിതത്തിൽ യോജിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലെ ആന്തരികസ്നേഹജീവിതത്തിലേക്കു ജനിക്കുന്നു. യേശുക്രിസ്തു നമ്മളോട് ഒന്നായിത്തീരാൻ വരുന്നതു സ്വീകരിക്കുകവഴി(യേശുവിൽ വിശ്വസിക്കുക വഴി) നമ്മൾ വീണ്ടും ജനിക്കുകയാണ്.യേശുവാണ് ദൈവികജീവൻ നമ്മിലേക്കു നൽകി നമ്മെ വീണ്ടും ജനിപ്പിക്കുന്നത്. അതുവഴി ചിന്താതീതമായ നന്മകളാണു ലഭിക്കുക. മനുഷ്യനായിത്തീർന്ന ദൈവപുത്രനായ യേശുക്രിസ്തു ത്രിത്വത്തിലുള്ള ആന്തരിക ഐക്യജീവിതമാകുന്ന ദൈവരാജ്യത്തോടുകൂടി മനുഷ്യവർഗ്ഗത്തിലേക്കു കടന്നു വന്നു. യേശു ഓരോ മനുഷ്യനും തന്നെത്തന്നെനൽകുമ്പോൾ തന്നിൽ നിറഞ്ഞുനിൽക്കുന്ന ദൈവരാജ്യം കൂടി നൽകുകയായി.

പരി. ത്രിത്വത്തിലെ ഐക്യം മൂന്നാളുകൾ ജീവനിൽ ഒന്നായിരിക്കുന്ന ഐക്യമാണ്. ആശയത്തിലോ ലക്ഷ്യത്തിലോ സ്നേഹത്തിലോ മാത്രം ഒന്നായിരിക്കുന്ന ഐക്യമല്ല. 'പിതാവിനുള്ളതെല്ലാം പുത്രനുമുള്ളതാകുന്നു.' 'പിതാവേ ഞാൻ നിന്നിലും നീ എന്നിലും ആയിരിക്കുന്നതുപോ

www.malankaralibrary.com

ലെ ഇവരും നമ്മിൽ ഒന്നാകണമേ....' ഈ വാക്യങ്ങളിലൂടെ ആ ജീവൈക്യം എന്തെന്നു വ്യക്തമാക്കുന്നു. മനുഷ്യവ്യക്തികൾ തമ്മിൽത്തമ്മിൽ 'നീ എന്റെയും ഞാൻ നിന്റെയും ആകുന്നു....' എന്നു പറഞ്ഞാലും അവർ പിന്നെയും ജീവനിൽ രണ്ടായിരിക്കുന്നു. ആത്മാവിൽ വീണ്ടും ജനിച്ചാൽ മാത്രമെ അവർക്ക് ആന്തരികമായി ഏകജീവൻ ലഭിക്കുകയുള്ളു. 'പിതാവിനുള്ളതെല്ലാം പുത്രന്റേതുമാകുന്നു' എന്ന് യേശു ക്രിസ്തു പറയുന്നതിനോടുകൂടി ചേർന്നുപറയുവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്ന ഏതൊരു മനുഷ്യനും സാധിക്കുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവന് പുത്രന്റേതായ അവകാശവും കടപ്പാടും ഉണ്ട്. നമ്മൾ പൂർണ്ണമായി പിതാവായ ദൈവത്തിന്റെ വകയായി വർത്തിക്കണം. എന്നെ എവിടെയും എങ്ങനെയും നിയോഗിക്കാനുള്ള അവകാശം ഞാൻ ദൈവപിതാവിനു നൽകണം. സൃഷ്ടാവെന്ന നിലയിലുള്ള അവകാശമല്ല. 'ആബാ' പിതാവെന്നുള്ള സ്നേഹാധികാരമാണിത്. പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി ഞാൻ പിതാവിനെ അനുസരിക്കണം. ''പിതാവേ, എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറണമേ....'' ''അങ്ങേയ്ക്കുള്ളതെല്ലാം എന്റേതാകുന്നു....'' ഞാൻ അങ്ങയുടെ ഇഷ്ടം ചെയ്യാൻ വന്നിരിക്കുന്നു....'' എന്നിങ്ങനെ പരി. ത്രിത്വത്തിലെ പുത്രൻ പറയുന്ന വാക്കുകൾ യേശുവിനെ സ്വീകരിച്ചവർ നിരന്തരം പറയണം. മരണനാഴികയിൽപ്പോലും പറയണം. പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും ജീവനിലുള്ള ഐക്യം സദാ പുലർത്തുകയും ദൈവത്തിലൂടെ ദൈവത്തിൽ ഐക്യപ്പെട്ടിരിക്കുന്ന എല്ലാവരോടും ജീവന്റെ ഐക്യത്തിലുള്ള സ്നേഹം പാലിക്കുകയും ചെയ്യണം. നമ്മൾ ഈ മഹത്വജീവിതത്തിൽ പ്രവേശിക്കുവാനായി യേശു തന്റെ ആത്മാവിനോടും ജീവനോടും ശരീരത്തോടും രക്തത്തോടും നമ്മെ സംയോജിപ്പിക്കുവാൻ നമ്മുടെ പക്കലേക്കു വരുന്നു.

യേശുവിലൂടെ ദൈവത്തിന്റെ ആന്തരിക ജീവിതത്തിൽ പങ്കെടുക്കുവാൻ ദൈവം നമ്മെ അനുവദിച്ചു എന്നതാണ് കൃപയുടെ സദ്വാർത്ത. യേശുവാണ് കൃപയുടെ വസ്തുനിഷ്ഠമായ അടിസ്ഥാനസമ്മാനം. യേശുവിനോടു നമ്മെ സംയോജിപ്പിക്കുവാനായി യേശു നമ്മുടെ അടിസ്ഥാനമായി വസിച്ചുകൊണ്ടു തന്റെ ശക്തികളും ഓരോരോ നന്മകളും സ്നേഹവും നമ്മിലേക്കു നീട്ടിത്തരുന്നതാണ് വ്യക്തിപരമായി ഓരോരുത്തർക്കും നൽകുന്ന കൃപകൾ. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി

www.malankaralibrary.com

ഇക്കാര്യങ്ങളിലെല്ലാം നമുക്കു ബോധ്യം കിട്ടുന്നത് ഒരുക്കത്തിനുള്ള കൃപയാണ്. നമ്മെ യേശുക്രിസ്തുവിനു സമർപ്പിക്കുവാൻ ആവശ്യമായ ബോധ്യവും പ്രേരണയും നൽകുന്നത് പരിശുദ്ധാത്മാവാണ്. യേശുവിനോടു യോജിപ്പിക്കുന്നതുവഴി യേശുവിന്റെ യോഗ്യതകളിലും പദവികളിലും പ്രവർത്തനങ്ങളിലും ഭാഗഭാഗിത്വം ലഭിക്കുന്നതും കൃപതന്നെയാണ്. യേശുവിന്റെ ഓരോശക്തിയും നമ്മിലേക്കു നിവേശിപ്പിക്കുന്നതു കൃപയാണ്. യേശുവിന്റെ മരണത്തിലും ഉയിർപ്പിലും സ്വർഗ്ഗാരോഹണത്തിലും ഭാഗഭാഗിത്വം ലഭിക്കുന്നതും കൃപയാണ്.യേശുവിന്റെ മരണത്തിൽ ഭാഗഭാഗിത്വം ലഭിക്കുന്നതുവഴി പാപമോചനം ലഭിക്കുന്നു. ഉയിർപ്പിൽ ഭാഗഭാഗിത്വം ലഭിക്കുന്നതുവഴി ദൈവിക ജീവനും ദൈവപുത്രന്റെ പ്രവർത്തനങ്ങളിൽ പങ്കും ലഭിക്കുന്നു. യേശുവിന്റെ ചില പ്രത്യേക പ്രവർത്തനങ്ങൾ ചെയ്യാനുള്ള പ്രത്യേക വിളി ഓരോരുത്തർക്കു നൽകുന്നതും കൃപയാണ്. യേശു സദാ ദൈവ പിതാവിന്റെ സമ്പൂർണ്ണ സ്വയം ദാനം സ്വീകരിക്കുന്നു. സദാ തന്നെത്തന്നെ ദൈവ പിതാവിനു സമർപ്പിക്കുന്നു. ഇക്കാര്യത്തിൽ യേശുവിനോടുകൂടി പങ്കുചേർന്ന് പരിശുദ്ധ ത്രിത്വത്തിലെ സമ്പൂർണ്ണ സ്നേഹൈക്യത്തിൽ മുഴുവനായി ചേർന്നു വസിക്കുന്നത് കൃപയുടെ നിത്യസമ്മാനമായ ഫലമാണ്. ഈ സ്ഥിതിയിലെത്തുമ്പോൾ നമ്മുടെ എല്ലാ അടിസ്ഥാനയാഗ്രഹങ്ങളും അതിന്റെ തികവിൽ പൂർത്തീകരിക്കും. നമ്മുടെ നാഥനെന്നനിലയിൽ നമ്മെ ചേർത്തുകൊണ്ട് യേശു ഈ നിത്യാനന്ദ സ്ഥിതിയിൽ വാഴുകയാണ്.

ദൈവരാജ്യം സ്വർഗത്തിലെപ്പോലെ ഭൂമിയിലും സ്ഥാപിക്കാനാണ് ദൈവപുത്രൻ കടന്നു വന്നത്. പരിശുദ്ധ ത്രിത്വത്തിലെ നിത്യമായ സായൂജ്യ സമ്പൂർണ്ണതയിലേക്കു മനുഷ്യർ പ്രവേശിക്കണം. ദൈവപുത്രൻ സ്വയം നൽകി തന്നോടു സംയോജിപ്പിക്കുന്നതു സ്വീകരിച്ച് ദൈവപുത്രനിലേക്കും ത്രിത്വ ജീവിതത്തിലേക്കും സംയോജിക്കുന്ന ഒരു ചെറിയ മനുഷ്യ സമൂഹത്തിലൂടെയാണ് ദൈവരാജ്യം ഭൂമിയിൽ പടരുവാൻ തുടങ്ങിയത്. ആ ചെറിയ സമൂഹമാണ് സഭ. ചെറിയ കൂട്ടമാണെങ്കിലും നിങ്ങൾക്കു രാജ്യം തരുവാൻ പിതാവ് തിരുവിഷ്ടമായതിനാൽ ഭയപ്പെടേണ്ട' എന്ന് കർത്താവ് അരുളിച്ചെയ്തു. യേശുവിൽ ഐക്യപ്പെട്ടവർ യേശുവിനോടു കൂടി രാജ്യം സ്വീകരിച്ചിരിക്കുന്നു. യേശുവിനോടും യേശുവിൽ ഐക്യപ്പെട്ട ദൃശ്യസഭയോടും ഐക്യപ്പെട്ടു കൊണ്ടാണ് കൃപാജീവിതം ആരംഭിക്കുക. യേശു

www.malankaralibrary.com

വിൽ ഐക്യപ്പെട്ട സഭയോടുള്ള ഐക്യമാണ് യേശുവിനോടുള്ള ഐക്യത്തിൻെറ ദൃശ്യബാഹ്യാനുഭവഘടകം. യേശുവിൽ ഐക്യപ്പെടുവാനായി ഒരോ വ്യക്തിയും സ്വയം സമർപ്പിക്കണം. യേശുവിനോട് ഐക്യപ്പെടുന്നതിനുള്ള ജീവിത സമർപ്പണം നടത്തുന്നതിനു വിവിധ രൂപങ്ങളുണ്ട്.

1. സഭയിലൂടെയുള്ള ഐക്യജീവിതത്തിനായി സ്വയം സമർപ്പിക്കുക. യേശുവിനോട് ജീവനിൽ ഐക്യപ്പെട്ട ജീവിക്കുന്നവരുടെ കൂട്ടായ്മയായ സഭയോട് ഐക്യപ്പെട്ടു ജീവിക്കുവാൻ സമർപ്പണം നടത്തുന്നതുവഴി യേശുവിനോട് ഐക്യപ്പെടുകയാണ്.

2. കൂദാശയിലൂടെ യേശുവിൻെറ ജീവിതരഹസ്യങ്ങളിൽ ചേരാനും ആ ജീവിത രഹസ്യങ്ങൾ സാക്ഷാൽക്കരിക്കാനും സാധിക്കുന്നു. കൂദാശകൾ യഥായോഗ്യം സ്വീകരിക്കുന്നതുവഴി യേശുവിനോട് ഐക്യപ്പെടുകയാണ്.

3. പരിശുദ്ധാത്മാവിൻെറ നിർദ്ദേശങ്ങൾ മനസ്സാക്ഷിയിൽ കേൾക്കുന്നത് അനുസരിക്കുന്നതു വഴി പരിശുദ്ധാത്മാവിലൂടെ യേശുവിനോട് ഐക്യപ്പെടുകയാണ്.

4. ഓരോരുത്തർക്കും ലഭിച്ചിരിക്കുന്ന ദൈവവിളി വഴി യേശുവിൻെറ ഓരോ പ്രത്യേക സേവനങ്ങൾ ചെയ്യുവാൻ യേശു ഓരോരുത്തരെ നിയോഗിച്ചിരിക്കയാണ്. അവരവർക്ക നൽകിയിരിക്കുന്ന ദൈവവിളിയുടെ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതുവഴി യേശുവിനോട് ഐക്യപ്പെടുകയാണ്.

5. പ്രാർത്ഥനകളിൽ നമ്മുടെ മനസ്സും ചിന്തകളും യേശുവിനോടു താദാത്മ്യപ്പെടുത്തുകയും യേശുവിനോടുകൂടി പിതാവിനു സ്തോത്രാരാധന നടത്തുകയും ചെയ്യുന്നതുവഴി യേശുവിനോട് ഐക്യപ്പെടുകയാണ്.

6. പരിശുദ്ധാത്മനിർദ്ദേശമനുസരിച്ച് വരങ്ങളും ശക്തികളും മററും സഹോദരരുടെ നന്മയ്ക്കായി വിനിയോഗിക്കുമ്പോൾ യേശുവിനോട് ഐക്യപ്പെടുകയാണ്.

യേശുവിനോടു കൂടുതൽ ഐക്യപ്പെടുവാൻ ആഗ്രഹിക്കുക. യേശുവിൻെറ ഓരോരോ ശക്തികളും നന്മകളും യേശു കൃപയാൽ പങ്കുവെച്ചു നൽകുമ്പോൾ അവയോട് നമ്മൾ സർവ്വാത്മനാ സഹകരിക്കണം. യേശുവിനോട് ഐക്യപ്പെടുന്നവർക്ക് പിതാവിനെ 'ആബാ പിതാവ്' (ഡാഡി) എന്നു വിളിക്കാൻ സാധിക്കുന്നു. ദൈവത്തെ ആബാ പിതാവായി ലഭിച്ചവർക്ക' എല്ലാം ലഭിച്ചു കഴിഞ്ഞി

www.malankaralibrary.com

രിക്കുന്നു, യേശുവിനോട് ഐക്യപ്പെടുവാനായി നമ്മൾ പരിത്യജിക്കുന്നതിന്റെ നൂറിരട്ടി ലഭിക്കുന്നു. അതായത് ത്രിത്വത്തിലെ ഐക്യജീവിതത്തിൽ ഭാഗഭാഗിത്വം ലഭിക്കുന്നു. നമ്മുടെ പരമലക്ഷ്യം എപ്പോഴും ഇതുമാത്രമായിരിക്കട്ടെ. ഈ ലക്ഷ്യത്തിനു സഹായിക്കുന്നത്രയും മാത്രം മററു നന്മകൾ സ്വീകരിക്കുക. സഹായിക്കാത്തവയിൽ നിന്നു മാറി നിൽക്കുക.

ത്രിത്വത്തിലുൾച്ചേർന്നു ജീവിക്കാൻ കഴിയുക എന്നത് നമ്മുടെ പ്രവർത്തികൾക്കു തക്ക പ്രതിഫലമല്ല. നല്ല പ്രവൃത്തികൾ ചെയ്യുന്നതുതന്നെ കൃപയുടെ ശക്തിയാലാണ്. എത്രമേൽ നല്ല പ്രവൃത്തി ചെയ്താലും ത്രിത്വത്തിലുൾച്ചേരാനുള്ള അർഹത കിട്ടുന്നില്ല. അതിനാൽ, എല്ലാ നല്ല പ്രവർത്തികളും ചെയ്തതിനുശേഷം നമ്മൾ ഈ മഹാ സമ്മാനത്തിന് അർഹതയില്ലാത്തവരാണെന്ന് സമ്മതിക്കണം. (ലൂക്കാ. 17:10). ദൈവമഹത്വം നമ്മിലേക്കു പ്രവഹിക്കുമ്പോൾ സദാ സ്തുതിയും സ്തോത്രവും അർപ്പിക്കണം. സ്വയം അഭിമാനിക്കുകയോ സ്വയം സന്തോഷിക്കുകയോ ചെയ്യരുത്. ദൈവത്തിന്റെ സ്നേഹത്തിനും കൃപയ്ക്കും സ്തുതിയും സ്തോത്രവുമർപ്പിക്കുക. ദൈവത്തോടു നമ്മെ യോജിപ്പിക്കുവാൻ തീരുമാനിച്ചതിനും, ദൈവപുത്രൻ മനുഷ്യനായിത്തീർന്ന് പീഡാനുഭവത്തിലൂടെ അതു സാക്ഷാല്ക്കരിച്ചതിനും ദൈവപുത്രന്റെ യോഗ്യതകളും ശക്തികളും കൃപയായി പരിശുദ്ധാത്മാവിലൂടെ നൽകി നൽകി നമ്മെ ശുദ്ധീകരിച്ചതിനും ദൈവത്തെ സ്തുതിക്കുക. നൽകപ്പെട്ട കൃപകളോടു സഹകരിച്ചു പ്രവർത്തിക്കാൻ കൃപയാൽ നമുക്കു സാധിച്ചു എന്നതു മാത്രമാണ് നമ്മുടെ യോഗ്യത.

ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ ദൈവരാജ്യം ഭൂമിയിൽ വീണ്ടും ആരംഭിച്ചു. ദൈവപുത്രനോട് ഐക്യപ്പെടുത്തുന്ന കുരിശുമരണസമയത്ത് ദൈവരാജ്യം എല്ലാവർക്കുമായി തുറന്നു. യേശുവിനോട് ഐക്യപ്പെടുന്ന മനുഷ്യരിലൂടെ ദൈവരാജ്യം വളർന്നു വികസിച്ചുവരുന്നു.

www.malankaralibrary.com

7

# ദൈവരാജ്യ രഹസ്യങ്ങൾ വേദപുസ്തകത്തിൽ

**വേദപുസ്തകത്തിലെ വിവിധ വാക്യങ്ങൾ ധ്യാനിച്ച് കൃപാജീവിതം എന്തെന്ന് മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്യുക.**

മനുഷ്യൻ തൻെറ ആത്മാവിൻെറ ജീവനായ ദൈവിക ജീവൻ സ്വീകരിക്കുമ്പോൾ ദൈവപുത്രനെത്തന്നെയാണു തന്നിലേക്ക സ്വീകരിക്കുന്നത്. ദൈവപുത്രനും ദൈവിക ജീവനും ഒന്നാണ്. ദൈവികജീവൻ സ്വീകരിച്ചവന് നമ്മൾ എന്തെങ്കിലും നൽകുമ്പോൾ ദൈവപുത്രനുതന്നെയാണ് നൽകുന്നത്. ദൈവപുത്രൻ ജീവൻ തന്നെയാണ്. നമ്മിൽ ദൈവികജീവന് ഒന്നാംസ്ഥാനം നൽകുമ്പോൾ ദൈവപുത്രനായ യേശുവിന് നമ്മിൽ ഒന്നാംസ്ഥാനം നൽകുകയാണ്. ദൈവികജീവനെ ഉപേക്ഷിക്കുകയോ തകർക്കുകയോ ചെയ്യുമ്പോൾ ദൈവപുത്രനെ പീഡിപ്പിക്കുകയാണ്.

''ഒരാൾക്ക് ജീവനുണ്ട്'' എന്നുപറയുന്നതും ''ഒരാൾ ജീവനാണ്'' എന്നുപറയുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ''ഒരുവന് ജീവനുണ്ട്'' എന്നു പറയുമ്പോൾ അയാളുടെ വ്യക്തിത്വവും ജീവനും രണ്ടായി വിഭജിക്കപ്പെടാമെന്നു മനസ്സിലാക്കാം. 'ഒരാൾ ജീവനാണ്'' എന്നു പറയുമ്പോൾ അയാളുടെ വ്യക്തിത്വവും ജീവനും വിഭജിക്കപ്പെടാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കാം. ദൈവപുത്രനായ യേശുക്രിസ്തു ജീവനാണ്. വഴിയാണ്. സത്യമാണ്. ദൈവിക ജീവൻ സ്വീകരിച്ചവർ യേശുവിനെ സ്വീകരിച്ചിരിക്കുന്നു. യേശുവിനെ സ്വീകരിച്ചവർ പിതാവിനെ സ്വീകരിച്ചിരിക്കുന്നു. കാരണം യേശുവും പിതാവും ഒന്നായി സ്ഥിതി ചെയ്യുന്നു. യേശുവിൻെറ ജീവിതശൈലി എന്താണെന്ന് യേശുവിൻെറ വചനങ്ങളിലൂടെ വ്യക്തമാക്കിയിരിക്കുന്നു. യേശുവിൽ വിശ്വസിച്ച് യേശുവിനെ സ്വീകരിച്ച് യേശുവിൻെറ വചനം അനുസരിക്കുന്നവരുടെ ഉള്ളിൽ യേശുവും ദൈവപിതാവും വന്നു വസിക്കുമെന്നു യേശു വ്യക്തമാക്കിയല്ലോ. (യോഹ. 14:22)

www.malankaralibrary.com

## ദൈവരാജ്യ രഹസ്യങ്ങൾ
## യേശുവിൻെറ ആന്തരിക ജീവിതരഹസ്യങ്ങൾ

അത്യുന്നതമായ ഈ ദൈവികജീവൻെറ രഹസ്യങ്ങളാണ് ദൈവരാജ്യത്തിൻെറ രഹസ്യങ്ങളായി വേദപുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്നത്. ദൈവികജീവനും യേശുക്രിസ്തുവും ഒന്നാകയാൽ, ദൈവരാജ്യരഹസ്യങ്ങൾ എന്നത് യേശുവിൻെറ ആന്തരികജീവിതത്തിൻെറ രഹസ്യങ്ങൾ തന്നെയാണ്. യേശുക്രിസ്തു മനുഷ്യനെന്ന നിലയിൽ എങ്ങനെയാണ് ദൈവികജീവിതം ജീവിച്ചതെന്ന് വേദപുസ്തക വചനങ്ങളിൽനിന്ന മനസ്സിലാക്കാം. ഒററവാക്കിനു പറഞ്ഞുതരാൻ സാധിക്കാത്ത ഈ മഹാസത്യം അനേകം ഉപമകളിൽക്കൂടി കർത്താവു വ്യക്തമാക്കിത്തരുന്നു. ദൈവജീവൻ നമുക്കു നൽകുന്നത് ദൈവത്തിൻെറ കൃപയേറിയ തീരുമാനത്താലാണ്. നമ്മുടെ അർഹതയാലോ പ്രവൃത്തികളുടെ യോഗ്യതയാലോ അല്ല. ദൈവിക കൂട്ടായ്മയിലുള്ള ഭാഗഭാഗിത്വം, ദൈവരാജ്യം, പ്രകാശം, പിതാവിൻെറ ഭവനം, മുതലായ പദങ്ങളിലൂടെ കൃപാജീവിതം എന്തെന്ന് വർണ്ണിച്ചു പറഞ്ഞുതരുന്നു. വേദപുസ്തകത്തിലെ വിവിധ വിവരണങ്ങളിൽ നിന്ന് ഈ രഹസ്യം മനസ്സിലാക്കാം.

## ദൈവികജീവിതം ഉപേക്ഷിക്കാനുള്ള പരീക്ഷ

ആദാമ്യമക്കൾക്ക് പിതൃസ്വത്തായി കിട്ടിയ എല്ലാ പീഡാനുഭവങ്ങളിലൂടെയും യേശു കടന്നുപോയി. അതിൽ ഒന്നാണ് പ്രലോഭനം. പാപത്തിൻെറ അടിമത്തത്തിൽ ആയിട്ടില്ല. എന്നാൽ പരീക്ഷകളുടെയും പ്രലോഭനങ്ങളുടെയും എല്ലാ വേദനയും യേശു അനുഭവിച്ചു. എല്ലാ വിധത്തിലും യേശു മനുഷ്യരിൽ ഒരുവനായിത്തീർന്നു. ഒരു മനുഷ്യനായിത്തീർന്നുകൊണ്ട് മനുഷ്യത്വത്തിലൂടെ ദൈവപുത്രജീവിതം ജീവിച്ചു. ദൈവികജീവിതം ത്രിത്വജീവിതം തന്നെയാണ്. ദൈവപിതാവിൽ നിന്ന് സ്നേഹപൂർവ്വം എല്ലാം സ്വീകരിക്കുകയും, പ്രതീക്ഷിക്കുകയും, തന്നെ മുഴുവൻ സ്നേഹപൂർവ്വം പിതാവിനു സമർപ്പിക്കുകയും പിതാവിൻെറ പ്രവൃത്തികളിൽ സദാ വ്യാപരിക്കുകയും ചെയ്തുകൊണ്ടുള്ള നിത്യമായ ദൈവപുത്രജീവിതം, താൻ സ്വീകരിച്ച മനുഷ്യത്വത്തിലൂടെ ദൈവപുത്രൻ തുടർന്നുകൊണ്ടിരുന്നു. ദൈവപിതാവ് പരിശുദ്ധാത്മാവുവഴി തൻെറ പുത്രനോട് നിത്യം സംയോജിപ്പിലാണെന്നു ജോർദ്ദാൻ നദിയിലെ സ്നാനസമയത്ത് വെളിപ്പെടുത്തുകയും "ഇവൻ

www.malankaralibrary.com

എന്റെ പ്രിയ പുത്രനാണ്'' എന്നു പ്രഖ്യാപിക്കുകയും ചെയ്തു. ത്രിത്വജീവിതമാണ് സ്വർഗ്ഗ ജീവിതമെന്ന് വ്യക്തമാക്കി. സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രഖ്യാപിക്കുന്നതിനുള്ള വെളിപാടുകൂടി ആയിരുന്നു അത്. ദൈവപിതാവിനോട് ഒന്നായിരിക്കുന്ന പുത്രനോട് ഒന്നായിത്തീരുന്ന മനുഷ്യർക്ക് ദൈവപിതാവിനോട് ഒന്നാകാനുള്ള വഴി ഒരുക്കിയിരിക്കുന്നു എന്നു വ്യക്തമാക്കി. സ്നാനത്തിനു ശേഷം യേശുനാഥന് കടുത്ത പരീക്ഷയുണ്ടായി. പിതാവിൽ നിന്ന് അടർന്നു മാറാനുള്ള പരീക്ഷ. മനുഷ്യവർഗ്ഗത്തിന്റെ രക്ഷാമാർഗം തകർക്കാൻ സാത്താനൊരുക്കിയ പരീക്ഷയായിരുന്നു അത്. പിതാവുമായുള്ള ഐക്യജീവിതത്തിൽ നിന്ന് അല്പമെങ്കിലും വ്യതിചലിച്ചുള്ള ഒരു ജീവിതരീതി തെരഞ്ഞെടുക്കാൻ യേശുവിന്റെ മനുഷ്യമനസ്സിൽ പിശാച് പ്രലോഭനം ഉണ്ടാക്കി.

പിതാവിൽ നിന്ന് എല്ലാം സ്വീകരിക്കുകയും പിതാവിന് എല്ലാം സ്നേഹത്താൽ സമർപ്പിക്കുകയും ചെയ്യാണ് പുത്രൻ ത്രിത്വജീവിതം ജീവിക്കുക. അങ്ങനെയുള്ള ദൈവൈക്യജീവിതം ഉപേക്ഷിക്കുവാനും ജീവനും ശക്തിയും നന്മകളും പരമമായി മററു ഉറവിടങ്ങളിൽ നിന്ന് പ്രാപിക്കാമെന്നു ചിന്തിക്കുവാനും പ്രേരണയുണ്ടായി. ദൈവപിതാവിന് സ്നേഹത്താൽ എല്ലാം സമർപ്പിച്ചു ജീവിക്കുന്നതിനു പകരം സ്വന്തമായ ഇഷ്ടം നിറവേററുന്നതാണു ഭാഗ്യമെന്നു കരുതുവാൻ പ്രേരണയുണ്ടായി. ഇവയാണ് യേശുവിനുണ്ടായ പ്രലോഭനങ്ങളുടെ കാതൽ. ത്രിത്വജീവിതത്തിൽ നിന്ന് അടർന്നുമാറാനുള്ള പ്രലോഭനമാണത്. സാത്താൻ ആദി മാതാപിതാക്കന്മാരെ ഇങ്ങനെ പ്രലോഭിപ്പിച്ചു. ഇന്ന് കൃപാജീവിതത്തിൽ പുരോഗമിക്കുന്നവരെയും ഇതേ രീതിയാലാണ് സാത്താൻ പ്രലോഭിപ്പിക്കുന്നത്. യേശു പ്രലോഭനങ്ങളെ ജയിച്ചു. ഭൂമിയിലെ ഏതു കഷ്ടതയുടെ നടുവിലും പരമമായി പിതാവിൽ നിന്നുമാത്രം നന്മകൾ പ്രതീക്ഷിച്ചുകൊണ്ടും എല്ലാം പിതാവിനു സ്നേഹപൂർവ്വം സമർപ്പിച്ചുകൊണ്ടും താൻ സ്വീകരിച്ച മനുഷ്യത്വത്തിലൂടെ ദൈവികജീവിതം ജീവിക്കുവാൻതന്നെ യേശു നിശ്ചയിച്ചു. പരീക്ഷകളെ ജയിച്ചു. അപ്പോൾ മാലാഖമാർ യേശുവിനെ ശുശ്രൂഷിച്ചു. കൂടുതൽ ശക്തിയുള്ള പരീക്ഷകൾ നൽകാൻ സാത്താൻ തൽക്കാലം മാറിനിന്നു.

നമ്മൾ യേശുക്രിസ്തുവിൽ ഐക്യപ്പെട്ടു ദൈവികജീവിതം ജീവിക്കുവാൻ തുടങ്ങുമ്പോൾ നമ്മുടെ ഉള്ളിലും പി

www.malankaralibrary.com

ശാച്ച് ഇതേവിധം പ്രലോഭനം നൽകും. ദൈവപിതാവ് ദൈവപുത്രനിലൂടെ നമുക്കു നൽകുന്നതല്ലാതെ മറ്റൊരു ഉണ്മയും നന്മയും ഇല്ല. മറ്റൊരിടത്തുനിന്നും കിട്ടാനില്ല. ഇക്കാര്യം ബോദ്ധ്യപ്പെട്ടാലും മറ്റെവിടെനിന്നെങ്കിലും എങ്ങനെയെങ്കിലും നന്മകൾ നേടാമെന്നു പ്രതീക്ഷിക്കുമ്പോൾ പ്രലോഭനമായി. ദൈവപുത്രൻ നമുക്കു പങ്കുവെച്ചു തരുന്നതല്ലാതെ ഒരു നന്മയും സ്വന്തമായി ഉണ്ടാക്കാൻ നമുക്കു കഴിവില്ല. പണംകൊണ്ടോ മനുഷ്യരുടെ ഔദാര്യംകൊണ്ടോ, ഒരു സെക്കൻറ് നേരം ജീവൻ നിലനിറുത്താൻ നമുക്കു സാധിക്കുമോ ? ഇല്ല. പക്ഷേ, സാധിക്കുമെന്ന് മനുഷ്യൻ ചിന്തിക്കുന്നു. അതിനുവേണ്ടി സൃഷ്ടികളിൽ പരമമായി ആശ്രയിക്കുന്നു. അപ്പോൾ ദൈവിക ജീവിതം (ത്രിത്വത്തിലുൾച്ചേർന്നുള്ള ജീവിതം) ഉപേക്ഷിക്കുകയാണ്. ക്രിസ്തുവിൽ ഒന്നായിത്തീർന്നവർ ക്രിസ്തുവിനോടുകൂടി എല്ലാം പിതാവിൽ നിന്നു പ്രതീക്ഷിക്കുകയും എല്ലാം പിതാവിനു സമർപ്പിക്കുകയും ചെയ്യുന്നു. നമുക്കു കിട്ടിയതെല്ലാം പിതാവിന് സമർപ്പിച്ചതിന്റെ അടയാളമായി ഓരോ നന്മയും ഓരോ സമയത്തും നമ്മൾ ആർക്കുകൊടുക്കണം, അഥവാ എങ്ങനെ വിനിയോഗിക്കണം എന്ന് പിതാവിന്റെ ഇഷ്ടം ചോദിച്ചറിഞ്ഞ് അപ്രകാരം ചെയ്യണം. നമ്മുടെ നാഥനായ (തലയായ) ക്രിസ്തു നമ്മെ ഉൾച്ചേർത്തുകൊണ്ട് പിതാവിന് എന്നേക്കുമായി സമർപ്പണം നടത്തി. നമ്മൾ യേശുവിൽ ഉൾച്ചേർന്നു നിന്നുകൊണ്ട് അതേ സമർപ്പണം യേശുവിനോടുകൂടി നടത്തുമ്പോൾ ദൈവിക ജീവിതം നയിക്കുകയാണ്. പിതാവ് സ്നേഹപൂർവ്വം യേശുവിലൂടെ നമുക്കു നൽകിയതെല്ലാം നമ്മൾ സ്നേഹപൂർവ്വം യേശുവിലൂടെ പിതാവിനു സമർപ്പിക്കുന്നു. പ്രായോഗിക ജീവിതത്തിൽ സമർപ്പണം നടത്തുന്നത് പിതാവിന്റെ ഇഷ്ടമനുസരിച്ചു പിതാവു നൽകിയവ വിനിയോഗിക്കുന്നതു വഴിയാണ്. അങ്ങനെ ചെയ്യാതെ, സ്വാർത്ഥോദ്ദേശ്യത്തിൽ എല്ലാം സമ്പാദിച്ചു കൂട്ടുന്നവൻ ദൈവികജീവിതം നയിക്കുന്നില്ല. ദൈവത്തിൽനിന്ന് എല്ലാം പ്രാർത്ഥിച്ചു വാങ്ങിയതിനുശേഷം സ്വന്തം ഇഷ്ടമനുസരിച്ചു മാത്രം എല്ലാം വിനിയോഗിക്കാൻ പ്രലോഭനമുണ്ടാകാം. ആ സമയത്തും യേശുവിൽ ആയിരുന്നുകൊണ്ട് യേശു പ്രലോഭനത്തെ ജയിച്ച ശക്തിയോടുകൂടി പ്രലോഭനത്തെ ജയിക്കണം, യേശുവിനോടുകൂടി നമ്മെയും നമുക്കുള്ളതിനെയും പിതാവിനു സമർപ്പിച്ച നിലയിൽത്തന്നെ സദാ വ്യാപരിക്കണം. പരീക്ഷകൾ ജയിക്കുമ്പോൾ മാലാഖാമാരുടെ സഹവാസവും ശുശ്രൂഷയും നമുക്കു ലഭിക്കും.

www.malankaralibrary.com

## മാനസാന്തരപ്പെടുവിൻ
## ദൈവരാജ്യം സമീപിച്ചിരിക്കുന്നു

മത്തായി 4: 17

ദൈവപിതാവിനോട് ജീവനിൽ ഒന്നായിരിക്കുന്ന ദൈവപുത്രനായ യേശുവിനോടു താദാത്മ്യപ്പെടുന്നതു വഴിയാണ് നമ്മൾ ഓരോരുത്തരും ദൈവിക ജീവനിൽ (ദൈവരാജ്യത്തിൽ) പ്രവേശിക്കുക. ദൈവരാജ്യത്തിന്റെ ആവിഷ്കരണമായ യേശുനാഥന്റെ വരവോടുകൂടി ദൈവരാജ്യം മനുഷ്യനു സമീപസ്ഥമായി. എന്നാൽ മനുഷ്യൻ മാനസാന്തരപ്പെട്ട് ദൈവരാജ്യം സ്വീകരിക്കണം. യേശുവിനോട് താദാത്മ്യപ്പെട്ടുള്ള ജീവിതം തെരഞ്ഞെടുക്കണം. യേശുവിനോടു താദാത്മ്യപ്പെടാത്ത ജീവിതമായ പാപ ജീവിതത്തെ ഉപേക്ഷിക്കണം, മാനസാന്തരപ്പെടണം.

ദൈവപുത്രനോടും ദൈവപുത്രനിലൂടെ പിതാവിനോടും ആന്തരികമായി താദാത്മ്യപ്പെട്ടുള്ള ജീവിതമാണ് ആദവും ഹൗവ്വായും ആദ്യകാലത്ത് നയിച്ചിരുന്നത്. അവർ ആ ജീവിതത്തിൽ അല്പം പുരോഗമിച്ചു. പക്ഷേ, ദൈവിക ജീവന്റെ ആഴത്തിലേക്കു യോജിക്കുവാൻ ആവശ്യമായ ആഴമുള്ള ഒരു സമർപ്പണം നടത്തേണ്ട ഘട്ടമായപ്പോൾ അവർ ദൈവൈക്യജീവിതം ഉപേക്ഷിച്ചു. എല്ലാ സൃഷ്ടിയിലും സ്രഷ്ടാവെന്ന നിലയിൽ ദൈവപുത്രൻ ഉണ്ടെങ്കിലും ദൈവപുത്രനോടു താദാത്മ്യപ്പെട്ടു ജീവിച്ചിരുന്നത് ആദവും ഹൗവ്വായും മാത്രമായിരുന്നു. അവർ ആ പദവി ഉപേക്ഷിച്ചപ്പോൾ, ദൈവപുത്രനോടു താദാത്മ്യപ്പെട്ടു ജീവിക്കുന്ന ഒരു സൃഷ്ടിപോലും ലോകത്തിൽ ഇല്ലാതെയായി. ഒരു സൃഷ്ടിയെങ്കിലും ദൈവപുത്രനോടു താദാത്മ്യപ്പെട്ട് ജീവിക്കുന്നതായിട്ടുണ്ടായിരുന്നെങ്കിൽ, ആ സൃഷ്ടിയുമായി താദാത്മ്യപ്പെടാൻ സാധിക്കുന്നവർക്ക് അതുവഴി ദൈവപുത്രനോടും പിതാവിനോടും ഐക്യപ്പെടുവാൻ സാധിക്കുമായിരുന്നു. താല്പര്യമുള്ളവർക്കു പോലും അതിനുള്ള വഴിയില്ലാത്ത ഭൂമിയിലാണ് ആദാമ്യമക്കൾ ജനിച്ചുവന്നത്. ആദാം ദൈവപുത്രനോടു താദാത്മ്യപ്പെട്ടു ജീവിച്ചിരുന്നെങ്കിൽ ആദാമിനോടു ജീവനിൽ താദാത്മ്യപ്പെടുന്നവർക്ക് അതുവഴി ദൈവപുത്രനോട് താദാത്മ്യപ്പെടാൻ സാധിക്കുമായിരുന്നു. ആദാമിലൂടെ ജീവൻ ലഭിച്ച ആദാമ്യമക്കൾക്ക് ആദാമിലൂടെ ദൈവപുത്രനോടു താദാത്മ്യപ്പെടാനുള്ള സാദ്ധ്യത ലഭിക്കുമായിരുന്നു. ആദാം ദൈവപുത്രനെ ഉപേക്ഷിച്ചതിനുശേഷം ആദാമിന്റെ ജീവനിൽ താദാത്മ്യപ്പെ

www.malankaralibrary.com

ടുന്നവർക്ക് ആദാമിന്റെ പദവി മാത്രമെ ലഭിക്കുകയുള്ള. ആദാമ്യമക്കൾക്ക് ജന്മനാ ദൈവപുത്രനോട് ഐക്യപ്പെട്ടുള്ളസ്ഥിതി ലഭിക്കുന്നില്ല. എല്ലാ മനുഷ്യർക്കം ശാരീരിക ജീവൻ വഴി ആദാമിനോട് ജന്മനാ ഒരു താദാത്മീകരണമുണ്ട്. തന്മൂലം ആദാമിലെ ദൈവൈക്യമില്ലാത്ത ജീവിതത്തിന്റെ (പാപത്തിന്റെ) വിവിധ പ്രവണതകൾ മനുഷ്യനിൽ നൈസർഗ്ഗികമായി ലഭിക്കുന്നു. ആദാമിനോടു താദാത്മ്യപ്പെട്ട സ്ഥിതിയിൽ (ദൈവൈക്യമില്ലാത്തസ്ഥിതിയിൽ) മനുഷ്യൻ പ്രവർത്തിക്കുമ്പോൾ പാപം അവന്റെ സ്വന്തം പാപമായിത്തീരുന്നു. സ്വന്ത പാപത്തിന്റെ ഉത്തരവാദിത്വം അവനുണ്ട്. എന്നാൽ ജന്മനാ ആദാമിനോടു താദാത്മ്യപ്പെട്ട സ്ഥിതിയിൽ' ആയിത്തീർന്നതിന്റെ ഉത്തരവാദിത്വം അവനില്ല. ഉത്തരവാദിത്വമില്ലെങ്കിലും പാപത്തിന്റെ വേദനയും ഫലവും അനുഭവിക്കേണ്ടിവരുന്നു. ആ പാപസ്ഥിതിയിൽ നിന്ന മനുഷ്യൻ രക്ഷപ്പെടേണ്ടിയിരിക്കുന്നു.

ആദിയിൽ ആദം എന്ന മനുഷ്യവ്യക്തി ദൈവപുത്രനോട് ഐക്യപ്പെട്ടവൻ മാത്രമായിരുന്നു. ക്രിസ്തുവാകട്ടെ, ദൈവവ്യക്തി തന്നെയാണ്. ദൈവവ്യക്തി മനുഷ്യത്വം സ്വാംശീകരിച്ചവനാണ്. ക്രിസ്തുവിന്റെ മനുഷ്യശരീരവും മാനുഷിക ജീവനും ദൈവപുത്രനോട് ഒന്നായിച്ചേർന്നിരുന്നു. ആദാമിലൂടെ ലഭിക്കമായിരുന്നതിനേക്കാൾ ഉന്നതമായ ദൈവൈക്യം യേശുവിലൂടെ ലഭിക്കുന്നു. ആദം മനുഷ്യവർഗ്ഗത്തോട താദാത്മ്യപ്പെട്ടതിലുപരിയായി യേശു മനുഷ്യവർഗ്ഗത്തോട് താദാത്മ്യപ്പെട്ടു. പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിച്ചു. 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവനില്ല' എന്ന് യേശുനാഥൻ അരുളിച്ചെയ്തല്ലോ. യേശുവിനോട് ഒന്നാകുന്നതു വഴി മാത്രമേ ജീവൻ ലഭിക്കുകയുള്ള. യേശുനാഥൻ തന്നോട് താദാത്മ്യപ്പെടുവാൻ എല്ലാവരെയും അനുവദിച്ചു. യേശുനാഥൻ മനുഷ്യവർഗത്തോട് തന്നെത്തന്നെ താദാത്മ്യപ്പെടുത്തി. അതിനായി തന്നെത്തന്നെ തുറന്നു. അതാണ് കുരിശുമരണത്തിലൂടെ നടന്ന രക്ഷ. ആദം മനുഷ്യവർഗ്ഗത്തോട മനുഷ്യവർഗ്ഗത്തിന്റെ പിതാവെന്നനിലയിൽ താദാത്മ്യപ്പെട്ടതുവഴി നമുക്ക പാപം ലഭിച്ചു. നമ്മൾ പ്രവൃത്തിവഴി ആദത്തോടു താദാത്മ്യപ്പെടുമ്പോൾ പാപം നമ്മുടെ (ഉത്തരവാദിത്വമുള്ള) പാപമായിത്തീരുന്നു. ദൈവപുത്രനായ യേശുക്രിസ്തു പാപമുള്ള മനുഷ്യവർഗ്ഗത്തോട് താദാത്മ്യ

www.malankaralibrary.com

പ്പെട്ടതുവഴി മനുഷ്യവർഗ്ഗത്തിന് കൃപയും രക്ഷയും ലഭിച്ചു. ഓരോ വ്യക്തിയും യേശുക്രിസ്തുവിനോട് താദാത്മ്യപ്പെട്ട് പ്രവർത്തിക്കുന്നതുവഴി രക്ഷയും ദൈവജീവനും ഓരോരുത്തരുടെയും സ്വന്തമായിത്തീരുന്നു. യേശുക്രിസ്തുവിനോടു ആത്മജീവൻവഴി താദാത്മ്യപ്പെടുന്നതുവരെ മനുഷ്യൻ ദൈവജീവനിൽ നിന്നു വേർപിരിഞ്ഞ സ്ഥിതിയിലാണ്. പാപത്തിലാണ്. യേശു മനുഷ്യ വർഗ്ഗത്തെ തന്നോടു താദാത്മ്യപ്പെടുത്തിക്കൊണ്ട്, തന്റെ ശരീരത്തിൽ എല്ലാവരുടെയും പാപത്തിനു ശിക്ഷ വിധിച്ചു. പാപത്തെ ഇല്ലാതാക്കിക്കൊണ്ട് ഉയിർത്തെഴുന്നേററു. നമ്മൾ യേശുവിനോടു താദാത്മ്യപ്പെടാത്ത സ്ഥിതിയിലുള്ള ചിന്തകളിൽ നിന്നും ആഗ്രഹത്തിൽനിന്നും പ്രവൃത്തിയിൽനിന്നും വിമോചിതരാകണം. യേശുവിനോടും യേശുവിലൂടെ യേശുവിലുള്ള എല്ലാവരോടും താദാത്മ്യപ്പെട്ട സ്ഥിതിയിലുള്ള ചിന്തയിലേക്കും പ്രവൃത്തിയിലേക്കും കടക്കേണ്ടതുണ്ട്. ഇതാണ് ദൈവരാജ്യത്തിനുവേണ്ടിയുള്ള മാനസാന്തരത്തിന്റെ അടിസ്ഥാനം. പഴയ മനുഷ്യൻ മുഴുവൻ മരിക്കണം. പുതിയ മനുഷ്യൻ (ക്രിസ്തു) മാത്രം ജീവിക്കണം.

യേശുക്രിസ്തുവിൽ മനുഷ്യർ താദാത്മീകരിക്കുന്നതിനു കളമൊരുക്കുന്ന കുരിശുമരണം കഴിയുന്നതിനു മുമ്പ് യേശു പറഞ്ഞ വാക്യമായതുകൊണ്ടാണ് ''ദൈവരാജ്യം സമീപിച്ചിരിക്കുന്നു'' എന്നു പറഞ്ഞതെന്നു ഞാനൂഹിക്കുന്നു. ഓരോ മനുഷ്യനും ദൈവം നൽകുന്ന കൃപയുടെ ശക്തിയോടു സഹകരിച്ച് യേശുവിനോട് ഒന്നായിത്തീരാനുള്ള തീരുമാനം എടുക്കണം, തകർന്ന മനുഷ്യപ്രകൃതിയിലെ പാപപ്രവണതയ്ക്കെതിരായ തീരുമാനങ്ങൾ എടുക്കേണ്ടിയിരിക്കുന്നു. എല്ലാ നിമിഷത്തിലും യേശുവിനെ അടിസ്ഥാനമായി തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള ഒരു പുതിയ ജീവിതത്തിലേക്ക് മനസ്സ് തിരിയേണ്ടിയിരിക്കുന്നു. പത്തു പ്രമാണത്തിനെതിരായുള്ള പാപങ്ങളെ ഉപേക്ഷിക്കുക എന്നതു മാത്രമല്ല മാനസാന്തരത്തിൽ അടങ്ങിയിരിക്കുന്നത്. അടിസ്ഥാനത്തിൽ ദൈവരാജ്യം സ്വീകരിക്കുവാൻ തയ്യാറാവുക എന്നതാണ് മാനസാന്തരത്തിന്റെ കാതൽ. ദൈവിക ജീവൻ സ്വീകരിക്കുക. യേശുക്രിസ്തുവിനോടു താദാത്മ്യപ്പെടുക. യേശുക്രിസ്തുവിനെ നാഥനായി സ്വീകരിക്കുക. യേശുക്രിസ്തു നമ്മിലൂടെ സദാ ജീവിക്കുവാൻ അനുവദിക്കുക. നമ്മിലെ സൃഷ്ടനന്മകളെ ദൈവഹിതമനുസരിച്ചു വിനിയോഗിക്കാൻ താഴ്ത്തി സമർപ്പിക്കുക. ഇതാണ് മാനസാന്തര ജീവിതത്തിനാവശ്യമായത്.

www.malankaralibrary.com

പാപത്തേയും, സ്വാർത്ഥതയേയും, സ്വയകേന്ദ്രീകൃത ജീവിതത്തെയും, വിലകറഞ്ഞ ജീവിത ലക്ഷ്യത്തേയും മുറുകെപ്പിടിച്ചുകൊണ്ട് ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല. ദൈവൈക്യ ജീവിതത്തിന് ആവശ്യമായ ശുദ്ധീകരണം നമ്മിൽ നടത്തുവാൻ സമ്മതിക്കണം. ദൈവരാജ്യ ജീവിതത്തെ സ്നേഹിക്കുകയും ലക്ഷ്യംവെക്കുകയും ചെയ്യണം. മാനസാന്തരത്തിന് ആവശ്യമായ കൃപയും ബോധ്യവും യേശുവിൽ താദാത്മ്യപ്പെടുവാനുള്ള അനുഗ്രഹവും ദൈവമാണ് നൽകുന്നത്. അത് പ്രയോജനപ്പെടുത്തണം.

## ആത്മാവിൽ ദരിദ്രർക്കു ദൈവരാജ്യം

''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാണ്.'' മത്തായി 5:4. കർത്താവ് മലയിൽ വെച്ച് സുവിശേഷ പ്രസംഗം ആരംഭിച്ചത് ഈ വാകൃത്തോടുകൂടിയാണ്. ആരാണ് ആത്മാവിൽ ദരിദ്രർ? യാതൊരു സൃഷ്ട നന്മയിലും മനസ്സ് ഒട്ടിപ്പിടിക്കാതിരിക്കുന്നവരാണ് ആത്മാവിൽ ദരിദ്രരായവർ. അങ്ങനെയുള്ളവർക്ക മാത്രമെ ദൈവിക ജീവൻ സ്വീകരിക്കുന്നതിൽ താത്പര്യമുണ്ടാവുകയുള്ളു. ത്രിത്വജീവിതത്തിൽ പ്രവേശിക്കാൻ സാധിക്കൂ. മനസ്സ് സൃഷ്ടനന്മകളോട് ഒട്ടിപ്പിടിക്കുന്ന താൽപര്യത്തിൽനിന്നും വിമുക്തമാകുമ്പോഠം ഇരുണ്ട രാത്രിയിൽക്കൂടി കടന്നുപോകുന്ന അനുഭവമാണ് മനസ്സിന് ആദ്യമെ അനുഭവപ്പെടുന്നതെന്ന് വിശുദ്ധർ പറയുന്നു. ഭൗതിക വസ്തുക്കളിലെ സൃഷ്ടനന്മകളിൽ ഒട്ടിപ്പിടിക്കുന്നതിൽനിന്നു ലഭിക്കുന്ന രസമോ, സന്തോഷമോ ഇല്ലാതെ കഴിയുമ്പോഠം മനസ്സ് ഇരുണ്ട രാത്രിയിലൂടെ കടക്കുന്നതുപോലെ അനുഭവപ്പെടും. സൃഷ്ടനന്മകളെ വെറുക്കണമെന്നല്ല. ദൈവം അനുവദിച്ചു തരുന്ന സൃഷ്ട നന്മകളെ സ്തോത്രത്തോടെ സ്വീകരിക്കാം. ദൈവം പറയുന്നതുപോലെ ഉപയോഗിക്കാം. പക്ഷേ അവയെപ്പററി ആസക്തിയുള്ള താത്പര്യമുണ്ടാകരുത്. ഇങ്ങനെ ആത്മാവിൽ ദരിദ്രരായവർക്ക മാത്രമേ പരിശുദ്ധാത്മാവുമായി ഐക്യപ്പെടാനും, പരിശുദ്ധാത്മാവ് പറയുന്നത് അനുസരിച്ചു ജീവിക്കുവാനും സാധിക്കൂ. അവർക്ക മാത്രമേ ദൈവപുത്രനോട് ജീവനിൽ ഐക്യപ്പെടാനും ദൈവപുത്രൻെറ നിത്യസമർപ്പണത്തിൽ ചേർന്ന് പിതാവിനോടു യോജിക്കുവാനും സാധിക്കൂ. ഭൗതിക നന്മകളോടുള്ള ആസക്തിയോടുകൂടി ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ശ്രമിക്കുന്നത് ഒട്ടകം സൂചിക്കുഴയിലൂ

www.malankaralibrary.com

ടെ കടക്കാൻ ശ്രമിക്കുന്നതുപോലെ പ്രയാസമേറിയ കാര്യമാണെന്ന് കർത്താവ് അരുളിച്ചെയ്തു.

"ആത്മാവിൽ ദരിദ്രർ" എന്ന വാക്യത്തിന്റെ ആശയം തെററായി ധരിച്ചുകൊണ്ട് ചിലർ അപകടത്തിൽ ചാടാറുണ്ട്. യാതൊരു ജോലിയും ചെയ്യാതെ അലസരായി ദരിദ്രരായി കഴിയാനുള്ള പ്രവണത ചിലർക്ക് ഉണ്ടാകാറുണ്ട്. ദൈവപിതാവ് സമ്മാനമായി നൽകുന്ന സൃഷ്ടനന്മകൾ, പിതാവിന്റെ ഇഷ്ടമനുസരിച്ച് ക്രമീകൃതമായി ഉപയോഗിക്കുന്നതും, മററുള്ളവരുടെ നന്മക്കുവേണ്ടി അദ്ധ്വാനിക്കുന്നതും ദൈവമഹത്വം വളർത്തുന്ന പ്രക്രിയകളാണ്. മനസ്സിന് അവയോട് ആസക്തി ഉണ്ടാകാതിരുന്നാൽ മതി. മററു ചിലർ (പ്രത്യേകിച്ച് കുടുംബജീവിതക്കാർ) അവരുടെ ദൈവവിളിയനുസരിച്ച് അദ്ധ്വാനിക്കുകയും കുടുംബാംഗങ്ങൾക്കുവേണ്ടി സമ്പാദിക്കുകയും ചെയ്യേണ്ട കർത്തവ്യങ്ങൾ ചെയ്യാതെ അദ്ധ്വാനത്തിൽനിന്ന് ഒളിച്ചോടിപ്പോകാറുണ്ട്. വീട്ടിൽ ഭാര്യയും മക്കളും വേണ്ടി അദ്ധ്വാനിച്ച് സമ്പാദിച്ച് അവരെ പരിപാലിക്കുവാനുള്ള ചുമതലയുള്ളവൻ, ആ ചുമതല ചെയ്യാതെ, ഉള്ളതെല്ലാം മററുള്ളവർക്കു കൊടുത്തുകൊണ്ടിരുന്നാൽ ശരിയാകയില്ല. ദൈവം തന്ന ഉത്തരവാദിത്വമനുസരിച്ച് ചെയ്യേണ്ടതു ചെയ്യണം. ദൈവം പറയുന്നതനുസരിച്ച് സമ്പാദിക്കണം. ആസക്തിയാൽ നയിക്കപ്പെട്ടല്ല സമ്പാദിക്കേണ്ടത്. ദൈവേഷ്ടമനുസരിച്ച് വിനിയോഗിക്കയും ചെയ്യണം. കുടുംബത്തിലെ സാമാന്യമായ ചെലവു കഴിഞ്ഞ് പങ്കുവെയ്ക്കാവുന്നത്രയും ദരിദ്രർക്കായി പങ്കുവെയ്ക്കുകയും വേണം. അത് എത്രമാത്രം വേണമെന്ന് അവരവരുടെ മനസ്സാക്ഷിയിൽ ദൈവം അറിയിക്കും. അതിനെല്ലാം ഒരു ക്രമം ഉണ്ടായിരിക്കും. ഉത്തരവാദിത്വത്തിൽ നിന്ന് ഒളിച്ചോടുന്നതു പുണ്യമല്ല. യേശുവിൽ ഐക്യപ്പെട്ടവനെന്ന നിലയിൽ ഓരോ നിമിഷവും എന്തുചെയ്യണമെന്ന് ആലോചിക്കുക. തിരുവചനങ്ങൾ ഭാഗികമായി വ്യാഖ്യാനിച്ച് യേശുവിനോടുള്ള ഐക്യത്തിൽനിന്നും ഉത്തരവാദിത്വത്തിൽനിന്നും മാറിപ്പോകാൻ സാത്താൻ പ്രേരിപ്പിക്കും. യേശുവിനോടുള്ള ഐക്യം വർദ്ധിക്കുവാനായി ഭൗതികാസക്തി കൂടാതെ മനസ്സിനെ സദാ കാത്തു സൂക്ഷിക്കണം. യേശുവിനോടുള്ള ഐക്യവും യേശുവിലായിരുന്നുകൊണ്ട് പിതാവിന് സമ്പൂർണ്ണമായി സമർപ്പിക്കുന്ന അർപ്പണവും ഉപേക്ഷിച്ചു, ദ്രവ്യാസക്തി, സുഖലോലുപത്വം, സ്വാർത്ഥത, സ്വയകേന്ദ്രീകൃത ജീവിതം മുതലായവയാൽ നയിക്കപ്പെട്ടാൽ സ്വർഗ്ഗരാജ്യം പ്രാപിക്കാൻ സാദ്ധ്യമല്ല.

www.malankaralibrary.com

ക്രിസ്തുവിൽ ഉറച്ചേർന്നു സമർപ്പിതരായി ദൈവപുത്രരായി കഴിയുന്നവർ, ദൈവപിതാവിന്റെ സർവ്വസമ്പത്തിനും അവകാശികളാകയാൽ അവർക്ക് ആവശ്യമായ നന്മകൾ പിതാവ് അതാതു സമയത്തു നൽകുന്നതാണ്. സമ്പാദിച്ചു വെയ്ക്കാത്ത പറവകളെ പോററുന്ന ദൈവപിതാവ്, തന്റെ ജീവനിൽ ഉറച്ചേർത്തവരെ വളരെയധികമായി സംരക്ഷിക്കും. ആത്മാവിൽ ദരിദ്രരായവരുടെ ജീവിതശൈലി എന്താണെന്ന് യേശു തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്നു. ഒരിക്കൽ വസ്തുവിഭജനത്തിനു മദ്ധ്യസ്ഥനാകാൻ യേശുവിനോട് ഒരാൾ അപേക്ഷിച്ചു. തന്റെ ദൗത്യം അതല്ലെന്നും, സ്വർഗ്ഗരാജ്യത്തിലേക്ക് ഓരോ വ്യക്തിയെയും നേടുക എന്നതാണ് തന്റെ കർത്തവ്യമെന്നും കർത്താവു പറഞ്ഞു. സ്വർഗ്ഗരാജ്യത്തിനു തടസ്സമാകുന്ന എല്ലാ ആസക്തികളിൽ നിന്നും വിമുക്തിനേടണമെന്നും അപ്പോൾ പഠിപ്പിച്ചു. കർത്താവ് വസ്തുവകകൾ ഉപയോഗിച്ചിരുന്നു. ദൈവപിതാവിന്റെ സ്നേഹസമ്മാനമായിട്ടാണ് അവ സ്വീകരിച്ചതു്. ദൈവപിതാവിന് സമ്പൂർണ്ണസമർപ്പണം നടത്തിക്കൊണ്ട് പിതാവിന്റെ ഇഷ്ടമനുസരിച്ചു യേശു അവ ഉപയോഗിക്കുകയോ, ദാനം ചെയ്യുകയോ ചെയ്തു. ഒരു വസ്തുവിന്റെയും അടിമയായിത്തീർന്നില്ല.

ദൈവികജീവൻ സ്വീകരിച്ചു ദൈവത്തോട് ഐക്യപ്പെടുക എന്നത് എത്രമേൽ മഹത്വമേറിയ കാര്യമാണെന്ന് ബോധ്യമായവർക്ക്, അതിനുവേണ്ടി ആത്മാവിൽ ദരിദ്രരാകുവാൻ ഒരു പ്രയാസവും തോന്നുകയില്ല.

## നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ

''നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവരുടേതാകുന്നു'', മത്തായി 5: 6, 10. ദൈവത്തോടു സംയോജിക്കുവാൻ തക്കവണ്ണം ശ്രേഷ്ഠമായ സ്വഭാവ വിശുദ്ധി എന്നതാണ് ''നീതി'' എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നതു്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരുവാൻ വേണ്ടി ദൈവപിതാവു സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുവാനും, ക്ഷമിക്കുന്നതുപോലെ ക്ഷമിക്കുവാനും, പരിശുദ്ധനായിരിക്കുന്നതുപോലെയായിത്തീരുവാനും യേശുനാഥൻ പഠിപ്പിച്ചു. നമ്മുടെ ആഗ്രഹവും ലക്ഷ്യവും അതായിരിക്കണം. അതിന്റെ ഫലമായി സ്വർഗ്ഗരാജ്യം (ത്രിത്വത്തിലെ

www.malankaralibrary.com

ജീവിതം) (കൃപാജീവിതം) ലഭിക്കും. ഇത്രമേൽ ഉന്നതമായ സ്വഭാവ ശ്രേഷ്ഠത(വിശുദ്ധി) നമുക്കു തനിയെ ഉണ്ടാക്കിയെടുക്കാൻ സാദ്ധ്യമല്ല. യേശുവിനോട് ഐക്യപ്പെടുന്നതനുസരിച്ച് യേശു നമ്മെ നീതികരിച്ചെടുക്കും. അതിനായി നമ്മൾ തീഷ്ണമായി ആഗ്രഹിക്കുകയും കർത്താവിനോടു മുഴമനസ്സോടെ സഹകരിക്കുകയും വേണം. പാപത്തിൽ കഴിയുന്നവരുടെ നടുവിൽ നമ്മൾ നീതിയനുസരിച്ചു ജീവിക്കുവാൻ ശ്രമിച്ചാൽ യേശു സഹിച്ചതുപോലെ സഹിക്കേണ്ടിവരും. സഹനസമയത്തു നമുക്കു പ്രത്യാശ നൽകുന്ന ഒരു കാര്യമുണ്ട്. നീതിക്കുവേണ്ടി കഷ്ടപ്പെടുന്നവർ ഭാഗ്യവാന്മാരാണ്. അവർ സ്വർഗ്ഗരാജ്യം എന്ന മഹാഭാഗ്യമാണ് നേടുന്നത്. സ്വർഗ്ഗരാജ്യം നേടാനുള്ള നമ്മുടെ ആഗ്രഹവും അദ്ധ്വാനവും സഹനങ്ങളും നമുക്കു സ്വർഗ്ഗരാജ്യം നൽകുവാൻ ദൈവത്തെ പ്രേരിപ്പിക്കുന്ന ഘടകങ്ങളായി നില്ക്കും. കഷ്ടതകൾ താല്ക്കാലികം. പ്രതിഫലമോ നിത്യം. ഭൂമിയിൽവെച്ച് ദൈവരാജ്യജീവിതം നയിക്കുമ്പോൾ നമുക്കു പീഡകളുണ്ടാകും എന്ന് ഓർത്തിരിക്കാം.

## അവഹേളനവും ദൈവരാജ്യവും

''എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും.'' (മത്തായി 5:11-12). യേശുവിനോട് ഐക്യപ്പെട്ട്,യേശുവിന്റെ ജീവിതശൈലിയിൽ ജീവിക്കുമ്പോൾ, (ദൈവികജീവൻ സ്വീകരിച്ചു ജീവിക്കുമ്പോൾ) ലോകം നമ്മെ അവഹേളിക്കും. മയരായി കണക്കാക്കും. യേശുവിനോട് ഐക്യപ്പെടാതെ, (ദൈവികജീവൻ സ്വീകരിക്കാതെ) കഴിയുന്നവരെയാണ് ലോകം എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. അങ്ങനെയുള്ള മനുഷ്യർ ദുരാരോപണം നടത്തിയും അവഹേളിച്ചും നമ്മെ നഷ്ടധൈര്യരാക്കാറുണ്ട്. നഷ്ടധൈര്യരാകുമ്പോൾ യേശുവിനോടുള്ള ഐക്യം ഉപേക്ഷിച്ച് ലോകത്തിന്റെ ശൈലിയിൽ ജീവിക്കുവാൻ പ്രേരണ തോന്നിയേക്കാം. ലോകത്തിന്റെ വാക്കുകൾ അവഗണിച്ചാൽ മാത്രം പോരാ. അവർ വരുത്തുന്ന അവഹേളനവും മനഃക്ലേശവും നമ്മൾ യേശുവിൽ ഐക്യപ്പെട്ടു ജീവിക്കുന്നതിന്റെ അടയാളമായി കണക്കാക്കുകയും ദൈവരാജ്യജീവിതം ആരംഭിച്ചതോർത്ത് ആഹ്ളാദിച്ചു കുതിച്ചു ചാടുകയും ചെയ്യണം,

www.malankaralibrary.com

യേശുവിന് ഇതേ അനുഭവമുണ്ടായി. യേശുവിൽ ഐക്യപ്പെട്ട് ത്രിത്വ ജീവിതം ആരംഭിക്കുമ്പോൾ ലോകത്തിൽനിന്ന് ഇതേ അനുഭവം എല്ലാവർക്കും ഉണ്ടാകും. കൂടുതൽ ഐക്യം ലഭിച്ചതിന്റെ അടയാളമായി ആ അവഹേളനത്തെ പരിഗണിക്കണം. കർത്താവിനെ പ്രതിയുള്ള പീഡകളിൽ അഭിമാനിക്കുന്നതായി വി. പൗലോസ്ശ്ലീഹാ പലപ്രാവശ്യം പറഞ്ഞിരിക്കുന്നു. കർത്താവിന്റെ പീഡകളിൽ പങ്കെടുക്കാനായി തനിക്കു ലാഭമായിരുന്നതെല്ലാം ഉച്ഛിഷ്ടം പോലെ ഉപേക്ഷിക്കുന്നതായി വി. പൗലോസ് പറയുന്നു. പലരും സാക്ഷ്യം പറയുന്നതു കേട്ടിട്ടുണ്ട്. ''ഞാൻ തോന്ന്യാസം ജീവിച്ചപ്പോൾ ആർക്കും എന്നെ പരിഹസിക്കാൻ തോന്നിയില്ല. ഞാൻ എന്നെ യേശുവിനു സമർപ്പിച്ചപ്പോൾ മുതൽ പലരും പരിഹസിക്കുവാൻ തുടങ്ങി.'' യേശുവിൽ ഐക്യപ്പെട്ടുള്ള ജീവിതം നയിക്കുവാൻ അനുദിനം കുരിശെടുത്ത് യേശുവിനെ അനുഗമിക്കണമെന്ന് അരുളിച്ചെയ്യുന്നു. ബാഹ്യസഹനങ്ങൾ കൃപാജീവിതത്തിന്റെ അവശ്യഘടകമായിത്തന്നെ പരിഗണിക്കണം.

## ദൈവത്തെ മഹത്വപ്പെടുത്തട്ടെ

''മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.'' (മത്തായി 5:16)

കൃപാജീവിതത്തിന് പറയുന്ന മറ്റൊരു പേരാണ് പ്രകാശം, (വെളിച്ചം) എന്നത്. പ്രകാശം എപ്പോഴും വികിരണ പ്രകൃതിയുള്ളതാണ്. ദൈവത്തിന്റെ ജീവിതം എപ്പോഴും നന്മകൾ മറ്റുള്ളവർക്ക് സ്നേഹപൂർവ്വം നല്കിക്കൊണ്ടുള്ള ജീവിതമാണ്. വികിരണ പ്രകൃതിയുള്ളതാണ്. ദൈവികജീവൻ സ്വീകരിച്ചവരുടെയും ജീവിതം അങ്ങനെയാകണം. കൃപാജീവിതം നയിക്കുന്നവർ ദൈവത്തോട് ഐക്യപ്പെട്ടു കഴിയുന്നവരാകയാൽ, ദൈവത്തിന്റെ അനവധിയായ നന്മകൾ അവരിലൂടെ വികിരണം ചെയ്യുവാൻ ദൈവം അനുവദിക്കും. സൽപ്രവൃത്തികളിൽക്കൂടിയാണ് നന്മകൾ പ്രകാശിക്കുക. സൽപ്രവൃത്തികൾ ദൈവമഹത്വം തന്നെയാണ്. പ്രകാശിക്കുന്ന നന്മകളോരോന്നും ദൈവത്തിന്റെ മഹത്വത്തിന്റെ പ്രകാശനങ്ങളാണ്. സൽപ്രവൃത്തികൾ വഴി അധികമധികമായ നന്മകൾ മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കണം. ദൈവം പ്രവൃത്തനനിരതനാണ്. ദൈവൈ

www.malankaralibrary.com

കൃത്തിൽ കഴിയുന്നവരും അങ്ങനെ തന്നെ ആകണം. കൃപാജീവിതത്തിൽ കഴിയുന്നവരിൽക്കൂടി വളരെയേറെ നന്മകൾ അനേകർക്കു നൽകുവാൻ ദൈവം പദ്ധതി ഒരുക്കിയിട്ടുണ്ട്. എന്നാൽ അവ ദൈവത്തിന്റെ നന്മകളാണെന്ന് എളിമയോടു കൂടി സദാ സമ്മതിക്കണം. മററുള്ളവർ അങ്ങനെ തന്നെ പറയാൻ ഇടയാകണം. വി. പൗലോസ്ശ്ലീഹാ പറയുന്നത്, 'എന്റെ ബലഹീനതകളിലല്ലാതെ മറെറാന്നിലും എനിക്ക് അഭിമാനിക്കാൻ വക ഇല്ലാ'. 'ഞാനല്ല, എന്നോടുകൂടിയുള്ള ദൈവകൃപ അദ്ധ്വാനിച്ചു'. 'അഭിമാനിക്കുന്നവർ കർത്താവിൽ അഭിമാനിക്കട്ടെ........' എന്നിങ്ങനെയാണ്. കർത്താവ് നമ്മെ തന്നോട് ഐക്യപ്പെടുത്തിയതിനും കർത്താവിന്റെ നന്മകൾ നമ്മിൽക്കൂടി പ്രകാശിപ്പിക്കുന്നതിനും കർത്താവിനെ മഹത്വപ്പെടുത്താം, സ്തുതിക്കാം. സൽപ്രവൃത്തികളെയോ അവയുടെ ഫലത്തെയോ ഓർത്ത് സ്വയം സ്തുതിക്കാനോ സ്തുതിക്കപ്പെടാനോ ഉള്ള പ്രലോഭനം ഉണ്ടാകാം. ആ പ്രലോഭനത്തിൽനിന്ന് രക്ഷപ്പെടണം. സദാ ദൈവത്തെ സ്തുതിക്കണം.

ദൈവൈക്യത്തിൽ ചെയ്യുന്ന സൽപ്രവൃത്തികൾ വഴി ദൈവൈക്യം വളർന്നു വളർന്നു വരും. കൂടുതൽ സൽപ്രവൃത്തികൾ ചെയ്യാൻ കഴിവുകിട്ടും. സ്വർഗ്ഗീയ സന്തോഷവും അതിനനുസരിച്ച് വർദ്ധിക്കും. ദൈവൈക്യം വളരുന്നതനുസരിച്ച്, പരസ്നേഹവും നന്മപ്രവൃത്തികളും ആന്തരികസന്തോഷവും വളർന്നു വരുന്നു.

## സ്വർഗ്ഗരാജ്യത്തിലെ ചെറിയവനും വലിയവനും

മത്തായി 5:17–20 വരെയുള്ള വാക്യങ്ങളിൽ സ്വർഗ്ഗരാജ്യത്തിലെ വലിയവൻ ആരാണെന്ന് കർത്താവു പഠിപ്പിക്കുന്നു. ചെറിയ കാര്യങ്ങളിൽപ്പോലും ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞ് ദൈവത്തോടുകൂടി പ്രവർത്തിക്കുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ വലിയവൻ. ധാർമ്മിക പ്രമാണങ്ങളിലൂടെ വ്യക്തമാകുന്നത്, ദൈവൈക്യജീവിതം എങ്ങനെ നയിക്കണമെന്നാണ്. ധാർമ്മികനിയമങ്ങൾക്കു ചേരാത്ത ആചാരനിയമങ്ങളെയും പാരമ്പര്യനിയമങ്ങളെയും ഉപേക്ഷിക്കാൻ കർത്താവ് പഠിപ്പിച്ചു. ധാർമ്മിക നിയമത്തിന്റെ കൂടുതൽ സൂക്ഷ്മമായ ഉപദേശം പറഞ്ഞുതരുകയും ചെയ്തു. ഏററവും നിസ്സാരമായ പ്രമാണമെങ്കിലും ലംഘിക്കുന്നവൻ ദൈവൈക്യത്തിൽ അത്രയും കുറവുള്ളവനായി

www.malankaralibrary.com

രിക്കും. സ്വർഗ്ഗരാജ്യത്തിൽ ചെറിയവനായിരിക്കും. കൃപാജീവിതമെന്ന പറയുന്നത്, ''ദൈവം കൃപകാണിക്കും അതിനാൽ ഏതു തെററുചെയ്താലും പ്രശ്നമില്ല....'' എന്നപറയുന്ന തോന്ന്യാസ ജീവിതമല്ല. റോമ 6:1.ദൈവത്തോട് ഐക്യപ്പെടുവാൻ ആവശ്യമായവിധത്തിൽ നമ്മെ സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ടുള്ള വിശുദ്ധജീവിതമാണ് കൃപാജീവിതം. ചെറിയ കാര്യങ്ങളിൽപ്പോലും ദൈവത്തിൻെറ നന്മയും സൽപ്രവൃത്തികളും നമ്മിൽക്കൂടി പ്രകാശിക്കുവാൻ തക്കവണ്ണം ദൈവഹിതം അന്വേഷിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന വിശുദ്ധജീവിതമാണ് കൃപാജീവിതം.

## കർത്താവേ,എന്നു വിളിച്ചതുകൊണ്ടായില്ല

(മത്തായി 7:21)

കർത്താവേ, കർത്താവേ, എന്ന വിളിച്ചതുകൊണ്ടോ,കർത്താവിൻെറ നാമത്തിൽ അൽഭുതം ചെയ്തതുകൊണ്ടോ ആരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. ദൈവശക്തികൾ നമ്മിൽക്കൂടി ഒഴുകുന്നതുകൊണ്ടുമാത്രം സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. പിതാവിൻെറ ഇഷ്ടം ചെയ്താൽ മാത്രമെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ള. ദൈവൈക്യം ലഭിക്കുകയുള്ളൂ. കൃപാജീവിതം എന്ന പറയുന്നത് ഏതാനും വരങ്ങളുടെ പ്രകടനമോ ദൈവാനുഗ്രഹങ്ങൾ യഥേഷ്ടം ഉപയോഗിക്കുന്നതിൻെറ മഹത്വമോ അല്ല. മലകളെ മാററുവാൻതക്കവണ്ണമുള്ള വിശ്വാസം കിട്ടിയതുകൊണ്ടുമായില്ല. ദൈവത്തെ കർത്താവായി പ്രഖ്യാപിച്ചതുകൊണ്ടുമായില്ല. പ്രാർത്ഥിച്ച് ആഗ്രഹങ്ങൾ സാധിച്ചതുകൊണ്ടുമായില്ല. യേശുവിൻെറ ആന്തരികജീവിതത്തിൽ ചേർന്നുള്ള ജീവിതമാണ് കൃപാജീവിതം. യേശു യഥാർത്ഥത്തിൽ നമ്മുടെ തലയായിത്തന്നെ വർത്തിക്കത്തക്കവണ്ണം നമ്മെ വിധേയപ്പെടുത്തണം. ദൈവേഷ്ടം സ്വന്തം ഇഷ്ടമായി ചെയ്യത്തക്കവണ്ണം യേശുവിനോട് ഐക്യപ്പെടണം.

## ഇടുങ്ങിയ വഴിയും ദൈവരാജ്യവും

(മത്തായി 7:13–14)

ജീവനിലേക്കു കടക്കുവാൻ ഇടുങ്ങിയ വാതിലിൽക്കൂടി പ്രവേശിക്കണമെന്ന് കർത്താവ് അരുളിച്ചെയ്തു. കൃപാജീവിതത്തിനുള്ള മറെറാരു പേരാണ് ജീവൻ എന്നത്. ദൈവത്തോടും ദൈവത്തിൽ ഐക്യപ്പെട്ടിരിക്കുന്ന സകല സ്വർഗ്ഗവാസികളോടും ഭൂവാസികളോടും സംയോജിച്ച

www.malankaralibrary.com

ുള്ള ഒരു ജീവിതമാണ് കൃപാജീവിതം.അതു് സ്വന്തം കാര്യം മാത്രം നോക്കി തനിയെ ജീവിക്കുന്ന ജീവിതമല്ല. കൂട്ടായ്മയുടെ ജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ സ്വാർത്ഥതയുടെ ജീവിതശൈലിയെ ഉപേക്ഷിക്കണം. തിന്മയുടെ ഓരോ പ്രവണതയേയും ഉപേക്ഷിക്കണം. പഴയ മനുഷ്യൻ മുഴുവനായി കുരിശിക്കപ്പെടണം. ഇതാണ് ഇടുങ്ങിയ വാതിലിൽക്കൂടി പ്രവേശിക്കുക എന്നുപറയുമ്പോൾ അർത്ഥമാക്കുന്നത്. ദൈവപുത്രനായിത്തീർന്നാൽ പിന്നെ സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. നമ്മിലേയ്ക്കു് നിക്ഷേപിക്കപ്പെട്ട ദൈവികജീവൻ ഏററം വലിയ സാമൂഹ്യജീവിതത്തിനു പ്രേരിപ്പിക്കുന്ന ജീവനാണ്. നാടിൻെറയും വീടിൻെറയും രാജ്യത്തിൻെറയും കാലത്തിൻെറയും ഭൂമിയുടെയും അതിരുകൾ കടന്നുള്ള ഒരു സാമൂഹ്യജീവിതത്തിനു ഒരുക്കുന്ന കൂട്ടായ്മയുടെ ജീവനാണ് ദൈവികജീവൻ. ഈ ജീവൻ സ്വീകരിച്ചു മുന്നേറുന്നവർ സ്വാർത്ഥതയുടെ എല്ലാ വേലിക്കെട്ടുകളും തകർക്കേണ്ടിയിരിക്കുന്നു. ദൈവത്തോടും ദൈവത്തിലൂടെ എല്ലാവരോടും സംയോജിച്ചുള്ള ജീവിതം ആരംഭിക്കുമ്പോൾ മററുള്ളവരുടെ കഷ്ടതകളിലും ദുരിതങ്ങളിലും പങ്കുചേർന്നു് അവരെ ദുരിതത്തിൽനിന്നു രക്ഷിക്കാൻ അദ്ധ്വാനിക്കേണ്ടിയിരിക്കുന്നു. മററുള്ളവരുടെ പാപങ്ങൾക്കും യേശുവിനോടുകൂടി പരിഹാരം ചെയ്യേണ്ടിയിരിക്കുന്നു. യേശുനാഥൻ ദൈവികജീവൻെറ സമ്പൂർണ്ണതയോടുകൂടി ഭൂമിയിൽ ജീവിച്ചപ്പോൾ എല്ലാവരെയും തന്നിൽ ഉൾച്ചേർക്കാൻ തന്നെത്തന്നെ തുറന്നത് കാണാമല്ലോ. യേശുവിനോടുകൂടി നമ്മൾ എല്ലാവരോടും ജീവനിൽ ഒന്നാകത്തക്കവണ്ണം സ്നേഹിക്കുമ്പോൾ വലിയ ക്ളേശങ്ങളും പീഡകളും അനുഭവിക്കേണ്ടിവരും. എന്നാൽ ഇടുങ്ങിയ വാതിലിൽക്കൂടി പ്രവേശിച്ച് ജീവൻ സമ്പാദിക്കുന്നവർ, നശിച്ചുപോകാത്ത നിത്യഭാഗ്യമാണു നേടുന്നത്.

നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ദൈവികജീവൻെറ പ്രവണതകൾ, നമ്മുടെ ശരീരത്തിലും മനസിലുമുള്ള പാപത്തിൻെറ പ്രവണതകളോട് കടകവിരുദ്ധമായി നിലകൊള്ളുന്നു. ഞാൻ എന്നെ എൻെറ ശരീരത്തിലും മനസ്സിലുമുള്ള സ്വാർത്ഥതാൽപ്പര്യങ്ങളോടു താദാത്മ്യപ്പെടുത്തി ചിന്തിക്കുമ്പോൾ എൻെറ കേന്ദ്രഭാഗത്തു നിന്നുവരുന്ന ദൈവജീവൻെറ താൽപ്പര്യങ്ങൾ എനിക്ക് പ്രയാസകരമായി അനുഭവപ്പെടും. ഒരുവൻ കൃപാജീവിതം നയിക്കാൻ തീരുമാനിച്ചാൽ എല്ലാ സമയവും അവൻെറ കേന്ദ്രഭാഗത്തുനിന്നു വരുന്ന

www.malankaralibrary.com

ദൈവജീവന്റെ നിർദ്ദേശം മാത്രം അനുസരിക്കണം. അത് ഇടുങ്ങിയ വാതിലിൽക്കൂടി പ്രവേശിക്കുന്നതുപോലെ പ്രയാസമുള്ളതായി ആദ്യം അനുഭവപ്പെടും. ദൈവജീവൻ ഉപേക്ഷിച്ച് സ്വാർത്ഥതയിലും ശരീരത്തിന്റെയും മനസ്സിന്റെയും പ്രവണതയാലും നയിക്കപ്പെടുന്നവന് തൽക്കാലം വിസ്തൃതമായ വഴിയിലൂടെ നടക്കുന്നതുപോലെയുള്ള സ്വാതന്ത്ര്യം അനുഭവപ്പെടും. പക്ഷേ, അവൻ നിത്യജീവനില്ലാതെ നശിച്ചുപോകും.

## ദൈവരാജ്യവും അത്ഭുതങ്ങളും

മത്തായി: 11:1–6

ദൈവജീവൻ നിറഞ്ഞിരുന്ന യേശുനാഥൻ തന്റെ ശക്തിയും ജീവന്റെ മഹത്വവും ഒരളവിൽ രോഗികളിലേക്ക നിവേശിപ്പിച്ചാണ് രോഗശാന്തി നൽകിയത്. ദൈവരാജ്യം വരുന്നതിന്റെ ലോലമായ ഒരു ബാഹ്യചിഹ്നമാണ് രോഗശാന്തി. നമ്മുടെ ബലഹീനതകൾ യേശു തന്നിലേക്ക വഹിക്കുകയും തന്റെ മഹത്വം നമ്മിലേക്ക നിവേശിപ്പിക്കുകയും ചെയ്തുകൊണ്ട് ജീവനിലുള്ള ലോലമായ ഐക്യത്തിന്റെ ഒരു ചെറിയ അനുഭവം ആദ്യം നൽകുകയാണ് രോഗശാന്തിയിലൂടെ. കൃപാജീവിതത്തിന്റെ ലോലമായ ഒരു ആദ്യദാനം മാത്രമാണ് രോഗശാന്തിയും അത്ഭുതങ്ങളും. രോഗികൾ സുഖം പ്രാപിക്കുന്നതും ദരിദ്രരോട് രാജ്യത്തിന്റെ സുവിശേഷം അറിയിക്കപ്പെടുന്നതും താൻ ദൈവജീവൻ നൽകാൻ വന്നവനാണെന്നുള്ളതിന്റെ അടയാളമാണെന്ന് യോഹന്നാന്റെ ശിഷ്യരോട് യേശു അരുളിച്ചെയ്തു. യേശു മനുഷ്യരിൽനിന്ന് പിശാചുക്കളെ ബഹിഷ്കരിച്ചപ്പോൾ പിശാചുക്കളുടെ തലവനെക്കൊണ്ടാണ് അങ്ങനെ ചെയ്യുന്നതെന്ന് ഫരീസയർ പ്രസ്താവിച്ചു. അപ്പോൾ യേശു പറഞ്ഞു: ദൈവകരംകൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളുടെയിടയിൽ വന്നുകഴിഞ്ഞു. പിശാചുബാധിതനെ യേശു ഒരളവിൽ തന്റെ മഹത്വത്തോടു യോജിപ്പിച്ച് തന്റെ ശക്തിയും ജീവനും ഒരളവിൽ അവനിലേക്ക നിവേശിപ്പിച്ചാണ് അവന്ന സ്വാതന്ത്ര്യവും മഹത്വവും നൽകുന്നത്. ദൈവരാജ്യം വരുന്നതിന്റെ ഒരു ചെറിയ അടയാളമാണ് പിശാചിന്റെ ശക്തിയിൽനിന്നുള്ള വിമോചനം. ഓരോ അന്ധകാരശക്തിയും മാറിപ്പോകുന്നത് കൃപാജീവിതത്തിന്റെ ഫലമാണ്. ഈ ആദ്യാനുഭവങ്ങൾ മാത്രം ആഗ്രഹിച്ചാൽ

www.malankaralibrary.com

പോരാ. കൃപാജീവിതത്തിൽ വളരെ പുരോഗമിക്കാനുണ്ട്. കൃപാജീവിതത്തിന്റെ ആഴമുള്ള മഹാഭാഗ്യത്തിലേക്ക് ക്രിസ്തു ഓരോ മനുഷ്യനെയും ക്രമേണ നയിച്ചുകൊണ്ടിരിക്കയാണ്. കൃപാജീവിതത്തിന്റെ ആഴത്തിലേക്കു കടക്കുമ്പോൾ ചില ഭൗതിക നന്മകൾ നഷ്ടപ്പെട്ടും. രോഗശാന്തി വഴി ലഭിച്ച നന്മകൾതന്നെ നഷ്ടപ്പെട്ടേക്കാം. ഉയിർപ്പിക്കപ്പെട്ട ലാസർ പിന്നെയും മരിച്ചു. അപ്പം തിന്നവർക്കു പിന്നെയും വിശന്നു. ഭൗതിക നന്മകൾ നഷ്ടപ്പെടുമ്പോൾ യേശുവിനെ ഉപേക്ഷിച്ച് കൃപാജീവിതത്തിൽനിന്ന് പുറകോട്ടു പോകാനല്ല, കൃപാജീവിതത്തിൽ വളരാൻ ഇടയാകണം. ശിഷ്യന്മാർ എത്രയേറെ ക്ലേശങ്ങളുടെ നടുവിലാണ് യേശുവിനോടുള്ള ഐക്യത്തിൽ പുരോഗമിച്ചത്. രോഗശാന്തിയൊക്കെ മാനസാന്തരത്തിനു വഴിതെളിക്കാൻവേണ്ടി മാത്രം നൽകുന്ന ആദ്യകൃപകളാണ്. അനേകം അൽഭുതങ്ങളും രോഗശാന്തികളും നൽകിയിട്ടും അനുതപിക്കാതിരുന്ന നഗരങ്ങൾക്കു ദുരിതം എന്നു കർത്താവ് അരുളിച്ചെയ്തു. കൃപയുടെ ആദ്യാനുഭവങ്ങൾ ലഭിക്കുമ്പോൾ മുതൽ ക്രമേണ പുരോഗമിക്കണം. സമ്പൂർണ്ണമായ ദൈവൈക്യത്തിലേക്കു പുരോഗമിക്കണം. രോഗശാന്തി വാങ്ങി തോന്നാസ്യം ജീവിക്കാനുള്ള കുറുക്കു വഴിയല്ല കൃപാജീവിതം.

യേശുവിനോട് പരിശുദ്ധാത്മാവുവഴി ഒരു പ്രത്യേക രീതിയിൽ ഐക്യപ്പെട്ടത്തിയ ശിഷ്യന്മാരെ രോഗശാന്തി നൽകാനും പിശാചുക്കളെ ബഹിഷ്ക്കരിക്കാനും ദൈവരാജ്യം പ്രസംഗിക്കാനുമായി യേശു പറഞ്ഞയച്ചു. ആളുകൾ സൗഖ്യം പ്രാപിക്കുന്നതും പിശാചുക്കൾ കീഴടങ്ങുന്നതും കണ്ട് ശിഷ്യന്മാർ അത്യന്തം ആഹ്ളാദിച്ചു. അഭിമാനിച്ചു. അപ്പോൾ യേശു അരുളിച്ചെയ്തു: ''ആ ഫലങ്ങൾ നോക്കി ആനന്ദിക്കുകയല്ല വേണ്ടത്. നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടതിൽ ആനന്ദിക്കുവിൻ.'' അതായത്, നിങ്ങൾക്ക് ദൈവത്തിൽ ഉൾച്ചേർന്നുള്ള ജീവിതം കിട്ടിയതിൽ —കൃപാജീവിതത്തിൽ—ആനന്ദിക്കുവിൻ. നമ്മിൽക്കൂടി ദൈവശക്തികൾ പ്രവഹിക്കുന്നതിലല്ല ആനന്ദിക്കേണ്ടത്. നമ്മുടെ വ്യക്തിത്വം ദൈവത്തിൽ ഉൾച്ചേർക്കാൻ ദൈവം കൃപ നൽകിയതിൽ നന്ദിയോടുകൂടി ആനന്ദിക്കണം. ഇത്രയും പറഞ്ഞതിനുശേഷം യേശു വളരെ സന്തുഷ്ടനായി അരുളിച്ചെയ്തു: ''ദൈവത്തിലുള്ള കൂട്ടായ്മയുടെ രഹസ്യം (കൃപാജീവിതത്തിന്റെ രഹസ്യം) വിജ്ഞാനികൾക്കു മനസ്സിലാകുന്നില്ല. എന്നാൽ ശിശുഹൃദയർക്ക് ദൈവം അതു വെളിപ്പെടുത്തിക്കൊടുക്കുന്നു. ശിശുഹൃദയർക്കു മാത്രമേ അതു

www.malankaralibrary.com

മനസ്സിലാക്കാനോ സ്വീകരിക്കാനോ സാധിക്കുകയുള്ളൂ. പിതാവ് പുത്രനെയും പുത്രൻ പിതാവിനെയും അറിയുന്നു. അതായത് പരസ്പരം ഉൾച്ചേർന്ന് ഒന്നായുള്ള സ്നേഹത്തിൽ അറിയുന്നു. പുത്രനിൽ ചേർക്കുന്നവർക്കും പിതാവിനെ അറിയാനുള്ള അനുഗ്രഹം പുത്രൻ നൽകുന്നു. പുത്രനിൽ ചേർന്നുള്ള ജീവിതം ലഭിക്കുന്നവർക്കും പുത്രനിലൂടെ പിതാവിനെ അറിയാൻ സാധിക്കുന്നു. ഈ കൃപാജീവിതത്തിന്റെ ആനന്ദവും മഹത്വവും ആസ്വദിക്കുവാൻ അനേകം പ്രവാചകന്മാരും രാജാക്കന്മാരും ആഗ്രഹിച്ചു. പക്ഷെ അവർക്ക് ആ ഭാഗ്യം കിട്ടിയില്ല. ക്രിസ്തുവിലൂടെ ആ ഭാഗ്യം എല്ലാവർക്കും നൽകാൻ ക്രിസ്തു മനസ്സായിരിക്കുന്നു.

## സ്നാപകനു കിട്ടിയതിനെക്കാൾ വലിയഭാഗ്യം

മത്തായി 7:11

'സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ഇല്ല. എന്നാൽ ദൈവരാജ്യത്തിലെ ഏററവും ചെറിയവൻ യോഹന്നാനെക്കാൾ വലിയവനാണ്' എന്ന് കർത്താവ് അരുളിച്ചെയ്തു. അമ്മയുടെ ഉദരത്തിൽ വെച്ചു തന്നെ പരിശുദ്ധാത്മബന്ധം ലഭിച്ച ഭാഗ്യവാനാണ് സ്നാപകയോഹന്നാൻ. എന്നാൽ യേശുവിൽ ഉൾച്ചേർന്ന് യേശുവിനോടും പിതാവിനോടും ഐക്യപ്പെടുവാൻ കഴിയുന്ന ഏററവും നിസ്സാരനായ വ്യക്തിക്കു ലഭിക്കുന്ന ദൈവികജീവനിലുള്ള ഭാഗഭാഗിത്വം പോലും സ്നാപകയോഹന്നാനു കിട്ടിയ ദൈവൈക്യത്തേക്കാൾ വലുതാണ്. പരിശുദ്ധാത്മാവുവഴി ലഭിക്കുന്ന ദൈവൈക്യത്തേക്കാൾ ഉന്നതമായ ദൈവൈക്യമാണ് പുത്രന്റെ ജീവനിലുള്ള ഐക്യം വഴി ലഭിക്കുന്ന ഐക്യം. പരിശുദ്ധാത്മാവിലുള്ള ഐക്യം പുത്രന്റെ ജീവനിലുള്ള ഐക്യത്തിലേക്കു മനുഷ്യനെ നയിക്കുന്നു. ദൈവജീവനിലുള്ള ഐക്യം ഇല്ലാത്തവരിൽപോലും പരിശുദ്ധാത്മാവ് കടന്നു ചെന്ന് പ്രവർത്തിക്കാറുണ്ട്. ജീവനിൽ യേശുക്രിസ്തുവിനോട് ഒന്നായിത്തീരുമ്പോൾ തലയും ഉടലും പോലെ ഒന്നാക്കുന്ന ഐക്യമാണ് ഉണ്ടാകുന്നത്. ജീവനിലുള്ള ഐക്യം വളരുന്നതനുസരിച്ച് പരിശുദ്ധാത്മാവിലുള്ള ഐക്യം വളരുകയും ചെയ്യും. യേശുനാഥൻ മനുഷ്യാവതാരം ചെയ്തപ്പോൾ തന്നെ മനുഷ്യർക്കായി കൃപാജീവിതത്തിന്റെ അടിത്തറ ഒരുക്കി. എന്നാൽ ക്രൂശാരോഹണത്തിലും ഉയിർപ്പിലുമാണ് അത് സാക്ഷാൽക്കരിച്ചത്. കൃപാ ജീവിതം നൽകി എല്ലാവരെയും തന്നോടു സംയോജിപ്പിക്കാനുള്ള പ്രവർത്തനം

www.malankaralibrary.com

യേശു ക്രൂശിൽ വെച്ച് നടത്തി. ഓരോ മനുഷ്യനും അത് അറിഞ്ഞു സ്വായത്തമാക്കിയെടുക്കുന്ന പ്രവൃത്തിയാണ് ഇന്ന് ഓരോ മനുഷ്യനിലും നടക്കുന്നത്. ദൈവൈക്യത്തിൽ യേശുവിനോട് ഒന്നാകുന്നതിനായി നമ്മാം ചെയ്യാനുള്ളതെല്ലാം ചെയ്യണം. യേശുവിലൂടെ ദൈവരാജ്യം മനുഷ്യർക്കായി തുറക്കപ്പെട്ടത് സ്വീകരിക്കുന്നവർ പഴയനിയമ കാലത്തു ജീവിച്ച ഏറ്റവും വലിയ പ്രവാചകനെക്കാൾ ദൈവൈക്യത്തിൽ വളർന്നവരായിത്തീരുന്നു. ദൈവരാജ്യത്തിലെ ചെറിയവൻ പോലും സ്നാപകയോഹന്നാനെക്കാൾ വലിയവനാണ്.

## ദൈവരാജ്യം കാണുന്നതിനുമുമ്പ് മരിക്കാത്തവർ

മാർക്കോസ് 9:1

കർത്താവായ യേശു തൻെറ പീഡാനുഭവത്തെപ്പററിയും ഉയിർപ്പിനെപ്പററിയും പറഞ്ഞതിനുശേഷം പറഞ്ഞു: 'ദൈവരാജ്യം ശക്തിയോടെ സമാഗതമാകുന്നതു കാണുന്നതുവരെ മരിക്കുകയില്ലാത്ത ചിലർ ഇവിടെ നില്ക്കുന്നവരിലുണ്ടെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.' ഈ വാക്യത്തെ ആസ്പദമാക്കി ഉടനെ ലോകാവസാനം വരുമെന്ന് ചിലർ ചിന്തിച്ചു കാണും. ദൈവരാജ്യം ശക്തിയിൽ വരുന്നത്, യേശുവിൻെറ ഉയിർപ്പും സ്വർഗ്ഗാരോഹണവും വഴിയാണെന്നും, സ്വർഗ്ഗാരോഹണം ചെയ്ത യേശുവിനോട് ഐക്യപ്പെടുന്നതു വഴിയാണ് ദൈവരാജ്യം ശക്തിയിൽ വരുന്നത് അനുഭവപ്പെടുന്നതെന്നും ഉടനെ ആർക്കും മനസ്സിലായിക്കാണുകയില്ല. കർത്താവിൻെറ പീഡാനുഭവത്തെക്കുറിച്ചും കുരിശുമരണത്തെക്കുറിച്ചും പറയുന്നതോടുകൂടി, അതുവഴി ദൈവരാജ്യം ശക്തിയിൽ വരുകയാണെന്നു് യേശു വ്യക്തമാക്കുകയായിരുന്നു. യേശുവിൻെറ വ്യക്തിത്വത്തിലേക്ക് നമ്മെ ആഴത്തിൽ യോജിപ്പിക്കുന്ന രംഗമാണ് യേശുവിൻെറ കുരിശുമരണരംഗമെന്ന് മനസ്സിലായവർക്കു മാത്രമെ, 'ദൈവരാജ്യം ശക്തിയിൽ വരുന്നതു കാണുന്നതിനു മുമ്പു മരിക്കയില്ലാത്തവർ ഇവിടെ നില്പ്പുണ്ട്' എന്നുപറഞ്ഞതിൻെറ അർത്ഥം മനസ്സിലാവുകയുള്ളു. അത്ഭുതങ്ങളിലൂടെ ദൈവരാജ്യത്തിൻെറ മഹത്വം വരുന്നതിനെക്കാൾ ശക്തിയായി ദൈവരാജ്യം സമാഗതമായത് യേശുവിൻെറ കുരിശുമരണത്തിലും ഉയിർപ്പിലും കൂടിയാണ്.

### സ്വയം പരിത്യജിക്കണം

കൃപാജീവിതം നയിക്കാനാഗ്രഹിക്കുന്നവർ സ്വയം പരിത്യജിച്ച് കുരിശെടുത്ത് യേശുവിനോട് ഒന്നുചേർന്ന്

www.malankaralibrary.com

നിരന്തരം പുരോഗമിക്കണമെന്നു് (യേശുവിനെ അനുഗമിക്കണമെന്നു്) അരുളിച്ചെയ്തു. സ്വജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നശിപ്പിക്കുമെന്നും, യേശുവിനായി സ്വജീവൻ നൽകുന്നവൻ (യേശുവിൽ ചേരാൻ സ്വജീവൻ സമർപ്പിക്കുന്നവൻ) ജീവൻ പ്രാപിക്കുമെന്നും പറഞ്ഞുതന്നു. കൃപാജീവിതം യേശുവിലൂടെയുള്ള ഒരു വലിയ കൂട്ടായ്മയുടെ ജീവിതമാണ്. ആ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വന്തമായ സകല താൽപര്യങ്ങളെയും ആ ഉന്നതജീവിതത്തിന് അനുയോജ്യമായവിധം ക്രമപ്പെടുത്തുകയോ പരിത്യജിക്കുകയോ വേണം.

ആത്മാവിനെ രക്ഷിക്കാതെ—ദൈവത്തിലുള്ള ഐക്യജീവിതത്തിൽ പ്രവേശിക്കാതെ ലോകം മുഴുവൻ സമ്പാദിച്ചതുകൊണ്ടു് എന്തു പ്രയോജനം ? സ്വന്തമായ ജീവൻ നശിക്കുമ്പോൾ ഭൗമികമായി നേടിയവ കൈവിട്ടുപോകുന്നു. നിത്യമായ ജീവനിൽ ഭാഗഭാഗിത്വമോ നിത്യമായ സമ്പാദ്യമോ ഇല്ലാതെ അവൻ നശിക്കുന്നു. കൃപാജീവിതം നയിക്കാതെ ലോകം നേടാൻ പോകുന്നവൻ വിഡ്ഢിയായിത്തീരുന്നു.

യേശുവിനെക്കുറിച്ചു ലജ്ജിക്കുന്നവനെപ്പററി യേശു തൻെറ പിതാവിൻെറയും മാലാഖാമാരുടെയും മഹത്വത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ ലജ്ജിക്കും എന്നു പറഞ്ഞുതന്നു. നമുക്കു കൃപാജീവിതം നൽകുന്ന ഏകമദ്ധ്യസ്ഥൻ യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിനോടുള്ള ഐക്യം പരമപ്രധാനമായി കണക്കാക്കാൻ പലരും മടിക്കുന്നു. പല കാരണം പറഞ്ഞു ക്രിസ്തുവിനെ പുറംതള്ളുന്നു. ക്രൂശിൽ കിടക്കുന്ന അപമാനിതനായ യേശുവിനെ ഉപേക്ഷിക്കാൻ മനുഷ്യനു പ്രേരണയുണ്ടാകുന്നു. എന്നാൽ യേശുക്രിസ്തു പാപികൾക്കു കൃപാജീവിതം നൽകാനായി പാപികളെ തന്നോടു് ഒന്നാക്കിയപ്പോൾ പാപികളുടെ ശാപവും വേദനയും വഹിച്ചതാണു് യേശുവിൻെറ പീഡകളെന്നു് മനുഷ്യർ മനസ്സിലാക്കുന്നില്ല. യേശുനാഥൻെറ അന്തരംഗം കൂട്ടായ്മ വഴി പിതാവായ ദൈവത്തോടും മാലാഖമാരോടും ഒന്നായിരിക്കയാണ്. ആ മഹത്വത്തോടെ ഒരിക്കൽ വെളിപ്പെടും. യേശുവിനോടു് ഐക്യപ്പെടാത്തവർ ആ സമയത്തു് യേശുവിൻെറയും പിതാവിൻെറയും വിശുദ്ധവർഗ്ഗത്തിൻെറയും മഹത്വത്തിൽ കൂട്ടായ്മയില്ലാത്തവരായി കാണപ്പെടും.

യേശുവിൻെറ ആന്തരികജീവിതം ഏകാന്തജീവിതമല്ല. ദൈവപിതാവിനോടും കൃപാജീവിതം നയിക്കുന്ന എല്ലാവരോടും ഒന്നായുള്ള ജീവിതമാണ്. യേശുവിനെ തള്ളിക്ക

www.malankaralibrary.com

ളയുന്നവർ യേശുവിന്റെ ആന്തരികജീവിതത്തെയും ഉപേക്ഷിക്കുകയാണ്. യേശുവിനെ സ്വീകരിക്കുന്നവർ യേശുവിന്റെ ആന്തരികജീവിതത്തിൽ ഒന്നായിച്ചേർന്നിരിക്കുന്ന എല്ലാവരെയും സ്വീകരിക്കയാണ്. യേശുവിനോട് ഐക്യപ്പെടുന്നവരുടെ ആന്തരികജീവിതം യേശുവിലുള്ള എല്ലാവരോടും ഐക്യപ്പെട്ടതായിരിക്കും. സ്വന്തം ആത്മാവിന്റെ രക്ഷമാത്രം അന്വേഷിച്ചും ദൈവത്തെ അകലെ നിൽക്കുന്ന സഹായിയായി മാത്രം പരിഗണിച്ചും കഴിയുന്നവർ കൃപാജീവിതത്തിന്റെ ചൈതന്യത്തിലേയ്ക്ക് എത്തിയിട്ടില്ല. കൃപാജീവിതം നയിക്കുന്നവർ സ്വർഗ്ഗത്തിലെ ജീവകൂട്ടായ്മയിലുള്ള എല്ലാവരേയും സ്വന്തജീവിതത്തിന്റെ അന്തരംഗത്തേക്കു സ്വാഗതം ചെയ്യുന്നു. പരിശുദ്ധമാതാവിനെയും വിശുദ്ധരെയും ഉപേക്ഷിക്കുന്നവർക്ക് എങ്ങനെ കൃപാജീവിതം നയിക്കാൻ സാധിക്കും ? ദരിദ്രരെപ്പററി പരിഗണനയില്ലാത്തവർക്ക് എങ്ങനെകൃപാജീവിതം നയിക്കുവാൻ സാധിക്കും?

## ദൈവരാജ്യം പരത്തുക

'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' എന്ന സദ്വാർത്ത അറിയിക്കുവാൻ യേശു ശിഷ്യരെ പറഞ്ഞയച്ചു. ദൈവരാജ്യം വരുന്നതിന്റെ അടയാളമായി രോഗികളെ സുഖപ്പെടുത്തുവാനുള്ള ശക്തി ശിഷ്യർക്കു നൽകിയിരുന്നു. ദൈവം സ്നേഹപൂർവ്വം നൽകുന്ന ദൈവരാജ്യം എന്ന ദാനം സ്വീകരിക്കാത്തവർക്ക് സോദോംഗോമോറെയെക്കാൾ കൂടിയ ദുരിതമാണ് വരാൻ പോകുന്നതെന്ന് അറിയിച്ചു. ദൈവരാജ്യ ജീവിതം—കൃപാജീവിതം— നയിക്കാത്തവർ എത്രവലിയ ദുരിതത്തിലേക്കാണ് വീഴുന്നതെന്ന് അവർ അറിയുന്നില്ല.

സ്വർഗ്ഗരാജ്യത്തിന്റെ വിപുലീകരണത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ പ്രാവുകളെപ്പോലെ വിശുദ്ധരും സർപ്പങ്ങളെപ്പോലെ വിവേകികളുമായിരിക്കണമെന്നു പറഞ്ഞുതന്നു. സദാ ദൈവത്തോട് ഐക്യപ്പെട്ട് ഹൃദയവിശുദ്ധി പാലിക്കണം. ആരോടാണ് ഇടപെടുന്നതെന്നു മനസ്സിലാക്കി വിവേകത്തോടെ പെരുമാറണം. അവരിലുള്ള ബന്ധനവും തിന്മകളും മാററി ദൈവരാജ്യം അവരിലേക്കു കടന്നുവരാൻ തക്കവണ്ണം ആവശ്യമായ ശുശ്രൂഷ വിവേകത്തോടെ നടത്തണം. യേശുക്രിസ്തുവിനെ മുഴുവനായി സ്വീകരിക്കണമെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ടുള്ള സുവിശേഷപ്രസംഗം നടത്തണം. ദൈവരാജ്യം വളരുവാനായി പ്രവർത്തനം നടത്തുമ്പോൾ അന്ധകാരശക്തികൾ ഉപദ്രവിക്കുമെന്ന് ഓർത്തിരിക്കണം. ദൈവരാജ്യം സ്വീകരിക്കുന്നവരെയും ദൈവരാജ്യം പരത്തുന്ന

www.malankaralibrary.com

വരെയും അന്ധകാരശക്തികൾ ഉപദ്രവിക്കും. സ്വന്തം ബന്ധുക്കളിൽ നിന്നുതന്നെ ഉപദ്രവം നേരിടേണ്ടിവരും. ദൈവരാജ്യം ഭൂമിയിൽ കൊണ്ടുവന്ന യേശുവിനെ ലോകം ഉപദ്രവിച്ചുവെന്നും ബേൽസബൂൽ എന്നു വിളിച്ചുവെന്നും ശിഷ്യർ ഓർത്തിരിക്കട്ടെ. ദൈവരാജ്യം പരത്തുന്നവർക്ക് അപമാനവും പീഡകളും തീർച്ചയായും ഉണ്ടാകും. ന്യായാധിപസംഘങ്ങളിൽ ഏല്പിക്കപ്പെടും. അപ്പോഴും ഭയപ്പെടേണ്ടതില്ല. ദൈവരാജ്യം സ്വീകരിച്ചവരുടെ അന്തരംഗം ദൈവത്തിൽ യോജിച്ചിരിക്കുന്നതിനാൽ ന്യായാധിപന്റെ മുമ്പിൽവെച്ച് എന്തു പറയണമെന്ന് അപ്പോൾ പരിശുദ്ധാത്മാവ് തോന്നിച്ചുതരും. ഏതു പ്രതികൂലസാഹചര്യത്തിന്റെ നടുവിലും, കൃപാജീവിതം നയിക്കുന്നവരുടെ അന്തരംഗം ദൈവത്തോടു ചേർന്നിരിക്കയാണെന്നുള്ള അവബോധത്തോടു കൂടി ധീരമായി മുന്നേറണം. ഒരു സ്ഥലത്തെ ആളുകൾ ദൈവരാജ്യത്തിന്റെ സുവിശേഷം സ്വീകരിക്കുന്നില്ലെങ്കിൽ മറ്റൊരു സ്ഥലത്തു സുവിശേഷം പറയുവാൻ പോവുക. കൃപാജീവിതത്തിന്റെ സുവിശേഷമല്ല, ഭൗതികസുഖത്തിന്റെ സുവിശേഷമാണ് പലർക്കും താല്പര്യമുള്ളത്. കൃപാജീവിതത്തിന്റെ സുവിശേഷം സ്വീകരിക്കുക എന്ന അടിത്തറ ഉണ്ടാകാത്തിടത്ത് ദൈവരാജ്യത്തിന്റെ ആഴമുള്ള രഹസ്യങ്ങൾ പറഞ്ഞാൽ ഫലപ്പെടുകയില്ല. ദൈവരാജ്യം സ്വീകരിച്ച എല്ലാവരും മറ്റുള്ളവരോടും ഈ സുവിശേഷം അറിയിക്കുവാൻ ബാദ്ധ്യസ്ഥരാണ്. മറ്റുള്ളവരെയും കൃപാജീവിതത്തിലേക്കു നയിക്കുവാൻ ആവശ്യമായ ശുശ്രൂഷ ചെയ്യണം. ആരെങ്കിലും സുവിശേഷംകേട്ട് ക്രിസ്തുവിനെ (ദൈവജീവനെ) സ്വീകരിക്കുകയാണെങ്കിൽ ആ സമയത്തു തന്നെ ദൈവപിതാവിനെയും സ്വീകരിക്കയാണ് (മത്തായി 10:40). കൃപാജീവിതം ആരംഭിക്കുമ്പോൾതന്നെ ദൈവപിതാവിനെ സ്വീകരിച്ചു കഴിഞ്ഞു. എന്നാൽ ദൈവപിതാവിന്റെ മഹത്ത്വത്തികവിലേയ്ക്ക് പ്രവേശിക്കുന്നത് ക്രമേണ മാത്രമാണ്. എന്നാൽ സുവിശേഷം സ്വീകരിക്കുമ്പോൾതന്നെ ദൈവപിതാവിനോടുള്ള ജീവബന്ധം ആരംഭിച്ചുകഴിയും.

## ബലവാൻമാർ സ്വർഗ്ഗരാജ്യം പിടിച്ചെടുക്കുന്നു.

(മത്തായി 11:12)

യേശുവിൽ ഒന്നായിച്ചേർന്നുള്ള ജീവിതം നയിക്കുവാൻ ആദ്യസമർപ്പണം മാത്രം പോരാ. നിരന്തരമായ സമർപ്പണവും ശ്രദ്ധയും സ്വയ പരിത്യാഗവും ആവശ്യമാണ്. സ്വയ നി

www.malankaralibrary.com

ഗ്രഹത്തിന് ബലപ്രയോഗം ആവശ്യമാണല്ലോ. വി. ഇഗ്നേഷ്യസ് ലയോളയുടെ ധ്യാനത്തിൽ മനുഷ്യർ പട്ടാളച്ചിട്ടയിൽ ആത്മനിയന്ത്രണമുള്ളവരായി മുന്നേറണമെന്ന് സൂചിപ്പിക്കുന്നു. ആത്മനിയന്ത്രണമുള്ള (Ascetical life) ജീവിതം കൂടാതെ ദൈവസംയോജിത ജീവിതം (Mystical life) സാദ്ധ്യമല്ലെന്ന് എല്ലാ വിശുദ്ധരും പറഞ്ഞു തരുന്നു. പഴയ മനുഷ്യൻ ക്രൂശിക്കപ്പെടാതെ യേശുവുമായി ഒന്നായിച്ചേരാൻ എങ്ങനെ സാധിക്കും? സ്വന്തമിഷ്ടമനുസരിച്ച് തോന്ന്യാസം ജീവിക്കുന്നവന് ത്രിത്വത്തിലെ ഐക്യജീവിതം നയിക്കുവാൻ എങ്ങനെ സാധിക്കും? പിതാവു ചെയ്തുകാണുന്നതല്ലാതെ മറ്റൊന്നു ചെയ്യുവാൻ പുത്രനു സാദ്ധ്യമല്ല. ദൈവേഷ്ടത്തിനു കീഴ്വഴങ്ങുവാൻ സ്വയം ബലപ്രയോഗം നടത്തണം.

ദൈവൈക്യ ജീവതത്തെ ഉപേക്ഷിക്കുവാൻ തക്കവണ്ണമുള്ള പ്രലോഭനങ്ങൾ ജഡത്തിൽ നിന്നും പിശാചിൽനിന്നും ലോകത്തിൽനിന്നും സദാ ഉണ്ടായിക്കൊണ്ടിരിക്കും. അവയെ ജയിക്കുവാൻ ബലപ്രയോഗം നടത്തിക്കൊണ്ടിരിക്കണം. കൃപാജീവിതം മനുഷ്യന്റെ അന്തരംഗത്ത് വലിയ സമാധാനവും ഐക്യത്തിന്റെ ആനന്ദവും നൽകുന്നുണ്ടെങ്കിലും ഈ ഭൂമിയിലായിരിക്കുന്നിടത്തോളം കാലം ബാഹ്യരംഗം സമരമുഖത്തായിരിക്കും. എല്ലാ ചിന്തകളും വാക്കുകളും പ്രവൃത്തികളും ആന്തരികമായി യേശുവിൽ ഐക്യപ്പെട്ടു മാത്രം നടത്തുവാൻ പഴയ മനുഷ്യനോടും ലോകാകർഷണത്തോടും അന്ധകാരശക്തികളോടും സമരം ചെയ്തുകൊണ്ടിരിക്കണം. രക്തസാക്ഷികൾ നിഷ്ഠൂര പീഡകൾക്കു നടുവിൽ കൃപാജീവിതം കാത്തുസൂക്ഷിച്ച ബലവാന്മാരായിരുന്നു. അധാർമ്മിക ദുഷ്ട ശക്തികൾ എത്ര ബലമായി വന്നാലും അവ നമ്മെ നശിപ്പിക്കുകയില്ലെന്നും നമ്മുടെ ഉള്ളിലുള്ളവൻ (യേശു) ലോകത്തിലുള്ളവനെക്കാൾ വലിയവനാണെന്നും നമുക്ക് ഉറപ്പായ ബോധ്യം ആവശ്യമാണ്. പീഡന സമയങ്ങളിൽ ശാന്തതയോടെ വർത്തിക്കുവാൻ ബലം ആവശ്യമാണ്. എല്ലാകാര്യങ്ങളിലും ദൈവത്തിനു കീഴടങ്ങുന്ന (സമർപ്പണം നടത്തുന്ന) നിരന്തര പരിശീലനം വഴി ബലം വളർത്തിയെടുക്കണം. ലാഭമോ നഷ്ടമോ മാനമോ അപമാനമോ ഭൂമിയിലെ ദീർഘായുസ്സോ അല്പായുസ്സോ കണക്കാക്കാതെ "പിതാവേ അങ്ങയുടെ ഇഷ്ടമെ നടക്കാവൂ'' എന്നു പ്രാർത്ഥിക്കാൻ പരിശീലിക്കണം. കൃപാജീവിതം വഴി സർവ്വശക്തനായ ദൈവത്തിന്റെ ജീവിതത്തിൽ ഭാഗഭാഗിത്വം ലഭിച്ചതിനെപ്പറ്റി അവബോധവും അഭിമാനവും

www.malankaralibrary.com

വളരുന്നതുവഴി ആന്തരികമായി ബലം വർദ്ധിക്കും. അതായത് വിശ്വാസത്തിലുള്ള വളർച്ച ആത്മാവിൻെറ ബലം വളർത്തും.

## എല്ലാവരെയും ക്ഷണിക്കുന്നു.

(മത്തായി 11:28-30)

''അദ്ധ്വാനിക്കുന്നവരേ.........വരുവിൻ'' പല രീതിയിലുള്ള പീഡകരംമൂലം ലോകത്തിൽ തകരുന്നവരെയെല്ലാം യേശു തന്നോട് ഐക്യപ്പെടുത്തി ആശ്വസിപ്പിക്കുവാൻ (കൃപാജീവിതത്തിന്) ക്ഷണിക്കുകയാണ്. ആന്തരികമായ യേശുവിൻെറ ജീവനോടു യോജിക്കുന്നവർക്ക് പീഡകളെ ജയിക്കാനുള്ള ശക്തി നൽകിക്കൊണ്ടാണ് യേശു ആശ്വസിപ്പിക്കുന്നത്. എന്നാൽ അതേസമയം ഭാരം കുറഞ്ഞതും മധുരവുമായ ഒരു നുകം യേശു അവർക്കു നൽകും. യേശുവിൽ ഐക്യപ്പെട്ടുള്ള ജീവിതത്തിൻെറ മധുരമുള്ള ചുമടും നുകവുമാണത്. കൃപാജീവിതംവഴി എല്ലാ അടിമത്തവും ഭാരവും മാറിപ്പോകുമെന്നാണ് കർത്താവു പഠിപ്പിച്ചത്. ബാഹ്യമായ സഹായം കൊണ്ടും സംഘടനാശക്തികൊണ്ടും മനശ്ശാസ്ത്രവിദ്യകൊണ്ടും മാത്രം മനുഷ്യനു വിമോചനം നേടിക്കൊടുക്കുവാൻ ഇന്ന് പലരും പരിശ്രമിക്കുന്നു. മനുഷ്യൻെറ കേന്ദ്രഭാഗത്ത് ജീവൻെറ സ്പന്ദനം ഇല്ലാതെ ബാഹ്യതലങ്ങളിൽ എന്തു വിമോചനം നൽകാനാണ്? യേശുവിൽ ഐക്യപ്പെട്ടുള്ള ജീവിതത്തിൻെറ മധുരവും ലഘുവുമായ നുകം വഹിച്ചുകൊണ്ടു മാത്രമെ മനുഷ്യന് യഥാർത്ഥവും നിത്യവുമായ വിമോചനം ലഭിക്കുകയുള്ളു.

## വിതക്കാരൻെറ ഉപമ

(മത്തായി 13:1-23)

ദൈവരാജ്യരഹസ്യങ്ങൾ ഉപമകളിൽ വിശദീകരിക്കന്നത് എന്തുകൊണ്ടാണെന്ന് ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു. ദൈവരാജ്യം യേശുവിൽക്കൂടി ഭൂമിയിൽ പ്രത്യക്ഷമായെങ്കിലും അത് മനസ്സിലാക്കാനോ സ്വീകരിക്കാനോ കഴിയാത്തവർക്കുവേണ്ടിയാണ് ഉപമകളിലൂടെ അദ്ധ്യാപനം നടത്തുന്നത്. കണ്ടിട്ടും കാണാതെ കഴിയുന്നവരാണവർ. ദൈവരാജ്യത്തിൻെറ ശക്തിയും മഹത്വവും യേശുവിൻെറ വ്യക്തിത്വത്തിലൂടെയും അത്ഭുത പ്രവർത്തനങ്ങളിൽക്കൂടിയും വെളിപ്പെട്ടിട്ടും അനേകർ ഹൃദയകാഠിന്യംമൂലം ഈ വെളിപാട് നിരാകരിച്ചു. അവർ മനസ്സു തിരിയുകയും യേശുവിനോട് ഐക്യപ്പെടുവാൻ തീരുമാ

www.malankaralibrary.com

നിക്കുകയും യേശു അവരെ സുഖപ്പെടുത്തുകയും ജീവിപ്പിക്കുകയും ചെയ്യാൻ സാധിക്കാത്തവണ്ണം അവർ ഹൃദയകാഠിന്യമുള്ളവരാണെന്നു് യേശു പറഞ്ഞു. അങ്ങനെയുള്ളവരുടെ ഉള്ളിലേക്കു് ജീവസന്ദേശം നൽകുവാനുള്ള ഒരു ഉപാധിയായിട്ടാണു് ഉപമകൾ ഉപയോഗിച്ചിരിക്കുന്നതു്.

ഉള്ളവനു് അധികമായി നൽകപ്പെടുന്നു. ഇല്ലാത്തവനിൽ നിന്നു് ഉള്ളതുകൂടെയും എടുക്കപ്പെടുന്നു. ത്രിത്വത്തിലെ ഐക്യജീവിതത്തിൽ പുരോഗമിക്കുന്നവനു് ദൈവിക ജീവിതത്തിന്റെ ആഴങ്ങളിലേക്കു സംയോജിക്കുവാനുള്ള കൂടുതൽ അനുഗ്രഹം ദൈവം നൽകുന്നു. സഹകരിക്കാത്തവനിൽ നൽകിയിരുന്ന ആദ്യാനുഗ്രഹങ്ങൾ ദൈവം പിൻവലിക്കുന്നു. പിൻവലിക്കുന്നതിനുമുമ്പു് അവനെ മാനസാന്തരപ്പെടുത്തുവാനായി ചെയ്യാവുന്നതു് ദൈവം ചെയ്യുന്നു. അവന്റെ ഉള്ളിൽ കൃപാജീവിതത്തെപ്പററിയുള്ള പാഠം പഠിപ്പിക്കുവാൻ വീണ്ടും ശ്രമിക്കുകയാണു്. ഉപമകളും ഉപദേശങ്ങളുംവഴി അവന്റെ ഓർമ്മയേയും ഭാവനയേയും അല്പമൊന്നു ചലിപ്പിക്കുവാൻ ശ്രമിക്കുകയാണു്.

## വഴിയരികിൽ വീണ വിത്തു്

ദൈവരാജ്യത്തിന്റെ വചനം കേൾക്കുമ്പോൾ അതു സ്വീകരിക്കാതിരിക്കുവാൻതക്കവണ്ണം ഹൃദയം കട്ടിപിടിച്ചവരിൽനിന്നു് ദൈവവചനം സാത്താൻ മായിച്ചു കളയുന്നു. ദൈവൈക്യത്തിനായി മനുഷ്യനെ ദൈവം സ്വാഗതം ചെയ്യുന്നു എന്ന വാർത്തയും അതിനുള്ള മാർഗ്ഗവും കേട്ടിട്ടും അതു് അവഗണിക്കത്തക്കവണ്ണം കട്ടിപിടിച്ച ഹൃദയത്തോടു കൂടിയിരിക്കുന്നവനിൽനിന്നു് ആ സന്ദേശവും ആ ലക്ഷ്യവും മാഞ്ഞുമാഞ്ഞു പോകുന്നു.

## പാറമേൽ വീണ വിത്തു്

ദൈവരാജ്യ വചനം സ്വീകരിച്ചു് ദൈവിക ജീവൻ പൊട്ടിമുളയ്ക്കാൻ തുടങ്ങുമ്പോൾ ദൈവൈക്യജീവിതത്തിനു് മനുഷ്യന്റെ ഭാഗത്തുനിന്നു ത്യാഗം ചെയ്യാനുണ്ടു്. ത്യാഗങ്ങളുടെ വേദനയോർത്തു് ദൈവജീവൻ ഉപേക്ഷിക്കുന്നവരെയാണു് പാറമേൽ വീണ വിത്തുവഴി സൂചിപ്പിക്കുന്നതു്. കൃപാജീവിതം സ്വീകരിക്കുന്നവർ പഴയ മനുഷ്യന്റെ സകല പ്രവണതകളെയും നിരന്തരം ഉപേക്ഷിക്കേണ്ടതുണ്ടല്ലോ.

www.malankaralibrary.com

## മുള്ളുകളുടെ ഇടയിൽ വീണ വിത്ത്:

ലൗകിക വ്യഗ്രതകളും ധനാശകളും ലോകത്തിൽനിന്നുള്ള ഉപദ്രവങ്ങളും കൃപാജീവിതത്തെ ഞെരുക്കുന്നു. അവയുടെ ഞെരുക്കത്തെ അതിജീവിച്ചാലെ കൃപാജീവിതം ഫലമണിയുകയുള്ളു.

## നല്ല നിലത്തു വീണ വിത്ത്:

രാജ്യത്തിന്റെ വചനം സന്തോഷത്തോടെ സ്വീകരിക്കുകയും ദൈവൈക്യ ജീവിതത്തിനായി തന്നെത്തന്നെ നിരന്തരം തയ്യാറാക്കുകയും ചെയ്യുന്ന ജീവിതമാണ് ഫലമണിയുന്നത്. കൃപയോട് മനുഷ്യൻ സഹകരിക്കുന്നതനുസരിച്ച് മുപ്പതു മേനിയോ അറുപതു മേനിയോ നൂറു മേനിയോ ഫലം ഉളവാകും.

വിത്തായ വചനം എന്നത് ചില സാന്മാർഗ്ഗിക തത്വവാക്യങ്ങളല്ല. വചനമായ യേശുക്രിസ്തുവിനെ മുഴുവനായി സ്വീകരിക്കാനും യേശുവിനോട് ഐക്യപ്പെടുവാനും ആഹ്വാനം ചെയ്യുന്ന സുവിശേഷമാണ് വിതയ്ക്കപ്പെടുന്നത്. യേശുക്രിസ്തുവിനെത്തന്നെ വിതയ്ക്കുകയാണെന്നു പറയാം. യേശുക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ യേശുവിന്റെ ജീവിതശൈലിയേയും അതിനാൽ സാന്മാർഗ്ഗിക തത്വങ്ങളേയും സ്വീകരിക്കേണ്ടിയിരിക്കുന്നു. അതോടുകൂടി യേശു നൽകുന്ന രക്ഷയും വിമോചനവും ദൈവപുത്രത്വത്തിലുള്ള ഭാഗഭാഗിത്വവും നിത്യമായ ദൈവജീവനും എല്ലാം സ്വീകരിക്കയാണ്. വിത്തു വളർന്ന് ഫലമണിയുന്നതുപോലെ യേശുക്രിസ്തുവിലുള്ള ഐക്യത്തിലും വളരാനുണ്ട്.

### കളകളുടെ ഉപമ

മത്തായി 13:24–30, 36-43

ദൈവരാജ്യത്തിന്റെ മക്കളും (കൃപാജീവിതം നയിക്കുന്നവരും) സാത്താന്റെ വചനമനുസരിച്ചു ജീവിക്കുന്നവരും ഭൂമിയിൽ ഒരേസ്ഥലത്തു ജീവിച്ചു പോകുന്നു. കളകളുടെ സാന്നിദ്ധ്യവും വളർച്ചയും ഗോതമ്പു ചെടികളുടെ ഉന്മേഷം കെടുത്തുന്നുണ്ട്. എന്നാൽ ഗോതമ്പു ചെടിയും കളയും ഒന്നിച്ചു ജീവിക്കുവാനാണ് ദൈവം നിശ്ചയിക്കുന്നത്. കൃപാജീവിതം നയിക്കുന്നവർക്ക് പല രീതിയിലുള്ള ക്ലേശങ്ങൾ വന്നിട്ടും ദുഷ്ടരെ ദൈവം ഇല്ലാതാക്കുന്നില്ല. അനുതപിച്ചു മനസ്സുതിരിയുവാൻ ദൈവം അവർക്ക് വീണ്ടും അവസരം നൽകുകയാണ്. എന്നാൽ അവർ അന്ത്യംവരെയും

www.malankaralibrary.com

ദുഷ്ടരായി കഴിയുകയാണെങ്കിൽ യുഗാന്തത്തിൽ അവരെ എന്നേക്കുമായി തീയിലിടുന്നു. കൃപാജീവിതം നയിച്ചവരെ സ്വർഗ്ഗത്തിലെ നിത്യഭാഗ്യത്തിലേത്ത് ആനയിക്കുന്നു. അവർ പിതാവിന്റെ രാജ്യത്തിൽ—പിതാവിനോടു മുഴുവനായി യോജിച്ചു കഴിയുമ്പോഴ്—സൂര്യനെപ്പോലെ ശോഭിക്കും. കൃപാജീവിതം നയിക്കുന്നവർ കഷ്ടപ്പാടുകളിൽ മനസ്സിടിയരുത്. കളകളും കൂടെ വളരുവാൻ തീരുമാനിച്ച ദൈവഹിതത്തെ സ്തുതിക്കുക. സ്വർഗ്ഗത്തിലെ നിത്യഭാഗ്യത്തെ പ്രത്യാശയോടെ കാത്തിരിക്കുക.

## കടുകുമണിയും പുളിമാവും

(മത്തായി 13:31–33)

ദൈവരാജ്യജീവിതം ആരംഭിക്കുന്നത് കടുകുമണിപോലെയോ, അല്പം പുളിപ്പുപോലെയോ വളരെ ചെറുതായിട്ടാണ്. പക്ഷേ ആ കടുകുമണിയിൽ (പുളിപ്പിൽ) ജീവശ്ശക്തി ഒളിച്ചിരിപ്പുണ്ട്. ക്രമേണ അതു വികസിക്കും. യേശുക്രിസ്തു തന്നെത്തന്നെ നല്കുന്നതു സ്വീകരിച്ച് ഒരുവൻ തന്നെത്തന്നെ യേശുവിനുസമർപ്പിച്ച് യേശുവിന്റെ ജീവനിലും ആത്മാവിലും സംയോജിക്കുന്ന ആദ്യസംഭവത്തിൽക്കൂടി അത് ആരംഭിക്കുന്നു. കുരിശിൽ വെച്ച് യേശു തന്നെത്തന്നെ ഓരോരുത്തർക്കുമായി നല്കിയത് ഓരോരുത്തരും വ്യക്തിപരമായി സ്വീകരിക്കുന്ന മാമ്മോദീസായിൽക്കൂടി ഈ സ്വർഗ്ഗീയ ഐക്യജീവിതം കടുകുമണിപോലെ(അല്പം പുളിപ്പുപോലെ)ആരംഭിക്കുന്നു. മുഴുവൻ പുളിക്കുന്നതുവരെ അതു പുരോഗമിക്കാനുള്ളതാണ്. മനുഷ്യരുടെ എണ്ണത്തിൽ നോക്കിയാലും ഈ വളർച്ച കാണാവുന്നതാണ്. ദൈവരാജ്യമായ യേശുക്രിസ്തു തന്റെ ജീവനിലേക്ക് ഏതാനും ശിഷ്യരെ പ്രത്യേകമായി സംയോജിപ്പിച്ചുകൊണ്ട് ദൈവരാജ്യം വളരുവാൻ പരിപാടി ഒരുക്കി. ശിഷ്യരിലൂടെ യേശു മനുഷ്യവർഗ്ഗത്തെ തന്റെ ജീവനോട് സംയോജിപ്പിച്ച് വളർത്തിക്കൊണ്ടിരിക്കുന്നു. കൃപാജീവിതം നയിക്കുന്ന ഒരു ജനതതിയെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സഭ വളർന്നുകൊണ്ടിരിക്കുന്നു. ഓരോ വ്യക്തിയിലും സമൂഹത്തിലും കൃപാജീവിതത്തിലുള്ള വളർച്ച കാണാവുന്നതാണ്. വ്യക്തികളിൽ കൃപാജീവിതത്തിന്റെ ആഴത്തിലേക്കുള്ള വളർച്ചയും സമൂഹത്തിൽ കൂടുതൽ കൂടുതൽ ആളുകൾ കൃപാജീവിതം സ്വീകരിക്കുന്നതുവഴി വിസ്തൃതിയിലുള്ള വളർച്ചയും കാണാവുന്നതാണ്. സഭ സമ്പൂർണ്ണസ്വർഗ്ഗമായി രൂപാന്തരപ്പെടുന്നതുവരെ ഈ വളർച്ച തുടർന്നു കൊണ്ടിരിക്കുന്നു.

www.malankaralibrary.com

## നിധിയുടെയും രത്നത്തിന്റെയും ഉപമ

(മത്തായി 13:44-46)

ദൈവത്തിൽ ഐക്യപ്പെട്ട് ദൈവിക ജീവൻ ജീവിക്കുന്നതാണ് വിലയേറിയ നിധിയായും വിലയേറിയ രത്നമായും വർണ്ണിച്ചിരിക്കുന്നത്. മററുള്ളതെല്ലാം ഉപേക്ഷിച്ച് സമ്പാദിക്കുവാൻ തക്കവണ്ണം വിലയേറിയതാണ് ദൈവരാജ്യജീവിതം. എന്തെന്നാൽ സൃഷ്ടനന്മകളും സ്വായത്തമാക്കുന്നതിനെക്കാളും ശ്രേഷ്ഠമാണല്ലോ ആ നന്മകളുടെ ഉറവിടവും സ്രഷ്ടാവുമായ ദൈവത്തോട് ഏകജീവനിൽ ജീവിക്കുവാൻ സാധിക്കുന്നത്. യേശുവിനോടൊന്നാകാൻ ആഗ്രഹിക്കുന്നവൻ സകല സമ്പാദ്യവും ദരിദ്രർക്കു കൊടുത്തതിനു ശേഷം, എല്ലാ ക്ലേശങ്ങളും സഹിച്ചുകൊണ്ട് (കുരിശ് എടുത്തുകൊണ്ട്) യേശുവിന്റെ ജീവിത ശൈലിയിൽ ജീവിക്കുവാൻ (അനുഗമിക്കുവാൻ) യേശു ആവശ്യപ്പെട്ടു. യേശുവിനോട് ഐക്യപ്പെട്ടു ജീവിക്കുവാൻ സാധിക്കുന്നത് സകല സൃഷ്ടനന്മകളെക്കാളും സുഖങ്ങളെക്കാളും ശ്രേഷ്ഠമാണെന്ന് ബോദ്ധ്യമായവനു മാത്രമെ ആ ഉപദേശത്തിന്റെ അർത്ഥം മനസ്സിലാകൂ. സൃഷ്ടനന്മയെപ്പററി ആസക്തിയോടെ ചിന്തിക്കുവാൻ പാടില്ല. കൃപാജീവിതം നയിക്കുന്നവൻ സൃഷ്ടനന്മകൾ സമ്പാദിക്കുന്നതോ ഉപയോഗിക്കുന്നതോ ആസ്വദിക്കുന്നതോ ആസക്തിയാൽ അല്ല. യേശുവിനോടു ചേർന്ന് ദൈവപിതാവിന്റെ മഹത്വത്തിനു വേണ്ടി മാത്രമാണ്. ഭക്ഷണം കഴിക്കുന്നതോ ഉപവസിക്കുന്നതോ തനിക്കു വേണ്ടിയല്ല. യേശുവിനോടു ചേർന്ന് ദൈവപിതാവിന്റെ മഹത്വത്തിനുവേണ്ടിമാത്രമാണ് (റോമ 14:6–8). സൃഷ്ടനന്മകളെ വെറുക്കുന്നില്ല. ദൈവഹിതമനുസരിച്ചുമാത്രം ആസ്വാദിക്കാനുള്ളത് പിതാവിന്റെ മഹത്വത്തിനുവേണ്ടി ആസ്വദിക്കുന്നു. യാതൊന്നും ആസക്തിയാലല്ല. കൃപാജീവിതം സ്വീകരിച്ചവൻ ദൈവൈക്യജീവിതത്തിലെ സ്നേഹത്തിൽ മാത്രം സൃഷ്ടനന്മകളെ ഉപയോഗിക്കുന്നു. ദൈവൈക്യജീവിതത്തോടു തുലനം ചെയ്യുമ്പോൾ സകല സൃഷ്ടനന്മകളെയും ഭൃതികാധികാരങ്ങളെയും നിസ്സാരമായി കണക്കാക്കുന്നു. കൃപാജീവിതം നയിക്കാൻ വേണ്ടി ഏതു ത്യാഗം സഹിക്കാനും തയ്യാറാകുന്നു.

## സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ

(മത്തായി 16:17-20)

ദൈവൈക്യജീവിതത്തിൽ കഴിയുന്നവർക്ക് ദൈവത്തിന്റെ സ്നേഹവും നന്മകളും ആസ്വദിക്കുന്നതിനും ചില

www.malankaralibrary.com

നന്മകൾ മററുള്ളവർക്ക് പങ്കുവെച്ചു കൊടുക്കുന്നതിനും അനുഗ്രഹം നൽകിയിട്ടുണ്ട്. (മർക്കോസ് 16:16-18) സ്വർഗ്ഗം തുറന്ന് അനുഗ്രഹം വാരിവാരി നൽകുന്നതുപോലെ തിരഞ്ഞെടുത്ത ചില ശ്രേഷ്ഠനന്മകൾ വിതരണം ചെയ്യുവാൻ യേശു ചിലരെ പ്രത്യേകമായി നിയോഗിച്ചു. ആ വിളി (അനുഗ്രഹം) നൽകിയത് മനുഷ്യരുടെ പ്രത്യേക യോഗ്യതയാലല്ല. യേശുവിൻെറ പ്രത്യേക കൃപയാലാണ്. ഈ അനുഗ്രഹങ്ങൾ നേരിട്ടു നൽകാൻ ദൈവത്തിനു കഴിവില്ലെന്ന് ആരും വിചാരിക്കരുത്. ഇത് ദൈവം തെരഞ്ഞെടുത്ത ഒരു വഴി എന്നു മാത്രം. ഈ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടവർ, വളരെ വിനയത്തോടുകൂടി ആ വിളി സ്വീകരിക്കുകയും ദൈവവേഷ്ടമനുസരിച്ച് വ്യാപരിക്കുകയും ചെയ്യണം. ഈ കൃപ നൽകിയത് അവർ താക്കോൽക്കാരായി അഹങ്കരിച്ചു നടക്കാനല്ല, മററുള്ളവരേക്കാൾ വലിയവരാണെന്ന് അഭിമാനിക്കുവാനല്ല, ആധിപത്യം നടത്താനല്ല, വസ്തുവകകളുടെ ഉടമകളായി സഭാധിപത്യം നടത്താനല്ല. യേശുവിൻെറ ആഗ്രഹത്തിനൊത്ത് മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കയാണു വേണ്ടത്. താക്കോൽക്കാരൻ തുറന്നുകൊടുക്കാതെ എല്ലാം പൂട്ടിവെച്ച് ആധിപത്യം നടത്തുക മാത്രം ചെയ്താൽ ജനങ്ങൾക്കു കഷ്ടം! ഈ പ്രത്യേക കൃപകിട്ടിയവർ കൂടുതൽ അദ്ധ്വാനിക്കുവാനും പ്രാർത്ഥിക്കുവാനും കൂടുതൽ ശുശ്രൂഷകരാകാനും സ്വർഗ്ഗീയനന്മകൾ വാരിവിതറാനും കടപ്പെട്ടവരാണ്. ഈ കൃപകിട്ടിയ അപ്പസ്തോലന്മാരുടെ ശുശ്രൂഷ സ്വീകരിക്കുവാനും അവരോടു ചേർന്ന് പ്രവർത്തിക്കുവാനും എല്ലാ സഭാംഗങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. സഭയുടെ ഐക്യത്തിനു പ്രവർത്തിക്കാൻ പ്രത്യേക കൃപകിട്ടിയ അപ്പസ്തോല പ്രമുഖനോടു ചേർന്ന് പ്രവർത്തിക്കാൻ കൃപാജീവിതം നയിക്കുന്ന എല്ലാവർക്കും കടമയുണ്ട്. ആന്തരികമായ ജീവൈക്യം സഭയുടെ ഐക്യത്തിലൂടെ ബാഹ്യമായി പ്രകടമാകുന്നു.

## സ്വർഗ്ഗരാജ്യത്തിലെ വലിയവൻ

ശിശുക്കളെപ്പോലെ സ്വയം ചെറുതാകുന്നവർക്കേ മാത്രമേ ദൈവരാജ്യം സ്വീകരിക്കാൻ സാധിക്കൂ. മററുള്ളവരെ ഹൃദയത്തിലേക്കു സ്വീകരിക്കാനും മററുള്ളവരുടെ ഹൃദയത്തിലേക്കു കടക്കുവാനും ശിശുക്കൾക്ക് എളുപ്പം സാധിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ദൈവവ്യക്തികളും ആന്തരികമായി പരസ്പരം ഉൾച്ചേർന്നതുപോലെ നമ്മൾ ദൈവത്തിലും വിശുദ്ധരിലും ഉൾച്ചേരുവാൻ ശിശുഹൃദയരാകേണ്ടതുണ്ട്. താഴ്മയും നിഷ്ക്കളങ്കതയും ഹൃദയം

www.malankaralibrary.com

തുറന്ന സ്ഥിതിയും പാലിക്കേണ്ടതുണ്ട്. ഇത് കൃപാജീവിതത്തിന്റെ ഒരു പ്രധാന വ്യവസ്ഥയാണ്. അഹങ്കാരിക്ക് സ്നേഹത്തിലുള്ള ജീവൈക്യം സാധിക്കുന്നില്ല. ദൈവത്തോടും ദൈവം സ്വീകരിക്കുന്ന എല്ലാവരോടും പുലർത്തുന്ന സാർവത്രിക ബന്ധത്തിന്റെ വളർച്ചക്കൂടിയാണ് കൃപാജീവിതത്തിന്റെ വളർച്ചയായി നേടാനുള്ളത്. ഭിന്നിത സഭകളും, ജാതിവ്യത്യാസം മുഴുപ്പിക്കുന്ന സഭകളും ഘടനയിൽത്തന്നെ കൃപാജീവിതത്തിനു തടസ്സമാണ്. സഭയുടെ ബാഹ്യഘടന വ്യക്തിയുടെ ആന്തരിക ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭിന്നിത സഭകളിലും ജാതിവ്യത്യാസം മുഴുപ്പിക്കുന്ന സഭകളിലും ഏതോ ചില അഹങ്കാരങ്ങളുടെയും വഴക്കുകളുടെയും അവശിഷ്ടങ്ങൾ മുഴച്ചുനിൽക്കുന്നു. കൃപാജീവിതത്തിൽ വളരുവാൻ തന്നെത്താൻ താഴ്ന്നവരായിത്തീരണം.

## കണ്ണ് ചൂഴ്ന്നെടുക്കുക

(മത്തായി 18:6–9)

കൃപാജീവിതം എന്നതിനു പകരം പറയുന്ന മറ്റൊരു വാക്യമാണ് ''ജീവനിൽ പ്രവേശിക്കുക'' എന്നത്. അതുതന്നെയാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്നതും. ഓരോരുത്തരുടെയും മനുഷ്യാത്മാവ് ദൈവാത്മാവിനോടു കൂടിച്ചേർന്ന്, ദൈവപുത്രനോട് ജീവനിൽ ഒന്നായിത്തീർന്ന് ദൈവപിതാവിനോടു യോജിക്കുമ്പോൾ മാത്രമേ മനുഷ്യാത്മാവിന് ജീവൻ ഉണ്ടായിരിക്കുകയുള്ളു. ഈ ഐക്യം വളരുന്നതനുസരിച്ച് ജീവിതചൈതന്യം വർദ്ധിച്ചുവരും. മനുഷ്യന്റെ നിത്യജീവനും സ്വർഗ്ഗജീവനും ഇതാണ്. ഈ ജീവന് തടസ്സമാകത്തക്കവണ്ണം സ്വന്തം കണ്ണോ കൈയ്യോ അവയവങ്ങളോ നിൽക്കുകയാണെങ്കിൽ അവയെ ഛേദിച്ചു കളയാൻ യേശു നിർദ്ദേശിക്കുന്നു. അംഗഹീനനായി ജീവനിൽ പ്രവേശിച്ചവൻ അംഗപൂർണ്ണനായി ജീവനിൽ പ്രവേശിക്കാതെ കഴിയുന്നവനെക്കാൾ ശ്രേഷ്ഠനാണ്. ഭാഗ്യവാനാണ്. ആത്മജീവൻ പ്രാപിക്കാത്തവന്റെ കേന്ദ്രഭാഗം മരണവേദന (നരകവേദന) അനുഭവിച്ചുകൊണ്ടിരിക്കയാണ്. അംഗഹീനനായി ജീവനിൽ പ്രവേശിച്ചവന്റെ ശരീരം മാത്രമേ മരണവേദന അനുഭവിക്കുന്നുള്ളു. ആ വേദന താൽക്കാലികമാണ്. നിസ്സാരമാണ്. കൃപാജീവിതം ഏറ്റം ഉന്നതമായ നന്മയാണ്.

തനിക്കുള്ളതെല്ലാം വിറ്റ് വിലകൂടിയ രത്നം (നിധി) വാങ്ങിയ മനുഷ്യന്റെ കഥ പറഞ്ഞപ്പോൾ ലോകത്തിലെ സകല വസ്തുക്കളെക്കാൾ ശ്രേഷ്ഠമായി കൃപാജീവിതത്തെ

www.malankaralibrary.com

കണക്കാക്കണമെന്നു് പറഞ്ഞുതന്നു. കൃപാജീവിതത്തിനു തടസ്സമായി ശരീരാവയവങ്ങൾ വർത്തിക്കുന്നതായി അനുഭവപ്പെട്ടാൽ അവയെ ഛേദിച്ചു കളയാൻ പറഞ്ഞതിൽനിന്നു് ശരീരജീവനെക്കാൾ ശ്രേഷ്ഠമായി കൃപാജീവിതത്തെ മാനിക്കണമെന്നു വ്യക്തമാക്കി. കൈയ്യും കാലും വെട്ടുക എന്നു പറഞ്ഞാൽ അക്ഷരാർത്ഥത്തിൽ വെട്ടിക്കളയണമെന്നല്ല. ശാരീരിക ജീവനെ ഉപേക്ഷിച്ചു, കൃപാജീവിതത്തെ സംരക്ഷിക്കണം എന്നാണർത്ഥം. കൃപാജീവിതത്തിനു തടസ്സമായ പ്രലോഭനങ്ങൾ എന്തെല്ലാമാണ്? ആന്തരികമായി ദൈവത്തോടു് ഐക്യപ്പെട്ടുകൊണ്ടല്ലാതെ പ്രവർത്തിക്കുവാൻ ആഗ്രഹം തോന്നുന്നവയെല്ലാം പ്രലോഭനങ്ങളാണ്. ശരീരത്തിൽ പാപം വസിക്കുന്നു എന്നു് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ടല്ലോ. ദൈവൈക്യം ഉപേക്ഷിച്ചു പ്രവർത്തിക്കുവാൻ ശരീരത്തിൽനിന്നും അഹന്തയിൽനിന്നും ലോകത്തിൽനിന്നും പല ആഗ്രഹങ്ങൾ ഉണ്ടാകും. അവയെ നിഹനിച്ചുകൊണ്ടിരുന്നാൽ മാത്രമേ ആത്മീയ ജീവിതം ജീവിക്കുവാൻ സാധിക്കുകയുള്ളു. നമ്മുടെ വാക്കുകളും ചിന്തകളും പ്രവൃത്തികളും കൃപാജീവിതത്തിന്റെ ശൈലിയിലാണോ എന്നു പരിശോധിക്കുക. വാക്കും പ്രവൃത്തികളും ദൈവത്തോടു് ഐക്യപ്പെട്ടാണോ ചെയ്തതെന്നു് ആത്മശോധന ചെയ്യണം. ദൈവത്തോടു് ഐക്യപ്പെടാതെ ഞാൻ തനിയെ ചെയ്തതാണെങ്കിൽ അതു് പഴയ മനുഷ്യന്റെ ശൈലിയിലാണ് ചെയ്തതു്. ''വിശ്വാസത്തിൽ നിന്നു് ഉത്ഭവിക്കാത്തതെല്ലാം പാപമാകുന്നു.'' (റോമ 14:23) ദൈവത്തോടു് ഐക്യപ്പെട്ടുള്ള ജീവിതമാണ് വിശ്വാസ ജീവിതം. ''സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ അവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടുന്നു.'' (യോഹ 3:21) ദൈവൈക്യത്തിൽ ജീവിക്കുകയാണെങ്കിൽ നമ്മിലുള്ള വാസനകളും (instincts) ശക്തികളും എല്ലാവരുടെയും ഉപരിനന്മയ്ക്കായി ഉപയോഗിക്കും. ദൈവൈക്യത്തിലല്ലാത്തപ്പോൾ മനുഷ്യന്റെ ഓരോ അവയവവും വാസനകളും വിവിധ ലക്ഷ്യത്തിലേക്കു മനുഷ്യനെ വലിച്ചുകീറുന്നു. തകർക്കുന്നു. പാപവും മരണവും ഉളവാക്കുന്നു (യാക്കോബ് 1:14-15; 4:1-3). കൃപാജീവിതം നയിക്കണമെങ്കിൽ ദുരാശകളാൽ കലുഷിതമായ പഴയ മനുഷ്യൻ സദാ ക്രൂശിക്കപ്പെടണം. ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുതു്. സദാജാഗരൂകരായിരിക്കണം.

www.malankaralibrary.com

## നിർദ്ദയനായ ഭൃത്യന്റെ ഉപമ

മത്തായി 18:21-35

ദൈവത്തിന്റെ അനന്തനന്മ സ്വീകരിച്ചിട്ടും അൽപനന്മ കരം മററുള്ളവക്കു കൊടുക്കുവാൻ മടിക്കുന്നവരെയും ദൈവത്തിൽനിന്നു വലിയ ക്ഷമ സ്വീകരിച്ചിട്ടും മററുള്ളവരുടെ ചെറിയ തെററുകരം ക്ഷമിക്കാൻ തയ്യാറാകാത്തവരെയും, വളരെയേറെ കടങ്ങളിൽനിന്നും ശിക്ഷയിൽനിന്നും ദൈവം വിമോചനം നൽകിയതു സ്വീകരിച്ചതിനുശേഷം മററുള്ളവരുടെ ചെറിയ കടങ്ങരം ക്ഷമിച്ചു വിമോചനം നൽകാതിരിക്കുന്നവരെയും ദൈവൈക്യജീവിതത്തിൽ നിന്നു കൈവിടുന്നു. അവരെ അവരുടെ കടങ്ങളും ബന്ധനങ്ങളും നിറഞ്ഞു നിൽക്കുന്ന സ്വന്തജീവിതത്തിലേക്കു കൈവിടുന്നു.

കൃപാജീവിതത്തിലേക്കു നമുക്കു പ്രവേശനം കിട്ടുന്നതു ദൈവം അളവററ കരുണയും സ്നേഹവും ക്ഷമയും നമ്മളോടു കാണിക്കുന്നതുകൊണ്ടു മാത്രമാണു. മനുഷ്യരുടെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ കൃപയാണു എല്ലാററിന്റെയും അടിസ്ഥാനം (റോമ 9:16). മനുഷ്യരുടെ തെററുകരം ദൈവം ക്ഷമിക്കുന്നു. മറക്കുന്നു. മനുഷ്യരോടു ഒന്നായിത്തീരാൻ സമ്മതിക്കുന്നു ദൈവത്തിന്റെ ശ്രീഭണ്ഡാരത്തിലേക്കു പ്രവേശിപ്പിക്കുന്നു. ദൈവത്തിന്റെ സ്നേഹക്ഷമാമനോഭാവംതന്നെ കൃപാജീവിതത്തിൽ പ്രവേശിക്കുന്നവരും പാലിക്കണം. നമ്മരം ദൈവത്തിന്റെ ഔദാര്യത്താൽ നന്മകരം സ്വീകരിച്ചാൽ പോരാ. ആ ഔദാര്യസ്വഭാവത്തിൽ നിമഗ്നരായി പ്രവർത്തിക്കുകയും വേണം. ദൈവൈക്യ ജീവിതത്തിൽ പ്രവേശിച്ചവരുടെ ക്ഷമയും ഔദാര്യവും വഴി മററുള്ളവരെയും ഈ ഐക്യത്തിലെത്തിക്കണം. ദൈവത്തോടു ചേർന്നുനിന്നുകൊണ്ടു ക്ഷമിക്കുകയും അനുഗ്രഹിക്കുകയും ചെയ്യണം. യേശു എത്രമാത്രം ക്ഷമിച്ചും സഹിച്ചുമാണു ഓരോ മനുഷ്യരെയും കൃപാജീവിതത്തിലേക്കു പ്രവേശിപ്പിച്ചതും വളർത്തിയതും.

കൃപാജീവിതം എന്നു പറയുന്നതു എങ്ങനെയെങ്കിലും സ്വന്തം ആത്മാവിനെ സ്വർഗ്ഗത്തിലെത്തിക്കാനുള്ള സ്വാർത്ഥജീവിതമായി കണക്കാക്കരുതു. സ്വാർത്ഥമായി ചിന്തിക്കുമ്പോരം തന്നെ കൃപാജീവിതത്തിൽനിന്നു അടർന്നു മാറുകയാണു. എല്ലാ പാപികളോടും ദൈവം ക്ഷമിക്കുന്നതിന്റെ കൂടെ ക്ഷമിച്ചും, യേശു എല്ലാവരുടെയും പാപം തന്റെ മേൽ വഹിച്ചു അതിനു പരിഹാരബലിയായി പ്രവർത്തിച്ചതിന്റെ കൂടെ പ്രവർത്തിച്ചും ദൈവത്തിൽ ഉരംച്ചേർന്നു ജീവിക്കണം. അങ്ങനെ ദൈവത്തിൽ ഉരംച്ചേ

www.malankaralibrary.com

ൻ ജീവിക്കുന്നവരിലൂടെയാണ് ദൈവത്തിൻെറ സ്വഭാവവും പ്രകൃതിയും എന്താണെന്ന് ലോകത്തിനു മനസ്സിലാക്കാൻ സാധിക്കുന്നത്. കൃപാജീവിതത്തിൽ വളരുന്നതനുസരിച്ച് ദൈവത്തിൻെറ ആഴമുള്ള സ്നേഹത്തിലും കഷ്ടതയിലും മുഴുകുവാൻ ദൈവം നമ്മളോട് ആവശ്യപ്പെടും.

## സ്വർഗ്ഗരാജ്യത്തെപ്രതി ഷണ്ഡരായവർ

മത്തായി 19:3–12

മനുഷ്യനായിത്തീർന്ന യേശുക്രിസ്തു ജീവിച്ചതുപോലെ ദൈവരാജ്യമായും ദൈവരാജ്യത്തിനു സാക്ഷിയായും ദൈവത്തോട് വളരെ ഐക്യപ്പെട്ടുള്ള ബ്രഹ്മചര്യജീവിതം നയിക്കുവാൻ ദൈവം ചിലരെ തെരഞ്ഞെടുക്കുന്നു. യേശു സ്വന്ത ജീവിതം വളരെയാഴത്തിൽ ചിലർക്കു പങ്കുവെച്ചു നൽകുന്നു. അതുവഴിയാണ് യേശുവിനെപ്പോലെ ബ്രഹ്മചാരികളാകാൻ സാധിക്കുന്നത്. ദൈവപിതാവ് അനന്തസ്നേഹത്താൽ തന്നെത്തന്നെ പുത്രനു നൽകുന്ന സ്നേഹം സദാ സ്വീകരിച്ച് അതിൽ മാത്രം ആനന്ദിക്കുകയും, ആ സ്നേഹത്തിൽ എല്ലാവരെയും സ്നേഹിക്കുകയും പിതാവിന് തന്നെത്തന്നെ സമർപ്പിക്കുന്ന പുത്രൻെറ സ്നേഹത്തിൽ വ്യാപരിക്കുകയും ചെയ്ത് ക്രിസ്തുവിൻെറ ആന്തരിക ജീവിതം നയിക്കുക എന്നതാണ് ബ്രഹ്മചര്യജീവിതത്തിൻെറ കാതൽ. പിതാവ് തന്നെത്തന്നെ നൽകുന്നതിൽ സകല സൃഷ്ടനന്മകളുടെയും സത്തും അതിലുപരിയായ നന്മയും ഉൾക്കൊള്ളുന്നുണ്ട്. സൃഷ്ടിയിൽ നിന്ന് അതിലുപരിയായി ഒന്നും ലഭിക്കുവാനില്ല. സൃഷ്ടികളിൽ നിന്ന് എന്തെങ്കിലും കിട്ടിയാലും ഇല്ലെങ്കിലും അത് ദൈവസ്നേഹത്തിൻെറ ലോലഘടകമായി മാത്രം കാണുന്നു. ദൈവം തന്നെത്തന്നെ നൽകുന്നത് സ്വീകരിക്കുന്നതിൽ മാത്രം പരമസന്തോഷം കണ്ടെത്തുന്നു. സ്വർഗ്ഗത്തിലെ നിത്യസന്തോഷം ഇതാണ്. സ്വർഗ്ഗത്തിൽ സകല വിശുദ്ധരുടെയും മാലാഖാമാരുടെയും സ്നേഹം നമ്മെ ആനന്ദിപ്പിക്കുമെങ്കിലും പിതാവിൻെറ സമ്പൂർണ്ണസ്നേഹമാണ് ഏററം വലിയ സന്തോഷം. ആ വലിയ സ്നേഹത്തെപ്പററിയുള്ള വിശ്വാസവും അതിൻെറ അനുഭവവും ഒരു വലിയ അളവിൽ കിട്ടുന്നതാണ് ബ്രഹ്മചര്യത്തിലേക്കുള്ള വിളി. അപ്പോൾ ഒരു സൃഷ്ടിയിൽ നിന്നും പരമസന്തോഷം തേടുകയില്ല. സൃഷ്ടികളിൽനിന്ന് എന്തെങ്കിലും നന്മകിട്ടുമ്പോഴും ദൈവത്തിൻെറ സമ്പൂർണ്ണസ്വയംദാനത്തിലും ആ സ്നേഹത്തിലും ആനന്ദിച്ചുകൊണ്ടിരിക്കും.

www.malankaralibrary.com

ദൈവത്തെ സ്നേഹിക്കുവാനായി തന്നെത്തന്നെ മുഴുവനായി സമർപ്പിക്കുന്നവൻ മററു സൃഷ്ടികളെ അവഗണിക്കുന്നില്ല. ദൈവം നമുക്കു നൽകിയ സകലത്തും ദൈവത്തിനു സമർപ്പിക്കുന്നത് എങ്ങനെയാണ് ? ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് മററുള്ളവരെ സ്നേഹിച്ചു ശുശ്രൂഷിക്കുവാനായി സൃഷ്ടനന്മകൾ ഉപയോഗിക്കുന്നതുവഴിയാണ്. ഒരു പ്രത്യേക സൃഷ്ടവ്യക്തിയെ ശുശ്രൂഷിക്കുന്നതിൽ നിന്നു പരമഭാഗ്യം നേടാൻ ശ്രമിക്കുന്നില്ല. ദൈവം നിർദ്ദേശിക്കുന്നതനുസരിച്ച് എല്ലാവർക്കും ശുശ്രൂഷനൽകുന്നു. ദൈവത്തിനുള്ള സമർപ്പണത്തിന്റെ അടയാളമായി നൽകുന്നതാകയാൽ ആ ശുശ്രൂഷയിൽ അതിന്റേതായ ആദരവും സ്നേഹവും സൂക്ഷ്മതയും ഉണ്ടായിരിക്കും. ശുശ്രൂഷയുടെ സമയത്ത് സൃഷ്ടിയിൽ നിന്ന് എന്തെങ്കിലും സന്തോഷം കിട്ടുവാൻ ആഗ്രഹിക്കുന്നില്ല. മനസ്സ് സൃഷ്ടിയിൽ ആസക്തമാകുന്നുമില്ല. ശുശ്രൂഷാകൃത്യത്തിൽ നിന്നുള്ള ആത്മസംതൃപ്തിപോലും അന്വേഷിക്കുന്നില്ല. ദൈവത്തിനു നമ്മളോടുള്ള സ്നേഹത്താൽ ദൈവം സമ്പൂർണ്ണ സ്വയംദാനം നൽകി സ്നേഹിക്കുന്നതു മാത്രമാണ് എല്ലാ സമയത്തുമുള്ള ആനന്ദവിഷയം. സ്നേഹത്താൽ ദൈവത്തിന് ഏകാഗ്രമനസ്സോടെ ശുശ്രൂഷ ചെയ്യുന്നതുമാത്രം ജീവിത പരിപാടിയായി നിലകൊള്ളുന്നു. ആ ശുശ്രൂഷയാണ് വിവിധ രീതികളിൽ പ്രകടമാക്കുന്നത്. ദൈവകേന്ദ്രീകൃതമായ ഈ ശുശ്രൂഷ നടത്തുമ്പോൾ മനുഷ്യരുടെ നന്മയ്ക്കുവേണ്ടി പരിശുദ്ധസ്നേഹം നൽകുകയും ചെയ്യുന്നു. കൂടുതൽ ഏകാഗ്രമായ മനസ്സും കൂടുതൽ സന്തോഷവും ബ്രഹ്മചാരിക്ക് ലഭിക്കുന്നു. സൃഷ്ടികളിൽ നിന്ന് യാതൊന്നും പ്രതീക്ഷിക്കാത്തതിനാൽ അവയ്ക്കുപരി ഉയർന്നു നില്ക്കുന്ന മനസ്സിന്റെ സ്വാതന്ത്ര്യം അനുഭവപ്പെടുകയും ചെയ്യും.

വിശ്വാസിയുടെ ക്രമീകൃതമായ കുടുംബജീവിതം സ്വർഗ്ഗരാജ്യത്തിനു തടസ്സമാണെന്നു ധരിക്കരുത്. കുടുംബജീവിതത്തിലെ അവകാശങ്ങളും നന്മകളും നിന്ദ്യമാണെന്നു ധരിക്കരുത്. പാപം ദൈവരാജ്യത്തിനു തടസ്സമാണ്. ദൈവം നൽകിയ സൃഷ്ടനന്മകളിൽ പ്രധാനമായ ഒന്നാണ് വിവാഹബന്ധത്തിൽ ദൈവത്തോടുകൂടി സൃഷ്ടികർമ്മത്തിൽ പങ്കെടുക്കാനും ശുശ്രൂഷിക്കാനുമുള്ള അവകാശവും വ്യക്തിത്വങ്ങൾ ഒന്നായിത്തീരുന്നതിന്റെ വളർച്ചയിലുള്ള ആനന്ദവും. അവർമേലിൽ രണ്ടല്ല ബന്ധം മുറിച്ചാൽ വ്യക്തിത്വം തകരുന്ന വേദനയുണ്ട്. പരസ്പരം അംഗീകരിച്ചും സ്വീകരിച്ചും ഒന്നിച്ചുഭാരം വഹിച്ചും വ്യക്തിത്വങ്ങൾ കൂടുതൽ ഐ

www.malankaralibrary.com

ക്യപ്പെടണം. മനുഷ്യൻ തനിയെ തന്റെ കഴിവുകൾ വികസിപ്പിച്ചു വളർന്നു വളർന്ന് ഒരു സ്ഥിതിയിലെത്തുമ്പോൾ മനുഷ്യ വ്യക്തിത്വങ്ങൾ ഒന്നായിത്തീർന്ന് വളരാൻ ആഗ്രഹിക്കും. അതിലുപരിയായ ഒരു നന്മയ്ക്കുവേണ്ടിയാണ് വിവാഹജീവിതം ഉപേക്ഷിക്കുന്നത്.

കൃപാജീവിതത്തിൽ വളരെയേറെ പുരോഗമിക്കുമ്പോൾ മനുഷ്യന്റെ അന്തരാത്മാവ് ദൈവപുത്രനോടും പുത്രനിലൂടെ പിതാവിനോടും ഒന്നായിത്തീരും. വ്യക്തിത്വങ്ങൾ ഒന്നായിത്തീരുന്ന വളർച്ചയുടെ പാരമ്യമാണ് ത്രിത്വത്തിൽ ചേരുന്നതുവഴി ലഭിക്കുന്നത്. സ്വർഗ്ഗ രാജ്യത്തെപ്രതി ഷണ്ഡരാകുന്നവർക്ക് ഈ ഭൂമിയിൽ വച്ചുതന്നെ സ്വർഗ്ഗീയ വളർച്ചയുടെ മുന്നനുഭവം ലഭിക്കുന്നു. ദൈവം മനുഷ്യനോട് ഒന്നായിത്തീരുന്നതിന്റെ ആത്മീയ സന്തോഷം മനുഷ്യനു ലഭിക്കുന്നു. മനുഷ്യന്റെ ആത്മജീവനായ യേശുക്രിസ്തുവിനെ നാഥനായി സ്വീകരിച്ച് സംയോജിച്ച് യേശുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും രഹസ്യങ്ങളിൽ ആഴത്തിൽ ഒന്നായിച്ചേർന്നു ജീവിക്കുന്നതുവഴി മാത്രമാണ് ക്രിസ്തീയ ബ്രഹ്മചര്യ ജീവിതം സാധിക്കുന്നത്. യേശുക്രിസ്തു മാത്രമാണ് നാഥനായി ബ്രഹ്മചാരിയിൽ ജീവിക്കുന്നത്. യേശുവിലൂടെ പിതാവിൽനിന്ന് എല്ലാം കിട്ടിയതിന്റെ സന്തോഷം വിശ്വാസത്തിലും ശരണത്തിലും ബ്രഹ്മചാരി അനുഭവിക്കുന്നു. ഉയിർപ്പിൽ പ്രവേശിച്ചവർ വിവാഹം കഴിക്കുന്നില്ല. യേശുവിൽ ഉൾച്ചേർന്ന് യേശുവിന്റെ മരണത്തിൽ ഐക്യപ്പെട്ട് യേശുവിനോടുകൂടി ഉയർപ്പിക്കപ്പെട്ടവരായി കഴിയുന്നില്ലെങ്കിൽ ക്രിസ്തീയ ബ്രഹ്മചര്യം ദുഷ്കരമാണ്. യേശുവിൽ ആഴത്തിൽ ഉൾച്ചേരാൻ അനുവാദം കിട്ടിയത് ദൈവത്തിന്റെ കൃപമൂലമാണ്. ആഴത്തിലുള്ള വിശ്വാസവും അതുവഴി ആന്തരികമായ അവബോധവും നൽകുന്നതിലൂടെ ദൈവം മനുഷ്യനോട് ആന്തരികമായി സംസാരിക്കുന്നു. യേശുവിന്റെ ഉയിർപ്പിൽ ചേർന്നു ജീവിക്കുവാനുള്ള വരവും വളർച്ചയും ദൈവം നൽകുന്നു. ബ്രഹ്മചര്യത്തിലേക്കുള്ള വിളി കിട്ടിയാലും മനുഷ്യന്റെ ഭാഗത്ത് സമർപ്പണവും സഹകരണവും യേശുവിൽ യേശുവിന്റേതായി എപ്പോഴും ജീവിക്കാനുള്ള തീരുമാനവും ആവശ്യമാണ്. എന്നാലും സ്ത്രീപുരുഷ ലൈംഗികതയുടെ ശാരീരിക മാനസിക വാസനകൾ ഇല്ലാതാകയില്ല. വലിയ ദൈവസ്നേഹാനുഭവവും ദൈവൈക്യത്തിന്റെ ആന്തരികാനന്ദങ്ങളും ശക്തിപ്പെടുന്നതനുസരിച്ച് മാനുഷിക ലൈംഗികവാസനകൾ നി

www.malankaralibrary.com

സ്സാരമായിത്തീരും. അവയെ അവഗണിക്കുന്നതിൽ ഒരു ത്യാഗം ഉണ്ട്. ആ ത്യാഗം ദൈവത്തിനുള്ള സ്നേഹസമ്മാനമായി സമർപ്പിക്കണം.

ദൈവത്തിന്റെ സ്വയംദാനം ക്രിസ്തുവിലൂടെ സ്വീകരിച്ച് ദൈവത്തെ പ്രാപിച്ചവരായി കഴിയുന്നവർ ദൈവനിഷ്ഠമായി എല്ലാവരെയും സ്നേഹിച്ച് അനുഗ്രഹിക്കുന്നു. അവർ എല്ലാവർക്കുമുള്ള ദൈവത്തിന്റെ അനുഗ്രഹമായിത്തീരുന്നു. സ്വയനിഷ്ഠമായ സ്നേഹത്തിലും ശുശ്രൂഷയിലും സ്വാർത്ഥതയുടെ മാലിന്യം കാണാവുന്നതാണ്. ബ്രഹ്മചാരി ദൈവത്തിന്റെ സ്നേഹം സ്വീകരിച്ച് അതേ സ്നേഹത്തിൽ എല്ലാവരെയും അനുഗ്രഹിക്കുന്നവനാണ്. അവൻ നിത്യസ്വർഗ്ഗീയ ജീവിതത്തിന്റെ പ്രകാശനമാണ്. ദൈവരാജ്യത്തിന് സാക്ഷ്യമാണ്.

സൃഷ്ടിക്കപ്പെട്ട മനുഷ്യശരീരവും മനുഷ്യമനസ്സും യേശുവിന് ഉണ്ടായിരുന്നു. യേശു ദൈവവ്യക്തിയായിരുന്നു. ദൈവജീവൻവഴി ത്രിത്വത്തിലുള്ള കൂട്ടായ്മയുടെ ഐക്യവും ജ്ഞാനവും പ്രവർത്തനവും ആനന്ദവും യേശുവിൽ നിറഞ്ഞിരുന്നു. ദൈവികജീവന് ഒന്നാംസ്ഥാനം നൽകി ജീവിക്കുമ്പോൾ മാനുഷികജീവന് രണ്ടാം സ്ഥാനം ലഭിക്കുന്നു. യേശുവിന്റെ ബ്രഹ്മചര്യജീവിതത്തിൽ പങ്കുകിട്ടുന്നവരും യേശുവിന്റെ ശൈലിയിൽ ജീവിച്ച് മററുള്ളവരെ ത്രിത്വജീവിതത്തിലേക്കു നയിക്കുവാൻ സഹായിക്കുന്നു. ദൈവരാജ്യത്തിനു സാക്ഷിയായിത്തീരുന്നു.

യേശുവിന്റെ ജീവൻ സ്വീകരിച്ചവർ തമ്മിൽ ആത്മീയമായ ഒരു വലിയ കൂട്ടായ്മ ലഭിക്കുന്നു. അവർക്ക് ശരീരത്തിന്റെ ജീവൻ പലതാണെങ്കിലും ആത്മാവിന്റെ ജീവൻ ഏകമാണ്. കൃപാജീവിതം അതിൽത്തന്നെ കൂട്ടായ്മയുടെ ജീവിതമാണ്. യേശുവിന്റെ ഉയിർപ്പിന്റെ അനുഭവസാക്ഷികളായി ജീവിക്കുന്നവർ—ബ്രഹ്മചാരികൾ—ആഴമുള്ള കൂട്ടായ്മയിൽ ജീവിക്കുന്നു. ക്രിസ്തീയ സന്യാസസമൂഹങ്ങൾ അങ്ങനെയാണു രൂപപ്പെടുന്നത്. കൂട്ടായ്മ പ്രത്യക്ഷപ്പെടുന്നത് പരസ്പരം സ്നേഹപൂർവ്വം അംഗീകരിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും കൂടിയാണ്. അങ്ങനെ സന്യാസസഭകളിൽ പരസ്പരം ശുശ്രൂഷയുടെ ഘടകമുണ്ടാകുന്നു. മററുള്ളവരെ ക്രിസ്തുവിലേക്ക് എത്തിക്കുവാനുള്ള പ്രേഷിത ശുശ്രൂഷയും സന്യാസജീവിതത്തിന്റെഘടകമായി നിലകൊള്ളുന്നു.

കൃപയോടു സഹകരിച്ച് വളരാനോ, കൃപ ഉപേക്ഷിക്കാനോ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. ഈ വലിയകൃപ കിട്ടി

www.malankaralibrary.com

യവർ അതു സ്വീകരിക്കട്ടെ എന്നാണ് കർത്താവു പറഞ്ഞത്. അത് ഉപേക്ഷിക്കുന്നത് വലിയ നഷ്ടമാണ്. ഒരു സൃഷ്ടിയും മനുഷ്യന് ആത്മസംതൃപ്തി നല്കുകയില്ല. ദൈവംമാത്രമാണ് മനുഷ്യനോടൊന്നായിത്തീർന്ന് മനുഷ്യനെ പൂർണ്ണമായി സംതൃപ്തനാക്കുന്നവൻ. അതിനാൽ യേശുവിൽ ആഴത്തിൽ ഒന്നാകാനുള്ള വിളികിട്ടിയവർ, അത് ഉപേക്ഷിക്കരുത്. സ്വീകരിക്കണം.

## ധനികനായ യുവാവും ദൈവരാജ്യവും

മത്തായി 18:16–30

ക്രിസ്തീയ ദാരിദ്ര്യജീവിതം എന്ന വിരോചിത കൃപാജീവിതത്തെപ്പററി സൂചന നൽകുന്ന ഒരു ദൃഷ്ടാന്തമാണിത്. വസ്തുവകകൾ ദൈവ സ്നേഹമനുസരിച്ച് ക്രമീകൃതമായും ക്രൈസ്തവനീതിയനുസരിച്ചും ഉപയോഗിച്ചുകൊണ്ട് ജീവനിലേക്കു പ്രവേശിക്കുവാൻ സാധിക്കും. എന്നാൽ ഒരുവൻ ദൈവൈക്യജീവിതത്തിൽ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ യേശുനാഥൻ ചെയ്തതുപോലെ, ദൈവസ്നേഹത്താൽ പ്രേരിതമായി സകലതും ദരിദ്രർക്കുകൊടുത്തുകൊണ്ട്, അധികം ദാരിദ്ര്യത്തിലേക്കു നീങ്ങണം. വസ്തുവകകൾ സ്വായത്തമാക്കാനുള്ള ആഗ്രഹത്തിൽ നിന്നുതന്നെ വിമോചിതനായി ദൈവത്തെ സ്നേഹിച്ചു ശുശ്രൂഷിക്കാനും, ദൈവത്തിൽ ഉൾച്ചേരാനും, ദൈവസ്നേഹത്താൽ പ്രചോദിതനായി എല്ലാവരെയും സ്നേഹിച്ചു ശുശ്രൂഷിക്കാനുമായി ജീവിക്കണം. ഒരു വസ്തുവിനെപ്പോലും അതിനെപ്രതിയോ സ്വാർത്ഥതയാലോ ആഗ്രഹിക്കാതെ ദൈവസേവനത്തിനു സഹായകമാകുന്നത്രയും മാത്രം വസ്തുവകകൾ ദൈവത്തിന്റെ താല്പര്യമനുസരിച്ച് ഉപയോഗിച്ചും എല്ലാ വസ്തുക്കളിലും ദൈവമഹത്വം ദർശിച്ചും സഹോദരരെ ശുശ്രൂഷിച്ചും ദൈവൈക്യത്തിൽ വളർന്നുവരണം. ഇങ്ങനെ ജീവിക്കുമ്പോൾ ഭൗതികമായ ദാരിദ്ര്യത്തിന്റെ അനുഭവം ഉണ്ടായേക്കാം. കൃപാജീവിതത്തിൽ വളരെയാഴത്തിൽ ചേർന്ന് യേശുവിനോട് വളരെ ഐക്യപ്പെട്ടപ്പോൾ പ്രകാശിക്കുന്നതാണ് ക്രിസ്തീയ ബ്രഹ്മചര്യവും ക്രിസ്തീയ ദാരിദ്ര്യവും. അവ യേശുവിന്റെ വിശുദ്ധിയിലുള്ള ആഴമേറിയ ഭാഗഭാഗിത്വം തന്നെയാണ്. യേശുവിന്റെ ജീവിതത്തോട് കൂടുതൽ ഐക്യപ്പെടുന്നതാണ്.

ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ പ്രയാസമാണെന്ന് കർത്താവു പറഞ്ഞപ്പോൾ ശിഷ്യന്മാർ ചോദിച്ചു "അങ്ങനെയാണെങ്കിൽ രക്ഷപ്പെടാൻ ആർക്കു കഴിയും?"

www.malankaralibrary.com

മനുഷ്യർക്ക് സാദ്ധ്യമല്ലാത്തതു ദൈവത്തിനു സാധിക്കും എന്നു കർത്താവ് അരുളിച്ചെയ്തു. ദൈവൈക്യത്തിനു തക്ക വണ്ണം തന്നെത്താൻ യോഗ്യതയുണ്ടാക്കാൻ മനുഷ്യനു സാദ്ധ്യമല്ല. എന്നാൽ അയോഗ്യരെ ശുദ്ധീകരിച്ചിട്ടത്ത് തന്നോട് ആഴത്തിൽ യോജിപ്പിക്കുവാൻ ദൈവത്തിനു കഴിയും. ദൈവം ദൈവത്തോട്ട നമ്മെ യോജിപ്പിക്കുന്നതനുസരിച്ച് ബ്രഹ്മചര്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും അരൂപി നമ്മിൽ വളർന്നുവളർന്നു വരും. നമ്മെ ദൈവത്തിലേക്ക് ആകർഷിക്കുന്നതും ശുദ്ധീകരിക്കുന്നതും ദൈവത്തിനു നമ്മെ സമർപ്പിക്കുവാൻ പ്രേരണ നൽകി സമർപ്പിതരാക്കുന്നതും ദൈവത്തിന്റെ പ്രവൃത്തികളാണ്. നമ്മൾ കൃപയോടു സഹകരിക്കുമ്പോൾ ഫലം ഉണ്ടാകുന്നു. നമ്മൾ കൃപയോട്ട സഹകരിക്കുന്നവർ മാത്രമാണ്.

## മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ

മത്തായി 20:1–16

കർത്താവിൽ ഐക്യപ്പെട്ട ജീവിക്കുന്നതിനുള്ള വിവിധ കൃപകൾ എപ്പോളാണ് ലഭിക്കുന്നതെന്നു നിശ്ചയമില്ല. ദൈവത്തിൽ ഐക്യപ്പെട്ടുള്ള ജീവിതവും പ്രവൃത്തികളും ആരംഭിക്കുന്നതുവരെ മനുഷ്യർ അലസമായി സമയം കളയുകയാണ്. ഭൗതികലക്ഷ്യത്തിനായി സമയം നന്നായി വിനിയോഗിക്കുന്നവനും, യഥാർത്ഥത്തിൽ സമയം വ്യർത്ഥമായി കളയുന്നവനാണെന്ന് നിത്യതയുടെ പ്രകാശത്തിൽ കണ്ടെത്താൻ കഴിയും.

കൃപയുടെ സ്പർശനം ഒരു വിളിപോലെയാണ്. ''എന്നോട് ഐക്യപ്പെട്ട് എന്റെ ജോലിയിൽ (പ്രവൃത്തികളിൽ) പങ്കാളിയാകാൻ ഞാൻ നിന്നെ വിളിക്കുന്നു'' എന്ന് ദൈവം ആഹ്വാനം ചെയ്യുന്നതുപോലെയാണ് കൃപയുടെ സ്പർശനം അനുഭവപ്പെടുക. ദൈവത്തിൽ ഐക്യപ്പെട്ട് ദൈവത്തിൽ ഉൾച്ചേരുന്നവർ ദൈവത്തിന്റെ മനോഭാവത്തിലും പ്രവൃത്തികളിലും ദൈവനിർദ്ദേശമനുസരിച്ച് വ്യാപരിക്കേണ്ടിയിരിക്കുന്നു. ശരീരത്തിന്റെ ആകെയുള്ള പ്രവർത്തനത്തിൽ ഓരോ അവയവവും അതാതിനുള്ള പങ്കു വഹിച്ച് അദ്ധ്വാനിക്കുന്നതുപോലെ യേശുവിൽ ഉൾച്ചേർന്നവർ (യേശുവിനോട് ജീവനിൽ ഒന്നായവർ) യേശുവിന്റെ എല്ലാ ജോലികളിലും അവരവർക്കുള്ള പങ്കു വഹിക്കണം. പിതാവിൽ ഉൾച്ചേർന്നിരുന്ന യേശു പറഞ്ഞത് ''എന്റെ പിതാവ് പ്രവർത്തനനിരതനാണ്, ഞാനും അങ്ങനെ ആയിരിക്കണം'' എന്നാണ്. ദൈവപിതാവും പുത്രനും പരിശുദ്ധാ

www.malankaralibrary.com

ത്മാവും സകല നന്മയുടെയും സമ്പൂർണ്ണ പ്രവർത്തനത്തിൽ Pure Act സദാ വ്യാപരിക്കുന്നു. പുത്രനിൽ ഉൾച്ചേർന്നിരിക്കുന്ന നമ്മളും നമുക്കു കിട്ടിയ വിളിയനുസരിച്ച് സൽപ്രവൃത്തിയിൽ സദാ വ്യാപരിക്കണം. ദൈവത്തിൻെറ സമ്പൂർണ്ണ പ്രവൃത്തിയിൽ മുഴുവനായി ആയിരിക്കുവാൻ നമുക്കു സാദ്ധ്യമല്ല. ആയിരിക്കുന്നവൻ ദൈവം മാത്രമാണ്. എന്നാൽ നമുക്കു കിട്ടിയ വിളിയും പങ്കും അനുസരിച്ച് ദൈവത്തിൽ ആയിരിക്കുവാൻ നമുക്കുസാധിക്കും. യേശുവിൽ ചേർന്നതിനുശേഷം അലസമായി വ്യാപരിക്കുവാൻ നമുക്കു സാദ്ധ്യമല്ല. യേശുവിൽ ഉൾച്ചേരുന്ന സമയംമുതൽ യേശുവിൻെറ അദ്ധ്വാനത്തിൽ പങ്കെടുത്തുകൊണ്ടിരിക്കണം. യേശുവിനെ അറിയുന്നതുവരെയുള്ള സമയം പാഴായിപ്പോയി. അതിനെപ്പററി ആകുലപ്പെട്ടിട്ടു ഫലമില്ല.

അദ്ധ്വാനത്തിനുള്ള പ്രതിഫലം എല്ലാവർക്കും ഒന്നുതന്നെ. യേശുവിൻെറ മഹത്വത്തിൽ ആയിരിക്കുക എന്ന പ്രതിഫലമാണ് യേശുവിൽ ചേർന്ന എല്ലാവർക്കും ലഭിക്കുക. പ്രഭാതം മുതൽ പണിതവർക്കും അന്ത്യസമയത്ത് പണിയിൽ പ്രവേശിച്ചവർക്കും ഒരേ പ്രതിഫലമാണ് പറഞ്ഞു സമ്മതിച്ചിരുന്നത്. കൂടുതൽ അദ്ധ്വാനിച്ചവർക്കു കൂടുതൽ പ്രതിഫലം ലഭിക്കേണ്ടതല്ലേ? അതല്ലേ നീതി? അങ്ങനെ പ്രതീക്ഷിക്കുകയും ചെയ്തു. നാഥനോടൊത്ത് അദ്ധ്വാനിക്കുവാൻ അവകാശം കിട്ടിയതുതന്നെ അനുഗ്രഹമായി കണക്കാക്കുവാൻ കഴിയാതെപോയി എന്നതാണ് അവരുടെ കണക്കുകൂട്ടലിൽ വന്ന പിശക്. ദൈവത്തോടു യോജിക്കുക എന്നതിൽ നിന്നു ലഭിക്കുന്ന അനന്ത മഹത്വം നമ്മുടെ ആരുടെയും പ്രവർത്തനത്തിൻെറ പ്രതിഫലമായി നേടാവുന്നതല്ല. കൃപയാൽ ദൈവം നൽകുന്നതാണ്. ദൈവം കൃപയാൽ നൽകുന്ന നന്മകളാണ് നമ്മിൽ സൽപ്രവൃത്തികളായി രൂപപ്പെടുന്നതുതന്നെ. എത്രമേൽ കൂടുതലായി ദൈവത്തോട് ഐക്യപ്പെട്ട് അദ്ധ്വാനിക്കുവാൻ സാധിക്കുന്നുവോ (to be in act) അത്രമേൽ ഭാഗ്യം എന്നു ചിന്തിച്ച് സന്തോഷിക്കുക. എത്ര കൂടുതൽ സമയം ദൈവത്തിൽ ഐക്യപ്പെട്ട് അദ്ധ്വാനിക്കുവാൻ സാധിക്കുന്നുവോ, അത്രയും ഭാഗ്യം ലഭിച്ചതിന് ദൈവത്തെ സ്തുതിക്കുക. ദൈവം മററുള്ളവരോട് ഔദാര്യം കാണിക്കുന്നതു കാണുമ്പോഴും ദൈവത്തോട് ഐക്യപ്പെട്ടവർ അതിൽ ആനന്ദിക്കുകയാണു വേണ്ടത്. നമ്മളോടു കാണിച്ച ഔദാര്യത്തെയോർത്ത് നിരന്തരം ദൈവത്തെ സ്തുതിക്കണം. നമ്മളോട് ഔദാര്യം കാണിച്ചതുപോലെ മററുള്ളവരോടും ഔദാര്യം കാണിക്കാൻ ദൈവത്തിന് അവകാശമുണ്ട്. അതിൽ ആനന്ദിക്കുക.

www.malankaralibrary.com

## രാജാവിന്റെ ഇടത്തും വലത്തും

മത്തായി 20:20–28.

ദൈവരാജ്യത്തിൽ യേശുവിനോട് വളരെ ചേർന്നിരിക്കുവാനുള്ള അനുഗ്രഹം തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ യേശു പറഞ്ഞത്, ആ പദവിയുടെ വലിപ്പവും ഉത്തരവാദിത്വവും സഹനവും അറിഞ്ഞിരുന്നെങ്കിൽ ഒരുപക്ഷേ, നിങ്ങൾ അതു ചോദിക്കുകയില്ലായിരുന്നു എന്നാണ്. കർത്താവിന്റെ പ്രവർത്തനങ്ങളിലും പീഡാനുഭവത്തിലും മരണത്തിലും മഹത്വത്തിലും കർത്താവിനോടു വളരെ ചേർന്ന് ഐക്യപ്പെടുക എന്നതാണ് ദൈവരാജ്യത്തിൽ (കർത്താവിനോട് ഐക്യപ്പെട്ടുള്ള ജീവിതത്തിൽ) യേശുവിന്റെ ഇടതും വലതും ചേർന്നിരിക്കുക എന്നു പറയുന്നതിന്റെ അർത്ഥം. ആധിപത്യം നടത്തുന്ന ഒരു രാജത്വത്തിലുള്ള പങ്കല്ല അത്. യേശുവിന്റെ ജീവനിലും സ്നേഹസഹനങ്ങളിലും മഹത്വത്തിലും പങ്കെടുക്കുക എന്നതാണത്. ''എന്റെ പാനപാത്രം കുടിക്കാമോ'' എന്നു ചോദിച്ചപ്പോൾ ''ഞങ്ങൾ കുടിക്കാം'' എന്നു സെബദി പുത്രന്മാർ മറുപടി പറഞ്ഞു. അപ്പോൾ യേശു പറഞ്ഞു: ''നിങ്ങൾ എന്റെ സഹനത്തിൽ പങ്കെടുക്കുന്നതുകൊണ്ടു മാത്രം അവകാശമായി സ്വർഗ്ഗരാജ്യത്തിലെ മഹത്വത്തികവ് കിട്ടുകയില്ല.'' സഹനത്തിന്റെ പ്രതിഫലമായി സ്വർഗ്ഗമഹത്വം സമ്പാദിക്കുവാൻ സാദ്ധ്യമല്ല. സ്വർഗ്ഗമഹത്വം കൃപയാൽ ലഭിക്കുന്നതാണ്. കൃപ എപ്പോഴും കൃപതന്നെയാണ്. പ്രവൃത്തികൾക്ക് അർഹമായി ലഭിക്കേണ്ട പ്രതിഫലമായ സമ്മാനമല്ല സ്വർഗ്ഗരാജ്യം. പ്രവൃത്തികളുടെ പ്രതിഫലമാണെങ്കിൽ അതു നേടുന്നവർക്കു സ്വയം സ്തുതിക്കുവാൻ അവകാശമുണ്ട്. സ്വർഗ്ഗത്തിലെ ഉപരിമഹത്വത്തിൽ പങ്കു കിട്ടുവാൻ യേശുവിന്റെ പീഡാനുഭവത്തിലും മരണത്തിലും പങ്കെടുക്കണമെന്നുള്ളത് ഒരു വ്യവസ്ഥ മാത്രമാണ്. പീഡാസഹനത്തിന്റെ അനന്തര ഫലമായി സ്വർഗ്ഗരാജ്യമഹത്വം സ്വയം ഉണ്ടാകുന്നു എന്നു ധരിക്കരുത്. പിതാവ് ദാനമായി നൽകുന്നതാണ് സ്വർഗ്ഗരാജ്യം. കർത്താവിന്റെ പീഡാനുഭവത്തിൽ പങ്കു കിട്ടുന്നതുതന്നെ ഒരു കൃപയാണ്. അനുഗ്രഹമാണ്.

ആധിപത്യം നടത്തുന്ന ലോകാധികാരികളുടെ സിംഹാസനത്തോടു ചേർന്നു നിൽക്കുന്നവർക്ക് ആധിപത്യം നടത്തുന്നതിൽ അല്പസ്വല്പം ഭാഗഭാഗിത്വം ലഭിച്ചേക്കാം. അതിൽ അഭിമാനിക്കാൻ സാധിച്ചേക്കാം. എന്നാൽ യേശു

www.malankaralibrary.com

ശുശ്രൂഷിക്കുന്നവനായി വന്നവനാണ്. സ്വർഗ്ഗരാജ്യത്തിലെ വലിയവൻ എല്ലാവരുടെയും ദാസനായിരിക്കും. കൃപാജീവിതത്തിന്റെ മാതൃകയും ഉറവിടവും യേശുവാണ്. യേശുവിൽ ഐക്യപ്പെടുന്നവർ കൂടുതൽ ത്യാഗവും സ്നേഹവും സേവനവും നിറഞ്ഞ ജീവിതം നയിക്കുന്നു.

## രണ്ടു പുത്രന്മാരുടെ ഉപമ

മത്തായി 21:28-32

ജോലി ചെയ്യുവാൻ പിതാവ് ആവശ്യപ്പെട്ടപ്പോൾ ഒരു മകൻ അതിനു തയ്യാറാണെന്ന പറഞ്ഞെങ്കിലും ജോലി ചെയ്തില്ല. മറ്റേ മകൻ തയ്യാറല്ലെന്ന പറഞ്ഞെങ്കിലും പിന്നീട് അനുതപിച്ച് ജോലി ചെയ്തു. ദൈവരാജ്യജീവിതം എന്നത് കേവലം വാക്കുകളിലും താല്ക്കാലിക തീരുമാനത്തിലും ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. ദൈവജീവൻ സ്വീകരിച്ച് ദൈവത്തോട് ഐക്യപ്പെടുന്നവർ ദൈവത്തിന്റെ പ്രവൃത്തിയിൽ പങ്കുചേരണം. ദൈവൈക്യത്തിലാണെന്ന് സ്വയം ചിന്തിച്ച് അഹങ്കരിക്കുകയും എന്നാൽ ദൈവിക ജീവന്റെ പ്രവൃത്തികളിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നവരെക്കാൾ മുമ്പെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് അനുതപിച്ച് ദൈവൈക്യജീവിതം സ്വീകരിക്കുന്ന വേശ്യകളും ചുങ്കക്കാരുമായിരിക്കും. മൂന്നു കാര്യങ്ങൾ ഈ ഉപമയിലൂടെ വ്യക്തമാക്കുന്നു. ദൈവൈക്യ ജീവിതത്തിൽ നിലനിൽക്കുവാൻ 1. ദൈവത്തോട് ഐക്യപ്പെടുവാൻ ദൃഢമായി തീരുമാനിക്കുന്ന വിധമുള്ള മാനസാന്തരവും 2) ദൈവിക പ്രവൃത്തികളിൽ തളരാതെ അദ്ധ്വാനിക്കുവാനുള്ള ദൃഢമായ പ്രതിജ്ഞയും 3. ദൈവജീവനുചേർന്നവിധമുള്ള നിരന്തര പ്രവർത്തനവും ആവശ്യമാണ്. ദൈവജീവനിൽ ചേർന്നുള്ള പ്രവൃത്തി അവശ്യഘടകംതന്നെ.

## മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ.

മത്തായി 21:33-44

ദൈവരാജ്യം സ്വീകരിക്കാൻവേണ്ടി നൽകപ്പെടുന്ന ക്ഷണം എന്ന ആദ്യാനുഗ്രഹം പിന്നെയും പിന്നെയും നിരസിക്കുകയും, ദൈവത്തിന്റെ പദ്ധതികളെ നിന്ദിക്കുകയും ദൈവരാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവരെ ഉപദ്രവിക്കുകയും ചെയ്യുന്നവരെ ദൈവം കൈവിടുന്നു. ദൈവരാജ്യം നൽകാൻ വന്ന ദൈവപുത്രനെപ്പോലും അവർ നിരാകരിക്കുകയും കൊല്ലുകയും ചെയ്തു. അതിനാൽ ദൈവരാജ്യ പ്രവേശനത്തിനുവേണ്ടി അവർക്കു നൽകിയിരുന്ന ആദ്യാ

www.malankaralibrary.com

നുഗ്രഹങ്ങൾപോലും പിൻവലിക്കുന്നു. കൃപാജീവിതത്തിനായി ദൈവം നൽകുന്ന ആദ്യാനുഗ്രഹങ്ങൾപോലും പിൻവലിക്കുന്നു. കൃപാജീവിതത്തിനായി ദൈവം നല്കുന്ന ആദ്യാനുഗ്രഹങ്ങൾ പോലും നന്ദിയോടും എളിമയോടുംകൂടി നമ്മൾ സ്വീകരിച്ച് ദൈവത്തിനു നന്ദി പറയണം. യാതൊരു അനുഗ്രഹവും നമുക്ക് തനിയെ ഉണ്ടാക്കിയെടുക്കാൻ സാദ്ധ്യമല്ല. ആദ്യാനുഗ്രഹങ്ങളും വളർച്ചയുടെ അനുഗ്രഹങ്ങളും നമ്മൾ നന്ദിയോടെ സ്വീകരിച്ച് അവയോടു സഹകരിക്കുന്നില്ലെങ്കിൽ കൃപാജീവൻ പിൻവലിക്കപ്പെടും എന്ന് സദാ ഓർമ്മിക്കണം. കൃപാജീവൻ പിൻവലിക്കപ്പെട്ടാൽ നമ്മൾ വെറും സൃഷ്ടികൾ മാത്രമായിരിക്കും. താല്കാലിക ലക്ഷ്യത്തിനായി മാത്രം ജീവിച്ച് ജീവിതം അവസാനിപ്പിക്കുന്നവരായിരിക്കും. സ്വഭാവാതീതവും നിത്യവുമായ ലക്ഷ്യമില്ലാതെ തകർന്നു പോകുന്നവരായിത്തീരും. ദൈവൈക്യജീവിതത്തിൽ കഴിയുന്നവർ ദൈവത്തിൻെറ നിത്യമഹത്വത്തിൽ ദൈവത്തോടൊത്തു ജീവിക്കും.

## വിവാഹവിരുന്നിൻെറ ഉപമ

മത്തായി 22:1–14

രാജകൊട്ടാരത്തിലെ സദ്യയ്ക്കു ക്ഷണം കിട്ടുക എന്നതു തന്നെ ഒരു സാധാരണക്കാരന് പ്രതീക്ഷിക്കാവുന്നതിലുപരിയായ ഭാഗ്യമാണ്. ദൈവൈക്യജീവിതത്തിനുള്ള ക്ഷണം കിട്ടുക എന്നത് സൃഷ്ടിയെന്ന നിലയിൽ മനുഷ്യനു പ്രതീക്ഷിക്കാവുന്നതിലുപരിയായ ഭാഗ്യമാണ്. ക്ഷണം അറിയിക്കാൻ രാജാവ് ദാസന്മാരെ അയച്ചതുപോലെ ഈ സുവിശേഷം അറിയിക്കാൻ ദൈവം ദൈവദാസന്മാരെ നമ്മുടെ പക്കലേക്ക് അയയ്ക്കുന്നു. പരിശുദ്ധാത്മാവു വഴി നമ്മുടെ ഉള്ളിൽ പ്രചോദനവും ബോദ്ധ്യവും നൽകുന്നു. എന്നാൽ പലരും ഈ ക്ഷണം നിരാകരിക്കുന്നു. വീണ്ടും മററു ഭൃത്യന്മാരെ അയയ്ക്കുന്നു. രാജകീയ വിരുന്നിലെ വിഭവങ്ങൾ (ഭാഗ്യങ്ങൾ) എന്തെല്ലാമെന്നു വർണ്ണിച്ചു കേൾപ്പിക്കുന്നു. കൃപാജീവിതത്തിലെ നിത്യഭാഗ്യവും ദൈവൈക്യമില്ലാത്ത ജീവിതത്തിലെ ശൂന്യതയും വിവരിച്ചു പറയുന്നു. എന്നാൽ പലരും ഈ ക്ഷണം അവഗണിച്ചുകൊണ്ട് ദൈവൈക്യജീവിതത്തെക്കാൾ ഉപരിയായി ലോകവ്യാപാരങ്ങളുടെ ഭാഗ്യത്തെ അന്വേഷിക്കുന്നു. മനുഷ്യൻ അവൻെറ ജീവിതത്തിലെ അടിസ്ഥാന തെരഞ്ഞെടുപ്പു നടത്തുന്നതനുസരിച്ചാണ് അവന് നിത്യഭാഗ്യമോ നിത്യനാശമോ സംഭവിക്കുക. ദൈവൈക്യജീവിതമാണോ മറെറന്തെ

www.malankaralibrary.com

കിലുമാണോ നമ്മൾ പർമമായി അന്വേഷിച്ചു തെരഞ്ഞെടുക്കുന്നതെന്ന് ആത്മശോധന ചെയ്യുക. ദൈവൈക്യജീവിതം പരമലക്ഷ്യമായി ഒരുവൻ തിരഞ്ഞെടുക്കുമ്പോൾ നിത്യജീവിതത്തിന്റെ ആദ്യത്തെപടി കയറുകയാണ്. കൃപാജീവിതത്തിലേക്കുള്ള ക്ഷണം നിരസിക്കുമ്പോൾ അവൻ നിത്യനാശം തെരഞ്ഞെടുക്കുകയാണ്. കൃപാജീവിതത്തെക്കാൾ ഉപരിയായി സ്വന്തശരീരജീവൻ തെരഞ്ഞെടുക്കുമ്പോൾ പോലും മനുഷ്യൻ നിത്യനാശം തെരഞ്ഞെടുക്കുകയാണ്.

കൃപാജീവിതത്തിന്റെ സന്ദേശം നൽകുന്ന ദൈവദാസന്മാരെ ചില ക്രൂരമനുഷ്യർ അവമാനിക്കുകയും വധിക്കുകയും ചെയ്യുന്നു. അത് ദൈവത്തിന് ഏററവും അസഹ്യമാണ്. ഉന്നതമായ ഔദാര്യം നിരസിക്കുക മാത്രമല്ല, ഉപദ്രവിക്കുകകൂടിചെയ്യുന്നു. അവരെ ദൈവം നശിപ്പിക്കുന്നു. ഇക്കാര്യം ലോകചരിത്രത്തിൽ കണ്ടെത്താവുന്നതാണ്. യേശുവിലൂടെയുള്ള കൃപാജീവിതത്തിന്റെ സന്ദേശവുമായി ചെല്ലുന്ന ദൈവദാസന്മാരെ പീഡിപ്പിക്കുന്ന മനുഷ്യരും കുടുംബങ്ങളും രാഷ്ട്രങ്ങളും അവരുടെ തെററിനെപ്പററി പശ്ചാത്തപിക്കാതിരിക്കുന്നെങ്കിൽ നാമാവശേഷമായിത്തീരുന്നതു കാണാം.

കൃപാജീവിതത്തിനുള്ള ക്ഷണം കിട്ടിയ യഹൂദർ അത് ഉപേക്ഷിച്ചു. അപ്പോൾ സകല ജനത്തിനും കൃപാജീവിതത്തിലേക്കുള്ള ക്ഷണം ദൈവം നൽകി. സകലരെയും ദൈവരാജ്യമെന്ന സദ്യയിലേക്കു ക്ഷണിച്ചുകൊണ്ടുവരുവാൻ കല്പിച്ചു. ദുഷ്ടരും ശിഷ്ടരുമായ സകലരെയും ക്ഷണിച്ചുകൊണ്ടുവന്ന വിരുന്നുശാല നിറഞ്ഞു. രാജാവ് എല്ലാവരെയും കാണുവാൻ വന്നു. അക്കൂട്ടത്തിൽ വിവാഹവസ്ത്രം ധരിക്കാത്ത ഒരാളെ കണ്ടുമുട്ടി. അവനെ പുറത്ത് അന്ധകാരത്തിലേക്കു വലിച്ചെറിഞ്ഞു. ഇത് അന്യായമല്ലേ ? വിളിച്ചുവരുത്തിയിട്ട് യോഗ്യതയില്ലെന്നു പറഞ്ഞ് വേദനിപ്പിക്കുക ന്യായമാണോ ? രാജാവിന്റെ കൊട്ടാരത്തിലെ വിരുന്നിനുവരുന്നവർ സദസ്സിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ വിശിഷ്ടവസ്ത്രങ്ങൾ ധരിച്ചിരിക്കണം. അവർക്കു ധരിക്കുവാനുള്ള വിശിഷ്ടവസ്ത്രങ്ങൾ സൗജന്യമായി നൽകിയിരുന്നു. ആ വിശിഷ്ടവസ്ത്രം സ്വീകരിക്കാനും ധരിക്കാനും ഒരാൾ വിസമ്മതിച്ചു. തനിക്കു ക്ഷണം കിട്ടിയിട്ടുണ്ട്. വിശിഷ്ടവസ്ത്രങ്ങൾ ധരിച്ചില്ലെങ്കിലും സദസ്സിൽ ഇരിക്കാൻ അവകാശമുണ്ട് എന്ന തന്റേടമാണ് അയാളെ ഭരിച്ചത്. ദൈവരാജ്യ ജീവിതത്തിൽ പ്രവേശിക്കുന്നതിന് ക്ഷണം കിട്ടിയാൽ മാത്രം പോരാ. യേശുവിന്റെ യോഗ്യതകൾ എന്ന രാജകീയ വിവാഹവസ്ത്രം

www.malankaralibrary.com

ധരിക്കുകകൂടി വേണം വിശിഷ്ടവസ്ത്രം ധരിക്കുന്നതുവഴി സദസ്സിൽ എല്ലാവർക്കും സന്തോഷം പകരണം. ആ വസ്ത്രം സൗജന്യമായി ലഭിക്കുന്നതാണ്. അതും നന്ദിയോടെ സ്വീകരിച്ച് ധരിച്ച് എല്ലാവർക്കും സന്തോഷം പകരണം. പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞു പുതിയ മനുഷ്യനായ യേശുവിനെ ധരിക്കണം. എപ്പോഴും യേശുവിനു വിധേയരായി നില്ക്കണം. യേശുവിൻെറ നന്മകളോരോന്നും നമ്മിൽ സാക്ഷാൽക്കരിക്കണം. അതിനാവശ്യമായ പ്രവർത്തനങ്ങളിൽ വ്യാപരിക്കണം. യേശുവിൻെറ സ്വഭാവശ്രേഷ്ഠതയിൽ നിന്ന് പ്രകാശിക്കുന്ന കതിരുകൾ സകല സ്വർഗ്ഗവാസികൾക്കും സന്തോഷകാരണമാകും. ദൈവരാജ്യത്തിലേക്കുള്ള ക്ഷണം കിട്ടിയവനാണെങ്കിലും, യേശുവിൻെറ യോഗ്യതകൾ സ്വായത്തമാക്കാൻ വിസമ്മതിക്കുന്നവനെ ദൈവമഹത്വത്തിൽ നിന്ന് വേർപെടുത്തും. ക്ഷണം കിട്ടിയവരുടെ കൂടെ കുറെസമയം ഇരിക്കാൻ സാധിച്ചാലും അയാളെ ദൈവപ്രകാശത്തിൽ നിന്നും അന്ധകാരത്തിലേക്ക് നീക്കും. ക്ഷണം കിട്ടിയവർ, യേശുവിൻെറ പരിശുദ്ധസ്നേഹം, ക്ഷമ, ആർദ്രത, മുതലായ സൽഗുണങ്ങളുടെ വിശിഷ്ടവസ്ത്രം ധരിക്കണം. പുണ്യത്തിൽ വളരണം. സഭാജീവിതത്തിൽ പ്രവേശനം കിട്ടിയിട്ടും ദൈവരാജ്യജീവിതം നയിക്കുന്നവരുടെ കൂടെയുള്ള കൂട്ടായ്മ കിട്ടിയിട്ടും യേശുവിൻെറ സ്വഭാവഗുണം സ്വീകരിക്കാൻ വിസമ്മതിക്കുകയാണെങ്കിൽ നിത്യനാശം സംഭവിക്കും. എല്ലാ മനുഷ്യർക്കും ക്ഷണം നൽകുന്നുണ്ട്. എല്ലാ മനുഷ്യരോടും സുവിശേഷം പറയാനാണ്, എല്ലാവരെയും ക്ഷണിക്കാനാണ് യേശു പറഞ്ഞത്. എന്നാൽ സുവിശേഷത്തിൽ വിശ്വസിച്ച്, യേശുവിനെ സ്വീകരിച്ച്, യേശുവിൻെറ മരണത്തിലും ഉയിർപ്പിലും ഒന്നായിത്തീരുന്ന മാമ്മോദീസാ സ്വീകരിച്ച്, യേശുവിനോട് ജീവനിലും സ്വഭാവത്തിലും ഒന്നായിത്തീരുന്നവർ മാത്രമെ തെരഞ്ഞെടുക്കപ്പെടുകയുള്ളു. മാമ്മോദീസാ സ്വീകരിക്കുമ്പോൾ പഴയ മനുഷ്യനെ അതിൻെറ സകല ചിന്താരീതികളോടും പ്രവർത്തന ശൈലികളോടും കൂടി ഉരിഞ്ഞു കളയുകയും യേശുവിനെ യേശുവിൻെറ വചനങ്ങളോടും പ്രവർത്തന ശൈലിയോടും കൂടി ധരിക്കുകയുമാണു ചെയ്യുക. പഴയ മനുഷ്യൻ മരിക്കുന്നതിൻെറ വേദന സദാ അനുഭവിക്കാതെ യേശുവിനെ ധരിക്കാൻ സാധിക്കുകയില്ല. ദൈവൈക്യ ജീവിതത്തിലേക്കു വിളിക്കപ്പെട്ടു എന്നത് ഒരു കൃപയാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെടുവാൻ കൃപയാൽ യേശുവിൻെറ യോഗ്യതകൾ പടിപടിയായി നമ്മിലേക്കു നിവേശിപ്പിച്ചുതരുന്നതു സ്വീകരിക്കുകകൂടിവേണം.

www.malankaralibrary.com

ആദ്യകൃപകൊണ്ടു മാത്രം ആയില്ല. തുടർന്നുള്ള കൃപകളോടു സഹകരിക്കുകയും വേണം.

## സ്വർഗ്ഗത്തിൽ ആര് ആരുടെ ഭാര്യ?

മത്തായി 22:23–33

കൃപാജീവിതിൽ പരമാന്ത്യമായ സമ്പൂർണ്ണ ദൈവൈക്യം എന്ന സ്വർഗ്ഗീയ ജീവിതത്തിൽ ആര് ആരുടെ ഭാര്യ ആയിരിക്കുമെന്ന് സദൂക്കയർ യേശുവിനോട് ചോദിച്ചു. ദൈവൈക്യത്തിൻെറ പരമകാഷ്ഠയിൽ മനുഷ്യശരീരം രൂപാന്തരം പ്രാപിക്കുന്നതും മനുഷ്യർ മാലാഖാമാരെപ്പോലെയാകുന്നതും ആഴത്തിൽ ദൈവത്തോട് ഉറച്ചുചേർന്ന് ഐക്യപ്പെടാൻ തടസ്സമാകാത്തവിധം മനുഷ്യശരീരം യേശുവിൻെറ ശരീരത്തോടൊത്ത് അക്ഷയം, ലഘുത്വം, ദീപ്തി, സൂക്ഷ്മം എന്ന യോഗ്യതകൾ പ്രാപിക്കുന്നതും മനസ്സിലാകാത്തതിനാലാണ് ഈ ചോദ്യം ചോദിച്ചതെന്ന് കർത്താവ് അരുളിച്ചെയ്തു. സ്വർഗ്ഗീയ ജീവിതത്തിൽ വിവാഹവുമില്ല, ഭാര്യാഭർത്തൃബന്ധവുമില്ല. മാലാഖമാർ പലരാണെങ്കിലും അവർ ദൈവത്തിൽ ഏക ജീവനിൽ ഒന്നിച്ച് ആനന്ദിക്കുന്നതുപോലെ സ്വർഗ്ഗത്തിൻെറ പരമകാഷ്ഠയിൽ നമ്മൾ ദൈവത്തിൽ ഒന്നിച്ച് ആനന്ദിക്കും. ആത്മാവിൻെറ സമ്പൂർണ്ണ സംയോജിപ്പിൽ ആനന്ദിക്കും. ആത്മാവിൻെറ സംയോജിപ്പിനു തടസ്സമാകാത്ത വിധത്തിൽ ശരീരം രൂപാന്തരം പ്രാപിക്കും.

## പത്തുകന്യകമാരുടെ ഉപമ

മത്തായി 25:1–13

ഏതു സമയത്താണ് കൃപയുടെ ഒരു പ്രത്യേകദാനം ദൈവം നമുക്കു നൽകുന്നതെന്ന് നിശ്ചയമില്ല. ക്രിസ്തുവിൽക്കൂടി ദൈവൈക്യത്തിലേക്കു നിന്നെ ക്ഷണിച്ചിരിക്കുന്നു എന്ന സുവിശേഷം നൽകുന്നതുമുതൽ ദൈവൈക്യത്തിൻെറ ഓരോ പടികളിൽ വളർത്തുന്നതിനുള്ള വിളിയും ജ്ഞാനവും അനുഗ്രഹവും നൽകുന്നത് ഏതു സമയത്താണെന്ന് മുൻകൂട്ടി പറയാൻ സാദ്ധ്യമല്ല. അതിനാൽ നമ്മൾ എപ്പോഴും ഒരുക്കമുള്ളവരായി കാത്തിരിക്കണം. കൃപ സ്വീകരിക്കാൻ തുറന്ന ഹൃദയത്തോടെ എപ്പോഴും കാത്തിരിക്കണം. കുറെ നാളത്തേക്ക് കൃപയിൽ വളർച്ചയുണ്ടാകാത്തതായി തോന്നുമ്പോഴും ഇനിയും അടുത്തയിടയെങ്ങും വളർച്ചയുണ്ടാവുകയില്ല എന്നു ചിന്തിച്ച് തയ്യാറെടുപ്പില്ലാതെ ഉറങ്ങിക്കഴിയരുത്. അലസരായി കഴിയുമ്പോൾ, കൃപയിൽ അടുത്തപടി

www.malankaralibrary.com

യിലേക്കു വളർത്തുവാനുള്ള വലിയ കൃപ നൽകിയാൽ, അതു സ്വീകരിക്കാനുള്ള തയ്യാറെടുപ്പില്ലാതെ നാലുപാടും ഓടും. കൃപയോടു സഹകരിക്കാനുള്ള തയ്യാറെടുപ്പും കഴിവും ഇല്ലാത്തവന് കൃപ നഷ്ടമാകും. ദൈവത്തിൻെറ മഹത്വത്തിലേക്കു ദൈവം നമ്മെ കൂടുതൽ കൂടുതൽ സംയോജിപ്പിക്കുന്ന ഓരോ സന്ദർശനമാണ് കൃപയുടെ ഓരോ ദാനവും. തയ്യാറായി നില്ക്കുന്നവർക്ക് മാത്രമെ കൃപയോടു സഹകരിച്ച് ദൈവൈക്യത്തിൽ പുരോഗമിക്കാൻ സാധിക്കുകയുള്ളു. പിന്നീടു തയ്യാറെടുത്തുവരുമ്പോൾ കൃപയുടെ ആ ദാനം ലഭിച്ചില്ലെന്നു വരാം. വാതിൽ അടയ്ക്കപ്പെട്ടേക്കാം. കാരണം, കൃപ എന്നത് ഒരു യാന്ത്രികനന്മയല്ല. പരിപൂർണ്ണ സ്വതന്ത്രനായ ദൈവത്തിൻെറ സ്വതന്ത്രമായ തീരുമാനത്താൽ നല്കുന്ന ഔദാര്യ പൂർണ്ണമായ നന്മയാണ് ഓരോ കൃപയും. നൽകുമ്പോൾ സ്വീകരിക്കാത്തവർക്കും, തയ്യാറാകാത്തവർക്കും, താല്പര്യമില്ലാത്തവർക്കും, പിന്നെ നൽകിയില്ലെന്നു വരാം.

## താലന്തുകളുടെ ഉപമ

മത്തായി 25:14–30

കൃപാജീവിതം എന്നത് ദൈവിക ജീവനിലേക്കുള്ള പ്രവേശനമാണെന്നു ചിന്തിച്ചല്ലോ. അത് ഒരു ജനനംപോലെയാണ്. നമ്മിൽ ഇല്ലാതിരുന്ന ഒരു ജീവൻ ദൈവം നമ്മിൽ നിക്ഷേപിക്കുകയാണ്. ഒന്നുകിൽ വളരുക അല്ലെങ്കിൽ നശിക്കുക എന്നതു് ജീവൻെറ ഒരു പ്രത്യേകതയാണ്. അഞ്ചും രണ്ടും താലന്തു ലഭിച്ചവർ അതു വർദ്ധിപ്പിച്ചു. ദൈവിക ജീവൻെറ ചില പ്രത്യേക നന്മകൾ ഓരോ അളവിലാണ് ഓരോരുത്തർക്കു നൽകുക. നൽകപ്പെട്ട നന്മകളോടു സഹകരിച്ച് അദ്ധ്വാനിച്ച് നന്മകൾ വളർത്തേണ്ടതാണ്. അതുവഴി അനേകർക്കു നന്മ നല്കേണ്ടതാണ്. എന്നാൽ കൃപയോടു സഹകരിക്കാതിരുന്നാൽ അവനു നൽകപ്പെട്ടത് അവനിൽ നിന്നു പിൻവലിക്കുന്നു. സഹകരിക്കുന്നവർക്കു അവർ സമ്പാദിച്ചതും മററു നന്മകളും തുടന്നു നൽകും. അനേക കാര്യങ്ങളുടെ അവകാശിയാക്കുകയും ദൈവത്തിൻെറ സന്തോഷത്തിലേക്കു സ്വീകരിക്കുകയും ചെയ്യുന്നു. സഹകരിക്കാത്തവൻ ഇല്ലായ്മയുടെ അന്ധകാരത്തിലേക്കു നിപതിക്കുന്നു.

കൃപകൾ ലഭിക്കുമ്പോഴും, അവയോടു സഹകരിക്കുമ്പോൾ നമ്മിലെ നന്മകൾ വളരുന്നതായി കാണുമ്പോഴും സ്വയം അഭിമാനിക്കാതെ അവയുടെ ദാതാവായ ദൈവത്തെ സ്തുതിക്കുക. കൃപാജീവിതത്തിൻെറ അന്തിമ സമ്മാനം ലഭിക്കുമ്പോഴും സ്വയം സ്തുതിക്കുകയും സ്വയം ആസ്വാദിക്കു

www.malankaralibrary.com

കയും ചെയ്യാതെ ദൈവത്തെ സ്തുതിക്കുക. അന്തിമ സമ്മാനവും മററൊരു കൃപയാണ്. ദൈവം മനുഷ്യർക്കു കിരീടം നൽകുമ്പോൾ ദൈവം നൽകിയ കൃപയുടെമേൽ ദൈവം കിരീടം ചാർത്തുകയാണ്എന്ന് വിശുദ്ധ ആഗസ്തീനോസിനോട്ട കൂടി നമുക്കും അനുസ്മരിക്കാം.

## പാപമോചനത്തിന്റെ കൃപ

ലൂക്കോ 5:17–26

തളർവാതരോഗിയുടെ തളർവാതം മാററുന്നതിനു മുമ്പ രണ്ടു കാര്യങ്ങൾ നടന്നു. അവൻ വിശ്വസിച്ചു. പാപ ക്ഷമ നൽകി. ദൈവരാജ്യം ഒരാളിലേക്കു വരുന്നതിന്റെ ലോലമായ ഒരു ബാഹ്യാനുഭവമായി രോഗശാന്തിയെ കണക്കാക്കാം ദൈവത്തിന്റെ മഹത്വം രോഗിയുടെ മേൽ വന്ന് അയാൾക്ക ശാരീരിക സൗഖ്യം നൽകുമ്പോൾ അയാളെ ഒരളവിൽ ദൈവ മഹത്വത്തോട്ട യോജിപ്പിക്കുകയാണ്. ദൈവത്തോട്ടുള്ള ഐക്യത്തിന്റെ പൂർണ്ണതയിലെത്തി മഹത്വപ്പെടുവാൻ വളരെയേറെ പടികൾ ഇനിയും കടക്കുവാനുണ്ട്. യേശുവിൽ വിശ്വസിക്കുവാനുള്ള കൃപയും പാപക്ഷമയും രോഗശാന്തി നൽകുന്നതിനുമുമ്പ് നൽകി. യേശുക്രിസ്തുവിൽക്കൂടി ദൈവമഹത്വം നമ്മിലേക്കു കടന്നു വരും എന്ന വിശ്വാസം ഇല്ലാത്തവൻ യേശുവിനെ സമീപിക്കയില്ലല്ലോ. പരിശുദ്ധാത്മാവാണ് വിശ്വാസം നൽകുന്നത്. പരിശുദ്ധാത്മാവു നൽകുന്ന മററൊരു അനുഗ്രഹമാണ് പാപബോധവും പാപം മാറുവാൻ യേശുവിനോട് ഐക്യപ്പെടണമെന്നുള്ള ബോധ്യവും. ദൈവൈക്യം അവഗണിച്ച് പ്രവർത്തിച്ചുപോയി എന്ന ബോധ്യമാണ് പാപബോധം. നമ്മെ വീണ്ടും ദൈവത്തോട് ഐക്യപ്പെടുവാൻ, ''ക്ഷമിക്കുന്നു'' എന്ന തീരുമാനം ദൈവം നടത്തണം. ആ തീരുമാനം എടുക്കുവാനും തന്നിലൂടെ പിതാവിനോടു സംയോജിപ്പിക്കുവാനുമുള്ള അവകാശം ദൈവപുത്രനായ യേശുവിനുണ്ട് എന്ന് യേശു വ്യക്തമാക്കി. ദൈവപിതാവിനോടു സമ്പൂർണ്ണമായി ഐക്യപ്പെട്ടുകൊണ്ട് ദൈവപിതാവിന്റെ സമ്പൂർണ്ണപ്രകാശനമായിട്ടാണ് പുത്രൻ സംസാരിക്കുന്നത്. പിതാവിന്റെ തീരുമാനങ്ങൾ പുത്രനിൽക്കൂടി പ്രകാശിക്കുന്നു. പിതാവിന്റെ ഇഷ്ടത്തിനു വിരുദ്ധമായി പുത്രൻ തീരുമാനിക്കയില്ല. പാപക്ഷമ എന്നത് നമുക്കു നമ്മുടെ കരച്ചിൽകൊണ്ടോ പ്രാർത്ഥനകൊണ്ടോ ഉണ്ടാക്കിയെടുക്കാവുന്ന ഒരു യാഥാർത്ഥ്യമല്ല. അനുതാപവും പ്രാർത്ഥനയും നമ്മുടെ ഭാഗത്തു ചെയ്തുതീർക്കാനുള്ള ഒരുക്കങ്ങൾ മാത്രമാണ്. പശ്ചാത്തപിക്കുന്നതു

www.malankaralibrary.com

കൊണ്ടുമാത്രം പാപക്ഷമ വന്നുകൊള്ളണമെന്നില്ല. ദൈവത്തിന്റെ തീരുമാനത്താൽ മാത്രം ഉണ്ടാകുന്നതാണ് പാപക്ഷമ. ആ തീരുമാനം എടുക്കുവാനും ആ തീരുമാനം എടുക്കുവാനുള്ള അവകാശം മററാരാരക്കു കൈപകരാനും ദൈവപുത്രന് അവകാശമുണ്ട് എന്ന് മററു വാക്യങ്ങളിൽനിന്നു മനസ്സിലാകും. ദൈവപുത്രനിലൂടെ പാപക്ഷമയും ദൈവരാജ്യവും സ്വീകരിക്കാനുള്ള വിനയമനോഭാവം നമ്മരം സദാ പാലിക്കണം. പാപജീവിതത്തെ സദാ വെറുക്കണം. കഴിഞ്ഞ കാലത്തുണ്ടായ പാപങ്ങളെപ്പററി പശ്ചാത്തപിക്കണം. ദൈവരാജ്യജീവിതം സ്വീകരിക്കുവാൻ സദാ ആഗ്രഹിക്കണം. പശ്ചാത്താപം കൊണ്ടും നന്നായി ജീവിക്കാനുള്ള തീരുമാനംകൊണ്ടും മാത്രം പാപക്ഷമ കിട്ടുകയില്ലെന്നും. ദൈവത്തിന്റെ കരുണാർദ്രമായ തീരുമാനം കൊണ്ടുമാത്രമാണ് പാപക്ഷമകിട്ടുന്നതെന്നും മനസ്സിലാക്കി ദൈവത്തെ സ്തുതിക്കണം. ദൈവരാജ്യം നമ്മിലേക്കു നല്കുന്നതിന് ആദ്യപടിയായി നൽകുന്ന അനുഗ്രഹമാണ് പാപക്ഷമ നൽകുക എന്നത്. ഈ കൃപ സ്വീകരിച്ചവർക്കുമാത്രമേ ദൈവമഹത്വത്തിനുള്ള മററനുഗ്രഹങ്ങരം ലഭിക്കുകയുള്ളൂ. ആ കൃപകളും ദൈവത്തിന്റെ ഔദാര്യത്താൽ നൽകുന്നതാണ്. രോഗശാന്തിയെക്കാരം വളരെ ഉന്നതമായ അനുഗ്രഹമാണ് പാപക്ഷമ എന്നത്. രോഗശാന്തി നൽകുന്നതിനേക്കാരം ഉന്നതമായ ദാനം നൽകാൻ തനിക്ക് അധികാരമുണ്ടെന്ന് യേശു വ്യക്തമാക്കി.

പാപങ്ങരം ക്ഷമിക്കാൻ യേശുവിന് അധികാരമുണ്ടെന്നു കാണിക്കുവാൻ യേശു തളർവാതരോഗിക്ക് രോഗശാന്തി നൽകുന്നു. യേശു തന്റെ പ്രഖ്യാപനംകൊണ്ടാണ് പാപക്ഷമയും രോഗശാന്തിയും നൽകിയത്. യേശു തന്നിൽ നിറഞ്ഞിരുന്ന ദൈവരാജ്യമഹത്വം എല്ലാവരിലേക്കും നൽകുവാൻ തൽപ്പരനായിരുന്നു. എന്നാൽ അതിന് ഒരു ക്രമമുണ്ട്. പടിപടിയായിട്ടാണ് ദൈവപുത്രൻ ദൈവരാജ്യമഹത്വം പകർന്നുകൊടുക്കുന്നത്. ആദ്യ പടികടന്നവർക്കുമാത്രമേ അടുത്ത പടിയിലെത്താൻ സാധിക്കൂ. ദൈവരാജ്യമഹത്വം പ്രാപിക്കാൻ ആദ്യമായി പാപക്ഷമയും പാപമോചനവും സ്വീകരിക്കണമെന്നുള്ളത് നിർബന്ധമാണല്ലോ.

വി; മത്തായി, വി; മർക്കോസ്, വി: ലൂക്കോസ് എന്നിവർ എഴുതിയ സുവിശേഷങ്ങളിൽ ദൈവരാജ്യത്തെപ്പററി പറഞ്ഞ ഉപമകരം വഴി സൂചിപ്പിച്ചത് ദൈവൈക്യജീവിതം യേശുവിനോടുളള ഐക്യംവഴി ലഭിക്കുമെന്നും അതുവഴി ദൈവജീവനിലും ദൈവമഹത്വത്തിലും പങ്കുചേരാമെന്നുമാ

www.malankaralibrary.com

ണ്. വി. യോഹന്നാൻ ശ്ലീഹാ എഴുതിയ സുവിശേഷത്തിൽ സ്വർഗ്ഗരാജ്യം എന്ന പദംതന്നെ ഇക്കാര്യം വ്യക്തമാക്കുവാൻ നിക്കൊദേമൂസിനോടുള്ള സംഭാഷണവേളയിൽ ഉപയോഗിക്കുന്നുണ്ട്. വി. യോഹന്നാൻ കൂടുതൽ സന്ദർഭങ്ങളിലും ജീവൻ പ്രകാശം എന്ന പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. അത് അടുത്ത അദ്ധ്യായത്തിൽ വിചിന്തനം ചെയ്യാം.

8

# വി. യോഹന്നാൻ കാണുന്ന കൃപാജീവിതം

വിശുദ്ധ യോഹന്നാൻശ്ളീഹായുടെ സുവിശേഷ ലേഖനങ്ങളിൽ കൃപാജീവിതത്തെ വർണ്ണിക്കുന്നത് പൊതുവായി വീക്ഷിച്ചതിനുശേഷം അവയിലെ ഏതാനും തിരുവചനങ്ങളെപ്പററി ധ്യാനിക്കാം.

പുതുജീവൻ സമൃദ്ധമായി നൽകാൻ യേശു വന്നു. യേശുവിൽ ഈ ജീവൻ നിറഞ്ഞുനിന്നിരുന്നു. കാരണം യേശു ദൈവപുത്രനായിരുന്നു. ദൈവമായിരുന്നു. യേശു ഈ ജീവൻ തന്നെയായിരുന്നു. ഈ ജീവൻ പ്രാപിക്കമ്പോരം മാത്രമെ മനുഷ്യർ യഥാർത്ഥ ജീവൻ പ്രാപിക്കുന്നുള്ളു. ഈ ജീവൻ ദൈവജീവൻ തന്നെയാണ്. ഈ ജീവന്റെ തേജസ്സാണ് യേശുവിൽ അത്ഭുത ശക്തികളായും വിജ്ഞാനമായും കൃപയുടെ പൂർണ്ണതയായും സത്യത്തിന്റെ തികവായും ഉയിർപ്പായും പ്രകാശിച്ചത്. യേശുവിനെ സ്വീകരിക്കുന്നവർക്ക് യേശു ഈ ജീവൻ നൽകുന്നു. അവർ വീണ്ടും ജനിച്ച് ദൈവമക്കളായിത്തീരുന്നു.

പിതാവിൽ നിന്നു പുത്രനിലൂടെ സമ്പൂർണ്ണമായി പ്രകാശിക്കുന്ന അതേജീവൻ പുത്രൻ നമുക്കു നൽകുന്നു. പുത്രനെ നമുക്കു നൽകിക്കൊണ്ട് പിതാവ് നമ്മെ മുഴുവനായി സ്നേഹിച്ചു. പുത്രൻ തന്റെ ജീവനും ആത്മാവും നമ്മിലേക്കു തന്നുകൊണ്ട് തന്നെത്തന്നെ മുഴുവനായി നമുക്കു നൽകുകയും നമ്മെ മുഴുവനായി സ്നേഹിക്കുകയും ചെയ്യുന്നു. ജീവനും വ്യക്തിത്വവും താദാത്മ്യപ്പെട്ട സ്ഥിതിയിൽ

www.malankaralibrary.com

ദൈവത്തിൽ സ്ഥിതിചെയ്യുന്നതിനാൽ ദൈവജീവൻ നൽകുമ്പോഠം ദൈവത്തെത്തന്നെ നൽകുകയാണ്.

മനുഷ്യനായിത്തീർന്ന ദൈവപുത്രൻെറ (യേശുവിൻെറ) മനുഷ്യത്വം എല്ലാ മനുഷ്യർക്കും ദൈവജീവനും സകല നന്മകളും നൽകാനുള്ള ഉറവിടമായിത്തീർന്നു. ഏതു പാപിയ്ക്കും മൃതനും ജീവൻ കൊടുക്കുവാൻ യേശുവിനു കഴിയും. അങ്ങനെ ചെയ്യുന്നത് ദൈവം കൃപയേറിയ സ്നേഹത്താൽ ചെയ്യുന്ന പ്രവൃത്തിയാണ്. മനുഷ്യൻ ഇതു സ്വീകരിക്കാതെ അന്ധകാരത്തെ തെരഞ്ഞെടുക്കുന്നതാണ് മനുഷ്യൻെറ ശിക്ഷാവിധിയായി പരിണമിക്കുന്നത്. മനുഷ്യനായിത്തീർന്ന ദൈവപുത്രനായ യേശുവിനെ ഓരോ മനുഷ്യനും വ്യക്തിപരമായി സ്വന്തജീവിതത്തിലേയ്ക്കു സ്വീകരിച്ച് ജീവിക്കുന്നതാണ് കൃപാജീവിതം. അതുവഴി പിതാവിനെ സ്വീകരിക്കുകയാണ്. പിതാവിനെയും യേശുവിനെയും സ്വന്തജീവിതകേന്ദ്രമായി അറിയുന്നതുവഴിയാണ് നിത്യജീവൻ പ്രാപിക്കുന്നത്.

പാപത്തിൻെറ അടിമത്തത്തിൽ നിന്നുള്ള മോചനം ക്രിസ്തുവാണ് നമുക്കു നൽകേണ്ടത്. അതിനായി ക്രിസ്തുവിനെ സമീപിക്കുകയും സ്വീകരിക്കുകയും വേണം. മനുഷ്യനിലുള്ള പാപത്തിൻെറ ഉറവിടത്തെ (അന്ധകാരത്തെ) ഇല്ലായ്മചെയ്യാൻ യേശുവിനു മാത്രമെ കഴിയൂ. മനുഷ്യനിൽ പരിശുദ്ധാത്മാവെന്ന പുതിയ ഉറവിടം സ്ഥാപിക്കാനും യേശുവിനു മാത്രമെ കഴിയൂ. യേശുവിൽ പാപത്തിൻെറ അടിമത്തമോ പാപത്തിൻെറ തത്ത്വമോ ഇല്ല. പാപത്തിൻെറ പ്രലോഭനം സാത്താൻ വെളിയിൽനിന്നു യേശുവിനു നൽകിയിട്ടുണ്ട്. യേശു അവയെ ജയിച്ചു. എല്ലാ മനുഷ്യരുടെയും പാപത്തെ വഹിച്ച് തൻെറ ശരീരത്തിൽ ശിക്ഷയ്ക്കു വിധിച്ച് അതിന്മേൽ ജയംനേടി. യേശു അടിസ്ഥാനതത്ത്വമായി ജീവിക്കുന്ന മനുഷ്യന് പാപം ചെയ്യാൻ സാദ്ധ്യമല്ല. യേശുവിനെ സ്വീകരിക്കുന്നതുവരെ പാപം ചെയ്യാതെ ജീവിച്ചവരായി ആരുമില്ല.

ക്രിസ്തുവിൽ ആയിത്തീരുകവഴി, വീണ്ടും ജനിക്കുകവഴി, ത്രിത്വത്തിലെ പ്രകാശത്തിൻെറയും ഉണ്മയുടെയും (സത്യത്തിൻെറയും) ജീവിതത്തിലേക്കു ജനിക്കുകയാണ്, യഥാർത്ഥത്തിൽ ദൈവമക്കളായിത്തീരുകയാണ്. അത് ഉന്നതത്തിൽ നിന്നുള്ള ജനനമാണ്, പരിശുദ്ധാത്മാവിലുള്ള ജനനമാണ്. വീണ്ടും ജനിക്കാത്തവർ പിശാചിൻെറ മക്കളാണ്. യേശുവിൻെറ ഉയിർപ്പിനുശേഷം വീണ്ടും ജനനത്തിൻെറ അരൂപിയെ എല്ലാവർക്കും സമൃദ്ധമായി നൽകി

www.malankaralibrary.com

കൊണ്ട് യേശു ജീവിക്കുന്നു. യേശു ഇന്ന് ശാരീരിക നേത്രങ്ങൾക്ക് അദൃശ്യനാണെങ്കിലും ലോകാവസാനംവരെ നമ്മളോടു കൂടിയിരുന്ന് ഈ അരൂപിയെ നൽകിക്കൊണ്ടിരിക്കുന്നു. മനുഷ്യനെ രക്ഷിച്ചുകൊണ്ടിരിക്കുന്നു.

ക്രിസ്തുവാണ് ലോകത്തിന്റെ പ്രകാശം. ക്രിസ്തുവിൽ ചേരുന്നതുവഴിയും ക്രിസ്തുവിനെ അനുസരിക്കുന്നതുവഴിയും മനുഷ്യർ പ്രകാശത്തിന്റെ മക്കളായിത്തീരുന്നു. പ്രകാശിക്കുന്നതാണ് പ്രകാശം. മനുഷ്യന്റെ ജീവമണ്ഡലങ്ങൾ എല്ലാം തേജോമയമാകുന്നത് ക്രിസ്തുവിനെ സ്വീകരിക്കുന്നതുവഴിയാണ്. ബുദ്ധിയും ഹൃദയവും മാത്രമല്ല ശരീരവും ആ പ്രകാശത്തിൽ പങ്കുചേരും. പ്രകാശം വഴികാണിക്കുന്നു. നിത്യസത്യങ്ങൾവഴി നിത്യസ്വർഗ്ഗത്തിലേക്കുള്ള വഴി യേശുവിനെ സ്വീകരിക്കുന്നതിലൂടെ ലഭിക്കുന്നു. ജീവനും പ്രകാശവും ഒന്നുതന്നെയാണെന്നു പറയാം. ദൈവജീവൻ സ്വീകരിക്കുന്നതുവഴി മനുഷ്യൻ നിത്യപ്രകാശത്തിൽ പങ്കെടുക്കുകയാണ്. ഭാവിയിൽ സ്വർഗ്ഗത്തിൽ ലഭിക്കുവാനുള്ള നിത്യമഹത്വത്തിന്റെ മുന്നോടിയാണത്. ഉയിർപ്പിനുശേഷം യേശുവിന്റെ മനുഷ്യത്വം അധികമായി മഹത്വീകരിക്കപ്പെട്ടതുപോലെ ദൈവജീവൻ സ്വീകരിച്ചവരും ഭാവിയിൽ അധികമായി മഹത്വം പ്രാപിക്കും.

സ്വയകേന്ദ്രീകൃതമനുഷ്യൻ വെളിയിൽനിന്ന് അന്വേഷിച്ച് നേടി തന്നെത്തന്നെ വലുതാക്കാൻ ശ്രമിക്കുന്നു. വ്യക്തിത്വത്തിന്റെ കേന്ദ്രമായി ദൈവത്തെ ലഭിച്ചവൻ ത്രിത്വത്തിലെ സമ്പൂർണ്ണസ്വയംദാന, സമ്പൂർണ്ണസമർപ്പണ, സ്നേഹബന്ധിത ജീവിതത്തിന്റെ ശൈലിയിൽ പ്രവർത്തിക്കുന്നു. എല്ലാം തികഞ്ഞ ദൈവം ഉള്ളിൽ വസിക്കുന്നതിന്റെ സംതൃപ്തിയും സന്തോഷവും അവന് ലഭിക്കും. എല്ലാവർക്കും നന്മകൾ പ്രാർത്ഥിച്ചു നൽകുന്നതിന്റെ പ്രവർത്തനവും ദൈവേഷ്ടമനുസരിച്ച് സ്വയം വ്യയം ചെയ്യുന്നതിന്റെ ശൈലിയും പിതാവിനു സ്നേഹത്താൽ സമ്പൂർണ്ണസമർപ്പണം നടത്തുന്ന പുത്രന്റെ വിധേയത്വ ജീവിതവും പരിശുദ്ധാത്മാവുവഴിയുള്ള ജീവബന്ധത്തിന്റെ സ്നേഹൈക്യവും പുതു ജീവിതത്തിൽ വ്യക്തമാക്കും. പിതാവിന്റെ സമ്പൂർണ്ണസ്വയംദാനത്തിന്റെ ശൈലിയിൽ തന്നെത്തന്നെ എല്ലാവർക്കും നൽകുന്ന ശുശ്രൂഷയും ക്ഷമയും കാണിക്കും. പുത്രന്റെ സമ്പൂർണ്ണ സമർപ്പണ ശൈലി വിധേയത്വവും ദൈവത്തോടുള്ള അനുസരണത്താൽ ദൈവം നൽകിയിരിക്കുന്ന ക്രമം അനുസരിച്ച് എല്ലാം ചെയ്യുന്ന

www.malankaralibrary.com

സ്വഭാവവുംവഴി വ്യക്തമാകും. ദൈവകേന്ദ്രീകൃതജീവിതവും സ്വയകേന്ദ്രീകൃതജീവിവും രണ്ടു ശൈലികളാണ്. ഏതാനും മനോഭാവം മാററുന്ന മാനസാന്തരമല്ല, മറെറാരു ജീവിതം തെരഞ്ഞെടുക്കുന്ന മാനസാന്തരമാണാവശ്യം. ക്രിസ്തുവിനെ സ്വീകരിച്ചവരിൽ ഇപ്പോഴെ ക്രിസ്തു ഉണ്ട്. അതിൻേറതായ സന്തോഷവും ശക്തിയുംഉണ്ട്. എന്നാൽ ക്രിസ്തു പൂർണ്ണമഹത്വത്തിൽ നമ്മിൽ പ്രകാശിക്കുവാൻ കാലതാമസം നേരിടും.

ഇങ്ങനെ ദൈവത്തിൽ ദൈവത്തോടൊന്നായി വസിക്കുന്നവർ ധാരാളം ഫലം പുറപ്പെടുവിക്കും. സമർപ്പിതമനുഷ്യൻെറ ആത്മാവിൻെറ ജീവനായി ക്രിസ്തു അവനോടൊന്നായി വസിക്കുന്നതുകൊണ്ടാണ് ഇതു സാധിക്കുന്നത്. ആത്മാവിൻെറ ജീവനായ നാഥനോട് അതിനനുസരിച്ചുള്ള വിധേയത്വം ഓരോരുത്തരും പുലർത്തണം. തന്നെത്താൻ നേടാമെന്നു വിചാരിക്കരുത്. ക്രിസ്തുവും പിതാവും തമ്മിൽ ഒന്നായിരിക്കുന്ന ബന്ധം തന്നെയാണ് നമ്മളും ക്രിസ്തുവും തമ്മിൽ പാലിക്കേണ്ടത്. ആശയൈക്യത്തിൻെറ ബന്ധം മാത്രമല്ല, ഏകജീവൻെറ ബന്ധമാണു പാലിക്കേണ്ടത്.

മരണമില്ലായ്മയുടെ ജീവതത്ത്വം ക്രിസ്തുവിലൂടെ പിതാവ് മനുഷ്യനിൽ സ്ഥാപിച്ചു. ക്രിസ്ത്യാനി തന്നിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യം വ്യക്തമായി അറിയുന്നു. ക്രിസ്തുവിനെ ഇനി ലോകം കാണുകയില്ലെന്നും എന്നാൽ ശിഷ്യർ കാണുമെന്നും പറഞ്ഞല്ലോ. ക്രിസ്തുവിൻെറ ജീവനും ആത്മാവും അവർക്കു ലഭിച്ചതുവഴി ക്രിസ്തുവിൻെറ സജീവസാന്നിദ്ധ്യം അവർ എന്നും അനുഭവിച്ചു. പാപത്തെ മുറുകെപ്പിടിക്കാത്ത സകലരിലേക്കും തൻെറ സാന്നിദ്ധ്യം നൽകാൻ ക്രിസ്തു സന്നദ്ധനായി. ക്രിസ്തുവിലുള്ള ജീവൈക്യമാണ് ക്രിസ്തീയ സ്നേഹമായി പ്രത്യക്ഷപ്പെടുന്നത്. മനുഷ്യരിലെ സൃഷ്ടിക്കപ്പെട്ട മനുഷ്യജീവനും അതിൻെറ തത്ത്വങ്ങളും പലതാണെങ്കിലും എല്ലാവരിലും കൂടി ഏക ദൈവിക ജീവൻ പ്രകാശിപ്പിക്കുന്നതിൻെറ ഐക്യമാണ് ക്രിസ്തീയ സ്നേഹം. ഒരേ ലക്ഷ്യമോ തൊഴിലോ താൽപര്യമോ ഉള്ളതു കൊണ്ടുള്ള സ്നേഹമല്ല ഇത്. ജീവൈക്യത്തിൻെറ സ്നേഹമാണിത്. ഈ സ്നേഹമില്ലാതെ പ്രകാശത്തിൽ വസിക്കുന്നു എന്നു പറയുന്നവൻ കള്ളം പറയുന്നു. ഒരോ വ്യക്തിയും വ്യക്തിപരമായി ദൈവിക ജീവനിൽ വളരാനുണ്ട്. ദൈവിക ജീവനു സാമൂഹ്യമായ ഒരു ബന്ധം കൂടിയുണ്ട്. സാധുജന സേവനമായും

www.malankaralibrary.com

പ്രേഷിത വേലയായും ദൈവിക കൂട്ടായ്മയുടെ സഭാ ജീവിതമായും ആ വശം തെളിയും. സാമൂഹ്യ നീതിയനുസരിച്ച് കൂലി വാങ്ങിക്കൊടുക്കുന്നതിലും തൊഴിലാളി മുതലാളി ബന്ധം ശരിയാക്കുന്നതിലും ഒതുങ്ങിനിൽക്കുന്നതല്ല ആ ക്രിസ്തീയ സാമൂഹ്യ ബന്ധം അതിലൊക്കെ ഉപരിയായി ഏകജീവന്റെ ബന്ധം പ്രകടമാക്കുന്നതിലൂടെ വ്യക്തമാക്കേണ്ടതാണ്. മനുഷിക സമൂഹ്യ നീതിയിൽ ഉപരിയായ ഒരു സാമൂഹ്യ നീതിയാണ് ക്രിസ്തീയ ജീവന്റെ ബന്ധത്തിൽ നിന്ന് ഉദിക്കുന്ന നീതി.

പരിശുദ്ധാത്മാവാണ് നമ്മിൽ പ്രവർത്തിച്ച് നമ്മെ സുവിശേഷം ബോധ്യപ്പെടുത്തുന്നതും, ക്രിസ്തുവിൽ നമ്മെ ദൈവപുത്രന്മാരായി രൂപപ്പെടുത്തുന്നതും, ക്രിസ്തുവിലൂടെ പിതാവിനോട് ഐക്യപ്പെടുത്തുന്നതും, ത്രിത്വത്തിൽ ഉടം ച്ചേർന്ന അവബോധം നമ്മിൽ സ്ഥാപിക്കുന്നതും. നമ്മിൽ ദൈവപുത്രന്റെ ആന്തരിക ജീവിത രഹസ്യങ്ങൾ (Mysteries) (തത്ത്വങ്ങൾ) ഫലപ്പെടുത്തുന്നതുവഴിയാണ് നമ്മൾ ദൈവപുത്രന്മാരായിത്തീരുന്നത്. പുത്രനിലൂടെ പിതാവിലൂടെ ഐക്യപ്പെടുന്നതനുസരിച്ച് പിതാവ് നേരിട്ട് നമുക്ക് പിതാവായിത്തീരുന്നു.

ദൈവൈക്യമില്ലാത്ത ജീവിതമാണ് അന്ധകാര ജീവിതം. മാമോദീസായിലൂടെ വീണ്ടും ജനിച്ച്, യേശുവിലുള്ള സമ്പൂർണ്ണദൈവൈക്യത്തിന്റെ ക്രൂദാശയായ വിശുദ്ധ കുർബ്ബാനയിലൂടെ വളർന്ന് ഈ ജീവിതം നിത്യമഹത്വത്തിലേക്കു പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

ഇനിയും ഏതാനും തിരുവചനങ്ങൾ ധ്യാനിക്കാം.

## വചനം ദൈവമായിരുന്നു. 1:1.

അനാദിമുതലെ ദൈവപുത്രൻ (വചനമായദൈവം) ദൈവമായിരുന്നു. സകല നന്മകളുടെയും സമ്പൂർണ്ണതയെ മാത്രമെ ദൈവം എന്നു പറയാൻ സാധിക്കൂ. അവനിലൂടെ സൃഷ്ടിച്ചു നൽകിയ നന്മകൾ മാത്രമാണ് സൃഷ്ടപ്രപഞ്ചത്തിൽ കാണുന്നത്. എന്നാൽ ഒരു സൃഷ്ടിപോലും സകലനന്മകളുടെയും സമ്പൂർണ്ണതയല്ല. മനുഷ്യാത്മാവ് സകലനന്മസമ്പൂർണ്ണതയെ (not a partial or shared goodness) പ്രാപിക്കാൻ ആഗ്രഹിക്കുന്നു. എത്രയേറെ അപൂർണ്ണ നന്മകൾ പ്രാപിച്ചാലും ആത്മാവ് തൃപ്തിപ്പെടുകയില്ല. പഞ്ചേന്ദ്രിയങ്ങളാകട്ടെ സൃഷ്ടികളിലെ അപൂർണ്ണ നന്മകൾ പ്രാപിക്കുവാൻ ആഗ്രഹിച്ചോടുന്നു. അതിനാലാണ് മനുഷ്യനിലെ ഉപരിമണ്ഡല

www.malankaralibrary.com

വും അധോമണ്ഡലവും തമ്മിൽ സംഘട്ടനം ഉണ്ടാകുന്നത്. ദൈവപുത്രൻ സകല നന്മ സമ്പൂർണ്ണതയാണെന്നറിയുകയും ദൈവപുത്രനോട് ഐക്യപ്പെടുന്നതുവഴി ദൈവത്തെ പ്രാപിക്കുന്നതാണ് മനുഷ്യാത്മാവിന്റെ പരമമായ ദാഹമെന്ന് മനസ്സിലാക്കുകയും ചെയ്യുന്നതു വൈകിയാകാം. ദൈവപുത്രൻ സാക്ഷാൽ ദൈവമാണെന്നും ദൈവപുത്രൻ മനുഷ്യത്വം സ്വാംശീകരിച്ച് ആ മനുഷ്യത്വത്തിലൂടെ പ്രത്യക്ഷപ്പെട്ടതാണ് യേശുക്രിസ്തു എന്നും അവന്റെ പൂർണ്ണതയിൽ നിന്നു മാത്രമാണ് നമ്മൾ ഏതൊരു നന്മയും പ്രാപിക്കുന്നതെന്നും അവനോട് സമ്പൂർണ്ണമായി സംയോജിച്ച് സകല നന്മ സമ്പൂർണ്ണതയായ ദൈവത്തെ മുഴുവനായി പ്രാപിക്കുന്നതാണ് മനുഷ്യന്റെ പരമ ഭാഗ്യമെന്നും ബോധ്യമാകുന്നത് ഒരു കൃപയാലാണ്. സകല നന്മ സമ്പൂർണ്ണതയെ സദാ ധ്യാനിക്കുകയും ലക്ഷ്യമായി കാണുകയും മറ്റൊന്നും ലക്ഷ്യമാകാതിരിക്കുകയും, ആ പരമ ലക്ഷ്യത്തിനായി മാത്രം ആഗ്രഹിച്ചു പ്രവർത്തിക്കുകയും ചെയ്യാതിരുന്നാൽ മനുഷ്യൻ അവനറിയാതെ തന്നെ സൃഷ്ടവസ്തുക്കളിലെ ഭൗതികവും മായികവുമായ നന്മകൾ നേടാനായി ഓടിനടക്കും.

യേശുവേ, അങ്ങയെ സകലനന്മസമ്പൂർണ്ണതയായ ദൈവമാണെന്ന് സദാ ധ്യാനിക്കുവാനും, എന്റെ ലക്ഷ്യമായി എപ്പോഴും കാണുവാനും, അങ്ങയോട് ഐക്യപ്പെടുന്നതുവഴിയാണ് എന്റെ പരമഭാഗ്യം ഞാൻ നേടുന്നതെന്നു ബോധ്യപ്പെടുവാനും എന്നെ അനുഗ്രഹിക്കണമേ. യാതൊരു സൃഷ്ടനന്മയും എന്റെ സൃഷ്ടജീവൻ പോലും എന്റെ പരമലക്ഷ്യമായി ചിന്തിക്കാതിരിക്കുവാൻ അനുഗ്രഹിക്കണമേ. യേശുവേ അങ്ങയോട് ഐക്യപ്പെടുന്നതിനു സഹായകമാകുന്നത്രയും മാത്രം സൃഷ്ടനന്മകളെ ആഗ്രഹിക്കാനും ഉപയോഗിക്കാനും എന്നെ അനുഗ്രഹിക്കണമേ.

## അവനിൽ ജീവനുണ്ടായിരുന്നു
## ആ ജീവൻ മനുഷ്യരുടെ വെളിച്ചമാകുന്നു

1:4-5

അസ്തിത്വത്തിന്റെയും ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും സകലനന്മയുടെയും സമ്പൂർണ്ണതയായ ദൈവജീവൻ എന്തെന്നു നിർവ്വചിക്കാനോ ചിന്തയിലൊതുക്കാനോ മനുഷ്യനു സാദ്ധ്യമല്ല. ആ ജീവന്റെ സ്പർശനത്തെ അധികമധികമായി ആസ്വദിക്കാൻ സാധിക്കും. വെറും സസ്യജീവനു നിർവ്വചനം കൊടുക്കാനോ അതിലെ അത്ഭുതനന്മകൾ പൂർണ്ണമായി മനസ്സിലാക്കാനോ മനുഷ്യബുദ്ധിക്കു കഴി

www.malankaralibrary.com

യുന്നില്ല. ആ സ്ഥിതിക്ക് ജീവന്റെ സമ്പൂർണ്ണതയെ മനസ്സിലാക്കാൻ മനുഷ്യനുകഴിയുമോ ? മരണമില്ലാത്ത ആ ജീവനാണ് മനുഷ്യന്റെ യാഥാർത്ഥ ജീവനായിത്തീരേണ്ടത്. ആ ജീവൻ സ്വീകരിക്കുന്നതുവഴിയാണ് മനുഷ്യൻ പ്രകാശിക്കുന്നത്. ദൈവപുത്രനിൽ നിറഞ്ഞുനില്ക്കുന്ന ആ ജീവൻ മനുഷ്യരുടെ അന്തരാത്മാവിൽ നിറച്ചു നിറച്ച് മനുഷ്യനെ ദൈവികനാക്കാൻ ദൈവം ആഗ്രഹിക്കുന്നു ജീവസമ്പൂർണ്ണതയായ ദൈവജീവൻതന്നെ മനുഷ്യന് കൃപയാൽ നല്കുന്നു. അതു സ്വീകരിക്കുന്നതുവഴി മനുഷ്യൻ സൃഷ്ടിയുടെ പദവിയിൽനിന്ന് ദൈവപുത്രന്റെ പദവിയിലേക്ക് ഉയരുന്നു. ആ ജീവൻ സ്വീകരിക്കുന്നവർ പ്രകാശിക്കുന്നു. സകല നന്മസമ്പൂർണ്ണത പ്രാപിച്ചു കഴിയുമ്പോഴം ഉണ്ടാകുന്ന സമ്പൂർണ്ണ സംതൃപ്തിയുടെയും സന്തോഷത്തിന്റെയും മററുള്ളവർക്കു ദൈവികനന്മ നൽകാൻ കഴിയുന്നതിലുള്ള സ്വാധീനത്തിന്റെയും പ്രകാശനമാണത്. ഭാഗികനന്മയുള്ള ഏതു സൃഷ്ടിയെ പ്രാപിക്കുമ്പോഴം മനുഷ്യന് ഭാഗിക സന്തോഷമെ ലഭിക്കുകയുള്ളു. കൃപാജീവിതം ആരംഭിക്കുന്നതുവരെ മനുഷ്യന്റെ ദാഹം ശമിക്കുകയില്ല.

ദൈവിക ജീവന്റെ പ്രകാശം ഇരുളിനെ കീഴ്പെടുത്തി പ്രകാശിക്കുവാൻ കഴിവുള്ളതാണ്. ഏതെങ്കിലും സൃഷ്ടിയിലുള്ള ഭാഗികനന്മയെ പരമലക്ഷ്യമായി ഉന്നംവെച്ചുള്ള ജീവിതം ഇരുളിന്റെ ജീവിതമാണ്. സമ്പൂർണ്ണനന്മയായ ദൈവത്തെ മറന്ന് സൃഷ്ടഭാഗിക നന്മയെ ആഗ്രഹിക്കുമ്പോഴംതന്നെ മനുഷ്യന്റെ അന്തരംഗം ഇരുളാൻ തുടങ്ങുന്നു. ദൈവത്തിലെ സമ്പൂർണ്ണതയോടു തട്ടിച്ചുനോക്കുമ്പോഴം സൃഷ്ടിയിലെ നന്മകഠം ഇരുട്ടാണ് എന്നു പറയാം. ഭാഗിക നന്മയെ പരമമായി ലക്ഷ്യംവെയ്ക്കുമ്പോഴം മനുഷ്യന്റെ ഹൃദയവും ബുദ്ധിയും ഇരുളാൻ തുടങ്ങും. ആത്മാവ് അന്ധകാരത്തിലായവർ തിന്മചെയ്ത് മററുള്ളവരെ ഉപദ്രവിക്കുന്നു. ദൈവത്തെ പ്രാപിക്കാൻ ജീവിക്കുന്നവരെയും ഉപദ്രവിക്കും. എന്നാൽ പ്രകാശത്തിന്റെ മക്കളെ കീഴടക്കാൻ അന്ധകാര ഹൃദയർക്കു സാദ്ധ്യമല്ല. പ്രകാശഹൃദയർ ബാഹ്യമായ പ്രയാസങ്ങളുടെ സമയത്തും തങ്ങളുടെ ഉള്ളിൽ സമ്പൂർണ്ണനന്മയായ ദൈവം ഉണ്ട് എന്ന ബോധ്യത്തിൽ നിലനില്ക്കുന്നതിനാൽ എല്ലാം ക്ഷമിക്കുന്നു. അന്ധകാരത്തിൽ പ്രകാശിക്കുന്നു. അതുവഴി അന്ധകാരഹൃദയത്തിലേക്ക് അല്പമെങ്കിലും വെളിച്ചം പ്രവേശിക്കുവാൻ ഇടയാകും.

www.malankaralibrary.com

## യോഹന്നാൻ സാക്ഷ്യത്തിനായിവന്നു

**1:6–11**

അനുഭവമുള്ളവർക്ക് മാത്രമെ സാക്ഷ്യപ്പെടുത്തുവാൻ സാധിക്കൂ. യേശുക്രിസ്തു സകലനന്മസമ്പൂർണ്ണതയായ ദൈവപുത്രനാണെന്ന് ഒരളവിൽ അനുഭവിക്കുവാൻ സ്നാപകയോഹന്നാനു ഭാഗ്യം ലഭിച്ചു. ആ സമ്പൂർണ്ണ നന്മയിൽനിന്ന് ഭാഗഭാഗിത്വം പ്രാപിച്ച് കുട്ടിയായിരിക്കുമ്പോൾതന്നെ ആനന്ദിച്ചു കുതിച്ചുചാടുവാൻ സാധിച്ചു. യേശുവിൽ നിറഞ്ഞുനില്ക്കുന്ന നന്മയുടെ സമ്പൂർണ്ണതയിൽ യേശു ആർക്കെങ്കിലും ഭാഗഭാഗിത്വം നൽകുന്നത് കൃപയാൽ മാത്രമാണ്. അതു പ്രാപിക്കുന്നവൻ സാക്ഷ്യമായി വിളിച്ചുപറയുന്നു: ''യേശുക്രിസ്തു സകല നന്മസമ്പൂർണ്ണതയാണ്. അവൻ നന്മപകർന്നുതരാൻ ആഗ്രഹിക്കുന്നു. അവനെ സ്വീകരിക്കുവിൻ, അവനോട് ഒന്നായിത്തീരുവിൻ അവനോടൊത്തു സന്തോഷിക്കുവിൻ''

സ്രഷ്ടാവെന്ന നിലയിൽ ദൈവപുത്രനിലൂടെയാണ് ഓരോ നന്മയും സൃഷ്ടിച്ചു നൽകുന്നത്. ബുദ്ധിയില്ലാത്ത സൃഷ്ടികൾക്ക് അതു മനസ്സിലാവുകയില്ല. അവയ്ക്ക് അന്തർവീക്ഷണം സാദ്ധ്യമല്ല. ബുദ്ധിയിൽ അന്ധകാരം വ്യാപിച്ച മനുഷ്യരും അതു കാണുന്നില്ല. അവരെയാണ് ലോകം എന്നു പറയുന്നത്. ഏതെങ്കിലും സൃഷ്ടനന്മ നേടുക എന്നതുമാത്രമാണ് പരമലക്ഷ്യമെന്നു കരുതി ജീവിക്കുമ്പോൾ മനുഷ്യന്റെ ബുദ്ധിയും ഹൃദയവും അന്ധകാരത്തിലാണ്ടുപോവുകയും അന്തർവീക്ഷണം നടത്താൻ കഴിവില്ലാതെ പോവുകയും ചെയ്യുന്നു. ദൈവപുത്രനിലൂടെ പിതാവു നൽകുന്നവയാണ് സൃഷ്ടനന്മകളെന്നു മനസ്സിലാകാതെ പോകുന്നു. ബുദ്ധിയും ഹൃദയവും അന്ധകാരത്തിലാണ്ടുപോയ ലോകായതികരുടെ നടുവിൽ പ്രകാശത്തിൽ കഴിയുന്നവർ സാക്ഷ്യമായി നില്ക്കണം. എല്ലാ നന്മയുടെയും അടിസ്ഥാനകാരണം ദൈവത്തിന്റെ കൃപയാണെന്നു സാക്ഷ്യപ്പെടുത്തണം. സകലനന്മസമ്പൂർണ്ണതയായ യേശുവിന്റെ ജീവിതത്തിൽ പങ്കുലഭിക്കുന്നതിനെപ്പററി സാക്ഷ്യപ്പെടുത്തണം. ദൈവത്തെ പ്രാപിക്കാനായി മാത്രം ജീവിക്കുന്ന ജീവിതംവഴിസാക്ഷ്യപ്പെടുത്തണം.

ക്രിസ്തുവിനെ സ്വീകരിക്കാനായി ദൈവം ഒരുക്കിക്കൊണ്ടുവന്ന ഇസ്രായേൽക്കാർപോലും ക്രിസ്തുവിനെ സ്വീകരിച്ചില്ല. അവരും ലോകായതികരായിരുന്നു. ദൈവത്തിന്റെ നന്മകളിൽ ഭാഗഭാഗിത്വം നൽകാൻ ദൈവപുത്രൻ വരാത്തതുകൊണ്ടല്ല മനുഷ്യർ അന്ധകാരത്തിൽ കഴിയുന്നത്, മനുഷ്യർ

www.malankaralibrary.com

അന്ധകാരത്തെ തെരഞ്ഞെടുക്കുന്നതു കൊണ്ടാണ്. ദൈവത്തെ പരമമായി തെരഞ്ഞെടുക്കുന്നതിനു പകരം സ്വകേന്ദ്രീകൃത ജീവിതമോ സൃഷ്ടികളെ ലക്ഷ്യമാക്കിയുള്ള ജീവിതമോ തെരഞ്ഞെടുക്കുന്നതു വഴിയാണ് പാപശക്തികൾ വളരുന്നത്. അങ്ങനെ ജീവിക്കുന്ന മനുഷ്യരുടെ നടുവിൽ ദൈവൈക്യ ജീവിതം മാത്രം ലക്ഷ്യം വെച്ചുകൊണ്ട് സാക്ഷ്യമായി ജീവിക്കുവാനുള്ള ചുമതല ഇന്നു നമുക്കു ലഭിച്ചിരിക്കുന്നു. യേശുക്രിസ്തുമാത്രമാണ് പരമനന്മകളിൽ ഭാഗഭാഗിത്വം നൽകുന്ന ഏകനാഥനെന്ന് അനുഭവിച്ചവർ സാക്ഷ്യം നൽകട്ടെ. പാപത്തെയും മരണത്തെയും സകല തിന്മകളെയും ഇല്ലാതാക്കി ജയം നൽകുന്നവൻ യേശു മാത്രമാണെന്ന് വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സാക്ഷ്യം നൽകട്ടെ.

## ക്രിസ്തുവിനെ സ്വീകരിച്ചവരുടെ ജനനം

1:12–13

ക്രിസ്തുവിൽ വിശ്വസിക്കുക വഴിയാണ് ഉന്നതത്തിൽ നിന്നുള്ള ജനനം മനുഷ്യനു ലഭിക്കുക. വിശ്വസിക്കുക എന്നതിന്റെ കൂടെ യേശുവിനെ സ്വീകരിക്കുക എന്നുകൂടെ ചേർത്തിരിക്കുന്നു. വിശ്വസിക്കുക എന്നതിന്റെ കൂടെ "എന്റെ വചനം പാലിക്കുക", "വചനത്തിൽ നില നിൽക്കുക", എന്റെ സ്വരം കേൾക്കുക," "എന്നെ അനുഗമിക്കുക", "അനുസരിക്കുക",എന്ന പദങ്ങളും വിവിധ സ്ഥലങ്ങളിൽ ചേർത്തിരിക്കുന്നു. അവയെല്ലാം വിശ്വാസത്തിന്റെ അനന്തര പ്രവർത്തനങ്ങൾ ആകേണ്ടതുണ്ട്. അങ്ങനെയുള്ള വിശ്വാസം മാത്രമേ വീണ്ടും ജനനവും രക്ഷയും പ്രദാനം ചെയ്യുകയുള്ളൂ. അതിനാൽ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പ്രേരിതനായി എന്തെല്ലാം ചെയ്യണം? യേശു മനുഷ്യനായി അവതരിച്ച ദൈവപുത്രനായ ദൈവമാണെന്ന് സത്യമായിവിശ്വസിക്കണം. യേശുവിനെ ജീവിതനാഥനായി ആത്മാവിൽ ഒന്നാം സ്ഥാനത്തേക്കു സ്വീകരിക്കണം, ആത്മനാഥനായ യേശുവിന്റെ നിർദ്ദേശമനുസരിച്ച് ജീവിക്കണം. അപ്പോൾ ദൈവിക ജീവൻ യേശുവിൽനിന്നു പ്രാപിച്ച് വീണ്ടും ജനിക്കും. ഇത് ശാരീരിക ജനനമല്ല. ആന്തരികവും ആത്മീയവുമായ ജനനമാണ്. ദൈവികജീവൻ പ്രാപിച്ചുള്ള ജനനമാണ്. ശരീരമില്ലാത്തവനും സൃഷ്ടികൾക്കുപരിയായവനുമായ ദൈവത്തിന്റെ ജീവനിൽ ഭാഗഭാഗിത്വം ലഭിച്ചുള്ള ജനനമാണ്. യേശുവിനോട് ഒന്നാകുന്നതുവഴിയുള്ള ജനനമാണ്.

ഈ ജീവൻ നൽകാൻ യേശു ഓരോരുത്തരെയും ക്ഷണിക്കുകയും ഓരോ മനുഷ്യനെയും സമീപിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# അവന്റെ പൂർണ്ണതയിൽനിന്ന് കൃപയ്ക്കു മേൽ കൃപ

1:14–18

ദൈവപുത്രൻ മനുഷ്യനായിത്തീർന്നവൻ സർവ്വമഹത്വ പൂർണ്ണനാണെന്ന് നമ്മൾ കണ്ടു. പിതാവിന്റെ ഏകജാതന്റെ മഹത്വം എന്നു പറയുമ്പോൾ അതിലുപരി മഹത്വം ഒന്നുമില്ല. കൃപയും സത്യവും നിറഞ്ഞ മഹത്വമാണ്. ദൈവം തന്റെ സ്നേഹത്താൽ തന്നെത്തന്നെ നൽകുന്നതിലുള്ള സകല നന്മകളും നിറഞ്ഞതാണ് പിതാവിന്റെ കൃപ. ആ കൃപയുടെ തികവാണു ക്രിസ്തു. സകല ഉണ്മകളുടെയും സത്തകളുടെയും തികവാണ് സത്യം എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്. സത്തകളെക്കുറിച്ചും ഉണ്മയെക്കുറിച്ചുമുള്ള അറിവിനും സത്യം എന്നു പറയാറുണ്ട്. ദൈവത്തിലെ ഉണ്മയുടെയും കൃപയുടെയും തികവാർന്ന മഹത്വമാണ് ദൈവപുത്രനായ യേശുവിലുള്ള മഹത്വം. അവൻ തന്റെ സകല സമ്പൂർണ്ണതയും മനുഷ്യർക്കു നൽകി നൽകി ശൂന്യനാകാൻ വന്നവനാണ്. അവന്റെ പൂർണ്ണതയിൽനിന്ന് നമ്മൾ കൃപയ്ക്കുമേൽ കൃപ പ്രാപിക്കുന്നു. അധികമധികമായ ദൈവിക നന്മകൾ ഒന്നിനു പുറകെ ഒന്നായി പ്രാപിക്കുന്നു. ദൈവിക ജീവനിലെ ആഴത്തിലാഴത്തിലുള്ള നന്മകൾ വീണ്ടും വീണ്ടും പ്രാപിക്കുന്നു.

ദൈവിക ജീവൻ സ്വീകരിക്കുവാനായി മനുഷ്യനെ ഒരുക്കുവാനുള്ള ധാർമ്മിക നിയമങ്ങൾ മോശയിൽക്കൂടി നൽകപ്പെട്ടു. എന്നാൽ ദൈവത്തിലെ ഉണ്മയിലുള്ള (ജീവനിലുള്ള) ഭാഗഭാഗിത്വവും (സത്യം) ഔദാര്യ സ്നേഹത്താലുള്ള സ്വയംദാനവും (കൃപ) യേശുവിലൂടെയാണു നൽകപ്പെടുന്നത്. ആ ഉണ്മയുടെയും (സത്യം) കൃപയുടെയും ആഴം എത്രയെന്നു മനുഷ്യബുദ്ധിക്കും മനുഷ്യഹൃദയത്തിനും മനസ്സിലാക്കാൻ സാദ്ധ്യമല്ല. ദൈവപിതാവിനോട് ഒന്നായിരിക്കുന്ന പുത്രൻ മാത്രമേ അത് അറിയുന്നുള്ളു. ആ പുത്രൻ തന്റെ പൂർണ്ണതയിൽനിന്ന് നമുക്കു കൃപയ്ക്കു മേൽ കൃപ നൽകുന്നതിനാൽ ആ കൃപ അനുഭവിക്കുന്നത്രയും അളവിൽ പിതാവിനെ അറിയാൻ സാധിക്കുന്നു. ദൈവപുത്രനോട് കൂടുതൽ ഐക്യപ്പെട്ട് ജീവിച്ച് കൂടുതൽ കൃപ പ്രാപിക്കുവാൻ കഴിയുന്നവർ പിതാവിനെ കൂടുതലായി അറിയുന്നു. യേശുവിനോട് യേശുവിന്റെ ജീവരഹസ്യങ്ങളിൽ കൂടുതലായി ഐക്യപ്പെടുവാൻ നമ്മൾ സ്വയം താഴ്ത്തി സമർപ്പിച്ച് കൂടുതൽ കൂടുതൽ അനുസരിച്ചു പ്രവർത്തിക്കുക എന്നതാണ് ദൈവൈക്യം പ്രാപിക്കാനുള്ള ഏക വഴി. ദൈവമഹ

www.malankaralibrary.com

ത്വം എത്ര ഉന്നതമാണെന്നും അതിന്റെ പൂർണ്ണതയിലെത്തുവാൻ നമ്മാം എത്രമേൽ രൂപാന്തരപ്പെടേണ്ടതുണ്ടെന്നും ചിന്തിച്ചെടുക്കാൻ സാദ്ധ്യമല്ല. കൃപയ്ക്കുമേൽ കൃപ കിട്ടാൻ പ്രാർത്ഥിക്കാം.

യേശുവേ, പാപികളായ ഞങ്ങളുടെ നേരെ അങ്ങേയ്ക്കു തുറന്ന ഹൃദയമുണ്ടെന്നുള്ളതു മാത്രമാണ് ഞങ്ങൾക്കുള്ള ഏകയാലംബം. അങ്ങയുടെ പൂർണ്ണതയിൽനിന്ന് ഞങ്ങൾക്ക് അധികമധികമായി നന്മ പങ്കുവെച്ചുതരുവാൻ അങ്ങ് എപ്പോഴും തയ്യാറാണെന്നറിയുന്നതിനാൽ ഞങ്ങൾക്കു സമാധാനമായി. യേശുവേ, ഒരു നന്മപോലും സ്വയം സൃഷ്ടിച്ചെടുക്കാൻ കഴിവില്ലാത്ത നിർദ്ധനരാണു ഞങ്ങൾ. എന്നാൽ ഞങ്ങളെ സഹോദരർ എന്നു വിളിക്കാനും കൃപയ്ക്കുമേൽ കൃപ തന്ന് ദൈവമക്കളാക്കിയെടുക്കാനും മനസ്സാകുന്നതിനാൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയെ വ്യക്തിപരമായി എന്റെ കർത്താവായി എന്റെ ഉള്ളത്തിലേക്കു സ്വീകരിക്കുന്നു. എല്ലാ കാര്യങ്ങളിലും അങ്ങയെ അനുസരിച്ച് അങ്ങു നൽകുന്ന കൃപാജീവിതത്തിന്റെ സ്നേഹനിയമമനുസരിച്ച് ജീവിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ. യേശുവേ അങ്ങയിൽനിന്ന് അകന്നാൽ എനിക്ക് യാതൊന്നുമില്ല. യേശുവേ അങ്ങയിൽ ഒന്നായാൽ എനിക്ക് എല്ലാമുണ്ട്. യേശുവേ, സർവ്വനന്മസമ്പൂർണ്ണനേ, കൃപാപൂർണ്ണനേ, ഔദാര്യനിധിയേ, രക്ഷകനേ, ജീവദാതാവേ, ഏകാലംബമേ, ഞാൻ എന്നെ അങ്ങേയ്ക്കു സമർപ്പിക്കുന്നു.

## പരിശുദ്ധാത്മാവുകൊണ്ടു സ്നാനപ്പെടുത്തുന്നവൻ 1:29-34

പിതാവിൽനിന്നു സ്നേഹാരൂപിയും ദൈവവ്യക്തിയുമായ പരിശുദ്ധാത്മാവ് പുത്രനിലേക്കു വരുന്നു. പുത്രനിൽനിന്നു പുത്രന്റെ സമ്പൂർണ്ണസമർപ്പണമായി പരിശുദ്ധാത്മാവ് പിതാവിലേക്കു ഉയരുന്നു. ദൈവ പുത്രനായ യേശുവിനോടു ഐക്യപ്പെടുന്നവർക്കു ദൈവപുത്രൻ തന്റെ തന്നെ പരിശുദ്ധാത്മാഭിഷേകത്തിൽ ഭാഗഭാഗിത്വം നൽകുന്നു.

ദൈവം എല്ലാ സൃഷ്ടികളെയും സ്നേഹിക്കുന്നുണ്ടു്. എന്നാൽ അനേകം കുരുവികളെ സ്നേഹിക്കുന്നതിൽ ഉപരിയായ സ്നേഹത്തിൽ ഓരോ മനുഷ്യനെയും സ്നേഹിക്കുന്നുണ്ടു്. ദൈവം ദുഷ്ടന്മാരെയും ശിഷ്ടന്മാരെയും സ്നേഹിക്കുന്നുണ്ടു്. എന്നാൽ ശിഷ്ടന്മാരെ അധികമായി

www.malankaralibrary.com

അനുഗ്രഹിച്ച വളർത്തി സ്നേഹിക്കുന്നു. ദൈവപിതാവ് അനേകായിരം മനുഷ്യരെ സ്നേഹിക്കുന്നതിലുപരിയായ സ്നേഹത്തിലാണ് തൻെറ ഏകജാതനെ സ്നേഹിക്കുന്നതു്. ദൈവപിതാവ് തൻെറ ഏകജാതനെ സ്നേഹിക്കുന്ന ആ സ്നേഹത്തിലുള്ള ഭാഗഭാഗിത്വമാണ് ഏകജാതനോട് ഒന്നാകുന്നവർക്ക പരിശുദ്ധാത്മാഭിഷേകംവഴി ലഭിക്കുന്നതു്. ഏകജാതൻ തന്നോടു യോജിക്കുന്നവർക്കു തനിക്കു ലഭിക്കുന്ന അഭിഷേകം നൽകുന്നു. യേശുക്രിസ്തു എല്ലാവരുടെയും തലയായിത്തീർന്നു കൊണ്ടു് പിതാവിൽ നിന്നു് ആ അഭിഷേകം സ്വീകരിച്ചെന്നും, തന്നോട് ഒന്നാകുന്നവർക്ക് ആ അഭിഷേകം നൽകിയതാണ് പരിശുദ്ധാത്മാഭിഷേകത്തിലെ സന്തോഷമെന്നും വി. പത്രോസ്ശ്ലീഹാ പെന്തക്കൊസ്താദിവസം ചെയ്ത പ്രസംഗത്തിൽ വ്യക്തമാക്കുന്നു. യേശുക്രിസ്തുവിനു മാത്രമെ നമുക്ക് പരിശുദ്ധാത്മാഭിഷേകം നൽകാൻ കഴിവുള്ളു. യേശു സ്വന്തമായി അനുഭവിക്കുന്ന ദൈവസ്നേഹത്തിൻെറ കടലിൽ നമ്മെ മുക്കുകയാണ്. യേശുവിനു നമ്മോടുള്ള സ്നേഹത്തിൽ– തൻെറ ശരീരമായി നമ്മെ സ്വീകരിച്ച കൊണ്ടുള്ള സ്നേഹത്തിൽ— നമ്മെ മുക്കുകയാണ്. അതോടുകൂടി യേശുവിൻെറ ദൈവികശക്തികളും പദവികളും നമുക്ക നൽകുകയാണ്. പിതാവ് നമ്മെ പുത്രരായി യേശുവിൽ സ്വീകരിച്ചിരിക്കുന്നു എന്ന അവബോധം നൽകുന്നത് പരിശുദ്ധാത്മാവാണ്. അതിനാൽ ഭയം മാററി ധൈര്യവും ആത്മാഭിമാനബോധവും ലഭിക്കുന്നു. പിതാവിൻെറ സ്വയം ദാനവും പുത്രൻെറ സ്വയം ദാനവും നമുക്ക് അനുഭവമാക്കുന്നതു് പരിശുദ്ധാത്മാവാണ്. അതിനാൽ കൃപാജീവിതത്തിൻെറ തത്ത്വമായി(ഉറവിടമായി) നമ്മിൽ സംയോജിച്ചിരിക്കുന്നത് പരിശുദ്ധാത്മാവാണ്. പിതാവ് സ്രഷ്ടാവായ പരമ തത്ത്വമായി നമ്മിൽ ഉണ്ടെങ്കിലും സർവ്വാതിശായിയായി (Transcendent) നമുക്ക് ഉപരിയായി വ്യക്തിയായി നിലകൊള്ളുന്നു. പരിശുദ്ധാരൂപി നമ്മുടെ ആത്മാവിനോടും കഴിവുകളോടും (faculties) സംയോജിച്ച് നമ്മോടു് ഐക്യപ്പെട്ടു് ജീവിക്കുന്നു. നമുക്കു ലഭിക്കുന്ന ഓരോ കൃപയും നമ്മുടെ ആത്മാവും ശക്തികളും പരിശുദ്ധാരൂപിയോടും പരിശുദ്ധാത്മാവിലൂടെ യേശുവിനോടും യോജിക്കുന്നതുവഴി ലഭിക്കുന്നന്നതാണ്. ദൈവപിതാവിൻെറയും യേശുവിൻെറയും സ്നേഹത്താലാണ് നമുക്കു പരിശുദ്ധാരൂപിയിലുള്ള സ്നാനം ലഭിക്കുന്നത്. പരിശുദ്ധാരൂപി നമ്മെ സ്നേഹിച്ച് തൻെറ പ്രവർത്തനങ്ങളോടും നന്മകളോടും നമ്മുടെ ആത്മശക്തികളെ സംയോജിപ്പിച്ച് നമ്മെ ദൈവികരാക്കിയെടു

www.malankaralibrary.com

ക്കുന്നു. കൃപാജീവിതത്തിന്റെ യഥാർത്ഥ ഫലമായി (Objective) പരിശുദ്ധാരൂപയിലുള്ള സ്നാനംവഴി മനുഷ്യാത്മാവിന്റെ കഴിവുകൾ ദൈവാത്മാവിനോടു സംയോജിച്ച് മഹത്വീകരണം പ്രാപിക്കുന്നു. പരിശുദ്ധാരൂപിയിലൂടെ യേശുവിനോടും യേശുവിലൂടെ ദൈവപിതാവിനോടും മനുഷ്യാത്മാവ് യഥാർത്ഥത്തിൽ സംയോജിക്കുകയാണ്, സർവ്വാതിശായിയായ ത്രിതൈ്വക ദൈവം മനുഷ്യനോടൊന്നായി വസിക്കുകയായി.

പരിശുദ്ധാത്മസ്നാനം നൽകാനോ പരിശുദ്ധാരൂപിയെ നൽകാനോ യോഹന്നാനു കഴിവില്ല. ദൈവപുത്രനെ സ്വീകരിക്കാൻ തക്കവണ്ണം മനുഷ്യഹൃദയത്തെ പശ്ചാത്താപത്തിലേക്കു നയിക്കാൻ മാത്രമാണ് സ്നാപകയോഹന്നാൻ അയക്കപ്പെട്ടത്. പരിശുദ്ധാരൂപിയെ നൽകി മനുഷ്യാത്മാവിനെ ദൈവികമാക്കുന്ന കൃത്യം പരിശുദ്ധാത്മനിറവുള്ള യേശുക്രിസ്തുവിന്റെ ജോലിയാണ്. മനുഷ്യനിലേക്കു നൽകപ്പെടുന്ന കൃപാജീവിതത്തിന്റെ കർത്താവ് യേശുക്രിസ്തുവാണ്. മനുഷ്യനിലെ കൃപാജീവിതത്തിന്റെ പ്രവർത്തകൻ പരിശുദ്ധാത്മാവാണ്. യേശു എന്ന കൃപയെ നൽകിയ പരമനാഥൻ പിതാവായ ദൈവമാണ്.

## ജലത്തിലും ആത്മാവിലും വീണ്ടുംജനിക്കുക 3:1-15

യേശു നടത്തിയ അത്ഭുതപ്രവൃത്തികൾ കണ്ട്, യേശു ദൈവത്തിൽ നിന്നു വന്ന ഒരു ഗുരുവാണെന്ന് നിക്കൊദേമൂസ് സമ്മതിച്ചു പറഞ്ഞു. യേശുവിനെ ഗുരുവായിമാത്രം കാണാനെ വീണ്ടും ജനിക്കാത്തവനു സാധിക്കയുള്ളു. യേശുവാണ് യഥാർത്ഥത്തിൽ ദൈവരാജ്യമെന്നു കാണാൻ ഒരുവൻ വീണ്ടും ജനിക്കേണ്ടിയിരിക്കുന്നു. ജലത്താലും ആത്മാവാലും വീണ്ടും ജനിക്കാതെ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല.

പരിശുദ്ധാത്മാവ് പ്രവർത്തിക്കാതെ യേശു ദൈവപുത്രനാണെന്ന് സമ്മതിക്കാൻ ആർക്കും സാധിക്കുകയില്ല. പരിശുദ്ധാത്മാവിലും യേശുവിലും ആഴത്തിൽ മുഴുകിയുള്ള ഒരു സ്ഥിതിയിലെത്താതെ ആർക്കും ദൈവരാജ്യത്തിന്റെ അനുഭവം ഉണ്ടാവുകയില്ല. മനുഷ്യന് ശാരീരിക ജനനംവഴി സൃഷ്ടിക്കപ്പെട്ട മനുഷ്യാത്മാവും അതിന്റെ കഴിവുകളും (faculties) (ബുദ്ധി–മനസ്സ്–ഹൃദയം–ഭാവന–പഞ്ചേന്ദ്രിയങ്ങൾ.... ) ഉണ്ട്. അവയുടെ പ്രവർത്തനത്താൽ സൃഷ്ടിക്കപ്പെട്ട ചില നന്മ

www.malankaralibrary.com

കരം ആസ്വദിക്കുവാൻ മാത്രമെ മനുഷ്യനു സാധിക്കൂ. മനുഷ്യന് അനേകം ബന്ധനങ്ങളും പരിമിതികളും ഉണ്ട്. സ്വാഭാവിക സൃഷ്ടവ്യക്തി എന്ന നിലയിലുള്ള പരിമിതികളും പാപത്തിന്റെ ബന്ധനങ്ങളും ഉണ്ട്. മനുഷ്യന് തനിയെ വിമോചനമോ വളർച്ചയോ നേടാൻ സാദ്ധ്യമല്ല. സ്വഭാവാതീതമായ ഒരു ജനനം (ഒരു ജീവൻ) അവനു ലഭിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ സ്വഭാവത്തിനപരിയായ ദൈവികജീവൻ അവന്റെ സൃഷ്ടവ്യക്തിത്വത്തിനുപരിയായ നന്മയാണ്. അവനിലെ പാപസ്വഭാവത്തിന് എതിരായ ശക്തിയാണ്. പാപസ്വഭാവത്തെ നിഹനിച്ചുകൊണ്ടും സൃഷ്ടവ്യക്തിത്വത്തെ ദൈവജീവനു കീഴ്പ്പെടുത്തി സമർപ്പിച്ചുകൊണ്ടും മുന്നേറാൻ തയ്യാറായെങ്കിൽ മാത്രമെ വീണ്ടും ജനനം സാധിക്കുകയുള്ളു. ദൈവം മനുഷ്യനു നൽകുന്ന സൗജന്യദാനമാണിത്. പാപത്തെ വളർത്തി പഴയ മനുഷ്യനായി കഴിയാൻ ആഗ്രഹിക്കുന്നവനും, സ്വന്തംസൃഷ്ടവ്യക്തിത്വത്തെ യേശുക്രിസ്തുവിനു സമ്പൂർണ്ണമായി സമർപ്പിക്കാൻ മനസ്സാകാത്തവനും വീണ്ടും ജനനം സാദ്ധ്യമല്ല.

പരിശുദ്ധാത്മാവു വരുമ്പോൾ, യേശുക്രിസ്തു ദൈവരാജ്യമാണെന്ന്, മനസ്സിലാക്കാൻ തുടങ്ങും. യേക്രിസ്തുവിലുള്ള ദൈവികജീവനും പരിശുദ്ധാത്മാവും പ്രാപിച്ച് ഉന്നതമായ ഒരു ജീവൻ നിറയുന്നതും ആ ജീവന്റെ ഭാഗ്യവും പദവികളും അനുഭവിക്കുന്നതുമാണ് സ്വർഗ്ഗഭാഗ്യം എന്ന് ക്രമേണമനസ്സിലാകും. സ്വാഭാവിക മനുഷ്യൻ പരമഭാഗ്യമായി കരുതുന്നത് സ്വാഭാവികമായ ചില ലക്ഷ്യങ്ങൾ നേടുക എന്നതുമാത്രമാണ്. അവയൊന്നും പരമഭാഗ്യം നൽകുകയില്ല. പരിശുദ്ധാത്മാവ് എങ്ങനെയാണ് വീണ്ടും ജനിപ്പിക്കുക ? പരിശുദ്ധാത്മാവു വന്നുകഴിയുമ്പോൾ അനുഭവമാകും. പരിശുദ്ധാത്മാവു എങ്ങിനെ എവിടെനിന്നു വന്നു എന്ന് കാണാൻ സാധിക്കുകയില്ല. പുതിയ ചിന്തകൾ, പുതിയ ലക്ഷ്യങ്ങൾ, പുതിയ സന്തോഷം, പുതിയ സ്നേഹരീതി, പുതിയ ജീവിതക്രമം, പുതിയ നീതിബോധം, പുതിയ സംതൃപ്തി, പുതിയധൈര്യം ഇവയെല്ലാം ഉണ്ടാകും. സ്വാഭാവിക മനുഷ്യന് അത് യോഗാഭ്യാസംകൊണ്ടോ മനഃശാസ്ത്രംകൊണ്ടോ ഒന്നും ആർജ്ജിച്ചെടുക്കാൻ സാധിക്കുകയില്ല.

യേശുക്രിസ്തുവിലും പരിശുദ്ധാത്മാവിലും എല്ലാ പാപികളെയും നിമഗ്നരാക്കി രക്ഷയിലെത്തിക്കാൻ യേശുക്രിസ്തു തന്നിൽ എല്ലാവരെയും ഉൾച്ചേർക്കുന്നതുവഴി എല്ലാവരുടെയും പാപവും ശാപവും എടുത്ത് കുരിശിൽ മരി

www.malankaralibrary.com

ക്കേണ്ടിയിരിക്കുന്നു. കൃപാജീവിതം എന്നത് യേശുക്രിസ്തുവിലും പരിശുദ്ധാത്മാവിലും മുങ്ങി മറഞ്ഞുള്ള ജീവിതമാണ്. നിത്യസ്വർഗ്ഗത്തിലെ പരമഭാഗ്യം ഭൂമിയിൽവെച്ച് ചെറിയതോതിൽ ആരംഭിക്കുകയാണ്. അതിന് പാപപരിഹാരംചെയ്ത യേശുവിൽ വിശ്വസിക്കുകയും മുങ്ങുകയും ചെയ്യണം. നമ്മുടെ പാപത്തിൻെറ പരിഹാരബലിയായ യേശുവിനെ അംഗീകരിച്ചു സ്വീകരിക്കണം. യേശുവിൽ നിമഗ്നമായി ജീവിക്കണം.

## കൃപാജീവിതം സ്വീകരിക്കാത്തവരുടെ ശിക്ഷാവിധി

3:16–21

നന്മയുടെ സമ്പൂർണ്ണതയായ ദൈവം മനുഷ്യനെ വേദനിപ്പിച്ചു നശിപ്പിക്കുവാൻ ശ്രമിക്കുകയില്ല. അതിനായി തൻെറ പുത്രനെ ലോകത്തിലേക്ക് അയയ്ക്കുകയില്ല. എന്നാൽ ആരെങ്കിലും നന്മയുടെ സമ്പൂർണ്ണ പ്രകാശനമായ ദൈവപുത്രനെ സ്വീകരിക്കാതിരുന്നാൽ അന്ധകാരത്തിൽ വസിക്കുന്നതിൻെറ വേദന (ശിക്ഷാവിധി) സഹിച്ചുകൊണ്ടിരിക്കും. ദൈവപിതാവിൻെറ സമ്പൂർണ്ണപ്രകാശനമായ ദൈവപുത്രനെ ഓരോ മനുഷ്യനിലും പ്രകാശിക്കുവാൻ നൽകുവാൻ തക്കവണ്ണം ദൈവം ഓരോ മനുഷ്യനെയും സ്നേഹിച്ചു. പുത്രനെ നൽകുന്നതു ശിക്ഷാവിധി അകററാനാണ്, ശിക്ഷാവിധി നൽകാനല്ല. പ്രകാശജീവിതത്തെക്കാൾ അന്ധകാര ജീവിതത്തെ ഇഷ്ടപ്പെടുന്നവൻ പ്രകാശമായ ക്രിസ്തുവിനെ സ്വീകരിക്കുന്നില്ല. പ്രകാശമായ ക്രിസ്തുവിനെ തെരഞ്ഞെടുക്കുക എന്നതാണ് (നന്മയെ തിന്മയെക്കാൾ സ്നേഹിക്കുക എന്നതാണ്) നന്മയിൽ മുഴുകുവാനുള്ളതിൻെറ ആദ്യത്തെ പടി. തിന്മപ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. സത്യത്തിൽ വസിക്കുന്നവൻ പ്രകാശത്തിലേക്കു വരുന്നു. അതുവഴി അവൻ ദൈവൈക്യത്തിലാണ് ജീവിക്കുന്നതെന്നു വ്യക്തമാക്കുന്നു. ദൈവത്തിൻെറ നിയന്ത്രണത്തിൽ വസിക്കുന്നവൻ സത്യത്തിൽ വസിക്കുന്നു. ദൈവത്തിൻെറ നിയന്ത്രണത്തിൽ വസിക്കുന്നവൻ കൂടുതൽ നന്മയിൽ ആയിത്തീരുവാൻ—കൂടുതൽ പ്രകാശത്തിൽ ആയിത്തീരുവാൻ—യേശുവിനെ സ്വീകരിക്കുവാൻ ആഗ്രഹിച്ചു വരുന്നു. ദൈവത്തിൻെറ നിയന്ത്രണത്തിൽ കഴിയാൻ ആഗ്രഹിക്കാത്തവർ യേശുവിനെ സ്വീകരിക്കാനും യേശുവിനോടുള്ള ഐക്യത്തിൽ പുരോഗമിക്കാനും താൽപ്പര്യമില്ലാതെ പോകുന്നു. ദൈവത്തിൻെറ നിയന്ത്രണത്തിൽ കഴിയാൻ സമ്മതിക്കുന്നു.

www.malankaralibrary.com

എന്ന തീരുമാനം എടുക്കുന്നവനുമാത്രമെ ദൈവൈക്യത്തിൽ പുരോഗമിക്കാനുള്ള ആഗ്രഹം ഉണ്ടാവുകയുള്ളൂ. അതിനായി യേശുവിനെ സ്വന്തജീവിതത്തിലേക്കു സ്വീകരിക്കുന്നു.

## പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കയില്ല 3:36

ദൈവൈക്യജീവിതത്തിൽ ഓരോ പടി പുരോഗമിക്കുന്നത് ജീവൻെറ നാഥന് കൂടുതൽ കൂടുതൽ വിധേയപ്പെട്ടുകൊണ്ടാണ്. സ്വാഭാവികജീവൻെറ നിയമങ്ങൾക്കു വിധേയപ്പെടാത്തവനിൽ സ്വാഭാവികജീവൻ വളരുകയില്ല. നിത്യജീവൻെറ നാഥനു വിധേയപ്പെടാത്തവനിൽ നിത്യജീവൻ വളരുകയില്ല. ദൈവപുത്രൻ തൻെറ ജീവനിൽ ഭാഗഭാഗിത്വം തരുന്നതുവഴി മാത്രമാണ് നമുക്കു നിത്യജീവൻ ലഭിക്കുക. ദൈവപുത്രൻ നിയന്ത്രണം ഏറ്റെടുക്കുന്നിടത്തു മാത്രമെ പാപശക്തിയുടെ നിയന്ത്രണം മാറിപ്പോവുകയുള്ളൂ. ദൈവപുത്രനെ അനുസരിക്കാത്തവൻ ദൈവകോപത്തിലായിരിക്കും. ദൈവകോപം എന്നതിൻെറ അർത്ഥം ദൈവത്തോട് ജീവൻെറ ബന്ധം ഇല്ലാതായ സ്ഥിതി എന്നാണ്.

## ദൈവത്തിൻെറ ദാനം 4:20

ദൈവത്തിൻെറ കൃപ എന്നത് ദൈവപിതാവിൻെറ ഉള്ളത്തിലെ അഗാധമായ സ്നേഹം എന്നനിലയിലും ആ സ്നേഹത്താൽ നമുക്കു നൽകുന്ന സമ്മാനം എന്ന നിലയിലും വീക്ഷിക്കാം. സമ്മാനം എന്ന നിലയിൽ യേശുക്രിസ്തു തന്നെയാണ് ദൈവപിതാവിൻെറ കൃപ. പിതാവിൻെറ സമ്പൂർണ്ണ പ്രകാശനവും പിതാവിനോട് ഒന്നായിരിക്കുന്നവനുമായ യേശുക്രിസ്തുവിനെ നമുക്കു നൽകുന്നതുവഴിയാണ് ദൈവം തന്നെത്താൻ നൽകുന്ന അഗാധസ്നേഹം പ്രത്യക്ഷപ്പെടുത്തിയത്. യേശുക്രിസ്തുവാണ് ദൈവത്തിൻെറ ദാനം അഥവാ നമുക്കു നൽകപ്പെടുന്ന അടിസ്ഥാന കൃപ. യേശുക്രിസ്തുവിലൂടെയാണ് ദൃശ്യവും അദൃശ്യവും സൃഷ്ടവും അസൃഷ്ടവുമായ സകല ദാനങ്ങളും നമുക്കു നൽകുക. യേശുവിനെ കൂടുതൽ കൂടുതലായി സ്വീകരിക്കുന്നതോടുകൂടി മനുഷ്യൻ യഥാർത്ഥത്തിൽ അനുഗ്രഹീതനും സമ്പന്നനുമാകുകയാണ്.

പരിശുദ്ധാത്മാവെന്ന ജീവജലം നൽകുന്നതും യേശു വഴിയാണ്. പരിശുദ്ധാത്മവരങ്ങളും ദാനങ്ങളും ഫലങ്ങളും ലഭിക്കുന്നതും യേശു വഴിയാണ്. ദൈവത്തിൻെറ ദാനമെന്ന നിലയിൽ വർത്തിച്ചുകൊണ്ട് നമ്മളെ ഓരോരുത്തരെയും മുഴ

www.malankaralibrary.com
വനായി സ്നേഹിക്കുന്ന യേശുക്രിസ്തുവിന്റെ സ്നേഹമാണ് നമുക്കു ലഭിക്കുന്ന സകല നന്മകളുടെയും ഉണ്മയുടെയും അടിസ്ഥാനം. യേശുക്രിസ്തുവിനെ ദൈവത്തിന്റെ കൃപയായും നമ്മുടെ ജീവന്റെ അടിസ്ഥാനമായി സംയോജിച്ച നിലയിലും മനസ്സിലാക്കാൻ കഴിയുന്നത് എത്രയോ ഭാഗ്യമാണ്.

ഞങ്ങളുടെ സകല നന്മകളുടെയും അടിസ്ഥാനമായ യേശുവേ, ഞങ്ങളെ മുഴുവനായി സ്നേഹിക്കുന്ന യേശുവേ, അങ്ങയുടെ സ്നേഹത്തിൽ അല്ലാതെ മറ്റൊന്നിലും ഞങ്ങൾക്ക് ആശ്രയമില്ല. ഞങ്ങൾ എന്തായിരിക്കുന്നുവോ അതിനു അങ്ങയെ സ്തുതിക്കുന്നു. ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. അങ്ങയുടെ ജീവനിൽ വളരെയാഴത്തിൽ പങ്കെടുക്കാൻ അനുഗ്രഹിക്കണമേ. ആവശ്യമായ കൃപകൾ തരണമേ. അങ്ങയെ ജീവന്റെ അടിസ്ഥാനമായും കൃപയായും മനസ്സിലാകാത്തവർക്കുവേണ്ടിക്കൂടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങയെ അറിയാനുള്ള അനുഗ്രഹം അവർക്കു നൽകേണമേ.

## ദാഹം തീർക്കുന്ന ജലം തരും

4:14, 7:37-39.

ദാഹം തീർക്കുന്ന ജലം നൽകുമെന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിനെ നൽകുമെന്നു കാണിക്കുവാനാണ്. 'നൽകും' എന്ന ഭാവികാലമാണ് ഉപയോഗിച്ചിരിക്കുന്നത്. യേശുക്രിസ്തുവിന്റെ ഉയിർപ്പിനുശേഷമാണ് ഈ ദാനം മുഴുവനായി നൽകപ്പെടുന്നത്. അതിനാലാണ് ഭാവികാലം ഉപയോഗിച്ചിരിക്കുന്നത്.

യേശു തന്റെ ആത്മാവിനെയും ജീവനെയും നമ്മിലേയ്ക്കു നിവേശിപ്പിച്ച് നമ്മെ തന്നോടു സംയോജിപ്പിക്കുന്നതാണ് യേശു നൽകുന്ന കൃപ. പരിശുദ്ധാത്മാവുവഴി യേശുവിന്റെ നന്മകളോരോന്നും നമ്മിലേക്കു വരികയാണ്. യേശുവിനുള്ള സഹനശക്തിയും ക്ഷമയും പരീക്ഷകളെ ജയിക്കുന്ന ശക്തിയും, നേടിയ പാപപരിഹാരയോഗ്യതയും, കുരിശിലെ ജയവും, ഉയിർപ്പും, നിത്യജീവനും, ദൈവപുത്രത്വവും എല്ലാം പരിശുദ്ധാത്മാവുവഴി നമ്മുടെ വ്യക്തിത്വത്തിലേയ്ക്കു നിവേശിപ്പിക്കുന്നു. നമ്മൾ ദൈവപുത്രനിലാണ് സൃഷ്ടിക്കപ്പെട്ടതും സ്ഥിതി ചെയ്യുന്നതും. എന്നാൽ പരിശുദ്ധാത്മാവുവഴിയാണ് ദൈവപുത്രനോട് ഒന്നായിത്തീരുന്നത്. അപ്പോഴാണ് നമ്മളെ യഥാർത്ഥത്തിൽ ദൈവപുത്രരായി പിതാവ് സ്വീകരിച്ചിരിക്കുന്നു എന്ന അവബോധം ലഭിക്കുന്നത്. യേശുവി

www.malankaralibrary.com

നോട് ഒന്നായിത്തീർന്ന് ദൈവമഹത്വത്തിൽ പങ്കുചേരാനായി നമുക്ക് അടിസ്ഥാനദാഹം ഉണ്ട്. പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതുവഴിയാണ് ആ ദാഹം ശമിക്കുന്നത്.

പരിശുദ്ധാത്മാവുമായി നമ്മുടെ ആത്മാവും കഴിവുകളും faculties ശരീരവും സംയോജിക്കുന്നതുവഴി നമ്മുടെ ഉള്ളം പരിശുദ്ധാത്മാവിൻെറ നന്മകൾ പുറപ്പെടുന്ന ഒരു ഉറവതന്നെ ആയിത്തീരുന്നു. മനുഷ്യന് അപ്പോൾ നന്മ പ്രവർത്തിക്കാൻ കഴിവു കിട്ടുന്നു. മനുഷ്യൻ ദൈവികജീവിതം ജീവിക്കുന്ന ഒരു വ്യക്തിയായിത്തീരുന്നു. പാപത്തിൻെറയും ലോകത്തിൻെറയും പിശാചിൻെറയും പഴയനിയമത്തിൻെറയും അടിമയായുള്ള സ്ഥിതിയിൽ നിന്ന് മോചനം ലഭിക്കുന്നു. പരിശുദ്ധാത്മാവുള്ളതിനാൽ നന്മ പ്രവർത്തിക്കാൻ കഴിവു കിട്ടുന്നു. പരിശുദ്ധാത്മാവിനെ ഉപേക്ഷിച്ചാൽ പഴയ അടിമയുടെ സ്ഥിതിയിൽ എത്തിച്ചേരുന്നു.

ക്രിസ്തുവിൻെറ ഉയിർപ്പിനോടും സ്വർഗ്ഗാരോഹണ മഹത്വീകരണത്തോടും കൂടിയാണ് പരിശുദ്ധാത്മാവിനെ സമൃദ്ധിയായി നൽകുന്നത്. കാരണം പാപപരിഹാരത്തിൻെറയും പാപമോചനത്തിൻെറയും കൃപ നൽകിയതിനുശേഷമേ ദൈവിക ജീവൻെറ കൃപ നൽകുവാൻ സാധിക്കൂ. അതിനാലാണ് യേശുവിൻെറ കുരിശുമരണത്തിനുശേഷം മനുഷ്യർക്കു പരിശുദ്ധാത്മാഭിഷേകം നടക്കാൻ ഇടയായത്. യേശുവിൻെറ കുരിശുമരണത്തിൻെറ യോഗ്യത പങ്കുവെച്ചു തരുന്നതു സ്വീകരിക്കുന്നവർക്കു മാത്രമെ ദൈവികജീവൻെറ ഉന്നതകൃപകൾ സ്വീകരിക്കാൻ സാധിക്കൂ. സമരിയാക്കാരിയോടു സംസാരിച്ചപ്പോൾ ജീവജലം സ്വീകരിക്കുന്നതിനു മുമ്പ് പാപം ഉപേക്ഷിക്കണമെന്നു പറയുന്നുണ്ടല്ലോ.

## പുത്രൻെറ വിധേയത്വവും സ്വാതന്ത്ര്യവും.

5:19–30

ദൈവൈക്യ ജീവിതം—കൃപാജീവിതം—വെറും അടിമത്ത ജീവിതമാണെന്ന് ചിലർ ധരിച്ചിട്ടുണ്ട്. നന്മ മാത്രം ചെയ്യുന്ന പിതാവിൻെറ ജീവിതശൈലിയിൽ മാത്രം ജീവിക്കണം. (5:19) അതിനെ അടിമത്തം എന്നു വിളിക്കുന്നതു ശരിയല്ല. നന്മമാത്രം ചെയ്യാനുള്ള വിധേയത്വം എന്നു കരുതിയാൽ മതി. എന്നാൽ പിതാവു ചെയ്യുന്ന രീതിയിൽ ഏതു നന്മയും ഏതൊരാൾക്കും സ്വന്തം തീരുമാനമനുസരിച്ച് ചെയ്തു കൊടുക്കാനുള്ള സ്വാതന്ത്ര്യം പുത്രനു ലഭിച്ചിരിക്കുന്നു. പുത്രൻ ഇച്ഛിക്കുന്നതനുസരിച്ച് പിതാവു നൽകുന്നതു പോലെ നന്മനൽകാൻ കഴി

www.malankaralibrary.com

യുന്നു. ദൈവികജീവൻ നൽകുന്ന കാര്യമാണ് ഇവിടെ പ്രധാനമായി സൂചിപ്പിക്കുന്നത്.

കൃപാജീവിതം സ്വീകരിച്ച് യേശുവിനോട് ഐക്യപ്പെടുന്നവരും പിതാവിന്റെ ജീവിതശൈലിയിൽ നന്മചെയ്തു ജീവിക്കണം. തിന്മ ചെയ്യാൻ സ്വാതന്ത്ര്യമില്ല. യേശു ചെയ്തതുപോലെ യേശുവിന്റെ നാമത്തിൽ ജീവിക്കുന്നവരും ചെയ്യണം. യേശു സ്വർഗ്ഗാരോഹണം ചെയ്തു കഴിയുമ്പോൾ യേശു ഇഹലോകജീവിതകാലത്തു ചെയ്തതിലുപരിയായി അത്ഭുതനന്മപ്രവൃത്തികൾ ചെയ്യാൻ യേശുവിന്റെ നാമത്തിൽ ജീവിക്കുന്നവർക്കു കഴിയുമെന്ന് അരുളിച്ചെയ്തിട്ടുണ്ട്. പാപമരണത്തിൽ നിന്നു മോചനം നൽകാനും ദൈവിക ജീവൻ പ്രദാനം ചെയ്യാനും യേശു ചിലരെ പ്രത്യേകമായി അഭിഷേകം ചെയ്തു. ദൈവജീവൻ നൽകി മനുഷ്യരെ കൃപാജീവിതത്തിൽ വളർത്താൻ അവർക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. ദൈവജീവനിൽ മററുള്ളവരെ വളർത്താനുള്ള അവകാശം കൃപാജീവിതം നയിക്കുന്ന എല്ലാവർക്കും ഒരളവിൽ ലഭിച്ചിട്ടുണ്ട്. പ്രാർത്ഥനകൊണ്ടും അനുഗ്രഹം കൊണ്ടും ഇതു സാധിക്കുന്നു. യേശുവിനോട് ഐക്യപ്പെടുന്നതിന്റെ അളവനുസരിച്ച്ദൈവ പിതാവിനോടുള്ള സമ്പൂർണ്ണ വിധേയത്വത്തിലേക്കും ദൈവജീവൻ പകരുന്നതിലുള്ള സ്വാതന്ത്ര്യത്തിലേക്കും മനുഷ്യർ വളരുന്നു. നന്നായി കൃപാജീവിതം നയിക്കുന്നവർ പ്രാർത്ഥിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നത് അനേകർക്കു ഫലപ്രദമാകും. കൂട്ടായ്മപ്രാർത്ഥനകളിലും കൈവെയ്പുപ്രാർത്ഥനകളിലും അനുഗ്രഹവചനങ്ങളിലും എല്ലാം ഇക്കാര്യം വ്യക്തമാകുന്നുണ്ട്.

## നിത്യജീവന്റെ അനശ്വരമായ അപ്പം

6:25–59

കൃപാജീവിതം എന്നത് യേശുവിനോട് ഒരുശരീരമായും ഒരു രക്തമായും തീർന്നുള്ള ജീവിതമാണ്. മനുഷ്യന് ഏതാനും അനുഗ്രഹം നൽകിയശേഷം അകലെ മാറി ജീവിക്കുവാൻ വിടുന്ന ജീവിതമല്ല കൃപാജീവിതം. നിരന്തരമായ ജീവൈക്യം നടക്കുകയാണ്. (6:56). യേശുവാണ് ജീവന്റെ അപ്പം(6:35). യേശുവിന്റെ പക്കൽ അണയുന്നവരെ നിത്യമായി ജീവിക്കുവാൻ വേണ്ടി യേശു ഉയിർപ്പിക്കും(6: 37–40). അതിന് തന്റെ സ്വന്തം ജീവൻ അവനിലേക്കു പകരും. ജീവൻ പകരുന്നത് തന്റെ ശരീരവും രക്തവും അവനിലേക്കു നിക്ഷേപിച്ചുകൊണ്ടാണ്. (6:51,53). അത്ഭു

www.malankaralibrary.com

വഴി നിത്യമായ ദൈവജീവൻ തന്നെയാണ് മനുഷ്യൻ പ്രാപിക്കുന്നത്. യഥാർത്ഥ ഭക്ഷണം യേശുവിന്റെ ശരീരമാണ്. യഥാർത്ഥ പാനീയം യേശുവിന്റെ രക്തമാണ്. യേശു പിതാവിനോട് ഐക്യപ്പെട്ട് പിതാവിന്റെ എല്ലാമഹത്വത്തിലും പങ്കെടുത്ത് പിതാവു മൂലം ജീവിക്കുന്നു. അതുപോലെ യേശുവിനോട് ശരീരരക്തങ്ങളിൽ ഐക്യപ്പെടുന്നവർ യേശുമൂലം ജീവിക്കുന്നു. വ്യക്തിത്വങ്ങൾ രണ്ടാണെങ്കിലും പിതാവും പുത്രനും ഒരേ ജീവനും ഒരേ നന്മയും പങ്കെടുത്തു ജീവിക്കുന്നു. അതുപോലെ ക്രിസ്തുവിന്റെയും നമ്മുടെയും വ്യക്തിത്വങ്ങൾ പലതാണെങ്കിലും ഒരേ ജീവനും ഒരേ നന്മയും പങ്കെടുത്തു നിത്യം ജീവിക്കും. ആ ജീവിതത്തിന്റെ ആരംഭം ഇവിടെ തുടങ്ങുകയാണ്. ത്രിത്വത്തിൽ മൂന്നു ദൈവവ്യക്തികൾക്കും ഒരേ ജീവനും ഒരേ നന്മയുമാണെങ്കിലും എല്ലാ നൻമയുടെയും ഉറവിടം പിതാവായിരിക്കുന്നതുപോലെ ക്രിസ്തുവും നമ്മളും ഒരേ ജീവനും ഒരേ നൻമയും പങ്കെടുത്തു ജീവിക്കുന്നെങ്കിലും ആ ജീവന്റെയും നൻമയുടെയും ഉറവിടം എപ്പോഴും ക്രിസ്തുവാണ്. 5;57.

കൃപാജീവിതത്തിന്റെ മർമ്മപ്രധാനമായ ആശയങ്ങൾ ഇവിടെ വ്യക്തമാകുന്നുണ്ട്. യേശുവിനോടുള്ള ജീവന്റെ ഐക്യം ശരീരരക്തങ്ങൾ ഒന്നായിത്തീരുന്നതുവരെയുള്ള ഐക്യമാണ്. ക്രിസ്തുവും ക്രിസ്തുവിനുള്ളവരും കൂടി ഏകജീവന്റെ അനുഭവം ആസ്വദിക്കും. അതുപോലെ നമ്മുടെ എല്ലാവരുടെയും പാപത്തിന്റെ വേദന ക്രിസ്തു അനുഭവിക്കേണ്ടി വന്നു. നമ്മിലേക്കു പകരുന്ന ദൈവ ജീവന്റെയും നൻമയുടെയും ഉറവിടം ക്രിസ്തുവാണെന്നു സദാ ഓർമ്മിക്കണം. ജീവനിലുള്ള ഈ ഭാഗഭാഗിത്വം വഴിയാണ് ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ശക്തി നമ്മിലേയ്ക്കു വരും എന്ന് ഉറപ്പാകുന്നത്. അതുപോലെ യേശു നേടിയ പാപപരിഹാര യോഗ്യത നമുക്കു ലഭിക്കും എന്നതും ഉറപ്പാകുന്നു. യേശുവിനോടും യേശുവിനുള്ളവരോടും ഏകജീവന്റെ ബന്ധം പാലിക്കുവാൻ നമ്മൾ കടപ്പെട്ടവരാകുന്നു. എല്ലാകാര്യങ്ങളിലും യേശുവിന്റെ സ്വഭാവത്തിനും കൂട്ടായ്മയ്ക്കും തിരുവിഷ്ടത്തിനും യോജിച്ചവിധം നമ്മൾ പ്രവർത്തിക്കണം. യേശുവിനോടുള്ള ജീവൈക്യമാണ് സകല നന്മയുടെയും രക്ഷയുടെയും ഏക അടിസ്ഥാനം എന്ന് ഓർക്കണം. ഇത് മരുഭൂമിയിൽ വെച്ച് മന്നാകിട്ടിയതുപോലെയുള്ള അനുഗ്രഹമല്ല. നിത്യസ്വർഗ്ഗീയ ജീവൻ ലഭിക്കുന്ന അനുഗ്രഹമാണ്.

www.malankaralibrary.com

## ആത്മാവും ജീവനുമായ വചസുകൾ

6:60-69

സ്നേഹത്തിന്റെ വചസുകളുണ്ട്. വിദ്വേഷത്തിന്റെയും മരണത്തിന്റെയും വചസുകളുണ്ട്. പ്രത്യാശയുടെ വചസുകളുണ്ട്. നിരാശയുടെയും പ്രതികാരത്തിന്റെയും വചസുകളുണ്ട്. ഏതു വചസ് നമ്മുടെ മനോമണ്ഡലത്തിൽ അലയടിക്കുന്നുവോ അതനുസരിച്ചുള്ള ജീവിതരീതിയും സന്താപ സന്താപങ്ങളും തളർച്ച വളർച്ചകളും നമ്മൾ അനുഭവിക്കും. ഭാവന വചസുകളും പാഴ്വചസുകളുംവഴി തൽക്കാലത്തേക്ക് വ്യർത്ഥപ്രത്യാശകളും വ്യർത്ഥദുഃഖങ്ങളും വ്യർത്ഥഭയങ്ങളും ഉണ്ടായേക്കാം. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നവയും യഥാർത്ഥത്തിൽ വളർത്തുന്നവയുമായ സത്യവചസുകൾ മാത്രമെ മനുഷ്യനെ ഉയർത്തുകയുള്ളൂ. പതിനായിരങ്ങൾ ഒന്നിച്ച് പാഴ്വചനം പറഞ്ഞാലും അവ അവഗണിക്കാനുള്ള ധൈര്യം വേണം. സത്യവചനം സ്വീകരിക്കാനുള്ള എളിമയും തുറവിയും വേണം.

ഓരോ വചസും പറയുന്നവന്റെ ഹൃദയവും അന്തരംഗവും ആത്മാവും വചസിലൂടെ വെളിപ്പെടുകയും കേൾക്കുന്നവനിലേക്കു പകരുകയും ചെയ്യുന്നു. ബുദ്ധിയെ മാത്രം സ്പർശിക്കുന്ന വചസുകളുണ്ട്. ഹൃദയത്തെയും ആത്മാവിന്റെ കേന്ദ്രഭാഗത്തെയുംവരെ സ്പർശിക്കുന്ന വചസുകൾ (നിത്യ ജീവന്റെ വചസുകൾ) മാത്രമെ മനുഷ്യനെ സമ്പൂർണ്ണനാക്കുകയുള്ളു. ആ വചസുകൾ സ്വീകരിക്കുമ്പോൾമനുഷ്യനിൽ രൂപാന്തരീകരണം ഉണ്ടാകുന്നു. മനുഷ്യന്റെ അന്തരംഗംവരെ ജീവചൈതന്യം ലഭിക്കുന്നു. ദൈവം സംസാരിക്കുന്നതു കേൾക്കുമ്പോൾ മാത്രമെ നമുക്കു സംതൃപ്തിയുണ്ടാകൂ.

യേശുവിന്റെ വചസുകൾ നമ്മെ ശുദ്ധീകരിക്കുന്നു. പരമ സത്യം വ്യക്തമാക്കിത്തരുന്നു. പരമസ്നേഹം വെളിപ്പെടുത്തുന്നു. അനാദി മുതലെ പിതാവിന്റെ ഉള്ളിൽ നിറഞ്ഞു നിന്ന സ്നേഹം വെളിപ്പെടുത്തിത്തരുന്നു. അതുവഴി ജീവചൈതന്യം നമ്മിൽ നിറയുന്നു. പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ് പുത്രന്റെ വചസുകളിലൂടെ നമ്മിലേക്കു കടക്കുന്നു. പിതാവ് പുത്രനിലൂടെ നമ്മിലേക്കു പകരുന്ന ദൈവജീവൻ പുത്രന്റെ വചസുകളിലൂടെ നമ്മിലേക്ക് വരുന്നു. പുത്രന്റെ ഓരോ വചസും കൃപ തന്നെയാണ്. പരിശുദ്ധാത്മാവിനെയും ദൈവജീവനെയും പകരുന്ന മാദ്ധ്യമങ്ങളാണ്. അവ സ്വീകരിക്കുമ്പോൾ മനുഷ്യൻ ശുദ്ധീകരിക്കപ്പെടുകയും ആത്മചൈതന്യം പ്രാപിക്കുകയും ചെയ്യുന്നു. നിത്യജീവന്റെ വ

www.malankaralibrary.com

ചസരുള്ളന്ന യേശുവിനെ വിട്ടിട്ട് ഞങ്ങൾക്ക് ഒരിടത്തേക്കും പോകേണ്ടതില്ലെന്ന് പത്രോസ് പറഞ്ഞു. മരിച്ചവരിലേക്ക വചസുവഴി ജീവൻ പകരാൻ വരെ കഴിയുന്നവനെ വിട്ടിട്ട് മറെറവിടെ പോകാനാണ് ? കർത്താവിൻെറ വചസുകൾ സ്നേഹാദരവോടെ ഉള്ളിലേക്കു സ്വീകരിക്കുകയും അതു് മനോമണ്ഡലത്തിൽ സദാ അലയടിക്കാൻ സമ്മതിക്കുകയും അതനുസരിച്ച് ജീവിതം ക്രമീകരിക്കുകയും ചെയ്യുന്നവൻ എല്ലാം നേടുകയാണ്.

9

# കൃപ
# വി. പൗലോസിൻെറ ദർശനത്തിൽ

## മനുഷ്യൻെറ അടിസ്ഥാനരക്ഷ

നമ്മുടെ അടിത്തറയായ യേശു എല്ലാതിന്മകളെയും മരണത്തെയും കീഴടക്കി ഉയിർത്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ നമ്മെയും ഉൾചേർത്തു കൊണ്ടാണ് അങ്ങനെ ചെയ്തത് അതുവഴി മനുഷ്യൻെറ അടിസ്ഥാന രക്ഷ സാധിച്ചിരിക്കുന്നു എല്ലാസൃഷ്ടികൾക്കുമുള്ള സുവിശേഷമാണിത്. മനുഷ്യ വർഗ്ഗത്തിൻെറ തലയായ ക്രിസ്തു മഹത്വം പ്രാപിച്ചതുവഴി മനുഷ്യവർഗത്തിൻെറ മഹത്വീകരണത്തിൻെറ അടിസ്ഥാനം ഉറപ്പായി. സ്വർഗാരോഹണം ചെയ്ത ക്രിസ്തുവിലാണ് എല്ലാ സൃഷ്ടികളും സ്ഥിതി ചെയ്യുന്നത്. മനുഷ്യർക്ക് ക്രിസ്തുവിനോടു് ജീവബന്ധം കൂടിയുണ്ട്, ക്രിസ്തു പ്രപഞ്ചത്തിൻെറ പരമനാഥനും ചരിത്രത്തിൻെറ നായകനുമാണ്. യേശുവിൽ ഐക്യപ്പെടാത്തവർ തകരുന്നു. ഐക്യപ്പെടുന്നവർ യേശുവിനോടുകൂടി മഹത്വപ്പെടുന്നു. ദൈവത്തിൽ ഐക്യപ്പെടാത്ത ജീവിതമാണ് പാപജീവിതം. പാപം ഉപേക്ഷിച്ച് യേശുവിൽ ഐക്യപ്പെട്ട് യേശുവിനെ നാഥനായി സ്വീകരിച്ചു് ജീവിക്കുന്നവർക്ക് രക്ഷയും ദൈവ പുത്രത്വവും ലഭിക്കുന്നു. പ്രപഞ്ചത്തിൻെറയും മനുഷ്യരുടെയും അടിത്തറയായി ജീവിക്കുന്നത് സ്വർഗാരോഹണം ചെയ്ത ജയാളിയായ സ്നേഹനിധിയായ യേശുവാണ് എന്നതാണ് സുവിശേഷമായി പ്രഘോഷിക്കുന്നത്. എല്ലാ സൃഷ്ടികളെയും യേശുനാഥനിൽ കണ്ടെത്താനും ഓരോ നന്മയും യേശുവിലൂടെ വരുന്നതായി കാണാനും കഴിയുന്നതു് ഭാഗ്യമാണ്.

www.malankaralibrary.com

## യേശു മനുഷ്യനിൽ–രക്ഷ അനുഭവത്തിൽ

മനുഷ്യർ യേശുവിൽ ആയതു കൊണ്ടുമാത്രം രക്ഷയുടെ അനുഭവമാകയില്ല. യേശു ഓരോ മനുഷ്യനിലും തന്റെ നന്മകളോടുകൂടി പ്രകാശിക്കുമ്പോൾ മാത്രമെ രക്ഷ അനുഭവത്തിലാകയുള്ളു. യേശുവിന്റെ ജയശക്തികളും വിമോചന ശക്തികളും ഉയിർപ്പും മഹത്വവും സ്വർഗ്ഗാരോഹണവും ജ്ഞാനവും സ്നേഹവും പരിശുദ്ധാത്മവരങ്ങളും എല്ലാം ഓരോരുത്തർക്കും അനുഭവമാകണം. ഇവയോരോന്നും കൃപകളാണ്. യേശു സൗജന്യമായി നൽകുന്നതാണ്. പരിശുദ്ധാത്മാവു വഴിയാണ് ഇവ നമുക്കു അനുഭവമാക്കിത്തരുന്നത്. ഇവയ്ക്കെതിരായ അന്ധകാര ശക്തികളെ ഉപേക്ഷിക്കുകയും യേശുവിനോടു പ്രാർത്ഥിക്കയും യേശു പ്രകാശിക്കാൻ സമർപ്പിച്ചു കൊടുക്കുകയും ചെയ്യണം. ദൈവിക നന്മകളെല്ലാം പ്രകാശിപ്പിക്കാൻ തക്കവണ്ണമാണ് മനുഷ്യന്റെ ആത്മാവിനെയും പ്രകൃതിയെയും ദൈവം സൃഷ്ടിച്ചത്. പക്ഷേ നമ്മുടെ സ്വാതന്ത്ര്യത്തെ ദൈവം മാനിക്കുന്നു. നമ്മൾ ആഗ്രഹിക്കുകയും അനുവദിക്കുകയും ദൈവം മനസ്സാവുകയും ചെയ്യുമ്പോൾ മാത്രമെ യേശുവിന്റെ നന്മകൾ നമ്മിൽ പ്രകാശിക്കുകയുള്ളു.

### വിമോചനങ്ങൾ

മനുഷ്യനിൽ ജീവന്റെയും മരണത്തിന്റെയും സമരം നടന്നുകൊണ്ടിരിക്കുന്നു. ആത്മാവിൽ അതു പാപവും വിശുദ്ധിയും തമ്മിലുള്ള സമരമായി അനുഭവപ്പെടുന്നു. മനസ്സിന്റെ മണ്ഡലത്തിൽ അത് വിപരീതവികാരങ്ങളും സദ്വികാരങ്ങളും തമ്മിലുള്ള സമരമായി അനുഭവപ്പെടുന്നു. മനുഷ്യനു തനിയെ മരണശക്തികളെ കീഴടക്കാൻ കഴിവില്ല. യേശു എല്ലാ മരണ ശക്തികളെയും സമ്പൂർണ്ണമായി കീഴടക്കി ജയിച്ചു. എല്ലാ പാപപ്രലോഭനത്തെയും ജയിച്ചു. വിപരീത വികാരങ്ങൾ ഉണ്ടാകാൻ തക്കവണ്ണം വെളിയിൽ നിന്നു വന്നുകൊണ്ടിരുന്ന വിദ്വേഷങ്ങളെയും നിന്ദകളെയും പീഡനങ്ങളെയും സ്നേഹത്താൽ ജയിച്ചു. ശരീര മരണത്തെയും ജയിച്ചു. ഈ ജയശക്തികൾ യേശു നമുക്കു നൽകും. യേശുവിനു മാത്രമെ ഇവ നൽകാൻ കഴിവുള്ളു. യേശു തന്റെ ജയശക്തികൾ നൽകുന്നതു സ്വീകരിച്ചു കൊണ്ട് നമ്മിലെ മരണശക്തികൾ കളയാൻ നമ്മൾ തയ്യാറാകണം. പാപം, രോഗം, മരണം, വിദ്വേഷം, നിരാശ, മുതലായവയെ ഉപേക്ഷിക്കാൻ തയ്യാറാകണം. യേശു ജയശക്തികൾ നൽകണമെന്നു പ്രാർത്ഥിക്കണം. യേശുവിന്റെ സമ്പൂർണ്ണ വിജയത്തെപ്പറ്റി വിശ്വാസം ഉണ്ടായിരിക്കണം. ഓരോ ജയശക്തി

www.malankaralibrary.com

നൽകുന്നതും കൃപയാൽ മാത്രമാണ്. അതിനാൽ നിരന്തരം പ്രാർത്ഥിക്കണം.

വി. പൗലോസ് ശ്ലീഹായുടെ ദർശനത്തിൽ നിന്നു് ക്രിസ്തു ആരാണ്, മനുഷ്യരെ ക്രിസ്തുവിൽ ഉരുപ്പെടുത്തു് രക്ഷിച്ച് അവരിലേക്കു് ക്രിസ്തുവിലൂടെ തൻെറ മഹത്വം നൽകുന്നതിൽ പിതാവ് കാണിച്ച മഹാ കൃപ എത്ര വലുതാണ്, ക്രിസ്തുവിനോട് ഒന്നായിത്തീരാത്ത മനുഷ്യൻെറ ദുർഭഗസ്ഥിതി എന്താണ്, ദൈവപുത്രൻ സ്വായത്തമാക്കിയ മനുഷ്യത്വത്തിൽ ഓരോ മനുഷ്യനെയും സംയോജിപ്പിച്ച് ഓരോരുത്തരുടെയും ശാപം എടുത്ത കുരിശിലെ പരമ സ്നേഹം എത്ര വലുതാണ്, യേശു തൻെറ നന്മകൾ നൽകി നൽകി ഓരോരുത്തരെയും ബന്ധന വിമുക്തരാക്കുന്നതിലും മഹത്വപ്പെടുത്തുന്നതിലും കാണിക്കുന്ന കൃപ എത്ര വലുതാണ്, എന്നീ കാര്യങ്ങൾ മനസ്സിലാക്കാം. നമ്മൾ യേശുവിൽ ആകുക എന്നതാണു നമുക്കു ലഭിക്കുന്ന കൃപയുടെ ആലംബഭാഗം, അഥവാ അടിസ്ഥാനം. യേശു നമ്മിൽ മുഴുവനായി ആകുക അഥവാ പ്രകാശിക്കുക എന്നതാണ് കൃപയുടെ പൂർത്തീകരണം. നമ്മൾ യേശുവിൽ ആണ് എന്നാൽ യേശു നമ്മിലൂടെ മുഴുവൻ പ്രകാശിച്ചു കഴിഞ്ഞിട്ടില്ല. നമ്മൾ ആത്മ സമർപ്പണം നടത്തുകയും യേശുവിൻെറ മനോഭാവങ്ങളും പ്രവൃത്തികളും ബന്ധങ്ങളും ചിന്തകളും നമ്മിലൂടെ പ്രകാശിക്കാൻ സഹപ്രവർത്തകരായി വർത്തിക്കുകയും ചെയ്തു കൊണ്ടിരിക്കണം. യേശുവിൻെറ ജയത്തിൻെറയും വിമോചനത്തിൻെറയും ശക്തി നമ്മിലൂടെ പ്രകാശിക്കുമ്പോൾ നമ്മുടെ ബന്ധനങ്ങൾ മാറുകയും ജയം ലഭിക്കുകയും ചെയ്യും. യേശുവിൻെറ ദൈവപുത്രത്വവും മഹത്വവും എല്ലാം നമ്മിലൂടെ യേശു മുഴുവനായി പ്രകാശിപ്പിക്കുവാനിരിക്കുന്നു. യേശു വസിക്കുന്നവരെല്ലാവരും കൂടി യേശുവിൻെറ ഏക ശരീരമായിത്തീരുന്നു. ക്രിസ്തുവിൻെറ ശരീരമെന്ന നിലയിൽ ഓരോ സന്ദർഭത്തിലും നമ്മൾ എങ്ങനെ വർത്തിക്കണമെന്നുള്ളതാണ് ക്രിസ്തീയ ധാർമ്മികത കാണിച്ചുതരുന്നത്. ലേഖനങ്ങളിലെ മർമ്മ പ്രധമായ ഇക്കാര്യം വിചിന്തനം ചെയ്ത ശേഷം ഏതാനും ലേഖനഭാഗങ്ങൾ ധ്യാനിക്കാം.

## ക്രിസ്തു ആര് ?

ക്രിസ്തു അനാദിമുതലെ ദൈവപുത്രനാണ്. ദൈവപിതാവിൻെറ സത്തയുടെ മുദ്രയാണ്. പിതാവിൻെറ സമ്പൂർണ്ണമഹത്വമാണ്. എല്ലാ സൃഷ്ടികളും ദൈവപുത്രനിൽ

www.malankaralibrary.com

കൂടിയാണ് അസ്തിത്വവും ഓരോ നന്മകളും പ്രാപിക്കുന്നത്. ദൈവപുത്രൻ മനുഷ്യത്വം സ്വീകരച്ച് ഓരോ മനുഷ്യനോടും ഒന്നാകാൻ സമ്മതിച്ചപ്പോഠം ദൈവപിതാവിനു തുല്യമായ മഹത്വം അവന് നഷ്ടപ്പെടുകയും എല്ലാവരുടെയും എല്ലാ ശാപങ്ങളും സഹിക്കുകയും ചെയ്യേണ്ടിവന്നു. അത്രമേൽ നഷ്ടം സഹിച്ചും പിഡയേററും നമ്മെ സ്നേഹിക്കാൻ മനസ്സായി. അവൻ അനുസരണത്തോടെ എല്ലാവരുടെയും പാപത്തിൻെറ പരിഹാരശിക്ഷ അനുഭവിച്ചു. കുരിശുമരണം വരെ അനുസരിച്ചു. യേശുവിൻെറ മനുഷ്യത്വത്തോടുകൂടിയും യേശുവിൽ ചേർന്ന മനുഷ്യരോടുകൂടിയും യേശുവിനെ പിതാവ് ഉയിർപ്പിച്ചു. യേശുവിൽ ഐക്യപ്പെടുകയും യേശുവിനെ അനുസരിക്കുകയും ചെയ്യുന്നവക്ക് എല്ലാ നന്മയും നൽകാൻ കഴിയുന്ന ഉറവിടമായി യേശു രൂപാന്തരപ്പെട്ടു. യേശുവിൻെറ പദവികളും ബന്ധങ്ങളും ശക്തികളും നന്മകളും എല്ലാം യേശുവിനെ ധ്യനിക്കുന്നവക്കു കൃപയാൽ ലഭിക്കുന്നു. അതാണ് മനുഷ്യരുടെ നിത്യസ്വർഗ മഹത്വമായി തീരുന്നതു്.

## പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം

മനുഷ്യനിലുള്ള സ്വാഭാവിക നന്മകളെ നശിപ്പിക്കാനല്ല യേശു വന്നത്. പാപത്തിൻെറ അടിമത്തത്തിൽ നിന്നു മോചിക്കാനും അതിസ്വാഭാവിക നന്മകഠം നൽകി സൃഷ്ടപ്രകൃതിയെ തേജസ്കരിക്കാനുമാണു വന്നത്. എല്ലാവരും പാപം ചെയ്തു ദൈവമഹത്വം നഷ്ടപ്പെടുത്തി. ദൈവത്തോടു ജീവബന്ധം തകന്നതോടെ പാപപ്രവൃത്തികഠം പിന്നെയും പിന്നെയും ചെയ്തു. ഏററെനാഠം എല്ലാ പാപത്തിൽ നിന്നും മാറി ജീവിക്കുവാൻ മനുഷ്യൻെറ സ്വാഭാവിക ശക്തികൊണ്ടോ തപസ്സു കൊണ്ടോ ശാരീരികകാക്ശ്യം കൊണ്ടോ നിയമപഠനം കൊണ്ടോ സാധ്യമല്ല, ക്രിസ്തു ഒരുവൻെറ നാഥനായി ജീവിക്കുകയും യേശുവിൻെറ വിശുദ്ധിയുടെ നിയന്ത്രണത്തിലാകുകയും ചെയ്യുന്നതുവഴിമാത്രമെ സാധിക്കൂ. ഒന്നുകിൽ മനുഷ്യൻ പാപത്തിൻെറ അടിമ. അല്ലെങ്കിൽ യേശുക്രിസ്തുവിൻെറ വിശുദ്ധിയുടെ (നീതി)അടിമ. യേശു നമുക്കു വേണ്ടി നടത്തിയ പ്രാർത്ഥനയാലും പാപപരിഹാര കൃത്യത്താലും പാപക്ഷമ വാങ്ങിത്തരുന്നു, അതു സ്വീകരിക്കുമ്പോഠം സമാധാനം ലഭിക്കുന്നു. യേശു തന്നോടു് നമ്മെ ഐക്യപ്പെടുത്തി പഴയമനുഷ്യൻെറ പ്രവണതകളെ നിഹനിച്ച് നമ്മിൽ നീതി സ്ഥാപിച്ചു തരുമ്പോഠം, നമ്മഠം നീതിയുടെ അടിമകളായി ജീവിക്കുവാൻ സദാ സമർപ്പണം ചെയ്തു്

www.malankaralibrary.com

അനുസരിക്കുകയാണെങ്കിൽ പാപത്തിന്റെ അടിമത്തത്തിൽ നിന്നു് വിമോചിതരാകും. പാപത്തെ ജയിച്ചവൻ യേശു മാത്രമാണു്. പാപക്ഷമ നേടിത്തന്നു് സമാധാനം നൽകുന്നതും, നീതി സ്ഥാപിച്ചുതരുന്നതും കൃപയാൽ മാത്രമാണു്. നമ്മൾ നീതിയുടെ അടിമകളായി ജീവിക്കുന്നതുമൂലം പഴയ മനുഷ്യന്റെ കുരിശുമരണം സദാ അനുഭവിക്കണം. അതുമൂലം ജീവനും യഥാർത്ഥ സ്വാതന്ത്ര്യവും ലഭിക്കും.

## ജഡത്തിൽ നിന്നുള്ള സ്വാതന്ത്ര്യം

ജഡം എന്നപദം മനുഷ്യശരീരം എന്ന അർത്ഥത്തിലല്ല, പാപശക്തിയുടെ ഉറവിടം എന്ന അർത്ഥത്തിലാണു് ഉപയോഗിച്ചിരിക്കുന്നതു്. കണ്ണിന്റെ ദുരാശയും ജഡത്തിന്റെ ദുരാശയും അഹന്തയും ഉത്ഭവിപ്പിക്കുന്ന ഉറവിടം എന്ന അർത്ഥത്തിലാണു്. ദൈവൈക്യമില്ലാത്ത മനുഷ്യൻ ജഡത്തിന്റെ അടിമയാണു്. ആദാമ്യപാപത്തിനു ശേഷം ജനിക്കുന്ന എല്ലാ ശിശുക്കളിലും ദൈവൈക്യമില്ലായ്മയുടെ ദുരിതങ്ങൾ ഉണ്ടാകുന്നു. യേശുക്രിസ്തുവിലൂടെ ദൈവൈക്യത്തിലെത്തുന്നതുവഴിമാത്രമാണു് ദുരിതങ്ങളിൽ നിന്നു വിമോചനം കിട്ടുന്നതു്. ജഡം ഭരിക്കാതെ ഇരിക്കണമെങ്കിൽ യേശു നമ്മിൽ ഭരിക്കണം. യേശുവിന്റെ വിശുദ്ധിയും (നീതി) അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും ചിന്തകളും മനുഷ്യനെ ഭരിക്കണം.

## നിയമത്തിൽനിന്നുള്ള സ്വാതന്ത്ര്യം

ജഡത്തിന്റെയും പാപശക്തിയുടെയും അടിമയായികഴിഞ്ഞിരുന്ന മനുഷ്യനു് എഴുതപ്പെട്ട നിയമം കിട്ടിയപ്പോൾ ശരിയും തെററും വേർതിരിച്ചു മനസ്സിലാക്കാൻ കഴിഞ്ഞു. പക്ഷേ നിയമമനുസരിച്ചു ധാർമ്മികമായി ജീവിക്കുവാനുള്ള ശക്തി ആന്തരികമായി തന്നിയെ ഉണ്ടാകുന്നില്ല. അതിനാൽ മനുഷ്യൻ നന്മചെയ്യാൻ ആഗ്രഹിച്ചിട്ടും തിന്മ ചെയ്യുന്നവനായിത്തീർന്നു. പരിശുദ്ധാത്മാവു് എന്ന ദൈവവ്യക്തിയോടു് നമ്മുടെ ആത്മാവു് യോജിക്കുമ്പോൾ പരിശുദ്ധാത്മാവിൽ നിന്നു പുറപ്പെടുന്ന ശക്തിക്കു മാത്രമെ ധാർമ്മികമായി ജീവിക്കുവാനുള്ള ശക്തി തരാൻ സാധിക്കുകയുള്ളു. പരിശുദ്ധാത്മാവു് ഉള്ളിൽ ശക്തി നൽകുന്ന സമയംവരെ, നിയമം ഒരു അദ്ധ്യാപകന്റെയോ ചൂണ്ടുപലകയുടെയോ ജോലിമാത്രം ചെയ്തിരുന്നു. അറിവുകിട്ടിയശേഷം അറിഞ്ഞുകൊണ്ടു് നിയമം തെററിച്ചിരുന്നതിനാൽ പാപശക്തിയും പാപശിക്ഷയും വർദ്ധിക്കുകയും മനസ്സാക്ഷിക്കടിപ്പെടുകയും ആന്തരികമായി അടിമത്തം അനുഭവപ്പെടുകയും ചെയ്തു. നിയമം നല്ലതാണു്. പക്ഷേ, നിയമം കിട്ടിയപ്പോൾ അടിമത്തം വർദ്ധിച്ചു.

www.malankaralibrary.com

യേശുക്രിസ്തു നമ്മെ തന്നോടു സംയോജിപ്പിച്ചുകൊണ്ട് നമ്മിലേക്ക് ജീവശക്തിയായ പരിശുദ്ധാത്മാവിനെ നൽകുമ്പോൾ മാത്രമെ ധാർമ്മികമായി ജീവിക്കാനുള്ള ശക്തി നമുക്കു ലഭിക്കുകയുള്ളു. പരിശുദ്ധാത്മാവു നിർദ്ദേശിക്കു ന്നതനുസരിച്ച് പരിശുദ്ധാത്മശക്തിയോടെ ജീവിക്കുക എന്നതു മാത്രമാണ് ക്രൈസ്തവ ജീവിതം. തികച്ചും ആന്തരികമായ സ്വാതന്ത്ര്യാനുഭവം ഉണ്ടാകുന്നു. യേശുക്രിസ്തുവിനോടു സംയോജിച്ച സ്ഥിതിയിലാകുമ്പോൾ ഞാൻ യഥേഷ്ടം ജീവിക്കുന്നസ്ഥിതി ഇല്ലാതാകുന്നതിനാൽ ''ഞാൻ'' എന്നതു് മരിച്ചസ്ഥിതിയിലായിത്തീരുന്നുവെന്നും, മരിച്ചുകഴിഞ്ഞ ഒരാളുടെമേൽ ഒരു നിയമത്തിനും ആധിപത്യമില്ലെന്നും റോമ 7-ാം അദ്ധ്യായത്തിൽ പറയുന്നു. പരിദ്ധാത്മാവ് എന്ന പുതിയ നിയമം ധാർമ്മിക നിയമവും ധാർമ്മിക ജീവിതത്തിനുള്ള ശക്തിയും നൽകുന്നു. മനുഷ്യൻ ബന്ധനത്തിൽ നിന്നു് മോചിതനാകുന്നു. പരിശുദ്ധാത്മാവ് മനുഷ്യനോടു സംയോജിക്കുന്നതനുസരിച്ച് മനുഷ്യൻ ദൈവസ്വഭാവം ഉള്ളവനായിത്തീരുന്നു. ഒരുവൻ യേശുവിന്റെ ദാസൻ എന്ന സ്ഥിതിയിൽ തന്നെത്താൻ താഴ്ത്തി ജീവിക്കാതിരുന്നാൽ, ധാർമ്മികശക്തി കിട്ടിയാൽപ്പോലും പാപശക്തിക്ക് അധീനനായിത്തീരും. (റോമ 7:13–25. ഗലാ 5:17). അതിനാൽ സമ്പൂർണ്ണവിമോചനം എപ്പോഴും അനുഭവിക്കുവാൻ എപ്പോഴും യേശുവിന്റെ അവയവമെന്ന നിലയിൽ വിധേയത്വമുള്ളവനായിരിക്കുകയും പരിശുദ്ധാത്മശക്തിയിൽ വ്യാപരിക്കുകയും ചെയ്യണം.

## മരണത്തിൽനിന്നുള്ള സ്വാതന്ത്ര്യം

പാപം മൂലം മനുഷ്യന് ദൈവത്തോടുള്ള ജീവൈക്യം നഷ്ടപ്പെടുകയും മരണശക്തിയുടെ അടിമത്തം കിട്ടുകയും ചെയ്തു. മനുഷ്യനിൽ മരണശക്തികളും ജീവശക്തികളും തമ്മിലുള്ള പോരാട്ടം നിരന്തരം നടക്കുന്നു. ആത്മാവിൽ ദൈവിക ജീവന്റെ വിശുദ്ധിയും പാപവും തമ്മിലുള്ള പോരാട്ടം. മനസ്സിൽ പ്രോത്സാഹനവികാരങ്ങളും വിപരീത വികാരങ്ങളും തമ്മിലുള്ള പോരാട്ടം. ശരീരത്തിൽ ജീവശക്തിയും രോഗമരണവും തമ്മിലുള്ള പോരാട്ടം. യേശുവിന് പാപപ്രലോഭനങ്ങളും വിപരീത വികാരമുണരാനുള്ള സാഹചര്യങ്ങളും ശരീരമരണവും ഉണ്ടായി. എന്നാൽ യേശു എല്ലാ മരണശക്തികളെയും കീഴടക്കി. നമ്മുടെ നാഥനെന്ന നിലയിൽ നമുക്കു വേണ്ടിയും ജയം നേടി. നമ്മൾ യേശുവിന്റേതായി സദാ വർത്തിച്ചാൽ യേശുവിന്റെ ജയം നമുക്കുലഭിക്കും. പരിശുദ്ധാത്മശക്തിയാല്ലാ

www.malankaralibrary.com

ണ് എല്ലാ രംഗത്തും വിജയം നൽകുന്നത്. (എബ്രാ 4:14–15 16, റോമ 8:10–11).

യേശുവിലായവർക്കും മരണശക്തിയുടെ ആക്രമണമുണ്ടാകും. എന്നാൽ എല്ലാരംഗത്തും ജയം ഉണ്ടാകും. (റോമ 8:35-39) യേശുക്രിസ്തു വിലായവരിൽ ശരീരമരണം കഴിഞ്ഞവർ ഈ ലോകത്തിൽ ജീവിക്കുന്നവരേക്കാൾ ഒരു പടി കൂടി യേശുവിന്റെ ജയത്തിൽ മുന്നേറിയവരാണെന്ന് ശ്ലീഹാ പഠിപ്പിച്ചു. (1 തെസലോ 4:14–15). പാപത്തിന്റെ ശിക്ഷാവിധിയായി കടന്നുവന്ന മരണം, യേശുവിൽ ചേർന്നവർക്ക് ഒരുപടികൂടി ജീവനിലും ജയത്തിലും മുന്നേറാനുള്ള വഴിയായിത്തീർന്നു. എല്ലാ മണ്ഡലത്തിലുമുള്ള മരണശക്തികളെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ജയിക്കാനുള്ള വഴി യേശുഒരുക്കിത്തന്നു. യേശു നമുക്കുവേണ്ടി എല്ലാ യുദ്ധക്കളത്തിലും നിന്നു ജയിച്ചു. ആ ജയം പരിശുദ്ധാത്മാവുവഴി കൃപയാൽ നമ്മിലേക്കു നിവേശിപ്പിക്കുന്നു. അതിനായി യേശുവിനെ ജീവിതനാഥനായി സ്വീകരിക്കണം. പ്രാർത്ഥിക്കണം. യേശുവിൽനിന്നു ജയം സ്വീകരിക്കണം. ജയം നമ്മിൽ സാക്ഷാൽക്കരിക്കുവാനായി യേശു പറയുന്നതനുസരിച്ച് നിരന്തരം അദ്ധ്വാനിക്കണം.

## ഐക്യത്തിന്റെ പൂർണ്ണത

എല്ലാ സൃഷ്ടികളും ദൈവപുത്രനിലാണ് സ്ഥിതി ചെയ്യുന്നത്. ആ നിലയിലുള്ള ഐക്യം എല്ലാ മനുഷ്യർക്കും യേശുവിനോടുണ്ട്. (കൊളേ 1: 16–17) യേശു കൃപയാൽ നൽകുന്ന ദൈവജീവനെയും പരിശുദ്ധാത്മാവിനെയും സ്വീകരിച്ച് ശുദ്ധീകരിക്കപ്പെട്ട് യേശുവിനോട് ഒന്നായിത്തീരുന്നതുവഴിയുള്ള ഐക്യം കുറെക്കൂടി കൂടിയ ഐക്യമാണ്. അതുവഴി ത്രിത്വജീവിതത്തിലെ കൂട്ടായ്മയുടെ ജീവൈക്യത്തിലേക്കു പ്രവേശിക്കുകയാണ്. (കൊളേ 1:18_20 റോമ 8:1–17). വെറും സൃഷ്ടിയെന്ന നിലയിലുള്ള ഐക്യത്തെക്കാൾ കൂടിയ ഐക്യമാണിത്. എന്നാൽ ദൈവമഹത്വത്തിലുള്ള സമ്പൂർണ്ണമായ ഐക്യമാണ് സർവ്വോൽകൃഷ്ടം. രാജ്യവും ശക്തിയും മഹത്വവും പിതാവിന്റേതാണ്. എല്ലാ നന്മകളും മഹത്വം തന്നെയാണ്. ഓരോ മഹത്വത്തിലും പിതാവിന്റെ സാന്നിദ്ധ്യമുണ്ട്. പിതാവ് ഒരളവിൽ തന്നെത്തന്നെ നൽകുന്നതുവഴിയാണ് ഏതൊരു മഹത്വവും എവിടെയും സമാഗതമാകുന്നത്. പുത്രനിൽ പിതാവിന്റെ സർവ്വ മഹത്വവും നിറഞ്ഞിരിക്കുകയും പിതാവും പുത്രനും ഏക മഹത്വത്തിൽ ഒന്നായി അനാദിമുതലെ ജീവിക്കയും ചെയ്തു.

www.malankaralibrary.com

ദൈവപുത്രൻ പാപികളോട് ഒന്നായതു വഴി ദൈവമഹത്വത്തിന്റെ തികവ് നഷ്ടമായി. എന്നാൽ പിതാവ് കൃപയാൽ തന്റെ മഹത്വത്തിൽ പുത്രനെയും പുത്രനോട് ഒന്നായിരിക്കുന്നവരെയും ഉയർത്തി. (എഫേ 2: 4—7 കൊളേ 3:1-4) ദൈവപുത്രനോട് സമ്പൂർണ്ണ വിധേയത്വത്താൽ ഒന്നാകുന്നവർക്ക ദൈവ മഹത്വത്തിൽ പുത്രനോടും പിതാവിനോടും ഒന്നാകാൻ സാധിക്കുന്നു. പിതാവിന്റെ മഹത്വ സമ്പൂർണ്ണത പുത്രനോടു കൂടി നമ്മളും ആസ്വദിക്കം. ആ മഹത്വ സമ്പൂർണ്ണത ജ്ഞാനത്തിലും സ്നേഹത്തിലും പ്രവർത്തനങ്ങളിലും സേവനത്തിലും എല്ലാം ഒന്നിച്ചു ചേരുന്നതിൽ അടങ്ങിയിരിക്കുന്നു. പിതാവു തന്നെത്തന്നെ മുഴുവനായി നമുക്ക നൽകുന്നതിന്റെ സമ്പൂർണ്ണതയാണ് ക്രിസ്തുവിനോട് സമ്പൂർണ്ണമായി ഒന്നാകുന്നതുവഴി മഹത്വത്തിൽ ഒന്നാകുന്നതുവഴി നമ്മൾ പ്രാപിക്കുന്നത്. (റോ6.1-11, 8.18-25, 29—30, 1 കോരി 15. 20—28, എഫേ 1.17—23) പാപശക്തികളുടെ അടിമത്തത്തിൽ ആയിരുന്നപ്പോൾ പാപത്തിന്റെ ദുരാശകൾ കാട്ടിത്തരുന്ന ലക്ഷ്യം നേടാനായി മുൻ കാലങ്ങളിൽ ജീവിച്ചു. യേശുവിൽ ആഴത്തിൽ ഐക്യപ്പെട്ട് ദൈവ മഹത്വത്തിന്റെ പൂർണ്ണതയിൽ വ്യാപരിക്കുവാനായി ഇനിയും ജീവിക്കുന്നു. മറ്റൊരു ലക്ഷ്യവുമില്ല. യേശുവിൽ ആഴത്തിൽ ഒന്നായിത്തീരുന്നതു വഴി നമ്മിലും മററുള്ളവരിലും ദൈവമഹത്വം വളരുകയും ദൈവമഹത്വത്തിൽ എല്ലാവരും ഒന്നായിത്തീരുകയും ചെയ്യുക എന്ന ഏക ലക്ഷ്യത്തിൽ ജീവിക്കുന്നു. യേശുവിനോടു കൂടിയുള്ള പ്രാർത്ഥന വഴിയും അദ്ധ്വാനം വഴിയും സഹനം വഴിയും മരണം വഴിയും ദൈവമഹത്വം വളരണം എന്നതു മാത്രമാണ് ലക്ഷ്യം. ദൈവമഹത്വത്തിൽ ദൈവത്തോടും ദൈവത്തിലുള്ളവരോടും ഒന്നാകാം എന്ന സുവിശേഷം അറിയാനും അതിനുള്ള അവകാശം നേടാനും ഇടയാകുന്നതു കൃപയാൽ മാത്രമാണ്. നമ്മിൽ ലഭിച്ച ദൈവമഹത്വം എല്ലാവർക്കുമായി പങ്കുവെയ്ക്കാൻ തയ്യാറാവുകയും ചെയ്യണം സ്വാർത്ഥത പാടില്ല.

ദൈവപിതാവ് മഹത്വത്തിൽ നമ്മിൽ ഒന്നാവുകയും പ്രകാശിക്കുകയും ചെയ്യുന്ന ഐക്യസ്ഥിതിയിലേക്കു നമ്മെ ക്രമേണ വളർത്തുകയാണ്. അതിന്റെ പൂർണ്ണതയിലെത്തുമ്പോൾ മാത്രമെ രക്ഷ പൂർണ്ണമാവുകയുള്ളു. യേശുവിലുള്ള ഐക്യം വഴി പാപമോചനവും ബന്ധനങ്ങളിൽ നിന്നുള്ള മോചനവും നൽകുകയും പരിശുദ്ധാത്മാവു വഴി വിശുദ്ധീകരിക്കുകയും (നിതീകരിക്കുകയും) ചെയ്തുകൊണ്ടു്

www.malankaralibrary.com

ഐക്യം ആരംഭിക്കുന്നു. ദൈവം നൽകുന്ന കൃപ സ്വീകരിക്കാനുള്ള വിശ്വാസവും സമർപ്പണവും നമ്മിൽ സദ ഉണ്ടായിരിക്കണം. ദൈവം നൽകുന്ന കൃപകൾ സ്വായത്തമാക്കുന്നത് വിശ്വാസത്താലും വിശ്വാസത്തിനനുസരിച്ചുള്ള പ്രവർത്തനത്താലുമാണ്. സ്വന്തമായ പ്രവർത്തിയാലോ യോഗ്യതയാലോ അല്ല.

യേശു പരിശുദ്ധാത്മാവിലൂടെ തന്റെ ദൈവിക ജീവനും ദൈവപുത്രത്വവും പദവികളും ബന്ധങ്ങളും ശക്തികളും യോഗ്യതകളും നമ്മിൽ സ്ഥാപിച്ചുകൊണ്ട് ദൈവ മഹത്വത്തിൽ നമ്മെ വളർത്തുകയാണ്. അവയോരോന്നും സാക്ഷാൽക്കരിക്കാനാവശ്യമായ വിനയവും അനുസരണവും കഠിനാദ്ധ്വാനവും നമ്മുടെ ഭാഗത്ത് ഉണ്ടായിരിക്കണം. (ഗലേ 3: 26–29) അബ്രഹാമിന്റെ സന്തതി എന്ന പദവിയും എല്ലാ വാഗ്ദാനങ്ങളുടെയും അവകാശി എന്ന പദവിയും രാജത്വവും പൗരോഹിത്യവും എല്ലാം നല്കുന്നു. നമ്മൾ യേശുവിനോടു സഹകരിച്ച് പുരോഗമിക്കുമ്പോൾ മററു ലക്ഷ്യം ഉണ്ടാകരുത്. തനിയെ വലിയവനാകുക എന്നു ചിന്തിക്കരുത്. ത്രിത്വത്തിലെ ഏക മഹത്വത്തിൽ എല്ലാവരോടും ഒന്നാവുക എന്നു ചിന്തിക്കുക. വിശ്വസിക്കുകയും ദൈവിക സൽപ്രവൃത്തികൾ യേശുവിൽ യേശുവിനോടുകൂടി അനുവർത്തിക്കുകയും ചെയ്യുന്നതു വഴിയാണ് ഇതു സാക്ഷാൽക്കരിക്കുക. നാഥനായ യേശുക്രിസ്തുവിന്റെ നിർദ്ദേശമനുസരിച്ച് നിരന്തരം സൽപ്രവൃത്തികളിൽ വ്യാപരിക്കണം. മടുപ്പു തോന്നരുത്. ക്ലേശങ്ങളിലും കുരിശുകളിലും മരണത്തിലും മടുപ്പുതോന്നരുത്. അവ യേശുവിലുള്ള ഐക്യത്തിന്റെയും തുടർന്നുള്ള വിജയത്തിന്റെയും അടയാളമായി പരിഗണിക്കണം. ദൈവമഹത്വത്തിലേക്കുള്ള വളർച്ചയുടെ ഘട്ടങ്ങളാണവ.

## ഏകശരീരവും ക്രിസ്തീയ ധാർമ്മികതയും

ക്രിസ്തുവും ക്രിസ്ത്യാനിയും പരിശുദ്ധാത്മാവു വഴിയും ദൈവികജീവൻ വഴിയും ഒന്നായിത്തീരുന്നതിനാൽ സഭ ഉദയം ചെയ്യുന്നു. ഓരോവ്യക്തിയും ക്രിസ്തുവിനോട് ജീവനിൽ താദാത്മ്യപ്പെടുകയാണ്. ക്രിസ്ത്യാനികൾ തമ്മിൽ ഭിന്നിപ്പുണ്ടാകുന്നത് ക്രിസ്തു വിഭജിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്യുന്ന അനുഭവമാണ്. ബാഹ്യനിയമങ്ങൾ വഴിയോ ലൗകിക ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടിയോ ഒന്നായിത്തീരുന്ന സമൂഹമല്ല സഭ. ജീവനിൽ ഒന്നായിത്തീരുന്ന ക്രിസ്തുവിന്റെ ശരീരമാണ് സഭ. ആന്തരികമായി യേശുവിന്റെ ജീ

www.malankaralibrary.com

വനോടും വിശുദ്ധിയോടും ഐക്യപ്പെടാതെ സഭയുടെ ബാഹ്യഘടനയിൽ മാത്രം ചേർന്ന് നില്ക്കുന്നവരെ സഭയിൽനിന്ന് പുറം തള്ളാനും അവർ മാനസാന്തരപ്പെടുവാനായി വഴിഒരുക്കാനും ശ്ലീഹാ പഠിപ്പിക്കുന്നു.

ക്രിസ്തുവിൽ ഏകശരീരമെന്ന നിലയിൽ വ്യാപരിക്കുക എന്ന ധാർമ്മികതയാണ് ക്രിസ്ത്യാനിയുടെ ധാർമ്മികത. ക്രിസ്തുവിൽ ഐക്യപ്പെട്ട നിലയിലുള്ള അവകാശത്തെയും മഹത്വത്തെയും പററിമാത്രം ഓർത്താൽ പോരാ. ആ നിലയിൽ നമ്മുടെ തലയായ ക്രിസ്തുവിനോടുള്ള വിധേയത്വവും, ക്രിസ്തുവിന് പിതാവിനോടുള്ള വിധേയത്വവും, യേശുവിന് തന്റെ ശരീരമായിച്ചേർന്നവരോടുള്ള ആർദ്ര സ്നേഹവും കരുതലും, തന്റെ ശരീരമായിത്തീരാനുള്ളവരെ വീണ്ടെടുക്കാനുള്ള താല്പര്യവും നമ്മിൽ എല്ലാവരിലും നിറയണം. എഴുതപ്പെട്ട നിയമമനുസരിച്ച് തന്നെത്താൻ വിശുദ്ധനാകാനുള്ള ധാർമ്മികക്രമമല്ല ഇത്. നമ്മിലേക്ക് നിക്ഷേപിച്ച പരിശുദ്ധാത്മാവാണ്. നമ്മുടെ ധാർമ്മികതയുടെ അടിസ്ഥാനമായി സംസാരിക്കേണ്ടത്. എഴുതപ്പെട്ട നിയമമനുസരിച്ച് അനുവദനീയമെന്ന് സ്വന്തം മനസ്സ് സമ്മതിക്കുന്ന ചില കാര്യങ്ങൾ പോലും മററുള്ളവർക്ക് ഉതപ്പുണ്ടാകുമെന്ന കാരണത്താൽ ഉപേക്ഷിക്കുവാൻ പരിശുദ്ധാത്മാവു പറഞ്ഞാൽ അവ ഉപേക്ഷിക്കണം. യേശുവിന് അവരോടുള്ള ആർദ്രതയും പരിഗണനയും നമ്മിലൂടെ പ്രകടമാക്കണം. യേശുവിന്റെ ജീവനിലുള്ള ഐക്യം സഭാംഗങ്ങളോടു കാണിക്കണം. നമ്മൾ പലരാണെങ്കിലും നമ്മുടെ ആത്മാക്കളുടെ ജീവൻ ഏകമാണ്. സഭാംഗങ്ങൾ ഏക ജീവനായി ജീവിക്കുന്നത് സഭയുടെ ഘടനയിലും പ്രവർത്തന ശൈലിയിലും വ്യക്തമാക്കണം.

എഴുതപ്പെട്ട നിയമം അനുസരിച്ച് പ്രവൃത്തി വഴി വിശുദ്ധി നേടുന്ന രീതിയല്ല ഇത്. ആ രീതി സ്വീകരിക്കുന്നവർ സ്വയകേന്ദ്രീകൃതരായിത്തന്നെ ജീവിക്കുകയാണ്. ക്രിസ്ത്യാനിയായതിനു ശേഷം ആ രീതിയിൽ വിശുദ്ധി നേടാൻ ശ്രമിച്ചവരെ ശ്ലീഹാ ശാസിച്ചു. യേശുവിന്റേതായിത്തീർന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ, ദൈവത്തിന്റെ സർവ്വ മഹത്വത്തിലും അവകാശിയായിത്തീർന്ന സന്തോഷത്തോടെ, സ്വർഗ്ഗീയ ബന്ധത്തിൽ ജീവിക്കുവാൻ ശ്ലീഹാ ഉപദേശിക്കുന്നു. യേശുവിലുള്ള ജീവൈക്യത്തിൽ വളരുന്നതാണ് കൃപാ ജീവിതത്തിലുള്ള വളർച്ച. യേശുവിനോടും യേശുവിലൂടെ പിതാവിനോടും യേശുവിലുള്ളവരോടും ജീവനിലും പരിശുദ്ധാത്മാവിലും ഐക്യപ്പെട്ട

www.malankaralibrary.com

ന്നതിന്റെ സ്നേഹവും ആദരവും ലക്ഷ്യവും അദ്ധ്യാനവും പ്രത്യാശയും എല്ലാം കൃപയിൽ വളരുന്നതനുസരിച്ച് വളർന്നു വരും.

## ലേഖന സംഗ്രഹം

വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലെ ഓരോ അദ്ധ്യായത്തിലെയും ചിന്തകളുടെ സംക്ഷിപ്ത വിവരണത്തിൽ നിന്ന് കൃപാജീവിതത്തെപ്പററി പഠിക്കാം.

## റോമാക്കാർക്കെഴുതിയ ലേഖനം

അദ്ധ്യായം 1

മനുഷ്യർക്ക് സ്വാഭാവികമായി ദൈവാവബോധം ഉണ്ടായിട്ടും പാപത്തിന്റെ അനന്തരഫലമായ ദുരിതം എന്താണെന്നറിഞ്ഞിട്ടും പാപം ചെയ്യാതെ ജീവിക്കുവാൻ സാധിച്ചില്ല കൃപ കൂടാതെ പാപരഹിതമായി ജീവിക്കാൻ സാദ്ധ്യമല്ല എന്നു സൂചന.

അദ്ധ്യായം 2, 3. യഹൂദർക്ക് ദൈവവെളിപാടുകളും നിയമവും ലഭിച്ചെങ്കിലും പാപരഹിതമായി ജീവിക്കുവാൻ സാധിച്ചില്ല. നിയമപഠനം വഴിയോ സ്വന്തമായ അദ്ധ്വാനം വഴിയോ പാപശക്തിയെ ജയിക്കാൻ സാദ്ധ്യമല്ല.

4. ദൈവം നൽകുന്ന കൃപ വിശ്വാസത്തോടെ സ്വീകരിക്കുന്നതുവഴിയാണ് വിശുദ്ധി (നീതീ)യും അനുഗ്രഹവും പ്രാപിക്കുന്നതെന്ന് അബ്രഹാമിന്റെ അനുഭവത്തിലൂടെ വ്യക്തമാക്കിയിരുന്നു. അറിവും സ്വന്തമായ പ്രവർത്തനവുമല്ല, വിശ്വാസത്തോടുകൂടിയ കൃപാസ്വീകരണവും അതനുസരിച്ചുള്ള അദ്ധ്വാനവും കാത്തിരിപ്പുമാണ് വിശുദ്ധീകരണമാർഗ്ഗം.

5. യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്ത പ്രാർത്ഥനയുടെയും പരിഹാരകൃത്യത്തിന്റെയും യോഗ്യത കൃപയാൽ നൽകുന്നത് വിശ്വാസത്തോടെ സ്വീകരിക്കുമ്പോൾ പാപത്തിനു ക്ഷമയും പിതാവിനോടുള്ള അനുരഞ്ജനവും ലഭിക്കുന്നു. യേശുക്രിസ്തുവിന്റെ ജീവനിലുള്ള ഐക്യം വഴി രക്ഷയും ഭാവിയിൽ ദൈവമഹത്വത്തിൽ മുഴുവനായി പങ്കെടുക്കാമെന്ന പ്രത്യാശയും ലഭിക്കുന്നു.

6. യേശുക്രിസ്തുവിന്റെ ജീവനിലും രക്ഷാകരമരണത്തിലും ഉയിർപ്പിലും കൂദാശയിലൂടെ പങ്കെടുക്കണം. അപ്പോൾ പാപശക്തിയിൽ നിന്നുമോചനം കിട്ടും. നമ്മുടെ അവയവങ്ങളെ വിശുദ്ധിയുടെ അടിമകളായി സദാ കാത്തുസൂക്ഷിക്കണം.

7. യേശുക്രിസ്തു എന്റെ നാഥനായി ജീവിക്കുന്നതുവരെ 'ഞാൻ' ആണ് എന്റെ കേന്ദ്രം. ഞാൻ കേന്ദ്രമായി നി

www.malankaralibrary.com

ന്നുകൊണ്ട് ദൈവശക്തി ഉപയോഗിച്ച് പാപശക്തിയെ കീഴടക്കാൻ ശ്രമിക്കുമ്പോഴും പോലും പാപം ഉണർന്നുവരും. യേശുക്രിസ്തു എന്റെ കേന്ദ്രമായി എന്നിൽ ജീവിക്കുമ്പോഴും ഞാൻ അല്ല എന്റെ നാഥൻ. എനിക്ക് സ്വന്തമായി ഒന്നും ചെയ്യാനില്ല. യേശുവാണ് നാഥൻ. ഞാൻ മരിച്ചസ്ഥിതിയിലാകും. മരിച്ചവന്റെ മേൽ നിയമത്തിന് അധികാരമില്ല. അങ്ങനെ നിയമത്തിന്റെ അടിമത്തത്തിൽ നിന്നു സ്വാതന്ത്ര്യം കിട്ടുന്നു.

8. യേശുക്രിസ്തു നാഥനായിത്തീരുന്നവനിൽ പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ഉറവിടമായും നിയമമായും വസിക്കുന്നു. പരിശുദ്ധാത്മാവ് അവനിൽ ജീവന്റെയും ഉയിർപ്പിന്റെയും തത്ത്വമായിത്തീരുന്നു. ഈ നിലയിലാകുമ്പോൾ ദൈവത്തെ ''ആബാ'' എന്നു വിളിക്കാനുള്ള ബോദ്ധ്യം നൽകുന്നു. പരിശുദ്ധാത്മാവ് നമ്മിലിരുന്ന് സദാ പ്രാർത്ഥിക്കുന്നു. യേശുക്രിസ്തു നമ്മെ പിതാവിന്റെ സമ്പൂർണ്ണ സ്നേഹത്തിൽ ഉറപ്പിച്ച് എല്ലാ തിന്മകളിൽ നിന്നും മോചനവും വിജയവും തരുന്നു.

9. ഇസ്രായേൽ കുടുംബത്തിൽ ജനിച്ചതുകൊണ്ടുമാത്രം ദൈവപുത്രത്വം ലഭിക്കുകയില്ല. ദൈവം യഥേഷ്ടം നൽകുന്ന കൃപയാൽ മാത്രമാണ് രക്ഷയും ദൈവമഹത്വവും ലഭിക്കുക. ഈ കൃപ യേശുവിലൂടെ പുറജാതികൾക്കും നൽകുന്നു.

10. സ്വന്തം വഴികളിലൂടെ തീക്ഷ്ണമായി അദ്ധ്വാനിച്ചതുകൊണ്ടു രക്ഷ കിട്ടുകയില്ല. ക്രിസ്തു കർത്താവായി വരുന്നതാണ് രക്ഷയുടെ അടിസ്ഥാനം. അതിനായി സുവിശേഷം എല്ലാവരെയും അറിയിക്കണം.

11. ഇസ്രായേൽക്കാരിൽ നിന്ന് ഒരു ചെറിയ ഭാഗത്തെ ദൈവം കൃപയാൽ സ്വന്തമായി തെരഞ്ഞെടുത്തു. കൃപ നൽകുന്നത് കുലയോഗ്യതയോ പ്രവൃത്തിയുടെ യോഗ്യതയോ നോക്കിയല്ല. ദൈവത്തിന്റെ ഔദാര്യം മാത്രമാണ് അതിന്റെ അടിസ്ഥാനം. ഇസ്രായേൽക്കാർ എല്ലാവരും കൃപ സ്വീകരിച്ചിരുന്നെങ്കിൽ ലോകത്തിനു വലിയ ഭാഗ്യമായിരുന്നു. കൃപ കിട്ടിയ പുറജാതികൾ ഇസ്രായേൽക്കാരേക്കാൾ ശ്രേഷ്ഠരെന്നു ചിന്തിക്കരുത്, അഹങ്കരിച്ചാൽ കൃപനഷ്ടപ്പെടും. പാപരഹിതമായി ജീവിക്കാൻ കൃപകൂടാതെ ആർക്കും സാദ്ധ്യമല്ല. കൃപയില്ലാത്തപ്പോൾ മനുഷ്യൻ എത്രമേൽ ദുർഭഗനാണെന്ന് അനുഭവത്തിൽ നിന്ന് പഠിക്കാൻ ഇടനൽകുകയും അതിനു ശേഷം എല്ലാവർക്കും കൃപ നൽകുകയും ചെയ്യുന്നു.

www.malankaralibrary.com

12—15 ക്രിസ്തുവിനെ നാഥനായി സ്വീകരിച്ചവർ തങ്ങളുടെ അവയവങ്ങളെ നിരന്തരം ക്രിസ്തുവിനു സമർപ്പിച്ചുകൊണ്ടിരിക്കണം. യേശുവിൽ ഐക്യപ്പെട്ടു ചെയ്യാത്തവ (വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തവ) എല്ലാം പാപമാണ്. സ്വയകേന്ദ്രീകൃതമായ അദ്ധ്യാത്മികതയല്ല, യേശു കേന്ദ്രീകൃതമായ അദ്ധ്യാത്മികതയാണ് ക്രിസ്തീയ വിശുദ്ധജീവിതം. ക്രിസ്തുകേന്ദ്രീകൃതമായി ജീവിക്കുന്നവൻ അവന്റെ വ്യക്തിത്വകേന്ദ്രത്തിൽ ദൈവത്തോടു ഒന്നായി ജീവിക്കുകയാണ്. അവൻ ഏററം ശക്തനായിത്തീരുന്നു, വിശുദ്ധനായിത്തീരുന്നു.

## കോറന്ത്യർക്കെഴുതിയ ഒന്നാം ലേഖനം.

അദ്ധ്യായം 1 യേശുക്രിസ്തുവിലൂടെ എല്ലാ കൃപയും ദൈവമഹത്വവും ലഭിക്കുന്നു. ഭാവിയിൽ ദൈവമഹത്വത്തിന്റെ പൂർണ്ണതയിൽ ചേരും. ക്രിസ്തുകേന്ദ്രീകൃതമല്ലാത്തവരിൽ ഭിന്നതയുണ്ടാകും.ദൈവമഹത്വം നഷ്ടപ്പെടുന്നു. കരിശിലൂടെ യേശു നമ്മെ തന്നിൽ യോജിപ്പിച്ചു. ഈ സുവിശേഷം സ്വീകരിച്ച് യേശുവിൽ ഒന്നാകുന്നവർക്കു ദൈവമഹത്വത്തിലുള്ള ഭാഗഭാഗിത്വമായി ജ്ഞാനവും ശുദ്ധീകരണവും വീണ്ടെടുപ്പും ലഭിക്കുന്നു. സ്വയം അഹങ്കരിക്കരുത് പിന്നെയോ ക്രിസ്തുവിൽ അഭിമാനിക്കുക.

2. ദൈവമഹത്വംനമുക്കു നൽകാനായി പിതാവുനിശ്ചയിച്ചു തന്നത് ക്രിസ്തുവിനെയാണെന്നു ഭൗതികാധികാരികൾക്കു മനസ്സിലായില്ല. പരിശുദ്ധാത്മാവ് ഈ രഹസ്യം നമുക്കു മനസ്സിലാക്കിത്തന്നു.

3. യേശുക്രിസ്തുവിന്റെ വകയായവർക്കു ഭിന്നതയില്ല. അസൂയയില്ല. വിഭാഗീയചിന്തയില്ല. സഭാനേതാക്കളെ ആസ്പദമാക്കിയുള്ള ഭിന്നതയാണെങ്കിലും അതു ജഡികതയുടെ അടയാളമാണ്. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമല്ലാത്തതെല്ലം (അടിസ്ഥാനപ്പെടുത്താത്തതെല്ലാം) നശിച്ചുപോകുന്നു. എല്ലാം നിങ്ങളുടെ വക. നിങ്ങൾ ക്രിസ്തുവിന്റെ വക.

4. ക്രിസ്തുവിന്റെ ദാസരായി നിൽക്കുന്നവർ ലോകത്തിന്റെ ദൃഷ്ടിയിൽ അവഗണിക്കപ്പെടുന്നു. പൗലോസ് ക്രിസ്തുദാസനായി ജീവിക്കുന്നതുപോലെ എല്ലാവരും ജീവിക്കട്ടെ. ക്രിസ്തുവിന്റെ ദാസരാകുന്നതു വഴി ലഭിക്കുന്ന ദൈവശക്തിയാണ് ദൈവരാജ്യത്തിന്റെ അടയാളം

5. ക്രിസ്തുവിന്റെ ദാസനായി ജീവിക്കുന്നവനു അസാന്മാർഗ്ഗികമായി ജീവിക്കുവാൻ സാദ്ധ്യമല്ല. അസാന്മാർഗ്ഗികളെ സഭയിൽ നിന്നു ബഹിഷ്ക്കരിക്കണം.

www.malankaralibrary.com

6. ക്രിസ്തുവിൻെറ ദാസൻ ക്രിസ്തുവിനോടു കൂടി വിധിക്കാനുള്ളവനാണ്. കേസുകൊടുക്കാൻ പോകുന്നവനാകരുത്. അനീതി സഹിക്കണം. അനീതി പ്രവർത്തിക്കുന്നവർക്കു ദൈവരാജ്യം കിട്ടുകയില്ല. മനുഷ്യശരീരം ക്രിസ്തുവിനു സമർപ്പിതമാണ്. പരിശുദ്ധാത്മാവിൻെറ ആലയമാണ്.

7. വിളിയും അനുഗ്രഹവുമനുസരിച്ച് ക്രിസ്തുവിൻെറ ദാസരായി മഹത്വത്തിൽ ജീവിക്കുക.

8. നമ്മുടെ ജ്ഞാനം അനുസരിച്ച് ഒരു കാര്യം അനുവദനീയമെന്ന് ഉറപ്പുണ്ടെങ്കിലും, ആ അവകാശം ഉപയോഗിക്കേണ്ടായെന്ന് നാഥൻ പറഞ്ഞാൽ അത് അനുസരിക്കണം. നാഥൻെറ സ്വന്തമെന്ന നിലയിൽ എന്തു ചെയ്യണം എന്നതാണ് ക്രിസ്ത്യാനിയുടെ ധാർമ്മികത.

9. അവകാശങ്ങൾ ഉപേക്ഷിച്ചുപോലും യേശുവിൻെറ ദാസരായി വർത്തിക്കണം. അങ്ങനെ പ്രവർത്തിച്ചതിനു ശേഷവും സ്വയ കേന്ദ്രീകൃതരായി നശിച്ചു പോകാതിരിക്കാൻ പഴയ മനുഷ്യനെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കണം

10. യേശുവിൻെറ ദാസരെന്ന നിലയിൽ നിന്ന് അടർന്നു മാറിയാൽ പ്രലോഭനം ഉണ്ടാകും. വിഗ്രഹാരാധനയിൽ വീഴും. അതിനെ ജയിക്കണം.

11. തിരുവത്താഴ ശുശ്രൂഷ, (വി. കുർബാന )വഴി ക്രിസ്തുവിൻെറ ശരീര രക്തങ്ങളിൽ യഥാർത്ഥത്തിൽ പങ്കെടുക്കുകയാണ്. അത്രമേൽ വലിയ ഐക്യം ക്രിസ്ത്യാനികൾ തമ്മിൽ പ്രകടമാകണം.

12. പരിശുദ്ധാത്മാവിൻെറ പ്രവർത്തനം വഴിയാണ് യേശുവിനെ കർത്താവായി പ്രഖ്യാപിക്കുന്നത്. മിശിഹായുടേതായിത്തീരുന്നവരിൽ പരിശുദ്ധാത്മാവിൻെറ ഓരോരോ ദാനങ്ങളും വരങ്ങളും പ്രത്യേകമായി പ്രകടമാകുന്നത് ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾക്ക് ഓരോരോ പ്രത്യേക ജോലികൾ ഉള്ളതുപോലെയാണ്.

13. പരിശുദ്ധാത്മഫലമായ സ്നേഹമാണ് എല്ലാററിലും ഉൽകൃഷ്ടം.

14. സ്നേഹം സാക്ഷാൽക്കരിക്കാനായി ശുശ്രൂഷിക്കാനായി വരങ്ങൾ നേടാൻ പ്രാർത്ഥിക്കുക. വരങ്ങളുടെ ഉപയോഗം വഴി സഭയിൽ പരസ്പര പൂരകത്വം ഉണ്ടാകണം. കോലാഹലം ഉണ്ടാകരുത്. പരിശുദ്ധാത്മാവ് മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുകയില്ല. സഹായിക്കും.

www.malankaralibrary.com

15 ക്രിസ്ത്യാനിക്കും ക്രിസ്തുവിൻെറ ഉത്ഥാനത്തിൽ കൃപയാൽ ഭാഗഭാഗിത്വം ലഭിക്കുന്നു. ക്രിസ്തുവിൽ ഒന്നാകുന്നതിൻെറ ക്രമമനുസരിച്ച് ക്രിസ്തുവിൻെറ മഹത്വത്തിൽ പങ്കു കിട്ടും. ഭൗതിക ശരീരത്തിൽ നിന്നും ആത്മീയ ശരീരത്തിലേക്കുള്ള വളർച്ചയാണു മരണം കൊണ്ട് അന്തിമമായി നേടുക. ആദാമിൻെറ സാദൃശ്യം ധരിച്ചിരിക്കുന്നതുപോലെ ക്രിസ്തുവിൻെറ ഉയിർത്തെഴുന്നേററ ശരീരത്തിൻെറ സാദൃശ്യം ധരിക്കും, അപ്പോൾ മരണത്തിന്മേൽ അന്തിമ വിജയം ലഭിക്കും. യേശുവിലായിത്തീന്ന് ചെയ്യാനുള്ള ജോലിയിൽ അചഞ്ചലരായി വർത്തിക്കുക.

## കോറന്ത്യർക്കെഴുതിയ രണ്ടാം ലേഖനം

അദ്ധ്യായം 1. ക്രിസ്തുവിൻെറ സഹനത്തിൽ പങ്കുചേരുന്നതിൻെറ അളവനുസരിച്ച് ക്രിസ്തുവിൻെറ സമാശ്വാസത്തിലും ശക്തിയിലും പങ്കുചേരും. ദൈവത്തിൻെറ സകല വാഗ്ദാനങ്ങളും ക്രിസ്തുവിനെ നൽകുന്നതു വഴി പൂർത്തീകരിച്ചിരിക്കുന്നു.

2. കൃപയിൽ വളർത്താൻ സഭ ശിക്ഷണം നൽകുന്നത് ക്ഷമയോടും സ്നേഹത്തോടുംകൂടി വേണം. കാർക്കശ്യം ഉണ്ടായാൽ സാത്താൻ വഞ്ചിക്കും. ക്രിസ്തു ഉള്ളത്തിൽ വസിക്കുന്നവൻ എല്ലായിടത്തും ക്രിസ്തുവിൻെറ പരിമളമായി വർത്തിക്കണം. ഈ പരിമളം ചിലർക്ക് നന്മയ്ക്കും ചിലർക്ക് നാശത്തിനും കാരണമാകാം.

3. എഴുതപ്പെട്ട പഴയനിയമം മാത്രം സ്വീകരിക്കുന്നവൻ സ്വയ കേന്ദ്രീകൃതനായിത്തീരുന്നു. നിയമം ആചരിക്കാൻ കഴിവുകിട്ടാത്തതിനാൽ ശിക്ഷാവിധിയും മരണവും ഉണ്ടാകുന്നു. പഴയ നിയമം കിട്ടിയപ്പോൾ അതിലെ വാഗ്ദാനങ്ങളോർത്ത് മോശയുടെ മുഖം ശോഭിച്ചെങ്കിലും അതു പാലിക്കുവാൻ കഴിവില്ലെന്നു കണ്ടപ്പോൾ മുഖശോഭ മങ്ങി. സ്വയ കേന്ദ്രീകൃതമായ ഭക്ത്യാചരണത്തിനു പോകുന്നവർക്ക് ഇന്നും ഇതു തന്നെയാണ് അവസ്ഥ. യേശുവിനെ നാഥനായി സ്വീകരിച്ച് ക്രിസ്തുകേന്ദ്രീകൃതമായി ജീവിക്കുന്നവർക്ക് പരിശുദ്ധാത്മാവ് എന്ന പുതിയ ജീവതത്ത്വം ലഭിക്കുന്നു. അതുവഴി ദൈവമഹത്വത്തിൻെറ പൂർണ്ണതയിലേക്ക് നാൾക്കുനാൾ വളരുന്നു.

4. പാവപ്പെട്ട മൺപാത്രമായ മനുഷ്യൻ യേശുക്രിസ്തുവിനെ കർത്താവായി സ്വീകരിക്കുമ്പോൾ അവനിൽ ദൈവം തന്നെ മഹത്വത്തോടെ പ്രകാശിക്കുന്നു. അതിനാൽ ബാഹ്യമായി ഉപദ്രവിക്കപ്പെട്ടാലും തകർക്കപ്പെടുകയില്ല. ജയിക്കും,

www.malankaralibrary.com

ക്രിസ്തു ഇല്ലാത്തവൻ തകരാവുന്ന മൺപാത്രം മാത്രമാണ്. സഹനവും മരണവും ക്രിസ്തുവിന് ഉയിർപ്പിനുള്ള വഴിയായിത്തീർന്നതുപോലെ ക്രിസ്ത്യാനിക്കും സഹനമരണങ്ങൾ മഹത്വത്തിനായിത്തീരും.

5. ക്രൂശിതനായ യേശുവിലൂടെ പിതാവ് എല്ലാ മനുഷ്യരെയും തന്നോടു സംയോജിപ്പിച്ചു. പിതാവു നടത്തിയ അനുരഞ്ജനം സ്വീകരിച്ച് എല്ലാവരും യേശുവിലൂടെ പിതാവിനോട് ഒന്നാകണം. എല്ലാ പാപികളെയും യേശുവിനോട് ഒന്നാക്കിയപ്പോൾ യേശു പാപത്തിന്റെ കുമ്പാരമായിത്തീർന്നു. അതുവഴി രക്ഷകിട്ടിയ നമ്മൾ ദൈവത്തിന്റെ വിശുദ്ധിയിൽ ജീവിക്കണം. എല്ലാ മനുഷ്യരെയും യേശുവിൽ വീക്ഷിക്കണം. മാനുഷികമായ വീക്ഷണഗതി ഉപേക്ഷിക്കണം.

6. കിട്ടിയ കൃപ വ്യർത്ഥമാക്കരുത്. ഏതു സാഹചര്യത്തിലും ക്രിസ്തുവിന്റെ ദാസരായിത്തന്നെ വർത്തിക്കണം. അപ്പോൾ ബാഹ്യമായി ഉപദ്രവിക്കപ്പെട്ടാലും തകർക്കപ്പെടുകയില്ല. വിഗ്രഹാരാധനയിലും സ്വയനിഷ്ഠജീവിതത്തിലും ഉൾപ്പെടരുത്.

7. ദൈവഹിതപ്രകാരമുള്ള പശ്ചാത്താപം രക്ഷാകരമാണ്. ലൗകിക ദുഃഖം മരണകാരണമാണ്.

8. ക്രിസ്തു നമ്മെ സമ്പന്നരാക്കാൻ ദരിദ്രനായതു പോലെ മററുള്ളവരെ സഹായിക്കാൻ ഉദാരമായി സംഭാവന ചെയ്യണം. സമൃദ്ധി ലഭിച്ചവൻ മററുള്ളവരുടെ കുറവു നികത്തി സമത്വമുണ്ടാക്കണം.

9. അല്പം വിതയ്ക്കുന്നവൻ അല്പം കൊയ്യുന്നു.

10-11. ക്രിസ്തുവിന് പൂർണ്ണമായി സമർപ്പിക്കപ്പെട്ടവരും അനുസരിക്കുന്നവരുമായിത്തീരണം. ഹവ്വായ്ക്ക ചതി പററിയതുപോലെ ക്രിസ്തുവിലുള്ള ഏകാഗ്രമായ ചിന്തയിൽ നിന്നു വ്യതിചലിക്കരുത്. കർത്താവിന്റെ നാമത്തിൽ സഹിച്ചതിനെപ്പററിയും പ്രവർത്തിച്ചതിനെപ്പററിയും ആത്മപ്രശംസ ചെയ്യരുത്. കൃപയാലാണ് അതു സാധിച്ചത്. സ്വയം പ്രശംസിക്കാനുള്ളത് സ്വന്തം ബലഹീനതയെക്കുറിച്ചുമാത്രം.

12. കൃപയാൽ ലഭിച്ച അനുഗ്രഹങ്ങളെപ്പററി അഹങ്കരിക്കാതിരിക്കുവാനും സ്വന്തസ്ഥിതി യഥാതഥം മനസ്സിലാക്കുവാനുമായി മനുഷ്യന്റെ ചില മണ്ഡലങ്ങളിൽ കൃപയുടെ നിയന്ത്രണവും മഹത്വവും ദൈവം തൽക്കാലം നൽകാതിരിക്കുന്നു, എന്നാൽ ആവശ്യമായ സമയത്തു് അവിടെയും

www.malankaralibrary.com

അധികമായ കൃപ നൽകും. ബലഹീനതയിൽ യേശുവിന്റെ ശക്തി അധികമായി പ്രകടമാക്കും. അതിനാൽ സമർപ്പിതന് അപകടരംഗങ്ങളിലും പ്രയാസങ്ങളിലും അധികമായി സന്തോഷിക്കാം.

13. യേശുക്രിസ്തു ക്രിസ്ത്യാനിയുടെ ഉള്ളിൽ ജീവിക്കുന്നു എന്ന ബോധ്യമാണ് വിശ്വാസം. പരീക്ഷിക്കപ്പെടുമ്പോൾ ജയിക്കാനുള്ള ശക്തി.

## ഗലാത്യർക്കെഴുതിയ ലേഖനം

1. ക്രിസ്തുവിന്റെ കൃപയിൽ നിന്നു മാറുവാനും പഴയനിയമാചരണം വഴി സ്വപ്രവൃത്തിയിലൂടെ രക്ഷനേടാനും ഉപദേശിച്ചവൻ ഉപദ്രവകാരിയാണ്. ശപിക്കപ്പെട്ടവനാണ്. കൃപയുടെ സുവിശേഷം മനുഷ്യബുദ്ധികൊണ്ട് നേടിയെടുക്കാവുന്നതല്ല. ദൈവം വെളിപ്പെടുത്തിത്തരുന്നതാണ്. പഴയനിയമമനുസരിച്ച് സ്വപ്രവൃത്തിയിലൂടെ രക്ഷനേടാൻ ശ്രമിച്ചിരുന്ന പൗലോസ് ആ വഴി ഉപേക്ഷിച്ച് രക്ഷയ്ക്കായി അനാദിമുതലേ ദൈവം നിശ്ചയിച്ചിരുന്ന കൃപയുടെ വഴി സ്വീകരിച്ചു.

2. ക്രിസ്ത്യാനികൾ പഴയനിയമത്തിലെ ആചാരവിധികൾകൂടി സ്വീകരിക്കണമെന്നുള്ള ചിന്താഗതിയെ പൗലോസ് ശക്തിയുക്തം എതിർത്തു. പഴയനിയമാനുഷ്ഠാനം വഴിയല്ല യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി കൃപയാലാണ് നീതീകരണം പ്രാപിക്കുക. ക്രിസ്തുവിനോട് ഒന്നായിത്തീരുന്നവന്റെ തനതു ജീവിതം മരിച്ചിരിക്കുന്നു. ഇനി ക്രിസ്തു അവനിലൂടെ ജീവിക്കുകമാത്രമാണ്. മരിച്ചവന്റെ മേൽ ഒരു നിയമത്തിനും അധികാരമില്ല. നിയമാനുഷ്ഠാനം വഴി മനുഷ്യൻ തനിയെ രക്ഷപ്പെടുമെങ്കിൽ ക്രിസ്തു മരിച്ചതിന് അർത്ഥമില്ല

3. തന്നെത്താൻ നിയമം അനുഷ്ഠിക്കുന്നതു വഴിയല്ല, യേശുവിനു സമർപ്പിതനായിത്തീർന്ന് യേശു പറയുന്നത് അനുസരിക്കുന്നതുവഴിയാണ് പരിശുദ്ധാത്മാവിനെ പ്രാപിക്കുക. അബ്രഹാമിനും അവന്റെ സന്തതിക്കും എന്നു പറഞ്ഞ് ദൈവം വാഗ്ദാനം നൽകി. ആ സന്തതി യേശുക്രിസ്തുവാണ്. ക്രിസ്തുവിനെ സ്വീകരിക്കുന്ന എല്ലാവരും ആ വാഗ്ദാനങ്ങൾക്ക് അവകാശികളും ദൈവപുത്രന്മാരും അബ്രഹാമിന്റെ സന്തതികളും അനുഗ്രഹിക്കപ്പെട്ടവരും ആയിത്തീരുന്നു. മോശയ്ക്കു നല്കിയ ഉടമ്പടിയും നിയമവും ആദ്യം നൽകിയ വാഗ്ദാനത്തെ ഇല്ലാതാക്കുന്നില്ല. ആ സന്തതി ജനിക്കുന്നതുവരെ മനുഷ്യനു പാപബോധം നൽകി കാവൽനിൽക്കാനാണ് മോശയിലൂടെ ഉടമ്പടി

www.malankaralibrary.com

യും നിയമവും നൽകിയത്. ജീവൻ നൽകാനോ രക്ഷിക്കാനോ അതിനു കഴിവില്ല.

4. ക്രിസ്തുവിനെ (പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായവനെ) ധരിച്ചവൻ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുന്നു. പിതാവിനെ 'ആബാ' എന്നു വിളിക്കുന്നു. ദൈവപുത്രനും ദൈവത്തിനുള്ളതിനെല്ലാം അവകാശിയും ആയിത്തീരുന്നു. പഴയ ഉടമ്പടിയിലൂടെ രക്ഷപ്പെടാൻ ശ്രമിക്കുന്നവൻ അടിമയുടെ സ്ഥിതിയിലാണ്. വിശ്വാസത്താൽ യേശുവിനെ ധരിക്കുന്നതുവഴി രക്ഷപ്പെടാൻ ശ്രമിക്കുന്നവൻ സ്വതന്ത്രനാണ്. പഴയനിയമക്കാർ ക്രിസ്തുവിനെ ധരിച്ചവരെ പീഡിപ്പിക്കുന്നു.

5. പഴയനിയമാചരണം വഴി നീതീകരണം നേടാൻ ശ്രമിക്കുന്നവൻ ക്രിസ്തുവിനോടുള്ള ബന്ധം വിച്ഛേദിച്ചിരിക്കുന്നു. വിശ്വാസംവഴി പരിശുദ്ധാത്മാവിലൂടെയാണ് നീതീകരണം നടക്കുക. സ്വയകേന്ദ്രീകൃതരാകുമ്പോൾ ജഡികജീവിതത്തിന്റെ ദുഷിച്ചഫലങ്ങൾ പ്രത്യക്ഷപ്പെടും. പരിശുദ്ധാത്മാവു നിറഞ്ഞ ക്രിസ്തുവിനെ ധരിക്കുന്നവരിൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പ്രത്യക്ഷപ്പെടും. പഴയ മനുഷ്യനെ സദാ ക്രൂശിക്കുക. യേശുവിന്റെ ദാസനായി മാത്രം വർത്തിക്കുക.

6. സ്വയകേന്ദ്രീകൃതനായി ജഡികനായി ജീവിക്കുന്നവൻ നാശം കൊയ്തെടുക്കുന്നു. പരിശുദ്ധാത്മാവിൽ വ്യാപരിക്കുന്നവൻ നിത്യജീവൻ പ്രാപിക്കുന്നു. ക്രിസ്തുവിനെ ധരിക്കുന്നതുവഴി പാപത്തെ കൊല്ലുന്ന കുരിശുമരണത്തിൽ യേശുവിനോടു യോജിക്കുന്നു. അതിനു മനസ്സില്ലാത്തവരാണ് പഴയനിയമാചരണം മതി എന്നു പഠിപ്പിക്കുന്നത്. യേശുക്രിസ്തുവിനെ ധരിച്ച് അവന്റെ കുരിശിലെ അടയാളങ്ങൾ ധരിക്കുന്നതിൽ അഭിമാനിക്കുക.

## എഫേസോസുകാർക്ക് എഴുതിയ ലേഖനം.

1. സ്വർഗ്ഗത്തിലെ എല്ലാ അനുഗ്രഹങ്ങളുടെയും തികവ് ക്രിസ്തുവിലുള്ളതിനാൽ ക്രിസ്തുവിനെ ധരിക്കുന്നവന് പിതാവിന്റെ പക്കലുള്ള എല്ലാ അനുഗ്രഹവും നൽകിയിരിക്കുന്നു. ക്രിസ്തുവിനെ ധരിക്കുന്നവൻ ശുദ്ധീകരിക്കപ്പെടുന്നു. ദൈവപുത്രനായിത്തീരുന്നു. പാപമോചനവും രക്ഷയും കിട്ടുന്നു. പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു. പൂർണ്ണ ദൈവ മഹത്വത്തിലേക്ക് വളരുന്നു. അനന്തശക്തി അവനിലേക്ക് ഒഴുകുന്നു. എല്ലാററിന്റെയും അധിപനായവനോടാണ് ഒന്നായിത്തീരുന്നത്. എല്ലാവരെയും ക്രിസ്തുവിൽ

www.malankaralibrary.com

സംയോജിപ്പിക്കുക എന്നതാണ് പിതാവിൻെറ പദ്ധതി.

2. യേശുവിനെ ധരിക്കാതിരുന്ന കാലം പാപത്തിൻെറയും അടിമത്തത്തിൻെറയും കാലമായിരുന്നു. ക്രിസ്തുവിലായവൻ ക്രിസ്തുവിൻെറ ജീവനിലും ഉയിർപ്പിലും സ്വർഗ്ഗാരോഹണത്തിലും ക്രിസ്തുവിനോട് ഒന്നായിച്ചേരുന്നു. ദൈവത്തിൻെറ സൽപ്രവൃത്തികൾ നമ്മിലൂടെ പ്രകാശിപ്പിച്ച് ദൈവമഹത്വം വളർത്താനാണ് നമ്മെ ക്രിസ്തുവിൽ ഉറപ്പിച്ചത്. ക്രിസ്തുവിനെ ധരിച്ചവരെല്ലാം കൂടി ജീവനിലും മഹത്വത്തിലും ഒന്നായിച്ചേർന്നിരിക്കുന്നു.

3. അളക്കാൻ വയ്യാത്ത സമ്പന്നതയുടെ ആഴം നിറഞ്ഞ ക്രിസ്തുവിനെ ധരിച്ച് സമ്പന്നരാകണമെന്ന് എല്ലവരോടും പ്രസംഗിക്കാൻ എനിക്കു കൃപ കിട്ടി. ക്രിസ്തുവിനെ വിശ്വസിച്ചു സ്വീകരിക്കുന്നതു വഴി സകലതും നേടിയതിൻെറ ധൈര്യവും ശക്തിയും കിട്ടുന്നു. ബാഹ്യമായ പീഡകളെ പ്രതി ദുഃഖിക്കരുത്. ക്രിസ്തുവിൽ നമ്മുടെ ജീവിതം ഉറയ്ക്കുന്നതു വഴി പിതാവിൻെറ മഹത്വത്തിൻെറ സമ്പന്നതയ്ക്കു യോജിച്ച വിധം അനുഗ്രഹിക്കപ്പെടുന്നു.

4, നമ്മുടെ എല്ലാവരുടെയും പ്രത്യാശ ഒന്നു തന്നെയാണ്. നമ്മിൽ പ്രകാശിക്കുന്നത് ഒരേ ക്രിസ്തു, ഒരേ പിതാവ്. അതിനു തക്കവണ്ണമുള്ള ഐക്യം കാണിക്കണം. കൃപയാൽ ഓരോ ദൈവശക്തി ലഭിച്ചിരിക്കുന്നത് എല്ലാവരെയും ശുശ്രൂഷിക്കാനാണ്. പരസ്പര പൂരകമായി സഭാംഗങ്ങൾ യോജിക്കാനാണ്. ക്രിസ്തുവിൻെറ സന്ധിബന്ധങ്ങൾ സംയോജിക്കുന്നതുപോലെ നമ്മൾ പരസ്പരം യോജിക്കണം. പഴയ മനുഷ്യൻ അൽപവും ജീവിക്കരുത്.

5–6 ക്രിസ്തുവിനെ ധരിച്ചവരെന്ന നിലയിൽ ക്രിസ്തുവിൻെറ വിനയവും ഔദാര്യവും സ്നേഹവും സഹിഷ്ണതയും അവരവരുടെ ജീവിത സാഹചര്യത്തിൽ പ്രകടമാക്കണം. യേശുവിൽ ഉറച്ചു നിന്ന് സാത്താനെതിരായി നിരന്തരം സമരം നടത്തണം. യേശുവിനോട് ഐക്യപ്പെട്ട് പ്രാർത്ഥനയിൽ വ്യാപരിക്കണം.

www.malankaralibrary.com

# 10

# കൃപാജീവിതത്തെപ്പററി സഭയുടെ പഠനം

മനുഷ്യവ്യക്തിത്വത്തിൻെറ വിവിധ മണ്ഡലങ്ങളും സ്വാതന്ത്ര്യവും സൃഷ്ടസ്ഥിതിയും മനുഷ്യൻെറ പ്രകൃതിക്ക് അതീതമായ ദൈവിക ജീവിതത്തിലേക്കുള്ള വിളിയും ലക്ഷ്യവും വഴിയും വളർച്ചയുംഎല്ലാം വിശകലനം ചെയ്ത് നൂററാണ്ടുകളായി ലഭിച്ച അനുഭവപാഠത്തിൽ നിന്ന് സഭ കൃപാജീവിതത്തെപ്പററി പഠിപ്പിക്കുന്നു. വിശദപഠനത്തിലേക്കു കടക്കുന്നതിനു മുമ്പ് മനുഷ്യ വ്യക്തിത്വത്തെപ്പററിയും മററും ആമുഖമായി കുറെ കാര്യങ്ങൾ അറിയുന്നതു നല്ലതാണ്.

അറിയാനും സ്നേഹിക്കാനും കഴിവുള്ള വ്യക്തികളായിട്ടാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത്. മനുഷ്യരോട് വ്യക്തിപരമായി അറിവിലും സ്നേഹത്തിലും ബന്ധപ്പെടുവാൻ ദൈവം ആഗ്രഹിച്ചിരുന്നു എന്ന് അതിൽ നിന്നു മനസ്സിലാക്കാം. അറിവും സ്നേഹവും മനുഷ്യൻ നന്നായി ഉപയോഗിക്കുമ്പോൾ പരമജ്ഞാനവും പരമതത്വവുമായ ദൈവത്തിലേക്ക് മനുഷ്യൻെറ ചിന്തകൾ ചെന്നു ചേരുന്നു. പരമനന്മയും പരമസ്നേഹിതനുമായ ദൈവത്തിലേക്ക് മനുഷ്യ ഹൃദയം ഉയരുന്നു. ദൈവം മനുഷ്യരിൽ തൻെറ സ്നേഹം നിവേശിപ്പിക്കാനും ആ സ്നേഹത്തിലൂടെ തന്നെത്തന്നെ മുഴുവനായി നൽകാനും നിശ്ചയിച്ചു. അറിയാൻ കഴിവുള്ള വ്യക്തിയായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിനാൽ സകലതിൻെറയും പരമമായ പൊരുൾ അറിയുവാനുള്ള അന്വേഷണപാടവം അവനിൽ കുടികൊള്ളുന്നു. ഭൗതിക വസ്തുക്കളെ അന്വേഷിച്ചറിയാൻ ശ്രമിക്കുന്ന മനുഷ്യൻ അടുത്തതായി തന്നെത്തന്നെ അറിയാൻ ശ്രമിക്കുകയായി. സ്രഷ്ടാവായ ദൈവം ഉണ്ടെന്ന് അവന് ക്രമേണ ബോദ്ധ്യമാകുന്നു. ആ ദൈവം അകലെയാണെന്നും അത്യുഗ്രനാണെന്നും മനുഷ്യൻ ആദ്യമൊക്കെ ചിന്തിച്ചേക്കാം. ക്രമേണ ദൈവാനുഗ്രഹത്താൽ മനസ്സിലാകാൻ തുടങ്ങും, ദൈവം നല്ലവനാണെന്നും സ്നേഹസമ്പൂർണ്ണനാണെന്നും, സ്നേഹത്താൽ തന്നെത്തന്നെ മുഴുവനായി മനുഷ്യനു നൽകുന്ന സ്നേഹനിധിയാ

www.malankaralibrary.com

ണെന്നും. നന്മയെ സ്വീകരിക്കാനും ആസ്വദിക്കാനും മനുഷ്യൻെറ ഇച്ഛാശക്തിക്കു (will) കഴിയും. ദൈവത്തെയും ദൈവം മുഴുവനായി തന്നെത്തന്നെ നൽകുന്ന സ്നേഹത്തേയും മനസ്സിലാക്കുന്തോറും ഹൃദയം സന്തോഷിക്കും. മനുഷ്യനു സ്വാതന്ത്ര്യമുള്ളതിനാൽ നന്മയെ നിരാകരിക്കാനും സാധിക്കും. ദൈവത്തിൻെറ സ്നേഹം സ്വീകരിച്ച് ദൈവത്തോടു വ്യക്തിപരമായ ബന്ധം സ്ഥാപിച്ച്, ആ ബന്ധത്തിൽ വളർന്ന് ദൈവത്തിൽ ഉറച്ചേരാനുള്ള തീരുമാനം എടുക്കാൻ ദൈവകൃപയുടെ സഹായത്താൽ മനുഷ്യനു സാധിക്കും.

ദൈവവുമായി സമ്പൂർണ്ണമായ ഐക്യം നടക്കുന്നത് നിത്യ സ്വർഗ്ഗത്തിലാണ്. ഇപ്പോൾ കണ്ണാടിയിലൂടെ എന്നവണ്ണം കാണുന്നു. നിത്യസ്വർഗ്ഗത്തിൽ മാദ്ധ്യമങ്ങളിലൂടെയല്ലാത്തവണ്ണം കാണുന്നു. ദൈവത്തെക്കുറിച്ചുള്ള അറിവുകളും അനുഭവങ്ങളും മനുഷ്യചിന്തയിലെ അനേക ധാരണകളുടെ സംശ്ലേഷ വിശ്ലേഷണങ്ങളിലൂടെയാണ് ആദ്യം മനസ്സിലാക്കുക. എന്നാൽ ദൈവം ദൈവത്തെ നൽകിക്കൊണ്ട് നമ്മുടെ മനസ്സിനോടും ബുദ്ധിയോടും സംയോജിക്കുന്നതിലൂടെ അല്പംകൂടി തെളിവായി ദൈവത്തെ അറിയാൻ തുടങ്ങും. നിത്യസ്വർഗ്ഗത്തിൽ ദൈവം മനുഷ്യാത്മാവിനോടു സമ്പൂർണ്ണമായി സംയോജിക്കുമ്പോൾ മാദ്ധ്യമം കൂടാതെതന്നെ ദൈവത്തെ അനുഭവിക്കാൻ തുടങ്ങും. അപ്പോൾ ദൈവത്തിൻെറ മഹത്വവും നന്മകളും സ്നേഹവും എല്ലാം മനുഷ്യാത്മാവിൽ ചേർന്നിരിക്കുന്നതായി അനുഭവിച്ചാനന്ദിക്കും. ദൈവത്തെപ്പററിയുള്ള ഏതാനും അറിവുകളും ഏതാനും അനുഗ്രഹങ്ങളുമല്ല നിത്യസ്വർഗ്ഗത്തിലെ അനുഭവം. നിത്യസ്വർഗ്ഗത്തിൽ ദൈവംദൈവത്തെത്തന്നെ മഹത്വത്തോടുകൂടി ഓരോമനുഷ്യ വ്യക്തിയിലും ചേർത്തു പ്രകാശിപ്പിക്കുകയാണ്. ത്രിത്വത്തിലെ ആന്തരിക ജീവിതത്തിലെ പരമനന്മയിലേക്ക മനുഷ്യൻ പ്രവേശിക്കുകയും ത്രിത്വം മനുഷ്യനിലൂടെ പ്രകാശിക്കുകയുമാണ്.

ഓരോ ജീവിതത്തിനും അതാതിൻേറതായ പ്രവർത്തന രീതിയും ശൈലിയുമുണ്ടല്ലോ. മൃഗ ജീവിതത്തിന് അതിൻേറതായ ശൈലിയുണ്ട്. പക്ഷികൾക്ക് അതിൻേറതായ ശൈലിയുണ്ട് മനുഷ്യൻ ത്രിത്വജീവിതത്തിൽ ഉറച്ചേർന്നാൽ പിന്നെ സ്വാഭാവിക മനുഷ്യജീവിതത്തിനുപരിയായ ഒരു ശൈലിയിലാണു ജീവിക്കുക. ദൈവപിതാവിൽ ദൈവപുത്രൻ ജീവിക്കുന്നതുപോലെയാണ് ദൈവമക്കളായി ഉയർത്തപ്പെട്ട മനുഷ്യരും ജീവിക്കുക. മനുഷ്യന് ഒരു സൃഷ്ടി

www.malankaralibrary.com

എന്ന നിലയിൽ ഈ പദവി സ്വയം സമ്പാദിക്കാവുന്നതല്ല. മാലാഖാമാരുടെയും മനുഷ്യരുടെയും പ്രകൃത്യനുസൃത ജീവിതത്തെക്കാൾ ഉന്നതമാണ് ദൈവത്തിന്റെ ആന്തരിക ജീവിതം. ദൈവത്തിന്റെ ആന്തരിക ജീവിതത്തിൽ ജീവിക്കുവാൻ മനുഷ്യപ്രകൃതി കൊണ്ടു സാദ്ധ്യമല്ല. ദൈവം ദൈവിക ജീവനിലും ദൈവത്തിന്റെ വ്യക്തിപരമായ ബന്ധത്തിലും മനുഷ്യനു പങ്കു നൽകുന്നത് സൃഷ്ട നന്മകൾ നൽകുന്നതിനേക്കാൾ ഉന്നതമായ ദാനമാണ്. മനുഷ്യനെ ദൈവത്തോട് ഒന്നാക്കുന്ന സ്നേഹമാണ്. ദൈവജീവനിൽ ചേർക്കുമ്പോൾ മനുഷ്യനെ സ്വഭാവാതീതമായ ഒരു നിലയിലേക്ക് ഉയർത്തുകയാണ്. ദൈവപുത്രനിൽ(ദൈവവചനത്തിൽ) മനുഷ്യനെ സംയോജിപ്പിച്ചുകൊണ്ടാണ് ഇക്കാര്യം നടത്തുക. ദൈവപുത്രനിൽ നമ്മെ ചേർത്ത് രൂപാന്തരീകരണം നടത്തിയാണ് ദൈവജീവിതത്തിലേക്ക വീണ്ടും ജനിപ്പിക്കുന്നത്. ഈ രൂപാന്തരീകരണം നടക്കുമ്പോൾ, ദൈവജീവിതത്തിനു ചേരാത്തതെല്ലാം നമ്മിൽ മരിക്കുകയും, ദൈവത്തിൽ ഉൾച്ചേർന്നനിലയിൽ ചെയ്യേണ്ടതെല്ലാം തീക്ഷ്ണതയോടെ ചെയ്യുകയും വേണം. രൂപാന്തരീകരണം ഒരു ദിവസം കൊണ്ടു പൂർത്തിയാകയില്ല. ദൈവികജീവിതത്തിനു ചേരാത്ത മനോഭാവവും പ്രവർത്തനവും വെച്ചുപുലർത്തിക്കൊണ്ട് ദൈവത്തിൽ ജീവിക്കാമെന്ന പ്രതീക്ഷിക്കേണ്ട.പരിപൂർണ്ണമാനസാന്തരവും ശുദ്ധീകരണവും വീണ്ടും ജനനവും നടക്കണം. സ്വന്തയോഗ്യതയാലല്ല ഈ ദാനം കിട്ടുന്നതെന്ന് ഓർത്തുകൊണ്ട് എളിമ പാലിക്കണം. പഴയപാപങ്ങളെപ്പററി രക്ഷാകരമായ പശ്ചാത്താപം പാലിക്കുന്നതുവഴി ആ പാപങ്ങളിൽ വീണ്ടും വീഴാതിരിക്കാനുള്ള മാനസിക തയ്യാറെടുപ്പു നടത്താനും, ദൈവകൃപ പിൻവലിച്ചാൽ താൻ എല്ലാവരെക്കാളും ശൂന്യനാണെന്നുള്ള ബോധം നിലനിറുത്താനും സാധിക്കുന്നു. ദൈവത്തിൽ ഉൾച്ചേർന്ന നിലയിൽ ഓരോരുത്തർക്കും ചെയ്യാനുള്ള കർത്തവ്യങ്ങളിൽ ജാഗരൂകരായിരിക്കണം. ദൈവത്തിൽ ഉൾച്ചേർന്ന നിലയിലുള്ള അഭിമാനത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും മററും മനോഭാവം പുലർത്തുന്നതുവഴി പഴയ മനുഷ്യന്റെ മനോഭാവങ്ങൾ ഇല്ലാതാകണം. നമ്മുടെ സൃഷ്ടിക്കപ്പെട്ട മനുഷ്യപ്രകൃതിയെ മാത്രം അനുസരിച്ചല്ല ഇനി ജീവിക്കുക. ദൈവത്തിൽ കൂടുതൽ ഉൾച്ചേർന്നവർ കൂടുതൽ ദൈവികരായി ജീവിക്കുന്നു.

ദൈവത്തിൽ നമ്മെ ഉൾച്ചേർക്കുന്നതിലും ശുദ്ധീകരിക്കുന്നതിലും മുഖ്യപ്രവർത്തകൻ ദൈവം തന്നെയാണ്.

www.malankaralibrary.com

നമ്മളെ വ്യക്തികളായി സൃഷ്ടിച്ചത് ദൈവമാണ്. നമ്മെ ബുദ്ധിയും മനസ്സും സ്വാതന്ത്ര്യവുമുള്ളവരായി സൃഷ്ടിച്ചത് ദൈവമാണ്. ബുദ്ധിയും സ്വാതന്ത്ര്യവുമുള്ളവർ തമ്മിൽ മാത്രമെ യഥാർത്ഥ സ്നേഹം ഉണ്ടാവുകയുള്ളു. ദൈവം ഓരോ മനുഷ്യനെയും സ്നേഹിക്കുന്നത് തന്റെ പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി ദൃഢനിശ്ചയമായിട്ടാണ്. നമ്മുടെ യോഗ്യതനോക്കിയുള്ള താല്ക്കാലികമായ ആകർഷണ സ്നേഹമല്ല അത്. നമ്മൾ അയോഗ്യരാണെങ്കിലും നമ്മെ നിത്യമായി സ്നേഹിക്കാനുള്ള തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവത്തിനുണ്ട്. എല്ലാവർക്കും സ്വർഗ്ഗപ്രവേശനത്തിനാവശ്യമായ വിളിയും സ്നേഹവും അനുഗ്രഹങ്ങളും ദൈവം നൽകുന്നുണ്ട്. ഒരാൾക്ക് കൂടുതൽ അനുഗ്രഹം നൽകുന്നുണ്ടായിരിക്കാം. പാപം വർദ്ധിച്ചിടത്ത് അയാളെ രക്ഷിക്കാനുള്ള അധിക കൃപ നൽകുന്നുണ്ട്. ശുശ്രൂഷയ്ക്കുള്ള പ്രത്യേക കൃപ ചിലർക്ക് അധികമായി നൽകുന്നുണ്ട്. നമ്മുടെ അപകടങ്ങളിലും ഞെരുക്കങ്ങളിലും യേശുവിന്റെ അധികമായ കൃപാശക്തി നൽകുമെന്നറിഞ്ഞപ്പോൾ, അപകടങ്ങളിലും ഞെരുക്കങ്ങളിലും അധികമായി സന്തോഷിക്കുന്നു എന്ന് വി. പൗലോസ് പറഞ്ഞു. നമുക്കോരോരുത്തർക്കും കിട്ടിയ ഓരോ നന്മകളും കഴിവുകളും ദൈവത്തിന് നമ്മളോടുള്ള പ്രത്യേക സ്നേഹത്താൽ നൽകിയതാണെന്നോർത്ത് എല്ലാററിനും എന്നും നന്ദി പറയണം. ''ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്''. ഓരോ കൃപയും സ്വീകരിച്ച് അതിനുള്ള പ്രതിസ്നേഹം സമർപ്പിക്കണം. ദൈവമാണ് ആദ്യം സ്നേഹിക്കുന്നത്. നമ്മളാ സ്നേഹം സ്വീകരിച്ച് പ്രതിസ്നേഹം അർപ്പിക്കുമ്പോൾ മാത്രമെ സ്നേഹം ബന്ധമായിത്തീരുകയുള്ളു. ബന്ധം ഏകജീവനായി രൂപപ്പെടും.

വ്യക്തി സ്വതന്ത്രമായി മററൊരാൾക്കു തന്നെ നൽകുകയും അയാളെ സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമെ സ്നേഹം യഥാർത്ഥ സ്നേഹമാവുകയുള്ളു. സ്വാതന്ത്ര്യമില്ലാത്തിടത്ത് സ്നേഹമില്ല. ഹൃദയം അടഞ്ഞിടത്തു സ്നേഹമില്ല. സ്വതന്ത്രമായി നൽകുന്ന സമ്മാനത്തിന്റെ മഹാത്മ്യമനുസരിച്ച് സ്നേഹം മഹത്തരമായിത്തീരുന്നു. തന്റെ ജീവനെ (തന്നെത്തന്നെ) നല്കുന്നതിൽ ഉപരിയായ സ്നേഹമില്ല. പിതാവായ ദൈവം യേശുവിലൂടെ തന്നെത്തന്നെ മുഴുവനായി നൽകി സ്നേഹിക്കുവാനാണ് ഓരോരുത്തരെയും സമീപിക്കുന്നത്. ഇതിനെക്കാൾ വലിയ സ്നേഹമില്ല. ദൈവം ഓരോ മനുഷ്യനെയും മുഴുവനായി സ്നേഹിക്കുന്നു എന്നത് സത്യമാണ്. യേശുവിനെ കൂടുതൽ

www.malankaralibrary.com

കൂടുതൽ സ്വീകരിക്കുമ്പോൾ മനുഷ്യൻ ഈ സ്നേഹം കൂടുതൽ കൂടുതൽ സ്വീകരിക്കുകയാണ്. അപ്പോൾ സ്നേഹബന്ധം പകുതി സാക്ഷാൽക്കരിക്കുന്നു. ബന്ധം മുഴുവൻ സാക്ഷാൽക്കരിക്കുവാൻ മനുഷ്യൻ സ്വതന്ത്രമനസ്സോടെ സ്നേഹത്താൽ തന്നെത്തന്നെ ദൈവത്തിനു സമർപ്പിക്കുകയും ദൈവം ആ സമർപ്പണം സ്വീകരിക്കുകയും വേണം.

ദൈവമേ അങ്ങയെ മുഴുവനായി പാപിയും ഏഴയുമായ എനിക്കു നൽകുന്നത് (അങ്ങു മുഴുവനായി എന്നിൽ വസിക്കുവാൻ ആഗ്രഹിക്കുന്നത്) ഞാൻ പൂർണ്ണസ്വാതന്ത്ര്യത്തോടും സന്തോഷത്തോടും നന്ദിയോടുംകൂടി സ്വീകരിക്കുന്നു എന്ന് മനുഷ്യൻ സദാ മറുപടി പറയണം. ബന്ധത്തിന്റെ ഈ ആദ്യഭാഗം പോലും പലരും സ്വീകരിക്കുന്നില്ല. ദൈവത്തെയും ദൈവത്തിന്റെ സ്നേഹത്തെയും നിരാകരിക്കുന്ന വിധമുള്ള തീരുമാനങ്ങളും പ്രവൃത്തികളുമാണ് പലരും നടത്തുക. ''...സ്വന്തജനം അവനെ സ്വീകരിച്ചില്ല....'' എന്ന പ്രലപനം ഇന്നും തുടരുന്നു. മനുഷ്യൻ ദൈവത്തെ മുഴുവനായി സ്വീകരിക്കാത്തത് ദൈവം ദൈവത്തിന്റെ ക്ഷമയും വിശുദ്ധിയും പ്രവർത്തനവും മനുഷ്യനിൽ നിക്ഷേപിച്ചാൽ തോന്ന്യാസജീവിതം ഉപേക്ഷിക്കേണ്ടിവരുമല്ലോ എന്നോർത്താണ്. എന്തു നഷ്ടമുണ്ടായാലും, എന്തെല്ലാം ക്ഷമിക്കേണ്ടി വന്നാലും ദൈവം എന്നിൽ വസിക്കാൻ വരുന്നത് നന്ദിയോടെ സ്വീകരിക്കുന്നു എന്നു പറയണം. നമ്മെ സ്നേഹപൂർവ്വം ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കുകയും ദൈവം ആ സമർപ്പണം സ്നേഹപൂർവ്വം സ്വീകരിച്ചതായി ബോധ്യപ്പെടുകയും ചെയ്യുമ്പോൾ ബന്ധം പൂർണ്ണമായി.

ദൈവത്തിന്റെ ഭാഗത്തു സ്നേഹം പൂർണ്ണമായി സാക്ഷാൽക്കരിച്ചിരിക്കുന്നു. ബന്ധം പൂർത്തീകരിച്ചിരിക്കുന്നു. എങ്ങനെ ? ദൈവപിതാവ് തന്റെ ഏകജാതനിലൂടെ തന്നെ മുഴുവൻ നമുക്കു നൽകിയിരിക്കുന്നു. അതുപോലെ പിതാവ് യേശുവിനെ ഉയിർപ്പിച്ചു സ്വീകരിച്ചപ്പോൾ യേശുവിൽ ഉൾച്ചേർന്ന എല്ലാവരെയും സ്വീകരിച്ചു കഴിഞ്ഞു. അതിനാൽ ദൈവപിതാവിന്റെ ഭാഗത്ത് നമ്മോടുള്ള സ്നേഹവും ബന്ധവും ഐക്യവും പൂർണ്ണമായി എന്നു പറയാം. എന്നാൽ നമ്മുടെ ഭാഗത്ത് സ്നേഹവും ബന്ധവും പൂർത്തീകരിക്കേണ്ടിയിരിക്കുന്നു. ആദ്യമായി ദൈവപിതാവിന്റെ സമ്പൂർണ്ണ സ്വയംദാന സ്നേഹമായ ദൈവപുത്രനെ നമ്മളോരോരുത്തരും പൂർണ്ണമായി സ്വീകരിക്കണം. ദൈവ പുത്രനിൽ ഒന്നുചേരാനായി നമ്മെ ദൈവപുത്രനു സമർപ്പിക്കണം.

www.malankaralibrary.com

ദൈവപുത്രനിൽ ഒന്നായിത്തീർന്ന് ദൈവപുത്രൻ നമ്മെക്കൂടി പിതാവിനു സ്നേഹത്താൽ സ്വയം സമർപ്പിച്ചതിലും പിതാവ് ആ സമർപ്പണം സ്വീകരിച്ചതിലും സ്വാതന്ത്ര്യത്തോടും സ്നേഹത്തോടുംകൂടി പൂർണ്ണമായി പങ്കെടുക്കണം. മനുഷ്യന്റെ ഭാഗത്തു ചെയ്യാനുള്ള ഇക്കാര്യങ്ങൾ ചെയ്യുന്നതുവരെ മനുഷ്യൻ സ്വാഭാവാതീതമണ്ഡലത്തിലേക്കുള്ള ജനനം പ്രാപിക്കുന്നില്ല.

സൃഷ്ടിയായ മനുഷ്യനും സ്രഷ്ടാവായ ദൈവവും തമ്മിലുള്ള അന്തരവും നമ്മുടെ അനർഹതയും പാപവും ഓർക്കുമ്പോൾ ദൈവത്തിനു നമ്മോടുള്ള ആഴമേറിയ കൃപ മനസ്സിലാക്കാൻ സാധിക്കും. യേശു നമ്മോടു ചേർന്ന് പാപമായിത്തീരുന്നതും കുരിശുമരണത്തിലും ഉയിർപ്പിലും കൂടി ദൈവത്തോടുള്ള ബന്ധം പൂർത്തീകരിക്കുന്ന പുരോഹിതനായി നിൽക്കുന്നതും ഓർക്കുമ്പോൾ യേശുവിന്റെ സ്നേഹാധിക്യം മനസ്സിലാക്കാം. നമ്മൾ യേശുവിനോട് ഒന്നായിത്തീരുന്നതിന്റെ അളവനുസരിച്ചാണ് കൃപാജീവിതത്തിൽ വളർച്ചയുണ്ടാകുന്നത്.

സ്നേഹം വ്യവസ്ഥയുള്ളതല്ല. ഔദാര്യപൂർണ്ണമാണ്. പ്രതിസ്നേഹം കിട്ടിയാലും ഇല്ലെങ്കിലും സ്നേഹിക്കുന്നവൻ തന്റെ ഭാഗം സ്നേഹമുള്ളതായി സൂക്ഷിക്കുന്നു. പ്രതിസ്നേഹം കിട്ടി സ്നേഹം പൂർത്തീകരിച്ച് ബന്ധമായിത്തീരുവാൻ കാത്തിരിക്കും. ദൈവം അങ്ങനെയാണു ചെയ്യുക. ദൈവത്തിന്റെ സ്വയം ദാനത്തിന്റെ ആഴം പിന്നെയും പിന്നെയും കണ്ടെത്താനുണ്ട്. ദൈവം അനന്തനന്മയാകയാൽ അതിന്റെ ആഴം എത്രയറിഞ്ഞാലും പിന്നെയും അറിയാനുണ്ട്. മനുഷ്യൻ യേശുവിനും യേശുവിലൂടെ പിതാവിനും സ്വയം സമർപ്പിക്കുന്നതിൽ വളരാനുണ്ട്. കൂടുതൽ ശുദ്ധീകരിക്കപ്പെടാനുണ്ട്. മനുഷ്യന്റെ സമർപ്പണം പൂർത്തീകരിച്ചാൽപ്പോലും ദൈവത്തിന്റെ സ്വയം ദാനത്തിന്റെ ആഴവും അടുക്കുകളും പിന്നെയും പിന്നെയും കണ്ടെത്തി നിത്യതയോളം അനുഭവിക്കാനുണ്ട്. ദൈവത്തിന്റെ നന്മ അത്രയഗാധമാണ്. സൃഷ്ട നന്മകളുടെ വലിപ്പം തന്നെ മനുഷ്യന്റെ മനസ്സിലായിത്തീരുന്നില്ല. ദൈവത്തിന്റെ സ്വയം ദാനം അതിന്റെ തികവിൽ മനസ്സിലാക്കാനും സ്വീകരിക്കുവാനും മനുഷ്യൻ എത്രയധികം വളരേണ്ടിയിരിക്കുന്നു. നമ്മുടെ അസ്തിത്വവും വ്യക്തിത്വവും ദൈവം സ്രഷ്ടാവെന്ന നിലയിൽ സൃഷ്ടിച്ചു തരുകയും താങ്ങി നിറുത്തുകയും ചെയ്യുന്നവയാണ്. നമ്മെ വ്യക്തികളാക്കിയശേഷം ദൈവം ഉന്നതമായ ഒരു വ്യക്തി ബന്ധത്തിനു നമ്മെ

www.malankaralibrary.com

ക്ഷണിച്ചു. നമ്മൾ ദൈവത്തിന് എന്തെല്ലാം സമർപ്പിച്ചാലും അവയെല്ലാം ദൈവം നമുക്കു നൽകിയവ മാത്രമാണ്. നമ്മൾ സ്വതന്ത്രമായി നമ്മുടെ സ്നേഹത്തിന്റെ അടയാളമായി അവ സമർപ്പിക്കുന്നു എന്നുമാത്രം. എന്നാൽ ദൈവം സ്വയം ദാനമായി നൽകുന്നതും സൃഷ്ടിച്ചു നൽകുന്നതും ദൈവത്തിന്റെ വകമാത്രം. ദൈവം നമ്മെ സ്നേഹിക്കുമ്പോൾ ദൈവം ദൈവത്തിന്റെ സ്നേഹത്തെ സ്നേഹിക്കുന്നു എന്നുപറയാം. ദൈവം സ്നേഹത്താൽ നമുക്കു നൽകിയവ നമ്മൾ സ്നേഹത്താൽ ദൈവത്തിനു സമർപ്പിക്കുമ്പോൾ കൃപയാൽ അതിനുള്ള തീരുമാനം എടുക്കുന്നതിലെ യോഗ്യത നമ്മുടേതായിതീരുന്നു. നമ്മൾ ദൈവത്തെ സ്നേഹിച്ച വരായിത്തീരുന്നു.

ദൈവം മനുഷ്യനു നന്മകൾ നൽകുമ്പോൾ അവ യഥേഷ്ടം വിനിയോഗിക്കാനുള്ള സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു. ദൈവം നൽകിയവയെല്ലാം ദൈവത്തിനു സ്നേപൂർവ്വം സമർപ്പിക്കുമ്പോഴാണ് മനുഷ്യൻ അവന്റെ സ്വാതന്ത്ര്യവും അവനു കിട്ടിയ നന്മകളും ഏററം നന്നായി ഉപയോഗിക്കുന്നത്. മനുഷ്യന്റെ സത്താപരമായ വികസനത്തിനും വ്യക്തിത്വ വികസനത്തിനും സ്വഭാവാതീത ജീവിതത്തിലേക്കുള്ള വീണ്ടും ജനനത്തിനും നിത്യജീവനും വേണ്ടി കിട്ടിയതെല്ലാം ദൈവത്തിനു സമർപ്പിക്കുക എന്നതിനേക്കാൾ ശ്രേഷ്ഠമായി മററൊന്നും ചെയ്യുവാനില്ല. ദൈവം നൽകിയ നന്മകൾ മററൊന്തിനായി സമർപ്പിച്ചാലുംവീണ്ടും ജനനമോ സ്വാരാംശപ്രകാരമുള്ള വികസനമോ മഹത്വമോ ലഭിക്കുന്നില്ല. മനുഷ്യൻ ദൈവത്തിന്റെസ്വയംദാനം സ്വീകരിച്ച് ദൈവത്തിനു സ്വയം സമർപ്പണം നടത്തുമ്പോൾ ഉന്നതത്തിലേക്കു ജനിക്കുകയാണ്.

സൃഷ്ടിക്കപ്പെട്ട ഒരു വ്യക്തി എന്ന നിലയിൽ മനുഷ്യന് പരിധികൾ ഉണ്ട്. മനുഷ്യനു നൽകപ്പെട്ട കഴിവുകൾക്കും ശക്തികൾക്കും പരിധിയുണ്ട്. ദൈവത്തിന് പരിധിയില്ല. എന്നാൽ ഉന്നതനായ ദൈവം പരിധിയുള്ള മനുഷ്യനോട് ഇടപെടുമ്പോൾ, വ്യക്തി വ്യക്തിയോട് ഇടപെടുന്നതിന്റെ ഉന്നതമായ മാന്യത പുലർത്തിയാണ് പെരുമാറുക. ദൈവം മനുഷ്യവ്യക്തിയുടെ വ്യക്തിത്വത്തെ മാനിക്കുന്നു. വ്യക്തിബന്ധം പാലിക്കുന്നു. സ്രഷ്ടാവിനു സൃഷ്ടിയോടുള്ള പരമാധികാരത്തിന്റെ ബന്ധമല്ല അത്. ത്രിത്വത്തിലെ വ്യക്തികൾ തമ്മിലുള്ള ബന്ധം മനുഷ്യനോടു പാലിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. മനുഷ്യവ്യക്തിയുടെ കേന്ദ്രഭാഗം ആത്മീയ ഭാഗമാണ്.

www.malankaralibrary.com

ആത്മീയതലത്തിൽ വ്യാപരിക്കുന്നവൻെറ വ്യക്തിത്വമാണ് ഉന്നതം. മനുഷ്യൻ ശാരീരിക മണ്ഡലത്തിലും വികാര മണ്ഡലത്തിലും മാത്രം വ്യാപരിക്കുകയാണെങ്കിൽ താണ വ്യക്തിത്വമുള്ളവനാണ്. വ്യക്തിപരമായി ദൈവത്തെ അറിഞ്ഞു സ്നേഹിച്ച് ദൈവത്തിന് ആത്മാർപ്പണം നടത്തി ജീവിക്കുന്നവൻ ആത്മീയമായി വ്യാപരിക്കുന്നു. അവൻ ശരീരത്തെയും വികാരമണ്ഡലത്തെയും വസ്തുവകകളെയും ദൈവൈക്യജീവിതത്തിനു ചേർന്നവിധം ഉപയോഗിക്കുന്നു. അതു വിശുദ്ധ ജീവിതമാണ്. ക്രമീകൃതമാണ്. മനുഷ്യൻ യഥാർത്ഥത്തിൽ വിശുദ്ധനാകുന്നതനുസരിച്ചാണ് അവൻെറ വ്യക്തിത്വം വികസിക്കുന്നത്. ദൈവവുമായി വ്യക്തിബന്ധം പാലിക്കുമ്പോൾ മനുഷ്യൻ അവൻെറ പ്രകൃതിയെക്കാൾ ഉന്നതമായ ഒരു മണ്ഡലത്തിലേയ്ക്കു് ഉയരുകയാണ്, വ്യക്തിത്വം വികസിക്കുകയാണ്.

ബുദ്ധിയും മനസ്സും സ്വാതന്ത്ര്യവുമില്ലാത്ത സൃഷ്ടികൾക്ക് ദൈവവുമായി വ്യക്തിബന്ധം പാലിക്കാൻ സാദ്ധ്യമല്ല. അവയ്ക്കു് ദൈവം തൻെറ സ്വയംദാനം നൽകുന്നില്ല. മനുഷ്യാത്മാവിന് അരൂപിയുടെ യോഗ്യതയുള്ളതിനാൽ മനുഷ്യാത്മാവിന് ദൈവത്തിലും ദൈവത്തിന് മനുഷ്യാത്മാവിലും ഉൾച്ചേരാൻ സാധിക്കുന്നു.ദൈവത്തിൽ ഉൾച്ചേർന്നിരിക്കുമ്പോൾ മനുഷ്യപ്രകൃതി മനുഷ്യൻെറ ആത്മാവിനു വിധേയമായിത്തന്നെനിൽക്കും.ദൈവത്തിൽ ഉൾച്ചേരാനുള്ള അടിസ്ഥാന ദാഹം മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിട്ടുണ്ട്. അതു നടക്കുന്നതുവരെ മനുഷ്യനു തൃപ്തിയുണ്ടാകയില്ല. മനുഷ്യപ്രകൃതിയുള്ളവർക്കെല്ലാം ദൈവത്തെ കിട്ടിക്കൊള്ളണമെന്നില്ല.ദൈവം കൃപയാൽ സ്വയം നൽകുന്നതിനാൽ മാത്രമാണ്ആ ഭാഗ്യം കിട്ടുന്നത്. ദൈവം നല്കിയാൽ മനുഷ്യന് ആഭാഗ്യം സ്വീകരിക്കാൻ കഴിയും എന്നുമാത്രം. എല്ലാവരും രക്ഷപെടണമെന്നാണ് ദൈവത്തിൻെറ ആഗ്രഹം. എന്നാൽ ദൈവത്തിൻെറ സ്നേഹത്തിനു പ്രതിസ്നേഹമായി ദൈവത്തിനു സ്വയം സമർപ്പിക്കാനോ സമർപ്പിക്കാതിരിക്കാനോ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. ഏററം വലിയ നന്മയെ നിഷേധിക്കാൻ പോലും മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കാൻ കൃപയുടെ സഹായം വേണം. സ്വാതന്ത്ര്യം ഉള്ളതുകൊണ്ടാണ് മനുഷ്യന് അവൻെറ തീരുമാനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്വവും യോഗ്യതയും ലഭിക്കുന്നത്. ദൈവകൃപ സ്വീകരിക്കാനും കൃപയോടു സഹകരിക്കാനും മനുഷ്യൻ തൻെറ സ്വാതന്ത്ര്യം ശരിയായി ഉപയോഗിച്ചു എന്നതാണ് മനുഷ്യൻെറ യോഗ്യത. സ്വാത

www.malankaralibrary.com

ന്ത്ര്യം ശരിയായി ഉപയോഗിക്കുന്നതനുസരിച്ച് മനുഷ്യന്റെ യോഗ്യതയും സ്വാതന്ത്ര്യം നന്നായിഉപയോഗിക്കാനുള്ള കഴിവും വർദ്ധിച്ചുവരുന്നു.

മനുഷ്യന് ആത്മാവുള്ളതിനാൽ സൃഷ്ടികളിൽ കാണുന്ന അല്പ നന്മയെയും നന്മയുടെ തനിമയെയും (Goodness in itself) വേർതിരിച്ചു മനസിലാക്കാൻ കഴിയും. നന്മയുടെ തനിമയെ സ്നേഹിക്കാൻ കഴിയും. ആത്മാവില്ലാത്ത സൃഷ്ടികൾക്ക് നന്മയുടെ തനിമയെപ്പററി ചിന്തിക്കാൻ കഴിവില്ല. ജീവൻ, സൗന്ദര്യം, സത്യം മുതലായവയുടെ ഭാഗിക പ്രകാശനമാണു സൃഷ്ടികളിൽ കാണുന്നത്. ഈ നന്മകൾ ഭാഗികമായി സാക്ഷാത്ക്കരിക്കുന്നത് മനസിലാക്കുന്നതുകൂടാതെ, ഈ നന്മകൾ സമ്പൂർണ്ണതയിൽ (തനിമയിൽ) അവയുടെ ഉറവിടമായ ദൈവത്തിൽ ഉണ്ടെന്ന് അറിയാനും ആ ദൈവത്തെ സ്നേഹിക്കാനും മനുഷ്യനു കഴിയുന്നു. ഭാഗികമായി നന്മകൾ പ്രകാശിക്കുന്ന അനേകലക്ഷം സൃഷ്ടികളെ സ്വായത്തമാക്കുന്നതിലുപരിയായ നേട്ടമാണ് തനിമയായ നന്മയെ സ്വായത്തമാക്കുന്നത്. ജീവന്റെ സമ്പൂർണ്ണത സമ്പാദിച്ചവന്, ജീവന്റെ ആംശിക നന്മകളുള്ള അനേകം ആഹാരസാധനങ്ങൾ സ്വായത്തമാക്കിയവനേക്കാൾ കൂടുതൽ സമ്പത്തുണ്ട്. സത്യത്തിന്റെ സമ്പൂർണ്ണത സമ്പാദിച്ചവന്, സത്യത്തിന്റെ അംശങ്ങൾ നിറഞ്ഞുനിൽക്കുന്ന അനേകം ഗ്രന്ഥങ്ങളും വാക്യങ്ങളും സ്വായത്തമാക്കിയവനേക്കാൾ കൂടുതൽ സമ്പത്തുണ്ട്. ദൈവത്തെ നേടിയവൻ, ലോകം മുഴുവൻ നേടിയവനെക്കാൾ സമ്പന്നനാണ്. ദൈവം നമ്മിൽ നിറഞ്ഞ്, നമ്മൾ മറേറാരോ ദൈവത്തെപ്പോലെയാകാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ സ്വയംദാനം എന്നത് എത്രയോ ഉന്നതമായ കൃപയാണ്, ഔദാര്യമാണ്. അല്പനന്മകൾ പ്രകാശിക്കുന്ന ആയിരം ആയിരം സൃഷ്ടികളെ സ്വായത്തമാക്കിയാൽപോലും നമ്മൾ സംതൃപ്തരാകയില്ല. ദൈവത്തെ പ്രാപിക്കുന്നതുവരെ മനുഷ്യൻ സംതൃപ്തനാവുകയില്ല. കാരണം നന്മകൾ അതിന്റെ തനിമയിൽ മനസിലാക്കാനും സ്വായത്തമാക്കാനും ആത്മാവിന് കഴിവും ആഗ്രഹവുമുണ്ട്.

## കൃപയെപ്പററിയുള്ള വികല ചിന്തകളും സഭാപഠനവും

കൃപ (grace) എന്ന വാക്കിന്റെ അർത്ഥത്തെപ്പററി പലതരത്തിലുള്ള ധാരണകളുണ്ട്. മനുഷ്യൻ ദൈവത്തെ മനസ്സിലാക്കിയതിലുള്ള തെററായ ധാരണകളും വേദപുസ്ത

www.malankaralibrary.com

കത്തിൽ പറഞ്ഞിരിക്കുന്ന വിവിധ ആശയങ്ങളുടെ പരസ്പരപൂരകമായ അർത്ഥം മനസ്സിലാക്കുന്നതിലുള്ള കഴിവുകേടുമാണ് തെററായ പഠനങ്ങൾ ഉണ്ടാകാൻ കാരണം. സഭാ കൗൺസിലുകൾ ശരി പറഞ്ഞു തന്നുകൊണ്ടിരുന്നു. നമ്മുടെ പരമ ലക്ഷ്യം പ്രാപിക്കുന്നതിന് കൃപയെപ്പററി സൂക്ഷ്മപഠനവും കൃപയനുസരിച്ചുള്ള ജീവിതവും ആവശ്യമാണ്

കൃപയെപ്പററി പഠിപ്പിക്കുന്നതു കൂടാതെ, കൃപയിൽ വളരുവാൻ ആവശ്യമായ കൂദാശകൾ (ക്രിസ്തുവിൽ ഐക്യപ്പെടാനുള്ള കർമ്മങ്ങൾ) നടത്തുന്നതിലും സഭാജീവിതത്തിൽ വളരാനുള്ള പരിപാടികൾ നടത്തുന്നതിനും സഭ പ്രവർത്തന നിരതമാണ്. സഭയുടെ എല്ലാ പ്രവർത്തനങ്ങളും മനുഷ്യരെ കൃപയിൽ വളർത്തുന്നവ മാത്രം ആയിരിക്കണം. യേശുവിലുള്ള ഐക്യത്തിൽ എല്ലാവരും പൂർണ്ണത പ്രാപിക്കുവാനുണ്ട്. ഓരോരുത്തർക്കും ക്രിസ്തു യാഥാർത്ഥ അനുഭവമായിത്തീരണം. പഞ്ചേന്ദ്രിയാനുഭവമോ ഭാവനാനുഭവമോ ചിന്താനുഭവമോ അല്ല. യേശുവിനോട് യഥാർത്ഥത്തിൽ ഒന്നായിത്തീരുമ്പോൾ മനുഷ്യൻെറ ആത്മാവിനും മനസ്സിനും ശരീരത്തിനും മനോഭാവങ്ങൾക്കും ബന്ധങ്ങൾക്കും എല്ലാം ഉണ്ടാകുന്ന പുതിയ അനുഭവമാണ് കൃപയുടെ അനുഭവം. കൃപയെപ്പററി സഭ നൽകുന്ന സൂക്ഷ്മപഠനങ്ങൾ മനസ്സിലാക്കുമ്പോൾ തന്നെ സത്യത്തിൻെറ പ്രകാശം ബുദ്ധിയിൽ ലഭിക്കും. കൃപ സ്വീകരിച്ച് കൃപയിൽ വളരുമ്പോൾ ആത്മാവിൽ കൂടുതൽ സംതൃപ്തിയുണ്ടാകും

## അന്തർ ധാരകൾ

മനുഷ്യാത്മാവിൻെറ അടിത്തറയിൽ ആലംബമായി വസിക്കുന്ന സ്രഷ്ടാവായ ദൈവം കൃപയാൽ ദൈവപുത്രനിലൂടെ തന്നെത്തന്നെ മനുഷ്യനു നൽകുന്നു. മനുഷ്യൻ ദൈവപുത്രനായ യേശുവിനോട് യേശുവിൻെറ ജീവൻ വഴിയും പരിശുദ്ധാത്മാവു വഴിയും സംയോജിക്കപ്പെട്ടപ്പോൾ ദൈവ പിതാവിൻെറ സമ്പൂർണ്ണ സ്വയം ദാനവും അതുവഴി നന്മകളും മഹത്വവും പ്രാപിക്കുന്നു. ദൈവസ്വഭാവത്തിൽ മനുഷ്യർക്കു ഭാഗഭാഗിത്വം ലഭിക്കുന്നു.

## ക്രിസ്തുവിൽ ഐക്യപ്പെട്ടവരും ക്രിസ്തു

'ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങൾ ഉണ്ട്. അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു. 'അതുപോലെ തന്നെയാണ ക്രിസ്തുവും 1 കൊറ 12. 12 അതുപോ

www.malankaralibrary.com

ലെയാണ് ക്രിസ്തുവിൽ നമ്മളും എന്നല്ല പറഞ്ഞിരിക്കുന്നത്, അതുപോലെതന്നെയാണു ക്രിസ്തുവും' എന്നാണു പറഞ്ഞത്. ക്രിസ്തുവിൽ ഐക്യപ്പെട്ടവർ എല്ലാവരുംകൂടി ഏകക്രിസ്തുവായിരിക്കയാണ്. ക്രിസ്തു തലയായ യേശുവിൽ മാത്രമല്ല. ശരീരമായ നമ്മിൽ മാത്രമല്ല. തലയിലും ശരീരത്തിലും കൂടി ഏക സമ്പൂർണ്ണ ക്രിസ്തു ആയിരിക്കയാണ് എന്ന് വി. അഗസ്തീനോസ് പറയുന്നു. 'നമ്മൾ ഒരേ ആത്മാവിൽ ഏകശരീരമാകാനാണ് സ്നാനമേററത്' 1 കൊറ 12. 13 ഓരോരുത്തരുടെയും തനതായ ജീവിതത്തെ താഴ്ത്തുകയും സമ്പൂർണ്ണ ക്രിസ്തു എന്ന ഏക ശരീരത്തിലാകാൻ ക്രിസ്തുവിൽ മുങ്ങി മറഞ്ഞ് ഒന്നാവുകയും ചെയ്തവരാണു ക്രിസ്ത്യാനികൾ. ക്രിസ്തുവിലുള്ള ഒരു ഞാൻ എന്നു പോലും ചിന്തിക്കരുത്. എല്ലാവരും കൂടി ഏകക്രിസ്തു എന്നു ചിന്തിക്കുക. നമ്മുടെ ഞാൻ ക്രിസ്തുവാണ്. ക്രിസ്ത്യാനിക്കു പരോപകാരം ചെയ്യാൻ സാദ്ധ്യമല്ല എന്തെന്നാൽ ക്രിസ്ത്യാനിക്ക് അന്യനില്ല എന്ന് ഒരാൾ പറഞ്ഞത് ഓർമ്മിക്കുന്നു. അവയവങ്ങൾ തമ്മിലുള്ള ബന്ധത്തിൽ ഓരോരുത്തരും പെരുമാറണം. ക്രിസ്ത്യാനിയുടെ ധാർമ്മികത അളക്കുന്നത് ലിഖിത നിയമം നോക്കിയല്ല, സമ്പൂർണ്ണ ക്രിസ്തുവിൻെറ ആത്മാവ് പറയുന്നതനുസരിച്ചാണ്. ക്രിസ്തുവിൽ ആയിരിക്കുന്നവൻ തലയോട് ഒന്നായിരിക്കുന്നതുപോലെ ശരീരാവയവങ്ങളോടും ഒന്നായിരിക്കണം. ക്രിസ്തുവിൻെറ ശരീരമായ സഭയോട് ഐക്യപ്പെടുമ്പോൾ ക്രിസ്തുവിലൂടെ പിതാവിനോട് ഐക്യപ്പെടുന്നു. സഭയിലൂടെ ദൈവൈക്യത്തിനുള്ള കൃപ ലഭിക്കുന്നു.

## മനുഷ്യരുടെ തകർച്ച

ആദാമ്യപാപം മൂലം മനുഷ്യർക്ക് ആന്തരികമായി ദൈവൈക്യം നഷ്ടപ്പെട്ടത് ബാഹ്യമായി ശാരീരികതലത്തിലും സാമൂഹ്യ തലത്തിലും വിവിധ ഭിന്നതകളായി പ്രത്യക്ഷപ്പെടുന്നു. അനീതികളും ചൂഷണങ്ങളും അക്രമങ്ങളും എവിടെയും കാണപ്പെടുന്നു. ഇവ മാററുവാനുള്ള തത്വജ്ഞാനങ്ങളും സാമൂഹ്യശാസ്ത്രങ്ങളും പ്രവർത്തനങ്ങളും കാണുന്നുണ്ട്. പക്ഷെ തിന്മയുടെ അടിസ്ഥാന കാരണം കണ്ടെത്തുന്നില്ല. കൃപയാൽ യേശുവിൽ ഐക്യപ്പെടുന്നതുവഴി മാത്രമെ ബന്ധനങ്ങൾ മാറുകയുള്ളു. മനുഷ്യനും മനുഷ്യവർഗ്ഗവും അടിസ്ഥാനത്തിൽ സുഖപ്പെടുകയുള്ളു.

ദൈവൈക്യം കളഞ്ഞ മനുഷ്യൻെറ കഴിവുകളും സ്വാതന്ത്ര്യവും ദുർബലമായിത്തീരുന്നു. ആഗ്രഹിക്കാത്ത തിന്മ ചെയ്തു പോകുന്നു. സ്വാതന്ത്ര്യം നന്മക്കായി ഉപയോഗി

www.malankaralibrary.com

ക്കാൻ കഴിവില്ലാതാകുന്നു. തിന്മ ചെയ്യുന്നവന് ദൈവൈക്യത്തിൽ കഴിയാൻ സാദ്ധ്യമല്ല. ദുർഭഗനായ മനുഷ്യനെ യേശുവിൽ ചേർത്ത് യേശുവിലൂടെ ശക്തികൾ കൃപയായി നൽകുന്നു. അതു സ്വീകരിക്കുന്നവന് നന്മ പ്രവർത്തിക്കാനും ദൈവമഹത്വത്തിൽ ഭാഗഭാക്കാകാനും കഴിവുണ്ടാകുന്നു. മനുഷ്യൻ പാപിയായിരിക്കെ ദൈവം അവനെ സ്നേഹിച്ച് കൃപ നൽകുകയാണ്. യേശുവിൽ ചേർക്കുന്നതിലും യേശുവിലൂടെ ദൈവശക്തികളും ദൈവമഹത്വവും നൽകുന്നതിലും കൃപയാണു ശക്തി നൽകുക നമ്മുടെ അർഹതയോ യോഗ്യതയോ അല്ല. കൃപ സ്വീകരിച്ച് കൃപാശക്തിയോടെ പ്രവർത്തിക്കുന്നവർക്ക് യേശുവിനോടൊന്നായി ദൈവപുത്രത്വം ലഭിക്കുന്നു.

യേശുവിനെ അറിയുന്നതും, യേശുവിനോട് ഐക്യപ്പെടാൻ കഴിയുമെന്നറിയുന്നതും, അതുവഴി അനേക കൃപാശക്തികൾ ലഭിക്കുമെന്നറിയുന്നതും കൃപാശക്തികളോട് സഹകരിച്ചു പ്രവർത്തിച്ചാൽ ബന്ധനമോചനം നേടാമെന്നറിയുന്നതും ദൈവനന്മകൾ നിറഞ്ഞു ദൈവമഹത്വത്തിൽ പങ്കാളിയാകാമെന്നറിയുന്നതും ഒരു കൃപതന്നെയാണ്. കൃപയിൽ കൂടുതൽ സഹകരിച്ചു പ്രവൃത്തിക്കുന്നതുവഴി കൂടുതൽ നന്മ ചെയ്യാനും കൂടുതൽ ദൈവമഹത്വത്തിൽ പങ്കാളിയാകാനും സാധിക്കും. കൃപകൾ കൂടുതൽക്കൂടുതലായി ലഭിക്കും, സ്വഭാവാതീതമായ നന്മപ്രവൃത്തികൾ ചെയ്യാൻ കഴിവുനൽകുന്നത് കൃപയാൽ ലഭിക്കുന്ന ദൈവശക്തിയാണ്. "'എന്നോടുകൂടിയുള്ള ദൈവകൃപ അദ്ധ്വാനിച്ചു'. എന്ന് ശ്ലീഹാ പറയുന്നു.

മനുഷ്യൻ സ്വാഭാവികമായി ചെയ്യുന്ന പ്രവൃത്തികളെല്ലാം പാപമാണെന്നു കരുതരുത്. യേശുവിൽ ഐക്യപ്പെട്ട് കൃപാശക്തിയാൽ ചെയ്യുന്നവ മാത്രമെ സ്വഭാവാതീത നന്മയാകയുള്ളൂ. ദൈവമഹത്വത്തിനർഹതയുള്ള പ്രവൃത്തിയാകയുള്ളു സ്വഭാവിക നന്മപ്രവർത്തികൾക്ക് സ്വഭാവിക യോഗ്യതയുണ്ട്. ഒരു നല്ല മനുഷ്യൻ എന്നു പറയുന്നതും വീണ്ടും ജനിച്ച മനുഷ്യൻ (ദൈവപുത്രനായ യേശുവിൽ ഒന്നായ മനുഷ്യൻ)എന്നു പറയുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. ദൈവത്തിൻെറ അനന്ത നന്മയോടു തുലനം ചെയ്യുമ്പോൾ മനുഷ്യൻെറ സ്വഭാവിക നന്മകൾ ഇരുളാണെന്നു പറയാം.

കൃപാജീവിതത്തെപ്പറ്റി ശരിയായ ധാരണയിലെത്തുന്നതുവരെ പലരും പല തെററുധാരണയിലൂടെ കടന്നുപോയി. അവയെപ്പററി അൽപ്പമായി വിചിന്തനം നടത്താം.

www.malankaralibrary.com

## 1. ലോകായതികജീവിതം

ലോകത്തിലെ സുഖസൗകര്യങ്ങൾ ലഭിക്കുന്നതിനെ കൃപയായി കണക്കാക്കുന്നു. സ്വപ്നങ്ങളിലോ മായകളിലോ ജീവിതത്തിന്റെ പരമലക്ഷ്യം നേടുവാൻ ശ്രമിക്കുന്നു. അതിനു സഹായിക്കുന്നവയെ കൃപ എന്നു കരുതുന്നു. ഇവരുടെ ജീവിതലക്ഷ്യങ്ങൾ തകർത്തുകൊണ്ടും അവയിൽ കയ്പു കലർത്തിയും യഥാർത്ഥ കൃപയിലേയ്ക്കു നയിക്കുവാൻ ദൈവം ഇടപെടാറുണ്ട്. ദൈവം അങ്ങനെ അവരെ സ്നേഹിക്കുന്നു.

## 2: ബിംബാരാധകർ

ഭാവനയുടെ തലത്തിൽ കഴിയുന്നവരാണിവർ. ബിംബത്തെ പൂജിക്കുവാൻ പണവും സമയവും വ്യയം ചെയ്യുന്നു. ചില ബിംബങ്ങൾ പിശാചുക്കളെ പ്രതിനിധാനം ചെയ്യുന്നു എന്നു പറയാറുണ്ട്. ലൗകിക നേട്ടങ്ങളെ കൃപയായി കണക്കാക്കുന്നു.

## 3. മതം ഏതായാലും മതി

സ്വന്തം പ്രവൃത്തിയുടെ യോഗ്യതയാൽ ദൈവത്തെ പ്രാപിക്കാം. അതിനാൽ ഏതു മതമായാലും മതി എന്നാണു ചിന്ത. ദൈവത്തെ പ്രാപിക്കാൻ തക്കവണ്ണം വിശുദ്ധിനേടാൻ മനുഷ്യനു തനിയെ സാദ്ധ്യമല്ല എന്നതാണു സത്യം. ഈ ചിന്താഗതി യഥാർത്ഥ കൃപാജീവിതത്തിന് തടസ്സമാണ്. ദൈവം മനുഷ്യനെ തന്നോടു യോജിപ്പിക്കുന്നതു കൃപയാൽ മാത്രമാണ്. ആ കൃപ ആരിൽക്കൂടി എങ്ങനെ നൽകണമെന്നു തീരുമാനിക്കുവാൻ ദൈവത്തിനാണവകാശം. സ്വന്തമായി മതം ഉണ്ടാക്കുവാനോ, ഏതു മതത്തിൽക്കൂടിയും ദൈവത്തെ പ്രാപിക്കുവാൻ സാധിക്കുമെന്നു പഠിപ്പിക്കുവാനോ ആർക്കും അവകാശമില്ല.

## 4. പഴയ ഉടമ്പടിയുടെ പ്രവൃത്തി മതം

പഴയ ഉടമ്പടിയിലെ വ്യവസ്ഥകൾ (നിയമങ്ങൾ) മനുഷ്യൻ തനിയെ ആചരിച്ചു രക്ഷപെടാൻ ശ്രമിക്കുന്നത് പ്രവൃത്തിയിൽ മാത്രം അടിസ്ഥാനപ്പെടുത്തിയ മതമാണ്. യേശുവിൽ എല്ലാ നന്മയും നിറഞ്ഞിരിക്കുന്നുവെന്നും യേശുവിനെ ലഭിക്കുന്നതു കൃപയാൽ മാത്രമാണെന്നും അതുവഴി യേശുവിന്റെ യോഗ്യതകളും ശക്തികളും പ്രാപിക്കുന്നതു കൃപയാലാണെന്നും കൃപയ്ക്കനുസരിച്ചുള്ള അനുസരണവും അദ്ധ്വാനവുമാണ് മനുഷ്യന്റെ ഭാഗത്ത് ആവശ്യമായിരിക്കുന്നതെന്നും ക്രിസ്തുമതം പഠിപ്പിക്കുന്നു. പഴയ ഉടമ്പടിയിൽ കഴിയുന്നവർ, ഉടമ്പടിയിലെ ഒരുഭാഗത്തിലെങ്കിലും വീഴ്ച

www.malankaralibrary.com

വരുമ്പോഴും നിരാശരും ദുഃഖിതരുമായിത്തീരുന്നു. ഒരു വീഴ്ചയെങ്കിലും ഉണ്ടാകാത്തവർ ആരുമില്ല. തന്നെത്താൻ സ്തുതിക്കുന്ന ഫരീസയന്റെ ചിന്തയാണിത്. ഇന്നു ചിലർ കൃപാശക്തി ലഭിക്കാൻ സ്വയം യേശുവിനു സമർപ്പിക്കാനും പ്രാർത്ഥിക്കാനും പഠിക്കാതെ പ്രവർത്തിക്കാൻ മാത്രം നിർബന്ധിക്കുന്നു. അങ്ങനെ ചെയ്യുന്നവർ പഴയ നിയമത്തിൽ കഴിയുകയാണ്. കൃപാശക്തിക്കു മാത്രമെ തിന്മയെ ജയിക്കാനും ബന്ധനം മാററാനും വിശുദ്ധി നൽകാനും സാധിക്കൂ. മനുഷ്യൻ സഹകരിക്കണം എന്നു മാത്രം. സ്വയനിഷ്ഠമായ അദ്ധ്യാത്മികതയും, സ്വയനിഷ്ഠമായ പ്രവർത്തനവും ആത്മാഭിമാനബോധവും പഴയ ഉടമ്പടിയുടേതാണ്. ക്രിസ്തുനിഷ്ഠമായ അദ്ധ്യാത്മികതയും ദൈവസ്തുതിയും പുതിയ നിയമത്തിന്റേതാണ്.

## 5. പെലേജിയനിസം

അഞ്ചാം നൂററാണ്ടിലെ ഒരു ചിന്താധാരയാണിത്. കർക്കശമായി ഭക്താഭ്യാസം നടത്തിയ പെലേജിയസ് എന്ന സന്യാസിയാണ് ഈ ചിന്താധാരയുടെ ഉപജ്ഞാതാവ്. ഇതിലെ തെററ് എന്തെന്ന് കാർത്തേജ്കൗൺസിൽ വ്യക്തമാക്കി.

പെലേജിയനിസത്തിലെ ചിന്തകൾ ശരിയാണെന്ന് പെട്ടെന്ന് നമുക്കു തോന്നിപ്പോകും. ഇതിൽ മനുഷ്യസ്വാതന്ത്ര്യത്തിന്റെ കഴിവും മേന്മയും അങ്ങേയററം ഉയർത്തിക്കാണിക്കുന്നു. ദൈവകൃപ കൂടാതെതന്നെ സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കാൻ മനുഷ്യനു കഴിവുണ്ട്. മനുഷ്യസ്വാതന്ത്ര്യത്തെ മനുഷ്യനു വെളിയിൽ നിന്നുകൊണ്ടു ദൈവം സ്വാധീനിക്കുന്നു എന്നുമാത്രം. നൽകപ്പെട്ട സ്വാതന്ത്ര്യം നന്നായി ഉപയോഗിച്ചുവോ എന്നു ദൈവം വിധിപറയുക മാത്രം ചെയ്യുന്നു. തെററായി ഉപയോഗിച്ചെങ്കിൽ അതു ക്ഷമിക്കുന്നതിലാണ് ദൈവം കൃപ കാണിക്കുന്നത്. സ്വാതന്ത്ര്യം ദുരുപയോഗിക്കുന്നതുവഴി ഒരു പാപം ഉണ്ടായാൽ അത് വലിയ പാപമാകുന്നില്ല. തെരഞ്ഞെടുപ്പിൽ വന്നുപോയ ഒരു പിശകു മാത്രം. ഉത്ഭവപാപം മൂലവും കർമ്മപാപം മൂലവും മനുഷ്യപ്രകൃതിക്കോ സ്വാതന്ത്ര്യത്തിനോ ഹാനിയൊന്നും സംഭവിച്ചിട്ടില്ല. അതിനാൽ മനുഷ്യനെ വീണ്ടെടുക്കേണ്ട ആവശ്യമൊന്നുമില്ല. അതിന് പ്രത്യേക കൃപയൊന്നും വേണ്ട. യേശു ഒരു നല്ല മാതൃക കാണിച്ചു. ആ മാതൃകയുടെ സ്വാധീനമാണ് കൃപ. മനുഷ്യന്റെ ഇച്ഛാശക്തിയെ സ്പർശിക്കാൻ സ്വന്തപാപത്തിനോ അന്യരുടെ പാപത്തിനോ കഴിവില്ല. പാപം ക്ഷമിക്കുന്നതിൽ കാണിക്കുന്ന കരുണയാണു കൃപ. മനുഷ്യൻ തനിയെ സ്വാതന്ത്ര്യം ഉപ

www.malankaralibrary.com

യോഗിച്ച് നിയമം പാലിച്ചു ജീവിക്കുന്നതിന്റെ പ്രതിഫലമായി രക്ഷ ലഭിക്കുന്നു. സ്വന്ത പ്രവർത്തിയുടെ പ്രതിഫലമായ സ്വർഗ്ഗത്തെ ഓർത്ത് സ്വയം അഭിമാനിക്കാൻ അവകാശമുണ്ട്. സ്വർഗ്ഗം എന്നതു കൃപയാൽ ലഭിക്കുന്നതല്ല. മനുഷ്യന്റെ സ്വാതന്ത്ര്യത്തെ സ്വാധീനിക്കാൻ ദൈവശക്തിക്ക് (യഥാർത്ഥ കൃപാ ശക്തിക്ക്) കഴിവില്ല. സ്വാതന്ത്ര്യവും ഇച്ഛാശക്തി (will power) യുമാണ് പരമനന്മ. അവ മനുഷ്യനു നൽകിയതിൽ ദൈവ സ്നേഹം കാണിച്ചിരിക്കുന്നു.

പെലേജിയനിസത്തിലെ ചിന്താധാരയിൽ അനേകം അസത്യങ്ങൾ ഒളിഞ്ഞിരിക്കുന്നു. മനുഷ്യനെ വീണ്ടും ജനിപ്പിക്കാനും (ദൈവിക ജീവനിൽ ഭാഗഭാഗിത്വമുള്ള അതിസ്വാഭാവികജീവിതത്തിലേക്കു ജനിപ്പിക്കുവാനും) മനുഷ്യപ്രകൃതിയെ ശുദ്ധീകരിക്കുവാനും മഹത്വപ്പെടുത്തുവാനും മനുഷ്യനിലേയ്ക്കു കടന്നുചെല്ലുന്ന ദൈവ ശക്തിയായി കൃപയെ കണ്ടെത്താൻ കഴിയാതെ പോയി. തകർന്ന മനുഷ്യന് യഥാർത്ഥത്തിൽ സ്വാതന്ത്ര്യമില്ല., പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. ദൈവശക്തി മനുഷ്യന്റെ ഇച്ഛാശക്തിയിൽ (will power) പ്രവേശിക്കുന്നതുവഴിയാണ് സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കാനുള്ള കഴിവു കിട്ടുന്നത്. അതു നടക്കുന്നില്ലെങ്കിൽ ചെയ്യാനാഗ്രഹിക്കാത്ത തിന്മ മനുഷ്യൻ ചെയ്തുപോകും. യഥാർത്ഥ കൃപാശക്തിയുടെ സ്ഥാനത്ത് തപസ്സുകൊണ്ടു സമ്പാദിക്കുന്ന മനശക്തിയെ പ്രതിഷ്ഠിക്കുന്നത് മണ്ടത്തരമാണ്. (കൊളേ 2:16—23). നന്മയും തിന്മയും അറിഞ്ഞതുകൊണ്ടുമാത്രം നന്മയെ തെരഞ്ഞെടുക്കാൻ ശക്തി കിട്ടണമെന്നില്ല. അതിനു ദൈവശക്തി ലഭിക്കണം. യേശു കുരിശുമരണത്തിലൂടെ സകലരുടെയും പാപശക്തിയെ കീഴടക്കിയത്, യേശുവിനെ നാഥനായി സ്വീകരിക്കുന്നവർക്ക് യേശു പങ്കുവെച്ചുകൊടുക്കുന്നത് സ്വീകരിച്ച് സഹകരിക്കുന്നതുവഴി മാത്രമാണ് പാപശക്തി കീഴടങ്ങുന്നതെന്നതാണ് സത്യം. ദൈവസഹായം കൂടാതെ പ്രവർത്തിക്കാൻ കഴിയുന്നതാണ് ഇച്ഛാശക്തിയെങ്കിൽ, അത് മറ്റൊരു ദൈവമാണ്. ഇന്നും ഇതേരീതിയിൽ ചിന്തിക്കുന്നവരുണ്ട്, മനശ്ശക്തി വർദ്ധിപ്പിച്ച് ഏതു തിന്മയേയും കീഴടക്കാൻ കഴിയുമെന്നു ചിന്തിക്കുന്നവരുണ്ട്, ദൈവം ശക്തിപ്പെടുത്തുന്നത്രയും ശക്തിയെ മനുഷ്യനുള്ളു. ദൈവം ശക്തി തരുന്നില്ലെങ്കിൽ രക്ഷാകരമായ ആദ്യത്തെ തെരഞ്ഞെടുപ്പു നടത്താൻ പോലും മനുഷ്യനു കഴിവില്ല. കുരിശുമരണംവഴി

www.malankaralibrary.com

യേശു നേടിയ യോഗ്യതയും ശക്തിയും യേശു കൃപയാൽ നൽകുന്നത് സ്വീകരിച്ച് ഉപയോഗിക്കുന്നതു വഴിയാണ് പാപത്തെ ഉപേക്ഷിക്കാനും നന്മ ചെയ്യാനും സാധിക്കുന്നത്. നന്മപ്രവർത്തിക്കാനുള്ള ചാലകശക്തി കൃപയാണ്. പ്രവർത്തിക്കുന്നതു നമ്മളാണ്. പ്രവർത്തനത്തിനുള്ള തടസം മാററാൻ മാത്രമെ സന്യാസ നിഷ്ക്കർഷകൾക്കു കഴിവുള്ളു. എല്ലാ രക്ഷാകരപ്രവർത്തനത്തിൻെറയും ചാലകശക്തി കൃപയാകയാൽ അഭിമാനിക്കുന്നവൻ ദൈവത്തിൽ അഭിമാനിക്കട്ടെ. മനുഷ്യൻെറ യോഗ്യതകൊണ്ടല്ല കൃപ ദൈവം നൽകുന്നത്. പാപിയായ മനുഷ്യന് ആദ്യ കൃപ നൽകുന്നതുമുതൽ അന്ത്യകൃപ നൽകുന്നതുവരെ ഔദാര്യ സ്നേഹത്താലാണ് നൽകുന്നത്. കൃപയോടു സഹകരിക്കുന്നതനുസരിച്ച് അർഹത വർദ്ധിക്കുന്നുണ്ട്. കൃപയിൽ വളരുന്നതനുസരിച്ച് കൂടുതൽ കൂടുതൽ നന്നായി പ്രവർത്തിക്കാൻ മനുഷ്യനു സാധിക്കുന്നു. മനുഷ്യനു തന്നെത്താൻ പാപം ചെയ്യാൻ സാധിക്കും. തന്നെത്താൻ രക്ഷപെടാൻ കഴിവില്ല.

കൗൺസിൽ പ്രഖ്യാപനങ്ങളുടെ ചുരുക്കം മാത്രം കുറിക്കുകയാണ്. മനുഷ്യനെ ആശ്രയിക്കാതെ പല നല്ല കാര്യങ്ങൾ മനുഷ്യനിൽ ദൈവം ചെയ്യുന്നു. ദൈവം ശക്തി തരാതെ ഒരു നല്ല കാര്യവും ചെയ്യാൻ മനുഷ്യനു സാദ്ധ്യമല്ല. പാപം ക്ഷമിക്കുക മാത്രമല്ല, വീണ്ടും പാപം ചെയ്യാതിരിക്കാനുള്ള ശക്തിയും കൃപയാൽ നൽകുന്നു. കൂടുതൽ കൂടുതൽ കൃപ ലഭിക്കുന്നതനുസരിച്ച് പാപം ഉപേക്ഷിക്കാനും നന്മ തെരഞ്ഞെടുക്കാനും മനുഷ്യനു കൂടുതൽ കഴിവു കിട്ടുന്നു. പാപം ക്ഷമിക്കുക എന്നത് ദൈവത്തിൻെറ ഉള്ളിൽ നടക്കുന്ന നൈയാമിക കൃത്യം മാത്രമല്ല. ദൈവമഹത്വത്തോടു മനുഷ്യനെ യോജിപ്പിക്കുന്ന പ്രവൃത്തി കൂടിയാണ്. അതിനാൽ പാപം ചെയ്യാതിരിക്കാനുള്ള ശക്തി കൂടി അപ്പോൾ ലഭിക്കുന്നു. നന്മ ചെയ്യാനുള്ള അറിവു മാത്രം ദൈവം തരുന്നെന്നും അതു തെരഞ്ഞെടുക്കുന്നതു മനുഷ്യൻെറ പ്രവൃത്തി മാത്രമാണെന്നുമുള്ള ചിന്ത സ്വീകാര്യമല്ല. അറിവു മാത്രമല്ല താൽപര്യവും കഴിവും അനുഗ്രഹവും കൃപയിലൂടെ ലഭിക്കുന്നു. കൃപ കൂടാതെ അതിസ്വാഭാവിക നന്മയൊന്നും പ്രവർത്തിക്കാൻ മനുഷ്യനു കഴിവില്ല. മനുഷ്യവ്യക്തിത്വത്തിൻെറ ആഴത്തിലേക്കു കടന്നു ചെന്ന് മനുഷ്യനെ ശുദ്ധീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന ദൈവശക്തിയാണു കൃപ. കൃപ കൂടാതെ ദൈവപ്രമാണങ്ങൾ പാലിച്ചു ജീവിക്കുവാൻ

www.malankaralibrary.com

സ്വാദ്ധ്യമല്ല. വിശുദ്ധിയിൽ ജീവിക്കുവാൻ അനുനിമിഷം കൃപ ലഭിക്കേണ്ടതുണ്ട്. എല്ലാ വിശുദ്ധരുടെയും നന്മ കാണു മ്പോൾ കൃപ നൽകിയ ദൈവത്തെ സ്തുതിക്കയാണു വേണ്ടത്. മനുഷ്യന്റെ ഇച്ഛാശക്തിയെ സ്തുതിക്കയല്ല വേണ്ടത്. ഇച്ഛാ ശക്തിയെ സൃഷ്ടിച്ച തന്നതും ശുദ്ധീകരിച്ചതും ശക്തിപ്പെടുത്തിയതും ദൈവമാണ്. യേശുവിന്റെ കുരിശിലെ ബലിയുടെ യോഗ്യതകൾ നമ്മിലേക്ക് ശക്തികളായി ദൈവം പങ്കുവെച്ചു തരുന്ന യേശുവിലേക്കു അടുക്കുവാനുള്ള ആകർഷണംപോലും പിതാവു നൽകുന്ന കൃപയാണ്. ഓരോ കൃപയും നമ്മിൽ സാക്ഷാൽക്കരിക്കാനുള്ള സഹകരണം നമ്മുടെ ഭാഗത്തു നിന്നു് ഉണ്ടാകണം.

## അർദ്ധ പെലേജിയനിസം

അഞ്ചാം നൂററാണ്ടിൽ ഉത്ഭവിച്ച ഒരു സിദ്ധാന്തമാണിത്. കൃപാജീവിതത്തിലേക്കുള്ള ആദ്യത്തെ കാൽവെപ്പ് മനുഷ്യന്റെ പ്രവർത്തനമാണെന്നും തുടർന്നുള്ളവ ദൈവം നൽകുന്ന കൃപയോടു മനുഷ്യൻ സഹകരിച്ചു പ്രവർത്തിക്കുന്നവയാണെന്നും അവർ പഠിപ്പിച്ചു. അതായത് ദൈവകൃപ സ്വീകരിക്കുവാനുള്ള ആദ്യ പ്രവൃത്തിയിൽ മാനസാന്തരത്തിന് കൃപയുടെ സഹായം ആവശ്യമില്ല. സഭ ഈ സിദ്ധാന്തത്തെ തിരസ്ക്കരിച്ചു. പാപത്തിൽ നിന്നു ശുദ്ധീകരിക്കപ്പെടണമെന്നുള്ള ആഗ്രഹംപോലും ദൈവകൃപ പ്രവർത്തിക്കുമ്പോൾ മാത്രമെ മനുഷ്യനിലുണ്ടാകൂ. സകല നല്ല പ്രവർത്തികളുടെയും ആരംഭകനും പൂർത്തീകരിക്കുന്നവനും ദൈവം തന്നെയാണ്. നമ്മൾ സ്വാതന്ത്രമായി സഹകരിക്കണം, നമ്മൾ തടഞ്ഞാൽ കൃപ തനിയെ പ്രവർത്തിക്കുകയില്ല. കൃപയോടു സഹകരിക്കുന്തോറും ദൈവശക്തിയും നമ്മുകൾ പ്രവർത്തിക്കാനുള്ള കഴിവും വർദ്ധിച്ച വരും. രക്ഷയുടെ പ്രവർത്തനത്തിൽ നമ്മൾ സഹകരിക്കണം എന്നതു വിസ്മരിക്കരുത് പക്ഷെ കൃപക്കു ഒന്നാം സ്ഥാനം കൊടുക്കണമെന്നതും വിസ്മരിക്കരുത്. ഇതിനു കടക വിരുദ്ധമായിട്ടാണ് ലൂതർ പഠിപ്പിച്ചത്. കൃപ എല്ലാം ചെയ്തു കൊള്ളും എന്ന സിദ്ധാന്തം.

## ലൂതറും അനുയായികളും

ദൈവത്തെപ്പററിയും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെപ്പററിയും ലൂതറിനും അനുയായികൾക്കും ഉണ്ടായിരുന്ന ചിന്ത മനസ്സിലാക്കിയാൽ മാത്രമെ കൃപയെപ്പററി അവർക്കുണ്ടായ ധാരണ മനസ്സിലാക്കാൻ സാധിക്കൂ. ദൈവം സകല സൃഷ്ടികളിൽ നിന്നും വ്യതിരി

www.malankaralibrary.com

ക്തനായി, ഉപരിയായി, സ്വതന്ത്രനായി [Transcendent God] വ്യാപരിക്കുന്നവൻ മാത്രമാണ്. പരമപരിശുദ്ധനും അത്യുന്നതനുമാണ്. മനുഷ്യൻ ദുർഭഗനും പാപിയും അന്യനുമാണ്. പാപം മൂലം ദൈവശത്രുവായിത്തീർന്നു. ഉന്നതങ്ങളിൽ വസിക്കുന്ന ദൈവത്തോട് മനുഷ്യനുണ്ടാകുന്ന ബന്ധം ബാഹ്യമാത്രമാണ്. മനുഷ്യനുനേരെ കോപിച്ചിരിക്കുന്ന ഒരു ദൈവത്തെ മാത്രമെ മനുഷ്യനു കാണാൻ കഴിയൂ. മനുഷ്യൻ എന്തെല്ലാം ചെയ്താലും ദൈവം അനുകമ്പാ പൂർവ്വം മനുഷ്യനു നേരേ തിരിയാൻ തക്കവണ്ണമുള്ള യോഗ്യത നേടുന്നില്ല. അതിനാൽ മനുഷ്യന്റെ പ്രവർത്തനത്തിന് രക്ഷാകരമായ ഒരു മൂല്ല്യവുമില്ല, ആരെങ്കിലും രക്ഷപ്പെടുന്നെങ്കിൽ അത് ദൈവം അവനെ കരുണയോടെ സ്വീകരിക്കുന്നതിനാൽ മാത്രമാണ്. കൃപ സ്വീകരിച്ചതിനുശേഷവും മനുഷ്യൻ ആന്തരികമായി പാപിയാണ്. കൃപ എന്നത് ദൈവം മനുഷ്യന്റെ പാപങ്ങൾ അവന്റെ മേൽ ആരോപിക്കാതിരിക്കുകയും യേശുവിന്റെ യോഗ്യതകൾ അവന്റെ മേൽ ആവരണം ചെയ്യുകയും ചെയ്യുന്ന പ്രവൃത്തി മാത്രമാണ്. അതിനാൽ കൃപ മനുഷ്യനെ ആന്തരികമായി യഥാർത്ഥത്തിൽ വിശുദ്ധീകരിക്കുന്നില്ല. വിശുദ്ധനായി അംഗീകരിക്കുന്നു എന്നു മാത്രം. മനുഷ്യൻ നന്മപ്രവൃത്തികൾ ചെയ്യുന്നത് ദൈവത്തോടുള്ള അനുസരണം കാണിക്കാൻ വേണ്ടി മാത്രമാണ്. ആ നന്മപ്രവൃത്തികൾ മനുഷ്യനെ നീതീകരിക്കുന്നില്ല. അവ പാപിയുടെ പ്രവൃത്തികൾ മാത്രമാണ്. ഉത്ഭവപാപവും കർമ്മ പാപവും മൂലം മനുഷ്യസ്വാതന്ത്ര്യം പൂർണ്ണമായി നശിച്ചിരിക്കുന്നു. മനുഷ്യപ്രകൃതിതന്നെ പാപത്താൽ തകർന്നിരിക്കുന്നു. മനുഷ്യ പ്രകൃതിയെ ആന്തരികമായി സുഖപ്പെടുത്തുവാൻ കൃപയുടെ ശക്തിക്കു കഴിവില്ല. കൃപ മനുഷ്യന്റെ ആഴങ്ങളെ സ്പർശിക്കുന്നില്ല. യേശുവിന്റെ യോഗ്യതകൾ നമ്മുടേതായി ആരോപിക്കപ്പെടുന്നതാണ് നീതീകരണം. അതുവഴി ദൈവത്തോടുള്ള ബാഹ്യബന്ധം ഹൃദ്യവും ശക്തവുമായിത്തീരുന്നു. അപ്പോഴും മനുഷ്യൻ ആന്തരികമായി പാപത്തിന്റെ അടിമയാണ്. യേശുവിന്റെ യോഗ്യത മൂടിക്കഴിയുമ്പോൾ മനുഷ്യനു നേരേ കോപിച്ചിരുന്ന ദൈവം കരുണ കാട്ടുന്ന ദൈവമായിത്തീരുന്നു. ഈ കരുണയാണു കൃപ. കൃപ കിട്ടിയാലും മനുഷ്യനിൽ രൂപാന്തരീകരണം നടക്കുന്നില്ല. അതിനാൽ നീതീകരണം പ്രാപിച്ചു എന്നുള്ള ദൃഢ ബോദ്ധ്യം മാത്രമാണ് നീതീകരണം പ്രാപിച്ചതിന്റെ അടയാളം. ഉറപ്പായ ബോദ്ധ്യമാണു വിശ്വാസം. ഒരുവൻ തന്നെത്തന്നെ മുഴുവനായി യേശുവിനു സമർപ്പിച്ചു കഴിയുമ്പോൾ നീതീകരണം നട

www.malankaralibrary.com

ന്നു. കഴിയും. ആ നിമിഷം മുതൽ രക്ഷ സമ്പാദിച്ചു എന്ന ഉറപ്പോടെ ജീവിക്കുക. പിന്നെ സംശയിക്കരുത്. രക്ഷ മനുഷ്യവ്യക്തിത്വത്തിൽ ആന്തരികവ്യതിയാനം വരുത്താനുള്ളതല്ലാത്തതിനാൽ, യേശുവിനു സമർപ്പിച്ചതിനുശേഷം രക്ഷയെപ്പററി സംശയിക്കേണ്ട. ഇതു വ്യക്തിപരമായ കാര്യമാകയാൽ സഭയോടു ബന്ധപ്പെടണമെന്ന നിർബന്ധമില്ല. ഓരോ വ്യക്തിയും തൻെറ പാപാവസ്ഥയും ദൈവത്തെ പ്രാപിക്കാൻ അർഹതയില്ലെന്നുള്ള വസ്തുതയും രക്ഷാ സന്ദേശവും മനസ്സിലാക്കി തന്നെത്തന്നെ യേശുവിനു സമർപ്പിച്ച് തൻെറ രക്ഷയെപ്പററി ഉറപ്പായി വിശ്വസിച്ച് ജീവിച്ചു പോയാൽ മതി. പാപം മനുഷ്യനെ ഭരിക്കുന്നതിനാൽ സ്വാതന്ത്ര്യം ഇല്ലാത്തതിനാൽ രക്ഷയുടെ കാര്യത്തിൽ പ്രവർത്തിക്കുന്നവൻ ദൈവം മാത്രം. ദൈവം ഒരോ വ്യക്തിയേയും രക്ഷിക്കുന്നു. സഭ അപ്രസക്തമായിത്തീരുന്നു.

ഇന്നു കേരളക്കരയിലെ പല ഗാനങ്ങളിലും അകലെയുള്ള ഒരു ദൈവത്തെ വർണ്ണിക്കുന്നു. ദൈവകോപത്തെപ്പററി ഭീതിപ്പെടുത്തുന്നു. "രക്ഷപ്പെട്ടു" എന്നു പറഞ്ഞു അത്യുച്ചത്തിൽ ആനന്ദഗാനങ്ങൾ പാടുന്നു. ഉള്ളിൽ പാപമുണ്ടെങ്കിലും രക്ഷിക്കപ്പെട്ടു എന്നു വിശ്വസിപ്പിക്കുന്നു. ആന്തരികമായി ദൈവസാന്നിദ്ധ്യത്തിൻെറ മാധുര്യമാസ്വദിക്കുന്ന മൗനപ്രാർത്ഥന അവഗണിക്കുന്നു. രക്ഷ വ്യക്തിപരമാണെന്നും സഭ അപ്രസക്തമാണെന്നും പഠിപ്പിക്കുന്നു. സഭ പിളർന്നു പിളർന്നു പോകുന്നു. ഇവയുടെ അന്തർധാര ലൂതറിൻെറ ചിന്തകളാണ്. ഈ ചിന്തകളിൽ വന്നു പോയ പിശകുകൾ സഭ ചൂണ്ടിക്കാണിക്കുന്നു.

ദൈവം സമ്പൂർണ്ണസ്വതന്ത്രനാണെന്നും സൃഷ്ടികൾക്കുപരിയായി മഹത്വം നിറഞ്ഞവനാണെന്നും (transcendent) പറയുന്നതു ശരിയാണ്. പക്ഷേ, ആ ദൈവം തന്നെ ഓരോ സൃഷ്ടിയിലുംപരമാത്മാവായി സദാ ജീവിച്ചു പ്രവർത്തിക്കുന്നു. (Immanence of God).ദൈവം സൃഷ്ടിയുമായി താദാത്മ്യപ്പെട്ടിട്ടില്ല. എന്നാൽ സൃഷ്ടികളിൽ ദൈവസാന്നിദ്ധ്യമുണ്ട്. സൃഷ്ടികൾ എല്ലാം കൂടി കൂടിയതല്ല ദൈവം. (Pantheism) ദൈവം ഓരോ സൃഷ്ടിയിലും തൻെറ സാന്നിദ്ധ്യം വഴി സ്രഷ്ടാവായും (immanence) തൻെറ സ്വന്തം മഹത്വത്തിൽ സൃഷ്ടികൾക്ക പരിയായും (transcendent) ആയിരിക്കുന്നു. ദൈവത്തിനോ ദൈവത്തിനു സൃഷ്ടികളോടുള്ള ബന്ധത്തിനോ മനോഭാവത്തിനോ അല്ല മാററം വരേണ്ടത്. മനുഷ്യനും മനുഷ്യനു ദൈവത്തോടുള്ള ബന്ധത്തിനും മനോഭാവത്തിനുമാണ് മാററം വരേണ്ടത്. മനുഷ്യനു ദൈവത്തോടുള്ള ബ

www.malankaralibrary.com

ന്ധം തകർന്ന സ്ഥിതിക്ക് ദൈവകോപം എന്ന പേരു പറയുന്നു. ദൈവത്തിനു മനുഷ്യനോടുള്ള ബന്ധം പരിശുദ്ധസ്നേഹം മാത്രമാണ്. സ്നേഹത്താൽ ദൈവം തന്റെ മഹത്വത്തിൽ ഓരോ സൃഷ്ടിക്കും ഭാഗഭാഗിത്വം നൽകിക്കൊണ്ടിരിക്കുന്നു. സൃഷ്ടിയുടെ അസ്തിത്വംപോലും ദൈവം നൽകുന്നതാണ്. ദൈവം തന്റെ സ്വന്തം മഹത്വത്തിൽ ഭാഗഭാഗിത്വം നൽകി മനുഷ്യനെ ദൈവപുത്രനാക്കാൻ തീരുമാനിച്ചു. പിതാവിന്റെ മഹത്വത്തിൽ പുത്രൻ അനാദിമുതൽ പിതാവിനോടൊത്ത് ഒന്നായി ആയിരിക്കുന്നതുപോലെ യേശുവിനോടൊന്നായി നമ്മളും അതേ മഹത്വത്തിൽ ആയിരിക്കുവാൻ പിതാവു നിശ്ചയിച്ചു.

ദൈവം മനുഷ്യനിൽ നിന്നും വ്യതിരിക്തനായി അത്യുന്നതങ്ങളിൽ മാത്രം വസിക്കുന്നു എന്ന ചിന്തയാണ് പിശകുണ്ടാക്കിയത്. അമ്മത്രേസ്യായുടെ ആഭ്യന്തരഹർമ്മ്യത്തിലും ഇഗ്നേഷ്യസ് ലയോളയുടെ ധ്യാനത്തിലുമെല്ലാം ദൈവത്തിന്റെ അത്യുന്നത മഹത്വത്തെയും പരമപരിശുദ്ധിയേയും പററി ചിന്തിക്കുന്നതിനോടുകൂടി ഓരോ വ്യക്തിയിലും ഈ ദൈവം വസിക്കുന്നതിനെപ്പററിയും അതിനാൽ ഓരോ മനുഷ്യവ്യക്തിക്കുമുള്ള വിലയെപ്പററിയും ദൈവാലയമെന്നവിധം പരിശുദ്ധിയിൽ ജീവിക്കേണ്ടതിന്റെ ആവശ്യത്തെപ്പററിയും ധ്യാനിക്കുന്നു. ഓരോരുത്തരിലും ദൈവം മഹത്വപ്പെടുവാൻ വേണ്ടി ചെയ്യുന്ന ഓരോ പ്രവൃത്തിയും ദൈവസേവനമാണ്. ദൈവമഹത്വത്തിനുപകരിക്കുന്നതാണ്. ദൈവസാന്നിദ്ധ്യം അനുസ്മരിച്ച് ആദരപൂർണ്ണമായ ആത്മാഭിമാനം നമ്മരം വളർത്തുന്നു. ഏക ദൈവത്തിന്റെ സാന്നിദ്ധ്യം മൂലമുള്ള പരസ്പരബന്ധം പാലിക്കുന്നു. ക്രിസ്തുവിന്റെ ശരീരമെന്നനിലയിലുള്ള സഭാബന്ധം വ്യക്തമാക്കുന്നു.

ദൈവത്തിനു മനുഷ്യനോടു ശത്രുത്വമില്ല. അറിവില്ലായ്മ മൂലം മനുഷ്യന് ദൈവത്തോടു ശത്രുത്വം തോന്നിയാലും ദൈവം അതു് അവഗണിക്കുന്നു. അറിവുള്ളപ്പോരം മനുഷ്യന് തന്റെ ജീവന്റെ ഉറവിടത്തോട് എങ്ങനെ ശത്രുത്വം പുലർത്താൻ കഴിയും? എല്ലാ മനുഷ്യരുടേയും പരമതത്വമായ മഹത്വപൂർണ്ണനായ പിതാവിനോട് യേശുവിലൂടെ സമ്പൂർണ്ണമായ ബന്ധം ഉണ്ടാകുന്നതാണ് രക്ഷ. രക്ഷയ്ക്കായി ദൈവത്തിന്റെ ഭാഗത്ത് ചെയ്യാനുള്ളതെല്ലാം പൂർത്തിയാക്കി. മനുഷ്യൻ ഇത് അറിയുകയും ദൈവശക്തിയും മഹത്വവും നന്മകളും ഓരോന്നോരോന്നായി സ്വീകരിച്ച് ബന്ധന വിമോചിതനായി മഹത്വത്തിൽ ദൈവത്തോടൊന്നാകുകയും ചെയ്യണം. ദൈവത്തെ മഹത്വത്തിൽ

www.malankaralibrary.com

അത്യുന്നതനായും [transcendent] മനുഷ്യരുടെ പരമതത്ത്വമായി മനുഷ്യരിൽ വസിക്കുന്നവനായും [immanence] മനുഷ്യനിൽ കൃപതന്നുതന്ന് മഹത്വത്തിൽ തന്നോടു സമ്പൂർണ്ണമായി യോജിപ്പിക്കുവാൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവനായും സദാ കാണണം. അകലെയിരിക്കുന്നവനായി ഭാവനയിൽ കണ്ടാൽ പോരാ. അദ്ധ്യാത്മിക ജീവിതത്തിൽ, ദൈവത്തിന്റെ അത്യുന്നത വിശുദ്ധിക്കനുസരിച്ച് ശുദ്ധീകരിക്കപ്പെടാനും, എല്ലാവരിലും ഉള്ള ദൈവസാന്നിദ്ധ്യമനുസരിച്ച് ബഹുമാനപൂർവ്വം ബന്ധപ്പെടാനും മനുഷ്യർ തയ്യാറാകും. ദൈവത്തെ അകലെമാത്രം കാണുന്നവർക്ക് മനുഷ്യർ തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ കണ്ണി കണ്ടെത്താൻ കഴിയാതെ പോകുന്നു. നമുക്ക് ഓരോരുത്തർക്കും സ്വന്ത വ്യക്തിത്വത്തിന്റെ അടിസ്ഥാന തത്ത്വമായി ഓരോ ആത്മാവുണ്ട്. എന്നാൽ ആത്മാവിന്റെ ജീവനായും പരമതത്ത്വമായും ഏക ദൈവം എല്ലാവരിലും വസിക്കുന്നു. ഒരുവന്റെ ആത്മാവിൽ ദൈവജീവന്റെ മഹത്വം നിക്ഷേപിക്കാൻ അവൻ സ്വതന്ത്രമായി അനുവദിക്കുന്നതനുസരിച്ചും ദൈവം സ്വതന്ത്രമായികൃപയാൽ നൽകുന്നതനുസരിച്ചുമാണ് ദൈവജീവൻ ലഭിക്കുക.

ദൈവം സൃഷ്ടിച്ച എല്ലാ സൃഷ്ടികളിലും ദൈവമഹത്വം ലോലമായി പ്രകാശിക്കുന്നുണ്ട്. സ്നേഹത്തിലും ജ്ഞാനത്തിലും അസ്തിത്വത്തിലുമെല്ലാം ദൈവത്തിന്റെ മഹത്വത്തിന്റെ ലോലമായ പ്രകാശനങ്ങൾ കാണാനുണ്ട്. ദൈവത്തോട് ഒന്നായിത്തീരുന്ന മനുഷ്യനിൽ ദൈവത്തിന്റെ സ്വന്തജീവന്റെയും ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും മഹത്വം, മനുഷ്യപ്രകൃതികതീതമായ മഹത്വം, പ്രകാശിക്കും. കൃപയിൽ വളരുന്നതനുസരിച്ച്, ദൈവികജീവന്റെ തീവ്രത വർദ്ധിക്കുന്നതനുസരിച്ച്, ഈ പ്രകാശം കൂടിക്കൂടിവരും. കൃപയിൽ ദൈവൈക്യം നേടിയവന്റെ സ്രഷ്ടാവായി, പരമതത്ത്വമായി അവനിൽ വസിക്കുന്ന ദൈവംതന്നെ ദൈവജീവന്റെ കൂട്ടായ്മയുടെ ഐക്യം നൽകിക്കൊണ്ട് അവനോട് ഒന്നായി വസിക്കുന്നു. അങ്ങനെ, സൃഷ്ടിയായ മനുഷ്യൻ ദൈവപുത്രനായി വീണ്ടും ജനിക്കുന്നു.

ദൈവവുമായി മനുഷ്യനു കിട്ടുന്ന ജീവൈക്യബന്ധം ബാഹ്യബന്ധമല്ല. കേവലം മാനസികബന്ധമല്ല. ദൈജീവനിലേക്കു രൂപാന്തരപ്പെടുത്തുന്ന ബന്ധമാണ്. തന്മൂലം ദൈവജീവന്റേതായ വിശുദ്ധീകരണവും വരങ്ങളും ജ്ഞാനവും സ്നേഹവും മനുഷ്യനിൽ ഉണ്ടാകുന്നു, മനുഷ്യൻ

www.malankaralibrary.com

ദൈവീക നന്മകളിൽ യഥാർത്ഥത്തിൽ പങ്കെടുക്കുന്നു. ദൈവം വ്യതിരിക്തനായി (transcendent) വസിക്കുന്നവൻ മാത്രമാണെങ്കിൽ മനുഷ്യനോടു പാലിക്കുന്ന ബന്ധം ബാഹ്യമാത്രമാകാനേ തരമുള്ളു. ''ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും ഞാൻ പിതാവിലുമാണെന്ന് പരിശുദ്ധാത്മാവു വരുമ്പോൾ നിങ്ങൾക്കു മനസ്സിലാകും.'' എന്ന് യേശു പറഞ്ഞിരുന്നു.

ദൈവപുത്രനിലാണ് എല്ലാ സൃഷ്ടികളും സ്ഥിതി ചെയ്യുന്നത്. ദൈവപുത്രൻ തന്നോടു സാരാംശപ്രകാരം സംയോജിപ്പിച്ച മനുഷ്യത്വത്തോടുകൂടിയാണ് ഇപ്പോൾ എല്ലാ സൃഷ്ടികളുടെയും അടിത്തറയായി ജീവിക്കുന്നത്. യേശുവിന്റെ മനുഷ്യത്വത്തിൽ സമ്പാദിച്ച യോഗ്യതകൾ മനുഷ്യരുടെ അടിത്തറയിൽ വസിച്ചുകൊണ്ട് ഓരോ മനുഷ്യനും യേശു പകർന്നുകൊടുത്തുകൊണ്ടിരിക്കുന്നു. ഓരോരുത്തരെയും യേശു തന്നിലൂടെ പിതാവിനോടു യോജിപ്പിക്കുന്നു. യേശുവിലൂടെ പിതാവിനോട് അവിഭാജ്യമായവിധം ഒന്നായിത്തീരുമ്പോൾ മാത്രമേ രക്ഷ സുനിശ്ചിതമാകൂ. കൃപയാൽ ആ സ്ഥിതിയിലേക്ക് മനുഷ്യനെ വളർത്തുകയാണ്. യേശുവിലൂടെ നീട്ടിത്തരുന്ന ഈ രക്ഷാകര ജീവബന്ധം സ്വീകരിക്കാനും നിരാകരിക്കാനും മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. സ്വീകരിക്കുവാൻ കൃപയുടെ സഹായം കൂടി വേണം. ആ സഹായം എല്ലാവർക്കും ദൈവം കൊടുക്കുന്നു. രക്ഷയ്ക്ക് ആവശ്യമായ ആദ്യകൃപ എല്ലാവർക്കും ദൈവം നൽകുന്നു. മനുഷ്യൻ വ്യക്തിയാണ്. അതിനാൽ വ്യക്തിയുടെ സ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ടു മാത്രമേ ദൈവം മനുഷ്യനെ രക്ഷിക്കൂ. മനുഷ്യ സ്വാതന്ത്ര്യത്തിന് അമിത പ്രാധാന്യം നൽകി സ്വഭാവാതീത തലത്തിലേക്കു സ്വയം രക്ഷപ്പെടാമെന്നു ചിന്തിച്ചപ്പോൾ പെലേജിയനിസമായി. മനുഷ്യസ്വാതന്ത്ര്യത്തിന് ഒന്നും ചെയ്യാനില്ല എന്നവിധം ചിന്തിച്ചപ്പോൾ ലൂതറനിസമായി. മനുഷ്യൻ സ്വതന്ത്രമായി ദൈവകൃപ സ്വീകരിച്ച് അതിനോടു സഹകരിച്ചു പ്രവർത്തിച്ച് ദൈവിക ജീവിതത്തിൽ ഐക്യപ്പെട്ട് സ്വർഗ്ഗഭാഗ്യത്തിൽ എത്തണമെന്നാണ് സഭ പഠിപ്പിക്കുന്നത്. സൃഷ്ടിക്കുന്നവനും കൃപ നൽകുന്നതുവഴി ആദ്യപ്രവർത്തകനാകുന്നവനും ദൈവംതന്നെയാണ്. ആന്തരികമായി യഥാർത്ഥ ജീവബന്ധം നൽകി മനുഷ്യനെ ദൈവം രൂപാന്തരപ്പെടുത്തി രക്ഷിക്കുകയാണ്. ദൈവം കൃപയാൽ വിളിച്ചവരെ ശുദ്ധീകരിച്ചു. ശുദ്ധീകരിച്ചവരെ മഹത്വപ്പെടുത്തി. യേശുവിന്റെ ദിവ്യസ്വഭാവത്തിനു തുല്യമായ സ്വഭാവത്തിൽ നമ്മൾ എത്തിച്ചേരാൻ എത്രമാത്രം വളരാനുണ്ടെ

www.malankaralibrary.com
ന്ന് കണ്ടുപിടിക്കാൻ പരിശുദ്ധാത്മാവു സഹായിക്കും. അത്രയും വളരാനുള്ള ശുദ്ധീകരണ കൃപാശക്തി കർത്താവു തരും. കൃപ സ്വീകരിച്ച് കൃപയോടു സഹകരിച്ച് പ്രവർത്തിച്ച് മനുഷ്യൻ ശുദ്ധനായിത്തീരണം. സ്വഭാവ രൂപാന്തരീകരണം ഉണ്ടാകണം.പാപത്തെ പാപമായി അറിയണം അവ മാററാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണം കൂദാശകളിലൂടെ കൃപ നേടണം. കൃപയോട്ട് സഹകരിക്കാൻനിശ്ചയിക്കണം. പ്രവർത്തിക്കണം. അങ്ങനെ ദൈവികജീവൻെറ സ്വഭാവം സ്വായത്തമാക്കണം. യുദ്ധക്കളത്തിൽ നിന്ന് യുദ്ധം ചെയ്തു ജയിക്കുന്നതുപോലെ ജയം നേടണം.

മനുഷ്യപ്രകൃതി സമ്പൂർണ്ണമായി തകർന്നുവെന്നും ദൈവസന്നിധിയിൽ നിൽക്കാൻ അർഹതയില്ലാത്തവണ്ണം മനുഷ്യൻ നികൃഷ്ടനാണെന്നുമുള്ള ചിന്താധാര സ്വീകാര്യമല്ല. ദൈവം കൃപ നൽകിയാലും മനുഷ്യൻ ആന്തരികമായി പാപിയായി മാത്രമെ സ്ഥിതി ചെയ്യുകയുള്ള എന്ന ചിന്ത സ്വീകാര്യമല്ല. ദൈവജീവൻെറ ബന്ധം തകർത്തവരിലും സ്രഷ്ടാവായി ദൈവം ജീവിക്കുന്നു. ദുഷ്ടന്മാരുടെ മേലും ശിഷ്ടന്മാരുടെ മേലും അനുഗ്രഹം വർഷിക്കുന്നു. പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ നൽകുന്നു. ദൈവജീവൻെറ കൂട്ടായ്മ ആന്തരികമായി നൽകാൻ കൊതിച്ചുകൊണ്ട് മുടിയൻ പുത്രൻെറ അപ്പനെപ്പോലെ കാത്തിരിക്കുന്നു. മനുഷ്യൻെറ ഉള്ളിൽതന്നെ കാത്തിരിക്കുന്നു. മനുഷ്യന് അവൻെറ ഉള്ളിൽ വാഴുന്ന ദൈവത്തോട് വ്യക്തിപരമായി സംസർഗ്ഗം ചെയ്യാൽ സാധിക്കുന്നു. ദൈവജീവനിലുള്ള ആന്തരികൈക്യം വളരുന്നതനുസരിച്ച് വിശുദ്ധിയുംദൈവജീവൻെറ ശക്തികളും സിദ്ധികളും വളരുന്നു. ബാഹ്യമായ ഐക്യമല്ല മാനസികമായ ഐക്യം മാത്രമല്ല; യഥാർത്ഥമായ ഐക്യമാണ് കൃപയാൽ നടക്കുന്നത്. വെറും ബാഹ്യമായ ഐക്യം മാത്രമാണെങ്കിൽ ദൈവം മാത്രം പ്രവർത്തിച്ചാൽ മതി. എന്നാൽ യഥാർത്ഥമായ ഐക്യമാകയാൽ മനുഷ്യനും അവൻെറ ഭാഗം പ്രവർത്തിക്കാനുണ്ട്. യഥാർത്ഥമായ ഐക്യമാകയാൽ യഥാർത്ഥമായ രൂപാന്തരീകരണവും വിശുദ്ധീകരണവും നടക്കുന്നു. മനുഷ്യൻെറ പ്രവർത്തനത്താൽ മാത്രം ഇതു നേടാമെന്നുള്ള ചിന്താഗതി സ്വീകാര്യമല്ല. പഴയ നിയമചിന്താഗതിയും പെലേജിയനിസവും ആ നിലയിലാണ്. ദൈവമാണ് പ്രധാന പ്രവർത്തകൻ. മനുഷ്യൻ സഹ പ്രവർത്തകനും.

ദൈവം പാപം ക്ഷമിച്ചാലും നീതീകരിച്ചാലും മനുഷ്യൻ പാപിയായിത്തന്നെകഴിയുന്നു എന്ന ചിന്ത കൂടുതൽ

www.malankaralibrary.com

ഉപദ്രവമുണ്ടാകും. ക്ഷമിക്കുക എന്നത് ദൈവത്തോട് ഐക്യപ്പെടുത്തുന്ന പ്രവൃത്തി തന്നെയാണ്. ഐക്യത്തിന്റെ പൂർണ്ണമായ മഹത്വം എല്ലാ മണ്ഡലത്തിലും പൂർണ്ണമായി വളരുവാൻ കാലതാമസമുണ്ടാകും. എന്നാൽ അടിസ്ഥാനത്തിലുള്ള നീതീകരണം നടത്തിക്കഴിഞ്ഞു. ലഘു പാപങ്ങളോ അപൂർണ്ണതകളോ പിന്നെയും കണ്ടേന്നിരിക്കാം. നീതീകരണം മഹത്വത്തിലേയ്ക്കു നയിച്ചുകൊണ്ടിരിക്കയാണ്. ഓരോ പടിയിലും കൃപ നേടുകയും പൂർണ്ണശക്തിയോടെ കൃപയോടു സഹകരിക്കയും വേണം. എല്ലാ തിന്മകളെയും ജയിക്കാനുള്ള ശക്തി യേശു കുരിശിൽ നേടിയതു കൃപയായി നമുക്കു നൽകും. പ്രാർത്ഥിക്കുക. നമ്മിൽ പ്രവർത്തിക്കുന്ന ജീവിക്കുന്ന ദൈവശക്തിയാണു കൃപ. യേശുവിന്റെ യോഗ്യതകൾ മനുഷ്യനെ ബാഹ്യമായി മൂടുകമാത്രമാണെങ്കിൽ, മനുഷ്യനെ ദൈവം നീതീകരിച്ചു എന്നുപറയുന്നത് അസത്യമാണ്. യഥാർത്ഥത്തിൽ നീതീകരിക്കപ്പെടാത്തവനെ നീതീകരിച്ചതായി ദൈവം പരിഗണിക്കുന്നു എന്നു പറയുന്നത് എത്രയോ അബദ്ധം. അസത്യത്തെ സത്യമായി കാണാൻ ദൈവത്തിനു സാധിക്കുകയില്ല. യാഥാർത്ഥ്യത്തിന് എതിരായി ചിന്തിക്കുമ്പോളെല്ലാം മനുഷ്യന് അസംതൃപ്തിയുണ്ടാകും. അവൻ യഥാർത്ഥത്തിൽ പാപിയാണെന്നും ദൈവം അവനെ വിശുദ്ധനായി പരിഗണിക്കുന്നത് വിശ്വസിക്കണമെന്നും പറയുന്നതു പരസ്പരവിരുദ്ധമായ ചിന്തയുണ്ടാക്കുന്നു. യഥാർത്ഥത്തിൽ ഇല്ലാത്തത് ഉള്ളതായി പരിഗണിക്കുന്നത് സത്യവിശ്വാസമല്ല അന്ധവിശ്വാസമാണ്. യഥാർത്ഥത്തിൽ ഉള്ളതു മനസ്സിലാകുന്നില്ലെങ്കിലും അംഗീകരിക്കുന്നതാണ് സത്യവിശ്വാസം. ദൈവം എന്റെ പാപം അവഗണിച്ചെന്നേയുള്ളു, യഥാർത്ഥത്തിൽ പാപിയാണ് എന്ന ബോധ്യം മനുഷ്യന് ഒരിക്കലും സന്തോഷം പ്രദാനം ചെയ്യുകയില്ല. യഥാർത്ഥ ശുദ്ധീകരണം നടക്കുന്നില്ലെങ്കിൽ യേശു പാപപരിഹാര ബലിയായിത്തീർന്നു എന്നു പറയുന്നതിന് അർത്ഥമില്ല. ദൈവപിതാവു അനാദിമുതലെ കരുണയുള്ളവനാണ്. യേശുവിന്റെ കുരിശുമരണംകൊണ്ട് പിതാവിനെ അൽപംകൂടി കരുണയുള്ളവനാക്കാൻ സാദ്ധ്യമല്ല. എന്നാൽ യേശുവിൽ ഐക്യപ്പെടുത്തി നമ്മെ അൽപ്പംകൂടി വിശുദ്ധരാക്കാനും പിതാവിനോട് ഐക്യപ്പെടുത്തുവാനും സാധിക്കും. ദൈവത്തിലല്ല, നമ്മിലാണു മാററം ഉണ്ടാകേണ്ടത്.

മനുഷ്യനിലെ പാപാവസ്ഥയും പാപപ്രലോഭനവും തരംതിരിച്ചു മനസ്സിലാക്കണം. ആന്തരികമായി ദൈവത്തോ

www.malankaralibrary.com

ട് ഐക്യപ്പെട്ട് നീതീകരിക്കപ്പെട്ടാലും പാപപ്രലോഭനം പിന്നെയും ഉണ്ടായെന്നിരിക്കാം. ദൈവത്തോട് ഐക്യപ്പെട്ടിരിക്കുമ്പോഴ പാപാവസ്ഥയിലല്ല. മനുഷ്യാത്മാവ് ദൈവത്തോട് ഐക്യപ്പെട്ടിരിക്കുമ്പോഴ എല്ലാ മണ്ഡലങ്ങളിലും ക്രമവും ഭംഗിയും ഉണ്ടാകും. എന്നാൽ പാപപ്രലോഭനങ്ങൾ പിന്നെയും ഉണ്ടാകാം. ഉത്ഭവപാപത്തിൻെറ ഒരു അനന്തര ഫലമാണിത്.

യേശുക്രിസ്തുവിനെ നാഥനായി അംഗീകരിച്ചു ജീവിക്കുവാൻ തുടങ്ങുന്നത് രക്ഷയുടെ ആരംഭമാണ് എന്നു പറയാം. മനുഷ്യൻ അംഗീകരിക്കുന്നതിനു മുമ്പുതന്നെ ക്രിസ്തു എല്ലാ മനുഷ്യരുടെയും അടിസ്ഥാനമായി—നാഥനായി—എല്ലാവരിലുമുണ്ട്. മനുഷ്യൻ സ്വാതന്ത്രമായി യേശുവിനെ നാഥനായി അംഗീകരിച്ചു ജീവിക്കുമ്പോൾ കൃപാശക്തികൾ ഓരോന്നോരോന്നായി യേശുവിൽനിന്നു ലഭിക്കും. നമ്മൾ വ്യവസ്ഥകൂടാത്ത അനുസരണം പാലിക്കണം. നമ്മിൽ ശുദ്ധീകരണം ആരംഭിച്ചവൻ അവൻെറ ദിവസത്തിലേയ്ക്ക് അതു പൂർത്തിയിലെത്തിക്കും. രക്ഷക്കായി അധ്വാനിക്കുവാനും യേശുവിനെ മുഴുവനായി അനുസരിക്കാനും ശ്ലീഹാ പഠിപ്പിക്കുന്നു. മനുഷ്യൻെറ രക്ഷ അവൻകൂടി സമ്പാദിച്ചതാണെങ്കിൽ മാത്രമെ അവന് വ്യക്തിയെന്ന നിലയിലുള്ള മഹത്വമുണ്ടാകുകയുള്ളു. കന്നുകാലികളെ കൂട്ടിൽ കയററുന്നതുപോലെ മനുഷ്യനെ സ്വർഗ്ഗത്തിൽ കയററുകയല്ല വ്യക്തിപരമായി ദൈവ മനുഷ്യബന്ധം സമ്പൂർണ്ണമാകുന്നതുവഴി ലഭിക്കുന്നതാണ്. മനുഷ്യൻ ഈ ബന്ധം തെരഞ്ഞെടുക്കുകയും പാലിക്കുകയും ചെയ്യണം.

## സഭ പഠിപ്പിക്കുന്ന തത്വങ്ങൾ- സംക്ഷിപ്തരൂപം

1. നീതീകരണം എന്നത് മനുഷ്യനെ യഥാർത്ഥത്തിൽ ശുദ്ധീകരിക്കാനായി ദൈവം നൽകുന്ന യഥാർത്ഥ ദാനമാണ്. ബാഹ്യാനുഗ്രഹമല്ല. ആന്തരികമായി ദൈവജീവശക്തി നൽകുന്നതാണ്.

2. മനുഷ്യൻ സ്വാതന്ത്ര്യം ഉപയോഗിച്ച് രക്ഷയുടെ ഓരോഘട്ടത്തിലും ദൈവകൃപയോടു സഹകരിക്കണം.

3. മനുഷ്യൻ നീതീകരണമില്ലാതെയാണു ജനിക്കുന്നത്. (ആദാമ്യപാപത്തിൻെറ ഫലം) എന്നാൽ മനുഷ്യപ്രകൃതി പൂർണ്ണമായി തകർന്നിട്ടില്ല. മനുഷ്യ സ്വാതന്ത്ര്യത്തിന് തളർച്ചയുണ്ട്. തകർന്നിട്ടില്ല.

4. ക്രിസ്തുവിൽക്കൂടി മാത്രമെ നീതീകരണവും രക്ഷ

www.malankaralibrary.com

യും ദൈവപുത്രത്വവും മനുഷ്യനു ലഭിക്കുകയുള്ളു. രക്ഷ മനുഷ്യനിൽ ആന്തരികരൂപാന്തരീകരണം ഉണ്ടാക്കുന്നു.

5. ക്രിസ്തുവിൽ മുങ്ങി വീണ്ടും ജനിക്കുന്നതുവഴി മാത്രമെ നീതീകരണം ലഭിക്കുകയുള്ളു. യേശുവിൻെറ പീഡാനുഭവത്തിലൂടെ നേടിയ യോഗ്യതകളും ശക്തികളും മനുഷ്യനിലേക്കു പ്രവേശിച്ച് മനുഷ്യനിലെ പാപശക്തിയെ കീഴ്പ്പെടുത്തിത്തരുന്നു. മനുഷ്യനു തന്നെത്താൻ പാപശക്തിയുടെ അടിമത്തത്തിൽ നിന്നു രക്ഷപ്പെടാൻ സാദ്ധ്യമല്ല. ആദാമ്യ സന്തതി മാമോദീസാ വഴി യേശുവിൽ വീണ്ടും ജനിച്ച് ദൈവപുത്രനായിത്തീരുന്നു. മാമോദീസാ സ്വീകരിക്കാനുള്ള ആഗ്രഹമെങ്കിലും മനുഷ്യൻെറ ഭാഗത്തു് ഉണ്ടായിരിക്കണം.

6. കൃപയാൽ നൽകുന്ന ദൈവശക്തി മനുഷ്യനെ ഉത്തേജിപ്പിക്കുമ്പോൾ മനുഷ്യൻ അതിനോടു സഹകരിക്കേണ്ടതുണ്ട്. നിസ്സഹകരിക്കാനും സ്വാതന്ത്ര്യം ഉണ്ട്. കൃപ മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല. സഹായിക്കുന്നു. രക്ഷാകരമായ ഓരോ പ്രവർത്തനത്തിൻെറയും ആദ്യപ്രവർത്തകൻ ദൈവം തന്നെയാണ്.

7. ദൈവം വെളിപ്പെടുത്തുന്ന നിത്യസത്യങ്ങൾ മനുഷ്യൻ സ്വീകരിക്കുന്നതാണു വിശ്വാസം.

8. നീതീകരണം എന്നത് ബാഹ്യമാത്രമല്ല. ആന്തരികമാണ്. പാപം ക്ഷമിക്കുക എന്നതു മാത്രമല്ല. മനുഷ്യനെ ആന്തരികമായി ശുദ്ധീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നതാണ്. സ്വതന്ത്രമായി മനുഷ്യൻ ഇതു സ്വീകരിച്ചു സഹകരിച്ചു പ്രവർത്തിക്കണം. നീതീകരണത്തിൻെറ അനന്തരപടിയായി മഹത്വീകരണം നൽകും. വിശ്വാസത്തിലും മാമ്മോദീസായിലും കൂടി യേശുവിൻെറ യോഗ്യതകളും ശക്തികളും നിവേശിപ്പിച്ചു നൽകുന്നതു വഴിയാണ് നീതീകരണം ആരംഭിക്കുക.

9. ദൈവം തൻെറ ഇഷ്ടംപോലെ മനുഷ്യനിൽ പരിശുദ്ധാത്മാവിനെ നൽകുന്നതനുസരിച്ചും മനുഷ്യൻ സഹകരിക്കുന്നതനുസരിച്ചും ഓരോരുത്തരും അവരവരുടേതായ നീതീകരണം പ്രാപിക്കുന്നു. ഇത് ദൈവത്തിൻെറ സ്വന്തം വിശുദ്ധിയോളമുള്ള വിശുദ്ധിയല്ല. ദൈവം മനുഷ്യനിൽ നൽകാനാഗ്രഹിക്കുന്ന വിശുദ്ധിക്കനുസരിച്ചുള്ള വിശുദ്ധിയാണ്. ദൈവം നൽകുന്നതിനോടു മനുഷ്യൻ സഹകരിക്കണം. മനുഷ്യനിൽ നൽകുന്ന നീതീകരണം (വി

www.malankaralibrary.com

ശുദ്ധി) ഒരു ജീവതത്ത്വം പോലെ മനുഷ്യനിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും. ദൈവസ്നേഹവും ശരണവും മററു പുണ്യങ്ങളും ഇതിൽനിന്നു സംജാതമാകും.

10. നീതീകരണത്തോടുകൂടി പാപക്ഷമ ലഭിക്കുന്നു. പാപ ശക്തിയുടെ അടിമത്തത്തിൽ നിന്നു മോചനം നൽകുന്നു. ക്രിസ്തുവിൻെറ ജീവൻ നിവേശിപ്പിച്ചു തരുന്നു. ആ ജീവനിൽ നിന്ന് ദൈവിക പുണ്യങ്ങളായ വിശ്വാസം ശരണം സ്നേഹം ഇവ സജീവമായി പ്രകാശിക്കുന്നു.

11. വിശുദ്ധിയിൽ വളരാനുണ്ട്. കൃപയിൽ ആയിരുന്ന് നന്മപ്രവൃത്തികൾ ചെയ്യുന്തോറും കൃപയിൽ വളരും. യേശുവിൻെറ പൂർണ്ണതയിലേക്കു വളരും. യേശുവിൻെറ രക്ഷാകരമരണത്തിലും അടക്കത്തിലും ഉയിർപ്പിലും സ്വർഗ്ഗാരോഹണത്തിലും ഭാഗഭാഗിത്വം പൂർണ്ണമായി പ്രാപിക്കുമ്പോൾ വളർച്ച പൂർണ്ണമാകും.

12. ദൈവത്തോടു സഹകരിച്ചു പ്രവർത്തിച്ചു കൃപയിൽ വളരുന്തോറും സ്വർഗ്ഗ ഭാഗ്യത്തിനുള്ള അർഹത (Merit) കൂടി വരുന്നു. ദൈവത്തിൻെറ കൃപ തന്നെയാണ് മനുഷ്യൻെറ സഹകരണം വഴി യോഗ്യതയായി പരിണമിക്കുന്നത്. മനുഷ്യൻെറ സഹകരണം എന്നത് കേവലം സ്വീകരണം മാത്രമല്ല. Not only passive. സഹകരിച്ചു പ്രവർത്തിക്കണം. ആ പ്രവൃത്തികൾ കേവലം കൃപയല്ല. കൃപയുടെ ശക്തിയാൽ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികളാണ് അതിനാൽ അവനു യോഗ്യത ലഭിക്കുന്നു. കൃപ മൂലം മനുഷ്യവ്യക്തിത്വം ഇല്ലാതാവുകയില്ല. പ്രവൃത്തിയുടെ കർത്താവ് ആ വ്യക്തിതന്നെയാണ്.

13. കൃപയിലും യോഗ്യതയിലും വളരുന്നു എന്നു പറയുമ്പോൾ ദൈവൈക്യത്തിൻെറ തീവ്രതയിൽ വളരുന്നു എന്നു മനസിലാക്കുക. പരിശുദ്ധാത്മാവു വഴി യേശുവിനോട് കൂടുതൽ കൂടുതൽ താദാത്മ്യപ്പെടുന്നു എന്നു മനസ്സിലാക്കുക.

ഉത്ഭവപാപം മൂലം മനുഷ്യസ്വാതന്ത്ര്യത്തിനും ഇച്ഛാശക്തിക്കും ക്ഷതം തട്ടിയിട്ടില്ലെന്ന് പെലേജിയനിസം പഠിപ്പിച്ചപ്പോൾ ക്ഷതം തട്ടിയിട്ടുണ്ടെന്നും ദൈവകൃപയാൽ മാത്രമെ ദൈവത്തിലേക്കു തിരിയാൻ മനുഷ്യനു കഴിയൂ എന്നും സഭ പഠിപ്പിച്ചു. മനുഷ്യപ്രകൃതിയും സ്വാതന്ത്ര്യവും പാപം മൂലം പാടേ തകർന്നതിനാൽ രക്ഷാകരമായി ഒന്നും പ്രവർത്തിക്കുവാൻ മനുഷ്യനു കഴിവില്ലെന്നും ദൈവകൃപ മനുഷ്യനെ സൗജന്യമായി രക്ഷിക്കുന്നതു വിശ്വസിച്ചാൽ

www.malankaralibrary.com

മാത്രം മതിയെന്നും ലൂതർ പഠിപ്പിച്ചപ്പോൾ മനുഷ്യ പ്രകൃതിയും സ്വാതന്ത്ര്യവും തളർന്നിട്ടുണ്ടെങ്കിലും തകർന്നിട്ടില്ലെന്നും ദൈവകൃപയോടു സഹകരിച്ച് ഓരോ വ്യക്തിയും നന്മ പ്രവർത്തിച്ചു പ്രവർത്തിച്ചു യേശുവിലുള്ള ഐക്യത്തിൽ വളരണമെന്നും നിത്യ രക്ഷ നേടുന്നതിൽ മനുഷ്യൻ കർമ്മോത്സുകനായി [active] വർത്തിക്കണമെന്നും സഭ പഠിപ്പിച്ചു. മനുഷ്യൻ രക്ഷപ്പെട്ടു എന്ന് മനസ്സിലുണ്ടാക്കുന്ന ഉറപ്പല്ല രക്ഷയുടെ അടയാളമായി പരിഗണിക്കേണ്ടതെന്നും യേശുക്രിസ്തുവിനോടു ഐക്യപ്പെടുവാനായി യേശു സ്ഥാപിച്ച കൂദാശകളിലൂടെയും നന്മപ്രവൃത്തികളിലൂടെയും ഒന്നായിത്തീരുന്നതാണ് രക്ഷ ലഭിക്കുന്നതിന്റെ മാനദണ്ഡമായി കണക്കാക്കേണ്ടതെന്നും സഭ പഠിപ്പിച്ചു. രക്ഷ മനുഷ്യന്റെ മാത്രം പ്രവർത്തനമാണെന്നു പറഞ്ഞ പെലേജിയനിസത്തെയും രക്ഷ ദൈവത്തിന്റെ മാത്രം പ്രവർത്തനമാണെന്നു പറഞ്ഞ ലൂതറനിസത്തെയും സഭ ഉപേക്ഷിച്ചു. രക്ഷ പരമപ്രധാനമായി ദൈവത്തിന്റെ കൃപാ ഫലമാണെന്നും എന്നാൽ മനുഷ്യന്റെ സഹകരിച്ചുള്ള പ്രവർത്തനത്തിന്റെ കൂടെ ഫലമാണെന്നും സഭ പഠിപ്പിച്ചു. ആദ്യകൃപ ദൈവം തരും. തുടർന്ന് ദൈവകൃപയ്ക്കായി നിരന്തരം പ്രാർത്ഥിക്കണം. മുഴുവൻ ശക്തിയോടെ സഹകരിക്കണം. നമ്മിൽ വസിക്കുന്ന ദൈവ സാന്നിദ്ധ്യം സദാ സ്മരിക്കണം. നൽകപ്പെട്ട നന്മകളെപ്രതി ദൈവത്തെ സ്തുതിക്കണം. കിട്ടാതെ പോയ നന്മകൾ കിട്ടുവാൻ പ്രാർത്ഥിക്കണം.

രക്ഷപ്പെട്ടു എന്ന് നമ്മുടെ മനസ്സിന്റെ ബോദ്ധ്യവും ഉറപ്പും ചിന്തകളും അളവുകോലായി വെച്ചാൽ, മനസ്സിന് ഉലച്ചിൽ തട്ടിയാൽ ആകെ അസ്വസ്ഥതയിലാകും. യേശു കൂദാശകളിലൂടെ ചെയ്യുന്ന പ്രവർത്തനം രക്ഷയുടെ അളവുകോലായി വെച്ചാൽ യേശു മാററമില്ലാത്തവനാകയാൽ യഥായോഗ്യം കൂദാശകൾ സ്വീകരിക്കുമ്പോൾ കൃപയാൽ രക്ഷകര പ്രവർത്തനം ഉള്ളിൽ നടന്നു എന്നതു് വസ്തുനിഷ്ഠമാകും. കൃപയുടെ ശക്തി ആത്മീയ വളർച്ചയിലൂടെ അനുഭവമാകുകയും ചെയ്യും.

## കൃപ താത്ത്വിക പഠനത്തിൽ.
## അസൃഷ്ട കൃപയും സൃഷ്ട കൃപയും

ദൈവത്തിന്റെ അനന്ത സ്നേഹത്താൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ശുദ്ധീകരിച്ച് തന്നോടു സംയോജിപ്പിച്ച് തന്നെത്തന്നെ മുഴുവനായി നൽകി മഹത്വപ്പെ

www.malankaralibrary.com

ടുത്തുന്നു. ഈ പ്രവർത്തനത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും സമ്പൂർണ്ണമായി ദൈവത്തിന്റെ ഔദാര്യസ്നേഹമാണ് ഇതിന്റെ ആധാരം. ദൈവം ദൈവത്തെത്തന്നെ നൽകുകയാണ്. ആ ദാനത്തിലൂടെ ദൈവം തന്നെ കൃപയാണ്. ദൈവത്തെ സൃഷ്ടിക്കപ്പെടാത്ത കൃപ എന്നു പറയുന്നു. ദൈവം ദൈവത്തെ സ്വയം നൽകുന്നതിനായുള്ള ഒരുക്കത്തിന്റെ ഭാഗമായ ഘട്ടങ്ങളിൽ നമ്മുടെ ജീവിതത്തിൽ ദൈവം അനുവദിക്കുന്ന ഓരോ സംഭവങ്ങളും പിതാവിന്റെ അഭിപ്രായം ലക്ഷ്യം കൂടുതൽ വ്യക്തമാക്കു മനസ്സിലാക്കുന്നില്ലെങ്കിലും ദൈവത്തിന്റെ കൃപ അതിന്റെ പുറകിൽ പ്രവർത്തിക്കുന്ന എന്നതിനാൽ ബാഹ്യ സംഭവമാത്രം പറയാം.

ദൈവം ദൈവകൃപയോടു സംയോജിപ്പിച്ചു വളരുമ്പോൾ മനുഷ്യരായ നമ്മിലുണ്ടാകുന്ന നന്മകൾക്ക് സൃഷ്ട കൃപകൾ എന്നു പേരു പറയുന്നു. മനുഷ്യ പ്രകൃതിക്ക് സ്വയം ആർജ്ജിക്കാവുന്നതല്ല ഇവ. ഇതിനാൽ കൃപ ഘടനയോടുകൂടി മനുഷ്യനിൽ പുതിയ ഒരു സൃഷ്ടി ഉളവാക്കപ്പെടുകയാണ്. ശുദ്ധീകരണ കൃപയും ദൈവിക പുണ്യങ്ങളും എല്ലാം സൃഷ്ട കൃപകളാണ്

സൃഷ്ട കൃപകൾ രണ്ടിനം ഉണ്ട്. മനുഷ്യനിൽ സ്ഥിരമായി മാറ്റം ഉണ്ടാക്കുന്ന പേരെ സ്ഥിതികൃപകൾ എന്നു പറയുന്നു. മനുഷ്യനിൽ താൽകാലികമായ പ്രവർത്തനം മാത്രം നടത്താനായി നൽകപ്പെടുന്ന ദൈവിക ശക്തികളെ പ്രവർത്തന കൃപകൾ എന്നു പേരു പറയുന്നു. പ്രവർത്തന കൃപ വഴി ദൈവകൃപയിൽ കഴിയുന്ന വ്യക്തിയായി പ്രവർത്തിച്ച് കൃപയിൽ വളരാൻ കഴിയുന്നു.

വീണ്ടും ജനിപ്പതിനോട് സംബന്ധിച്ചുണ്ടായി മനുഷ്യന് കിട്ടുന്ന പുതിയ പ്രകൃതിക്ക് ശുദ്ധീകരണകൃപ എന്നു പേരു പറയുന്നു. ദൈവകൃപയോട് സഹകരിക്കുന്നതനുസരിച്ച് ശുദ്ധീകരണ കൃപ (Sanctifying grace) വളർന്നു കൊണ്ടിരിക്കും. ദൈവകൃപയിൽ ചെയ്യപ്പെടുന്ന പ്രവൃത്തികൾ ദൈവകൃപയുടെ വളർച്ചയ്ക്ക് കാരണമാകുന്നു. ദൈവകൃപയിൽ ... ശുശ്രൂഷണത്തിലും അനേകം ... ചെയ്യപ്പെടുന്ന കൂദാശകൾ വഴി ശുദ്ധീകരണ കൃപയിൽ വളർച്ചയുണ്ടാകും. ദൈവകൃപയിൽ ... സ്നേഹം ചെയ്യുന്നതും വഴി ശുദ്ധീകരണ കൃപയിൽ വളരുന്നു. ദൈവേഷ്ടമനുസരിച്ചു ജീവിച്ചു ... വിശ്വാസത്തോടുകൂടി പ്രവർത്തിച്ച് ദൈവകൃപയിൽ ചെയ്യാനുള്ളവ ചെയ്യുമ്പോൾ കൃപയിൽ വളരും.

www.malankaralibrary.com

സ്ഥിരകൃപയായി ദൈവൈക്യത്താൽ മനുഷ്യന് ലഭിക്കുന്ന മറ്റൊരു നന്മയാണ് നിവേശിതപുണ്യങ്ങൾ. നല്ലപ്രവൃത്തികൾ ആവർത്തിച്ച് ചെയ്താൽ ആ നല്ല പ്രവൃത്തികൾ ചെയ്യാനുള്ള ഒരു തഴക്കം ലഭിക്കും. ആ തഴക്കംവഴി നല്ല പ്രവൃത്തികൾ വീണ്ടും ചെയ്യുവാനുള്ള ഒരു ശക്തി ഉള്ളിൽ നിന്ന് ലഭിക്കുകയും ചെയ്യും. ഇങ്ങനെ സമ്പാദിക്കുന്ന നല്ല തഴക്കങ്ങളെ ആർജ്ജിത പുണ്യങ്ങൾ എന്നു പറയുന്നു. ആർജ്ജിത പുണ്യങ്ങളുടെ തഴക്കശക്തിപോലെയുള്ള ശക്തികൾ കൃപയാൽ മനുഷ്യനിലേക്ക് ദൈവം നിവേശിപ്പിച്ച് നല്കുന്നതാണ് നിവേശിത പുണ്യങ്ങൾ. ഇവ മനുഷ്യൻ ആർജ്ജിക്കുന്നതല്ല. കൃപയാൽ ലഭിക്കുന്നതാണ്. വിശ്വാസം എന്ന നിവേശിത പുണ്യം ലഭിക്കുന്നതിനാൽ മനുഷ്യബുദ്ധിക്കു മനസ്സിലാക്കാൻ കഴിയാത്ത സത്യങ്ങൾ അംഗീകരിക്കാനും അനുസരിച്ചു പ്രവർത്തിക്കാനും എളുപ്പം കിട്ടുന്നു. ശരണം എന്ന പുണ്യം ലഭിക്കുന്നതിനാൽ വിപരീതഘട്ടങ്ങളിൽപ്പോലും ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ഉറപ്പായി വിശ്വസിച്ചുകൊണ്ട് നിത്യസൗഭാഗ്യത്തിലേക്ക് ലക്ഷ്യം വെച്ചു നീങ്ങാൻ സാധിക്കുന്നു. സ്നേഹം എന്ന പുണ്യം ലഭിക്കുന്നതു മൂലം ദൈവസ്നേഹത്തിന്റെ ശൈലിയിൽ സ്നേഹിക്കാൻ സാധിക്കുന്നു.

സ്ഥിര കൃപ നഷ്ടപ്പെട്ടു പോകാം. മനുഷ്യൻ ദൈവകൃപ ഉപേക്ഷിച്ച്, [illegible] പ്രവർത്തിക്കുമ്പോൾ (പാപം) സ്ഥിര കൃപ നഷ്ടപ്പെടുന്നു. വീണ്ടും ദൈവം കൃപ നൽകിയാൽ സ്വീകരിച്ച് സഹകരിച്ച് കെട്ടിപ്പടുത്തു കൊണ്ടുവരണം.

## ശുദ്ധീകരണ കൃപ

നമ്മളോടുള്ള സൗജന്യമായ സ്നേഹത്താൽ സ്ഥിരമായി ദൈവം നൽകുന്ന [illegible]. ദൈവിക സ്വഭാവത്തിൽ മനുഷ്യന് പങ്കു നൽകുന്നതാണ്. ദൈവവുമായി [illegible] മനുഷ്യനിലെ അടിസ്ഥാന [illegible] മനുഷ്യൻ ചെയ്യുന്ന [illegible] പ്രവൃത്തികൾക്കും ഇടയാക്കും ഈ സ്ഥിര കൃപയാണ്.

സ്ഥിരകൃപ [illegible] ഒരു ഗുണമാണ്. [illegible] മനുഷ്യനിലേക്ക് ഇതുവഴി പ്രവഹിക്കുന്നു. [illegible] മനുഷ്യനെ നിലനിർത്താൻ കഴിയുന്ന ദൈവത്തോടുള്ള പ്രത്യേകബന്ധം ഇതുവഴി ലഭിക്കുന്നു. ദൈവിക ജീവനോ ലഭിക്കുന്നു. മനുഷ്യ

www.malankaralibrary.com

നിൽ പുതിയ ജീവൻെറയും പുതിയ പ്രകൃതിയുടെയും ഉറവിടമായി ഈ കൃപ നിലകൊള്ളുന്നു. ഇതു് വെറും ശക്തിയല്ല. വെറും മനോഭാവമല്ല. ജീവൻ തന്നെയാണ്. മനുഷ്യനിലെ അതിസ്വാഭാവിക നന്മകളുടെ തത്വം തന്നെയാണ്. ഒരാൾ കൃപയിലാണെന്നു പറഞ്ഞാൽ ക്രിസ്തുവിൻെറ ജീവനിലുള്ള കൂട്ടായ്മയിലാണെന്നാണ്.

സൃഷ്ടമായവയ്ക്കു പരിധിയുണ്ട്. സൃഷ്ടകൃപയ്ക്കു കീഴ്പ്പെട്ട് കൃപ ശക്തിപ്പെടുമ്പോൾ മനുഷ്യനെ കൃപ നിയന്ത്രിച്ചു കൊള്ളും. പരിധിയുള്ള സൃഷ്ട കൃപ വഴി പരിധിയില്ലാത്ത ദൈവത്തോടു് ഐക്യപ്പെടുവാൻ കഴിയുന്നതിനാൽ ഫലത്തിൽ ഇതു് പരിധിയില്ലാത്തതാണെന്നു പറയാം. ദൈവജീവനിലുള്ള ഭാഗഭാഗിത്വം എന്നു പറയുന്നതു് പരിധിയില്ലാത്ത നന്മയാണല്ലോ. ഭാഗഭാഗിത്വം എന്നു പറഞ്ഞാൽ ഒരു പങ്കു ലഭിച്ചു എന്നല്ല, എല്ലാവരും കൂടി ഏകനന്മ ഒന്നിച്ച് ആസ്വദിക്കുന്നു എന്നാണർത്ഥം. അവയവങ്ങൾ ഒന്നിച്ച് ഏകജീവൻ ജീവിക്കുന്നതുപോലെയാണിത്. അവയവം വിച്ഛേദിതമായാൽ ബാഹ്യരൂപമുണ്ടെങ്കിലും ആന്തരിക ജീവനോ ജീവക്കൂട്ടായ്മയോ ഇല്ല. വിച്ഛേദിതമായ അവയവം ക്രമേണ നശിച്ചു പോകും.

ഈ കൃപ മനുഷ്യപ്രകൃതിയ്ക്കതീതമായ ദാനമാണ്. മനുഷ്യ പ്രയത്നത്താൽ മാനുഷികമായവ മാത്രമെ സമ്പാദിക്കാൻ സാധിക്കൂ. രക്ഷ ദൈവത്തിൻെറ ദാനമാണ്.

### ദൈവപുത്രത്വം

സൃഷ്ടി എന്ന നിലയിൽ മനുഷ്യന് ദൈവപുത്രത്വത്തിനു് അവകാശമോ യോഗ്യതയോ ഇല്ല. എന്നാൽ കൃപയും ശക്തിയും നൽകി ദൈവം മനുഷ്യനെ ദൈവപുത്രത്വത്തിലേക്കു സ്വീകരിക്കുന്നു. വീണ്ടും ജനിപ്പിക്കുന്നു. യേശുവിൽ ഒന്നാക്കിച്ചേർത്തുകൊണ്ടാണ് ഇതു നടത്തുക. യേശുവിൽനിന്നു് അടർന്നു മാറിയാൽ മനുഷ്യന് സൃഷ്ടി എന്ന പദവി മാത്രമെ ഉള്ളു. വിശ്വാസവും ദൈവസ്നേഹവും മനുഷ്യനിലേക്കു നിവേശിപ്പിച്ചുകൊണ്ടു് ദൈവത്തിൻെറ സ്വന്തം ജ്ഞാനത്തിലും സ്നേഹത്തിലും ഭാഗഭാഗിത്വം നൽകുന്നു. ഭൂമിയിൽ വെച്ചു നമ്മളിൽ നിക്ഷേപിക്കപ്പെട്ട കൃപതന്നെയാണ് നിത്യസ്വർഗ്ഗത്തിൽ മഹത്വമായി മാറുന്നതു്. വിശ്വാസംവഴി നമുക്കു കിട്ടുന്ന ജ്ഞാനം നിത്യതയിൽ തെളിവായി കാണുകതന്നെ ചെയ്യും. ശരണപ്പെട്ടവ കരഗതമാവുകയും സ്നേഹത്തിലുള്ള ഐക്യം സമ്പൂർണ്ണമാവുകയും ചെയ്യുമ്പോൾ കൃപ മഹത്വമായി. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകൾ സംയോജിച്ചിരിക്കുന്നതുപോലെയുള്ള ഐക്യം മനുഷ്യനു ലഭിക്കും.

www.malankaralibrary.com

## പുതിയ നിയമവും സ്വാതന്ത്ര്യവും

കൃപയാൽ ദൈവത്തിൽ ഐക്യപ്പെട്ടനിലയിൽ പ്രവർത്തിക്കുക എന്ന ഏകനിയമം മാത്രമെ ക്രിസ്ത്യാനിക്കുള്ളു. നമ്മയിൽ വ്യാപരിക്കുവാനുള്ള ശക്തി നൽകുന്നതിനാൽ നിയമം മനുഷ്യനെ അടിമപ്പെടുത്തുന്നില്ല. ജ്ഞാനത്തിന്റെ അടിമത്തം അടിമത്തമല്ല, സ്വാതന്ത്ര്യമാണ്. ജീവൻ ഒരുവനെ ഭരിക്കുന്നു എന്നത് അടിമത്തമല്ല സ്വാതന്ത്ര്യമാണ് സ്നേഹത്തിന്റെ അടിമത്തം അടിമത്തമല്ല സ്വാതന്ത്ര്യമാണ്. നന്മ മനുഷ്യനെ ഭരിക്കുന്നു എന്നത് മനുഷ്യന് ഭാഗ്യമാണ്. പഴയനിയമം മനുഷ്യനെ പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്നു രക്ഷിച്ചില്ല. കൃപ മനുഷ്യനെ ഭരിക്കുന്നതുകൊണ്ടു മനുഷ്യസ്വാതന്ത്ര്യം ഇല്ലാതാകുന്നില്ല. മനുഷ്യവ്യക്തിയാണ് കൃപാശക്തിയാൽ ദൈവൈക്യത്തിൽ പ്രവർത്തിക്കുന്നത്. അതിനാൽ പ്രവൃത്തികൾ വ്യക്തിയുടേതാണ്. അതിന്റെ യോഗ്യതയും വ്യക്തിക്കു ലഭിക്കുന്നു. എന്നാൽ അവ പ്രവർത്തിക്കാനുള്ള സകല ശക്തിയും ദൈവം കൃപയാൽ നൽകുന്നതാകയാൽ അവ ദൈവത്തിന്റെ പ്രവർത്തനമാണെന്നു പറയാം.

എല്ലാവരും രക്ഷപ്പെടുവാൻ ആവശ്യമായ കൃപ ദൈവം നൽകുന്നുണ്ട്. എന്നാൽ ചിലർക്ക് അധികമായി കൃപ നൽകുന്നുണ്ട്. നൽകപ്പെടുന്ന കൃപയോടു സഹകരിച്ചു മുന്നേറുന്നവർക്കു കൃപയിൽ വളരുവാൻ സാധിക്കും.

# 11

# കൃപയിലുള്ള വളർച്ച

കൃപാജീവിതത്തിന് മൂന്നു തലങ്ങളുണ്ട്. കൃപാജീവിതത്തിന്റെ വളർച്ചയിൽ ഈ മൂന്നു തലങ്ങളിലും ആനുപാതികമായ വളർച്ചയും പുരോഗതിയുമുണ്ടാകും. ആന്തരികതലം, മാനസികതലം, ബാഹ്യതലം എന്ന് അവയ്ക്കു പേരു വിളിക്കാം. ആന്തരികതലം എന്നു പറയുമ്പോൾ മനുഷ്യൻ യേശുവിൽ ഐക്യപ്പെട്ട് പരിശുദ്ധത്രിത്വത്തിലെ ആന്തരികജീവിതത്തിൽ വ്യാപരിക്കുന്ന കാര്യമാണ് അർത്ഥമാക്കുക, പരിശുദ്ധാത്മാവുവഴി യേശുവിനോടും പിതാവിനോടും ഒന്നായിരിക്കുന്ന സ്ഥിതി ആസ്വദിക്കുക. യേശുവിൽ ഒന്നായിക്കൊണ്ട് യേശുവിനോടുകൂടി പിതാവിന്റെ സ്നേഹം സ്വീകരിക്കുകയും പിതാവിന് സമ്പൂർണ്ണ സ്നേ

www.malankaralibrary.com

ഹസമർപ്പണം നടത്തുകയും ചെയ്യുക. ആന്തരികമായി ദൈവത്തോടൊത്ത് ആയിരിക്കുക. അതിനായി യേശുവിന്റെ ജീവനിലും പരിശുദ്ധാത്മാവിലും പ്രവർത്തനത്തിലും സഹനത്തിലും ദൗത്യത്തിലും സ്നേഹത്തിലും വിശുദ്ധിയിലും പ്രാർത്ഥനയിലും ലക്ഷ്യത്തിലും സമർപ്പണത്തിലും ക്ഷമയിലും എല്ലാം കൂടുതൽ ഐക്യപ്പെടണം. യേശുവിൽ ഐക്യപ്പെട്ട് ആന്തരികതലത്തിൽ വ്യാപരിക്കാതെ കൃപാജീവിതം ഇല്ല. ആന്തരികതലമാണ് കൃപാജീവിതത്തിന്റെ കാതൽ. 2. മാനസികതലം. ആന്തരികതലത്തിലെ വളർച്ചയോടുകൂടി മനുഷ്യന്റെ ആത്മാവിലും മനസ്സിലും ശക്തിയും മഹത്വവും വർദ്ധിച്ചുവരുന്നു. പാപത്തിന്റെ ബന്ധനം മാറുന്നു. മററു ബന്ധനങ്ങൾ മാറുന്നു. ദൈവാത്മാവുമായി സംയോജിക്കുന്നതനുസരിച്ച് മനുഷ്യാത്മാവിന്റെ ഓരോ കഴിവുകളും (faculties) ദൈവികശക്തി നിറഞ്ഞതായിത്തീരുന്നു. മനുഷ്യന് ആന്തരികമായ ശാന്തിയും സന്തോഷവും ലഭിക്കുന്നു. നിറവിന്റെ അനുഭവം ഉണ്ടാകുന്നു. മനുഷ്യന്റെ മാനസികതലത്തിൽ ദൈവികജീവന്റെ വളർച്ചയുണ്ടാകുന്നു. മനുഷ്യൻ സ്വതന്ത്ര വ്യക്തിയാകയാൽ സ്വാതന്ത്ര്യത്തോടുകൂടി ദൈവത്തോടു സംയോജിക്കുന്നതുവഴിയാണ് ഈ മാററം ഉണ്ടാകുക. വ്യക്തിപരമായി ദൈവത്തെ സ്നേഹിക്കുന്നതുവഴിയുള്ള വളർച്ചയാണിത്. പരിശുദ്ധാത്മാവുവഴി ദൈവവും മനുഷ്യനും തമ്മിലുണ്ടാകുന്ന സ്നേഹത്തിന്റെ വളർച്ചയാണിത്. സഹനശക്തിയും സ്നേഹശക്തിയും വിശ്വാസവും ശരണവും ശാന്തിയും എല്ലാം വളന്നു വികസിക്കുന്നത് അനുഭവമാകും. 3. ബാഹ്യതലം. മനുഷ്യനിൽ ദൈവം ഒന്നാം സ്ഥാനത്തു ജീവിച്ചു പ്രകാശിക്കുമ്പോൾ മനുഷ്യനിലൂടെ സൽപ്രവൃത്തികളായി മഹത്വം കാണിക്കുന്നു. മനുഷ്യനു വെളിയിലേയ്ക്ക് കൃപയുടെ പ്രകാശം മററുള്ളവരിലേയ്ക്കു പരക്കാൻ തുടങ്ങുന്നു. ദൈവപിതാവിന്റെ മഹത്വം ശുശ്രൂഷകളിലൂടെയും ഔദാര്യത്തിലൂടെയും സാമൂഹ്യസേവനങ്ങളിലൂടെയും എല്ലാം കാണപ്പെടും. യേശുവിന്റെ ശരീരമായ സഭയുടെ കൂട്ടായ്മയിലെ സ്നേഹമായും ഐക്യമായും സഭാംഗങ്ങൾ തമ്മിലുള്ള പരസ്പരപൂരകത്വമായും കൃപാജീവിതം പ്രകാശിക്കും. കൃപാജീവിതം നയിക്കുന്നവരിൽക്കൂടി മററു മനുഷ്യരും സൃഷ്ടപ്രപഞ്ചം പോലും ദൈവമഹത്വം ആസ്വദിക്കും. സുവിശേഷവേല ഇതിന്റെ ഒരു ഭാഗമാണ്. സഭയുടെ ശുശ്രൂഷാ പദവികൾ ഇങ്ങനെ ഉണ്ടാകുന്നതാണ്.

ഈ മൂന്നു തലങ്ങളിൽ ആന്തരികതലം ശരിയാകാതെ മാനസികതലം ശരിയാക്കാൻ പ്രവൃത്തിമതക്കാരും ചില

www.malankaralibrary.com

മനശാസ്ത്രജ്ഞന്മാരും ശ്രമിക്കുന്നു. പക്ഷെ ഫലപ്പെട്ടുന്നില്ല മാനസിക സ്വാതന്ത്ര്യം കിട്ടുന്നില്ല. പാപത്തിൽ നിന്നു മോചനം കിട്ടുന്നില്ല. യേശുവിൽ ഐക്യപ്പെട്ട് കൃപാജീവിതത്തിന്റെ ആന്തരികതലം ശരിയാകാതെ യേശുവിലൂടെ നൽകുന്ന ദൈവജീവൻ സ്വീകരിച്ചു യേശുവിലൂടെ പിതാവിനോട് ഒന്നാകാതെ മാനസികതലത്തിൽ കൃപയുടെ മാധുര്യവും വിമോചനവും അനുഭവിക്കാൻ സാദ്ധ്യമല്ല. ആന്തരിക പ്രാർത്ഥനയിലും സമർപ്പണത്തിലും കൂദാശയിലും പുരോഗമിക്കാതെ നിയമാചരണം കൊണ്ടോ മനശാസ്ത്രം കൊണ്ടോ മാനസിക സ്വസ്ഥത ലഭിക്കുകയില്ല.

ആന്തരിക തലവും മാനസിക തലവും ശരിയാകാതെ ബാഹ്യതലം മാത്രം ശരിയാക്കാൻ ശ്രമിക്കുന്നവരാണു ദൈവബോധമില്ലാത്ത സാമൂഹ്യപ്രവർത്തകരും രാഷ്ട്രീയക്കാരും. ആന്തരികമായി മനുഷ്യരെ ഐക്യപ്പെടുത്തുന്ന തത്വം പ്രകാശിക്കാതെ ബാഹ്യമായ ഐക്യം എങ്ങനെ ഉണ്ടാക്കാൻ കഴിയും ? സാമ്പത്തിക പുരോഗതികൊണ്ടോ ശാസ്ത്രപഠനം കൊണ്ടോ ഒന്നും മനുഷ്യർക്ക് ഐക്യവും വിമോചനവും ലഭിക്കുകയില്ല മറെറാരു കൂട്ടരുണ്ട്. ആന്തരികതലം മാത്രം മതി എന്നു പറഞ്ഞ് ബാഹ്യതലത്തെ മുഴുവനായി മറക്കുന്നവർ. യഥാർത്ഥ്യത്തിൽ (Reality) നിന്നും ഒളിച്ചോടിപ്പോകുന്നവർ. ദൈവവിളിയും ദൗത്യവും ഉപേക്ഷിച്ച് വിചിന്തനത്തിൽ മാത്രം കഴിയുന്നവർ. ദൈവം നമ്മിൽ പ്രകാശിക്കുന്നത് മററുള്ളവരെ പ്രകാശിപ്പിക്കുവാൻകൂടിയാണെന്നു അവർ വിസ്മരിക്കുന്നു, അദ്ധ്വാനഭാരത്തിൽ നിന്നും ഓടിയൊളിച്ചു ഭാവനാസ്വർഗ്ഗത്തിൽ കഴിയാൻ അവർ കൊതിക്കുന്നു. പ്രാർത്ഥിച്ച് ആത്മാഭിഷേകം പ്രാപിക്കുന്നതുവരെ, ദൈവം നമ്മിലൂടെ പ്രകാശിക്കാൻ തുടങ്ങുന്നതുവരെ പ്രവർത്തനത്തിനു പോകേണ്ട എന്നു പറയുന്നതു ശരിയാണ്. പക്ഷേ, ആത്മാഭിഷേകം സ്വീകരിച്ചശേഷം അനേകർക്കു വേണ്ടി അദ്ധ്വാനിച്ച് അദ്ധ്വാനിച്ച് ബലിയാകാൻ നമ്മെ പിതാവിനുവിട്ടു കൊടുക്കണം. കൃപാ ജീവിതത്തിലുള്ള വളർച്ച വിത്തുമുളച്ച് ഫലമണിയുമ്പോഴം അരിവാരം വരുന്നതു പോലെയാണ്. വിവിധ ഘട്ടങ്ങളിലൂടെ വളരുന്നു.

## സുവിശേഷം കേൾക്കുക

സുവിശേഷം കേൾക്കുന്നതോടുകൂടിയാണ് കൃപാജീവിതത്തിനു വഴിയൊരുക്കുക. യേശു നിന്നെയും കുരിശിൽ വെച്ച് താൻെറ ഉള്ളിലേക്കു ചേർത്തു. ജീവനിലും ആത്മാവിലും യേശുവിനോട് നീ ഒന്നാകണം. നീ ഇപ്പോഴ

www.malankaralibrary.com

സ്വർഗ്ഗാരോഹണംചെയ്ത യേശുവിലാണ് ആയിരിക്കുന്നത്. യേശുവിനോടൊന്നായാൽ നിന്റെ എല്ലാ ബന്ധനവും മാറും. എല്ലാ മഹത്വവും നിന്നിലൂടെ പ്രകാശിക്കും. നീ യേശുവിനെ നിന്റെ ജീവനാഥനായി സ്വീകരിക്കുക. യേശുവിലൂടെ ദൈവപിതാവു തന്നെത്തന്നെ നമ്മുക്കു നൽകുന്നതാണ് ഏററവും വലിയ ദാനം. ഈ സുവിശേഷം കേൾക്കുമ്പോൾ അതു സ്വീകരിച്ചു യേശുവിൽ ഒന്നാകാനുള്ള കൃപയും ബോദ്ധ്യവും പരിശുദ്ധാത്മാവ് ഉള്ളിൽ തരും. യേശുവിനെ സ്വീകരിക്കുന്നതോടു കൂടി കൃപാജീവിതം ആരംഭിക്കുന്നു.

## മാമ്മോദീസാ-കുമ്പസാരം

യേശു നമ്മെ ഉള്ളിൽ ചേർത്തുകൊണ്ട് നമ്മുടെ നാഥനെന്ന നിലയിൽ ഒരു മരണം നടത്തി. ഒരു കടന്നുപോക്ക് (പെസഹാ) നടത്തി. പാപശക്തി നശിക്കുന്ന മരണവും സകല അടിമത്തത്തിൽനിന്നും ദൈവമഹത്വത്തിലേക്കുള്ള കടന്നുപോക്കും നടന്നു. യേശുവിൽ നടന്നത് സ്വായത്തമാക്കിയെടുക്കണം. യേശുവിനെ നാഥനായി സ്വീകരിച്ച് കൃപയാൽ ദൈവിക ജീവൻ ആരംഭിക്കുന്ന ഘട്ടമാണ് മാമ്മോദീസാ. ദൈവികജീവൻ നഷ്ടപ്പെടുത്തിയെങ്കിൽ വീണ്ടും അതു പ്രാപിക്കുന്ന കൂദാശയാണ് കുമ്പസാരം. രണ്ടാമതൊരു മാമ്മോദീസാ സ്വീകരിച്ച് യേശുവിൽ ഐക്യപ്പെടുവാൻ ഒരുങ്ങുന്നതുപോലെ വേണം കുമ്പസാരം എന്ന കൂദാശ സ്വീകരിക്കുക.

## വി. കുർബാന

ദൈവപിതാവ് മുഴുവനായി പ്രകാശിക്കുവാനായി നമ്മുടെ നാഥനായ യേശു നമുക്കുവേണ്ടി സ്വയം സമർപ്പിച്ചു. ദൈവപിതാവിന്റെ ഇഷ്ടത്തിന് തന്നെത്തന്നെ മുഴുവനായി വിട്ടുകൊടുത്തുകൊണ്ട് യേശു പിതാവിന്റെ സ്നേഹവും നന്മയും ജീവനും മാത്രം പ്രകാശിക്കുന്ന മഹത്വമുഖമായി ജീവിച്ചു. എല്ലാ കാര്യത്തിലും പിതാവിന്റെ ഇഷ്ടം ചെയ്യാൻ അർപ്പിക്കപ്പെട്ട് മരണത്തോളം കീഴ്വഴങ്ങിയ യേശുവിനോടൊന്നായി വസിക്കുന്ന നമ്മളും അതേ അനുസരണത്തിലും ബലിയിലും ചേരുന്നതുവഴി പിതാവ് പ്രകാശിക്കുന്നവരായിത്തീരുന്നു. യേശുവിൽ ഐക്യപ്പെട്ട് പിതാവിനു സമർപ്പിതരായിത്തീരുന്ന കൂദാശയാണ് വി. കുർബ്ബാന. യേശുവിനോട് എല്ലാവിധത്തിലുമുള്ള ഐക്യം കൂടുതൽ കൂടുതൽ നേടുവാനുണ്ട്. പിതാവിന്റെ മഹത്വം കൂടുതൽ കൂടുതൽ നമ്മിലൂടെ പ്രകാശിക്കാനുണ്ട്. വി. കുർബ്ബാനവഴി ഗാഗുൽത്തായി

www.malankaralibrary.com

ലെ ബലിയിൽ നമ്മൾ യേശുവിൽ കൂടുതൽ കൂടുതൽ ആഴത്തിൽ സംയോജിക്കുന്നു. യേശുവിന്റെ നിത്യ സമർപ്പണത്തിൽ ഭാഗഭാക്കാകുന്നു. യേശുവിൽ ഒരിക്കലായി പൂർത്തീകരിച്ചതു് യേശുവിനോടു താദാത്മ്യപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മിൽ പലപ്പോളായി പൂർത്തീകരിക്കുന്നു. യാഥായോഗ്യം ബലിയിൽ പങ്കെടുക്കുമ്പോൾ യേശുവിനോടുള്ള ആന്തരികമായ ഐക്യം വളരുന്നു. കൃപാജീവൻ ശക്തിപ്പെടുന്നു.

## പട്ടം

ദൈവപിതാവിന്റെ മഹത്വജീവൻ പ്രകാശിക്കുന്ന ദൈവമക്കളിൽ ചിലരെ, യേശുവിന്റെ ദൗത്യങ്ങൾ തുടരാനായി ദൈവം പ്രത്യേകമായി തെരഞ്ഞെടുത്തു. ഈ തെരഞ്ഞെടുപ്പു ദൈവം അനാദിയിലെ നിശ്ചയിച്ചതാണ്. എന്നാൽ ഒരു പ്രത്യേക സമയത്ത് യേശുവിനോടുള്ള ആഴമേറിയ ഐക്യവും അഭിഷേകവും നൽകിക്കൊണ്ട് അതിനായി കൃപാജീവന്റെ ശക്തി നൽകുന്നു. സുവിശേഷം പറയാനും കൃപയിലുള്ള ജനനത്തിന്റെയും വളർച്ചയുടെയും കൂദാശകൾ പരികർമ്മം ചെയ്തു മനുഷ്യരെ യേശുവിൽ ഉറപ്പിക്കുവാനുമുള്ള പ്രത്യേക കൃപ നൽകുന്നു.

## വിവാഹം

ദൈവപുത്രനിൽ ആഴത്തിൽ ഐക്യപ്പെടുത്തിക്കൊണ്ട് ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും കുരിശിലെ സ്നേഹത്തിൽ സ്നേഹിക്കുന്നതിലും ഭാഗഭാഗിത്വം നൽകുന്ന യേശുവിൽ ഉള്ള ആഴമേറിയ ഐക്യവും ശുശ്രൂഷയും കുടുംബജീവിതത്തിലൂടെ പ്രകടമാക്കാനുള്ള കൃപ നൽകുന്നു. യേശുവിലുള്ള ഐക്യവും പരസ്പര പൂരകത്വവും ഒരു ചെറിയ സമൂഹത്തിൽ വളരെയാഴത്തിൽ പ്രകടമാക്കുന്നതുവഴി യേശുവിൽ കൂടുതൽ ഐക്യപ്പെടുകയാണ്. കൃപയിൽ വളരുകയാണ്.

യേശുവിൽ ആഴത്തിൽ ഐക്യപ്പെടുവാൻ യേശു നിർദ്ദേശിച്ച മാർഗ്ഗമാണ് കൂദാശകൾ. ഗാഗുൽത്തായിൽ വെച്ച് യേശു നമ്മെ യേശുവിൽ സംയോജിപ്പിച്ചതു് നമ്മൾ പല അളവിലും വിധത്തിലും സ്വാംശീകരിക്കുന്നതാണ് കൂദാശകൾ. അതിനാൽ ഗാഗുൽത്താബലിയിലെ മരണവും ഉയിർപ്പും ഫലങ്ങളും വിവിധരീതികളിൽ ഓരോ കൂദാശയിലും അനുഭവിക്കുന്നു. പാപത്തിന്റെ മരണവും, സ്വയംകേന്ദ്രീകൃത ജീവിതത്തിന്റെ മരണവും നടന്നു് ദൈവപിതാവിന്റെ മഹത്വത്തോടെ നമ്മിൽ പ്രകാശിക്കുവാനിടയാക്കുന്നു.

www.malankaralibrary.com

കൂദാശകൾ മാന്ത്രിക കൃത്യങ്ങളല്ല. നമ്മൾ വ്യക്തികളെന്ന നിലയിൽ നമ്മെ താഴ്ത്തി സമർപ്പിച്ച് യേശുവിൽ ഐക്യപ്പെടുത്തുന്ന തീരുമാനമെടുക്കുകയും യേശുവിൻെറ ശക്തി പ്രാപിച്ച് പ്രവർത്തിക്കുകയും ചെയ്യണം. പ്രവർത്തനം (exercise) വഴി ആണല്ലോ ജീവൻ ശക്തിപ്പെടുത്തുന്നത്. കൃപാജീവനനുസരിച്ചുള്ള തീരുമാനവും പ്രവർത്തനവും നടത്തുന്നില്ലെങ്കിൽ കൃപ ക്രമേണ ചത്തുപോകും. കൂദാശകളിൽ നടത്തുന്നവിധത്തിൽ ആത്മസമർപ്പണം നടത്തുമ്പോളെല്ലാം യേശുവിൽ ഐക്യപ്പെടുന്നതിൻെറ ഫലമായ ദൈവജീവൻെറ ശക്തി ഒരളവിൽ ലഭിക്കാറുണ്ട്.

## ആന്തരിക പ്രാർത്ഥന

ആന്തരികമായ ദൈവസംസർഗ്ഗംവഴി ദൈവം എന്നിലൂടെ എങ്ങനെ പ്രകാശിക്കാൻ ആഗ്രഹിക്കുന്നു എന്ന് ചോദിച്ചറിയാൻ ആത്മസമർപ്പണത്തോടും സ്തോത്രത്തോടും കൂടി നിരന്തരം പ്രാർത്ഥിക്കണം. നമ്മോടു് ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നു. യേശുവിനോട് ഐക്യപ്പെടുവാനും യേശുവിലൂടെ പിതാവിനോട് ഐക്യപ്പെടുവാനും പരിശുദ്ധാത്മാവ് നേതൃത്വം നൽകുന്നു. ദൈവത്തോടുള്ള ആന്തരിക സംസർഗ്ഗമാണ് പ്രാർത്ഥന. അതുവഴി ദൈവൈക്യം വളർന്നു വളർന്നു വരുന്നു. ദൈവത്തോട് ഒന്നാകുന്നതിന് തടസ്സമായി എന്തെങ്കിലും ഉണ്ടോ എന്നു പരിശുദ്ധാത്മാവു കാണിച്ചുതരും. അവ മാററാനുള്ള കൃപയും തരും. ആത്മശോധനയും ദൈവസാന്നിദ്ധ്യ സ്മരണയും എല്ലാം ആന്തരിക പ്രാർത്ഥനയുടെ ഘടകങ്ങളാണ്.

## മദ്ധ്യസ്ഥ പ്രാർത്ഥന

നമ്മിലോ മററുള്ളവരിലോ തിന്മകൾ ഉള്ളതായി കണ്ടാൽ യേശുവിൻെറ കുരിശുമരണത്തിലെ ജയശക്തിയാൽ അതിനെ ജയിക്കാൻ കഴിയുമെന്നു് ബോദ്ധ്യമുണർത്തുന്നവരാണ് ക്രിസ്ത്യാനികൾ. മരണം കണ്ടാൽപോലും മദ്ധ്യസ്ഥ പ്രാർത്ഥനവഴി കൃപ വാങ്ങിക്കൊടുക്കാൻ ശ്രമിക്കുന്നവരാണ് ക്രിസ്ത്യാനികൾ. നമ്മുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ യേശു അധികമായ കൃപ നൽകും. സ്വീകരിക്കുന്നവർക്ക് മോചനം ലഭിക്കും. മദ്ധ്യസ്ഥ പ്രാർത്ഥനവഴി നമ്മളും അവരും കൃപയിൽ വളരും.

മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നതെങ്ങനെ? ഇപ്പോൾ കൃപയാൽ ദൈവം അയാൾക്കു നൽകിയിരിക്കുന്ന നന്മകളോർ

www.malankaralibrary.com

ത്തും അയാളിൽ പ്രകാശിക്കുന്നതോർത്തും ദൈവത്തെ സ്തുതിക്കുക. അയാൾ ഇപ്പോൾ അനുഭവിക്കുന്ന ബന്ധനം ഓർത്തു് മനസ്സ് തകരാതിരിക്കുക. യേശു ഈ ബന്ധനവും തകർച്ചയും കുരിശിൽ ജയിച്ചുകഴിഞ്ഞു എന്നോർത്ത് യേശുവിനെ സ്തുതിക്കുക. യേശുവിൻെറ ജയവും ശക്തിയും അറിയിക്കുന്നതിനും നൽകുന്നതിനുമുള്ള മുന്നൊരുക്കം എന്ന വിധം ഈ തകർച്ച അനുഭവിക്കാൻ അനുവദിച്ചതിനും ദൈവത്തെ സ്തുതിക്കുക. യേശുവിൻെറ ജയശക്തി കൃപയാൽ അയാൾക്കു നൽകണമേ എന്നു് ഉറപ്പോടെ പ്രാർത്ഥിക്കുക. അയാളും ഇപ്പോൾ യേശുവിലാണ് സ്ഥിതിചെയ്യുന്നതെന്ന് ഓർത്ത് ദൈവത്തെ സ്തുതിക്കുക. ദൈവത്തിൻെറ കൃപയെ സ്തുതിക്കുക. കൃപാശക്തിയാൽ അയാൾ സൗഖ്യം പ്രാപിക്കുമെന്ന് ഓർത്ത് സ്തുതിക്കുക. വിമോചിതനായ വ്യക്തിയെ ഭാവനയിൽ കണ്ടുകൊണ്ടു യേശുവിൻെറ കുരിശുമരണത്തിലെ ജയത്തെയും പിതാവിൻെറ സ്നേഹത്തെയും സ്തുതിക്കുക. യേശുവിനോടുകൂടി എല്ലാവർക്കുംവേണ്ടി സദാ മദ്ധ്യസ്ഥം പ്രാർത്ഥിക്കാനുള്ളവരാണ് നമ്മൾ. നമ്മൾ കൃപയിൽ വളരുവാൻ അവ സഹായകമാകും.

## വിശുദ്ധരോടുള്ള കൂട്ടായ്മയും പ്രാർത്ഥനയും

യേശുവിൽ വീരോചിതമായി ഐക്യപ്പെട്ടു് മഹത്വം പ്രാപിച്ച വിശുദ്ധരും നമ്മളും ഒരേ ക്രിസ്തുവിലാണ് സ്ഥിതി ചെയ്യുന്നത്. ക്രിസ്തുവിൽ നമ്മളും അവരും ഏക ദൈവിക ജീവനിൽ ആയിരിക്കുന്നു. അവരോടുള്ള ജീവകൂട്ടായ്മ ക്രിസ്തുവിലുള്ള ഐക്യജീവിതത്തിൽ വളരുവാൻ സഹായകമാണ്, ആവശ്യമാണ്. അവരുടെ വിലപ്പെട്ട മദ്ധ്യസ്ഥ പ്രാർത്ഥനവഴി യേശുവിൻെറ ജയശക്തികൾ നമുക്ക് കൃപയായി ലഭിക്കും. പ്രത്യേകിച്ചും പരിശുദ്ധ മാതാവിനോടുള്ള ഐക്യവും മാതാവിൻെറ മദ്ധ്യസ്ഥ പ്രാർത്ഥനയും കൃപയിൽ വളർത്താൻ നമ്മെ സഹായിക്കും. തിരുവചന ധ്യാനം കൃപാജീവിതത്തിൽ വളരാൻ വളരെ സഹായിക്കും. ബോധമണ്ഡലത്തിൽ തിരുവചനം നിറയ്ക്കാനും സത്യദർശനം ലഭിക്കാനും ഇതു സഹായിക്കും. നമ്മൾ യേശുവിലായിരിക്കുന്ന അവബോധം വളർത്തുകയും യേശുവിൽ ആയിരുന്നു് എന്തു ചെയ്യണമെന്നു് കാട്ടിത്തരുകയും ചെയ്യുന്നു.

## സഭാജീവിതം

യേശുവിൻെറ തിരുശരീരമായ സഭയിലൂടെ യേശുവിൻെറ സ്നേഹവും കൃപയും സ്വീകരിക്കുക.കൊടുക്കുക

www.malankaralibrary.com

ക. യേശു മററുള്ളവരുടെ പാപം വഹിച്ചു പരിഹാരം ചെയ്തതുപോലെ യേശു നമ്മിലൂടെ ചെയ്യുവാൻ അനുവദിക്കുക. യേശു മററുള്ളവരെ അംഗീകരിച്ചു സ്വീകരിച്ചതുപോലെ നമ്മളും ചെയ്യുമ്പോൾ ദൈവം നമ്മിലൂടെ പ്രകാശിക്കുകയാണ്. (റോമ 15:7) കൃപയിൽ വളരുകയാണ്. സഭയിൽ ആതുരശുശ്രൂഷയും വിദ്യാഭ്യാസ സേവനവും കൂട്ടായ്മ പ്രാർത്ഥനയും നടത്തുന്നത് യേശുവിൻെറ തിരുശരീരമെന്ന നിലയിൽ ദൈവം പ്രകാശിക്കുന്നതായിട്ടാകണം, അവയെല്ലാം കൃപയിൽ വളരാൻ സഹായകമാകും.

സഭയിൽ ഭിന്നതകളും വലിപ്പച്ചെറുപ്പം കാണിക്കുന്ന പ്രകടനങ്ങളും നിറഞ്ഞുനിൽക്കുന്നു. കൃപയിൽ വളർത്തുക എന്ന ദൗത്യം ഉപേക്ഷിച്ചു മററു ഭൗതിക ലക്ഷ്യത്തിൽ പരിപാടികൾ നടത്തുന്നു. ഈ സ്ഥിതിയിൽ ഞാനെന്തു ചെയ്യും എന്നു ചോദിച്ചേക്കാം. സഭ തീർത്ഥാടകസഭയാണ്, പൂർണ്ണതയിലെത്തിയിട്ടില്ല എന്ന സത്യം അംഗീകരിക്കണം. ഈ സന്ദർഭത്തിൽ ദൈവം എന്നിലൂടെ പ്രകാശിക്കുവാനായി എന്തു ചെയ്യാൻ ആഗ്രഹിക്കുന്നു എന്നു മാത്രം ചിന്തിക്കുക അതു ചെയ്യുക.

എല്ലാവരും ക്രിസ്തുവിൽ ഒന്നായിത്തീരുകയും എല്ലാവരിലും പിതാവ് തൻെറ സകല നന്മകളോടുംകൂടി പ്രകാശിക്കുകയും ചെയ്യുന്ന നിത്യസ്വർഗ്ഗത്തിലേക്കു നമ്മൾ വളർന്നുകൊണ്ടിരിക്കയാണ്. പാപത്തിൻെറ ശിക്ഷയായി കടന്നുവന്ന ശരീരമരണംപോലും കൃപയിൽ വളരാനുള്ള വഴിയായിത്തീർന്നു. യേശുവിൻെറ മരണത്തിലും ഉയിർപ്പിലും ആഴത്തിൽ ഐക്യപ്പെടുന്ന രംഗമായിത്തീർന്നു. ദൈവപിതാവ് തൻെറ സ്നേഹം നൽകി നൽകി ബലിയാക്കി മഹത്വപ്പെടുത്തുന്ന രംഗമായിത്തീർന്നു. കർത്താവിലുള്ള ഐക്യം ക്രിസ്തുവിൻെറ പൂർണ്ണതയോളം സ്വീകരിക്കാം.

യേശുക്രിസ്തു എന്ന മഹാകൃപയിൽ നമ്മൾ ചേർക്കപ്പെട്ടു യോഹ 3:16 യേശുക്രിസ്തുവിലുള്ള ഓരോ നന്മയോടും ഐക്യപ്പെടുത്തുന്ന കൃപകൾ അനുനിമിഷം നൽകപ്പെടുന്നു. ദൈവം നമ്മിലൂടെ തൻെറ നന്മകളുടെ മഹത്വം പ്രകാശിപ്പിച്ച് മഹത്വപ്പെട്ടുകൊണ്ടിരിക്കുന്നു. എല്ലാ നന്മയും ദൈവത്തിൻെറ മഹത്വംതന്നെ. ദൈവകൃപയിൽ ജീവിക്കുന്നവർക്കു സമാധാനം.

★

www.malankaralibrary.com

# കൃപാജീവിതം
## (Life of grace)

സൃഷ്ടികളായ മനുഷ്യരിലൂടെ ദൈവം മുഴുവനായി പ്രകാശിക്കുവാൻ ആഗ്രഹിക്കുന്നു. അതിനായി മനുഷ്യനെ ദൈവത്തോട് സമ്പൂർണ്ണമായി സംയോജിപ്പിക്കുവാൻ തീരുമാനിച്ചു. മനുഷ്യന് കൃപയാൽ നൽകുന്ന വലിയ അനുഗ്രഹമാണിത്. ദൈവത്തോടു സംയോജിക്കുവാൻ തക്കവണ്ണം മനുഷ്യനിലെ പാപങ്ങൾ മാറേണ്ടിയിരിക്കുന്നു. മനുഷ്യനിൽ അതിസ്വാഭാവിക ദൈവിക ജീവൻ ലഭിക്കേണ്ടിയിരിക്കുന്നു. യേശുവിൽ മനുഷ്യനെ സംയോജിപ്പിച്ച് യേശുവിന്റെ ശക്തിയാൽ പാപം ഇല്ലാതാക്കി മഹത്വപ്പെടുത്തിക്കൊണ്ടാണ് ഇക്കാര്യം നടത്തുക. യേശുവിൽ സംയോജിച്ചുള്ള ജീവിതമായ കൃപാജീവിതത്തെപ്പററിയുള്ള പഠനവും ധ്യാനവുമാണ് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്. യേശുവിനെ അറിയുന്നതിനും യേശുവിലുള്ള ജീവിതത്തിൽ വളരുന്നതിനും ഈ ഗ്രന്ഥം സഹായകമാകട്ടെ.

---

മററു ഗ്രന്ഥങ്ങൾ

സായൂജ്യസരണി I
സ്വർഗ്ഗത്തിലേക്കുള്ള വഴി
സായൂജ്യസരണി II
ആന്തരികസൗഖ്യവും ആത്മാഭിഷേകവും
സായൂജ്യസരണി III കൃപാജീവിതം
തിരുവചനധ്യാനങ്ങൾ വിവിധ ഭാഗങ്ങൾ.

വിതരണം

1. ശാന്തിനിലയം, തിരുവല്ല.
2. എമ്മാവൂസ് HMT കോളനി P.O. കളമശ്ശേരി
3. അസീസി, ഭരണങ്ങാനം.